Poomkavanam Monthly | Volume 11 | Issue 02 | 2018 October ₹: 20/-

# പൂങ്കാവനം

കുടുംബമാസിക



## പ്രളയം
നമ്മോട് ചിലത് പറയുന്നുണ്ട്

ഒരു വിവാഹമോചിതയുടെ തേങ്ങലുകൾ

ഇസിനൊഫിലിയ

## ഐക്യം സാധ്യമോ .. ?

സി. മുഹമ്മദ് ഫൈസിയുമായി അഭിമുഖം

മുഹർറത്തിന്റെ സവിശേഷത


ഹലാലായ വരുമാനം
അമാനത്തിലൂടെ
വീക്ഷണവും
സൂക്ഷ്മതയും
നിങ്ങളുടെ വരുമാനം
ഹലാലാക്കുന്നു.
നിശ്ചിത സമയത്തിന്
മുമ്പ് നോട്ടീസ് നൽകി
നിക്ഷേപം പിൻവലിക്കാൻ
സൗകര്യം
പരിചയവും
പാരമ്പര്യവും
നിങ്ങളുടെ നിക്ഷേപം
സുരക്ഷിതമാക്കുന്നു.
വെറുതെയിരിക്കുന്ന പണം ഞങ്ങളെ ഏൽപ്പിക്കുക
ഹലാലായ വരുമാനം നേടുക!
കോഴിക്കോട് കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്ന ദാറുൽ അമാനത്ത് നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.
ഇസ്‌ലാമിക ബോധമുള്ളവരിൽ നിന്നും സ്വീകരിക്കുന്ന നിക്ഷേപം വിവിധ ബിസിനസ്സുകളിൽ
വിനിയോഗിച്ച് അതിൽ നിന്ന് ലഭിക്കുന്ന വാർഷിക ലാഭം നിശ്ചിത തോതനുസരിച്ച്
നിക്ഷേപകരും മാനേജ്മെന്റും പങ്കുവെക്കുന്നു.
ഹജ്ജ്, ഉംറ, വിവാഹം, വീട് നിർമ്മാണം തുടങ്ങിയ ആവശ്യങ്ങളിലേക്ക്
നീക്കി വെച്ചിരിക്കുന്ന പണം ഉപയോഗപ്പെടുത്തി നിങ്ങൾക്കും ഹലാലായ വരുമാനം നേടാം.
ദാറുൽ അമാനത്ത്
ഹലാലായ വരുമാനം ആഗ്രഹിക്കുന്നവരുടെ കൂട്ടായ്മ
Managing Director
darul amaanath
darul amaanath
Markaz Complex, Opp. Markaz Masjid, Ist Floor, Mavoor Road,
Kozhikode-4. Tel: 0495-2721528, 96 56 00 4000
Shine, 9349123802



MPM

# Mampuram™

## BOOK STALL & CAP MART

Books | Cap | Rings | Gift Items

Photo Frames | Musalla | Islamic Items

Perfumes | Thasbeeh Mala .. etc.

Markaz Complex, Mavoor Road, Kozhikode

9846844313 9605510057, mampuram.books@gmail.com



# contents


വാത്സല്യമായിരുന്നു ഉപ്പ 14

പൗരത്വത്തിന്റെ രാഷ്ട്രീയം 38

മുഹർറത്തിന്റെ സവിശേഷത 32

പ്രകൃതിയെന്ന പാഠം ............................................. 36

നിസ്കാരം കഴിഞ്ഞാൽ........................................ 48

കൂഫയിലെ സൂഫിനികൾ ..................................... 56

ഇസിനൊഫിലിയ .................................................. 62

മാരന്റെ വീടതാ കാണുന്നു.................................... 64

പാദമുദ്രകൾ/11

ഓർമ്മച്ചെപ്പ്/17

ഇണയും തുണയും/16

വാക്കുകൾ/18

ഇത്താത്ത എഴുതുന്നു/20

കവിത/25

ഫലിത നുറുങ്ങുകൾ/27

ശാന്തിതീരം/41

കഥ/42

നിങ്ങളും സംശയങ്ങളും/44

നോവൽ/50

ഖുർആൻ പാഠശാല/58

മിനിക്കഥാച്ചെപ്പ്/61

താലോലം/68

അടുക്കള/72





06 ഐക്യം: അനിവാര്യതയുടെ കാലം.
സി. മുഹമ്മദ് ഫൈസിയുമായി അഭിമുഖം





22 ഒരു വിവാഹമോചിതയുടെ തേങ്ങലുകൾ





28 ചോരപ്പുഴയൊഴുകിയ ഗോതമ്പ് പാടങ്ങളിലൂടെ





3108

പൂങ്കാവനം

കുടുംബ മാസിക

വാള്യം: 11, ലക്കം: 02

2018 ഒക്ടോബർ

Cover / Shadi
Photo / Ubaid Melmuri

ചീഫ് എഡിറ്റർ:
ഡോ.ഹുസൈൻ രണ്ടത്താണി
ജന. മാനേജർ:
കെ.പി. അബ്ദുറഹ്മാൻ
പ്രിന്റർ & പബ്ലിഷർ:
കെ.സി. അബ്ദുൽ ഖാദിർ
എഡിറ്റർ ഇൻചാർജ്:
ഇബ്രാഹിം ടി.എൻ.പുരം
9447 239 168
അസി. എഡിറ്റർ:
അബ്ദുല്ല പേരാമ്പ്ര

Poomkavanam monthly, Markaz Complex, Puthiyara P.O,
Calicut - 673 004. Tel: 0495 272 9036, 272 9037
poomkavanamcalicut@gmail.com
www.poomkavanam.net
WhatsApp No: 8089773806

Poomkavanam Publications
A/c No: 13060200026390.Federal Bank,
Puthiyara Branch,
Kozhikode. IFSC: FDRL0001306

Office: 0495 2729036. Book Stall: 0495 2729037. Manager: 7594999971

## വിചാരം

ഡോ. ഹുസൈൻ രണ്ടത്താണി



# ദുരിതാശ്വാസം

പ്രളയം കഴിഞ്ഞ് ഓഫീസുകളൊക്കെ തുറന്നിട്ടും ഗോപാലൻ കുട്ടി ഓഫീസിൽ പോവുന്നില്ല. കെട്ട്യോൾ പോവാത്തത് കണ്ട് ഭാര്യ ചോദിച്ചു: ചേട്ടനെന്താ ഇന്നും പോവാത്തത് ? 'പോയില്ലേൽ ഒരു ചുക്കുമില്ല. ദുരിതാശ്വാസ ക്യാമ്പിൽ പോയതാണെന്ന് പറഞ്ഞാൽ മതി. പിന്നെ ചോദ്യമില്ല.' ഓഫീസിലെ ദുരിതത്തിൽ നിന്ന് ഗോപാലൻ കുട്ടിക്ക് അങ്ങനെയും ആശ്വാസം. പലരും അങ്ങനെയാണ്. വെറുതെയിരിക്കാൻ എന്തെങ്കിലും ഒരു കാരണം കിട്ടിയാൽ മതി. ഒരു മഴ. ഒരു വെയിൽ. ഒരു ഹർത്താൽ. ഒരു പണിമുടക്ക്. അങ്ങനെ 365 ദിവസവും രക്ഷപ്പെടാനുള്ള കുറുക്കു വഴികൾ നോക്കും. എന്നാൽ ചിലരോ. എല്ലുമുറിയെ പണി ചെയ്യും. വാച്ച് നോക്കാറില്ല. കഷ്ടപ്പാട് നോക്കാറില്ല. ഇവരെന്ത് സാഹസത്തിനും തയ്യാറാണ്. നമ്മുടെ മത്സ്യത്തൊഴിലാളികളെപ്പൊലെ. അവർക്ക് സാഹസങ്ങൾ ഒരനുഭൂതിയാണ്.

പ്രളയം കഴിഞ്ഞപ്പോഴാണ് നമ്മൾ ജീവന്റെ വിലയറിഞ്ഞത്. ജീവനെ നമ്മൾ പലതിന്റേയും ചായം തേച്ച് വേറിട്ട് നിറുത്തിയിരുന്നു. നമ്മൾ പരസ്പരം കൊന്ന് ആശ്വാസം കൊണ്ടിരുന്നു. മതവും രാഷ്ട്രീയവും ചൂഷണം ചെയ്ത് നാം നമ്മെ തന്നെ പസ്പരം ശത്രുക്കളാക്കി. വിശ്വാസമേതായാലും മനുഷ്യരൊന്നാണെന്ന് പ്രഖ്യാപിച്ച മഹാ മാനുഷരേയും നമ്മൾ ചങ്ങലക്കിട്ടു. എന്നാലും നമ്മളൊന്ന് എന്ന് പറയാൻ ഇവിടെ കുറേ മനുഷ്യരുണ്ട്. ദൈവത്തിന്റെ സ്വന്തം നാട്ടിലെ പ്രിയപ്പെട്ടവർ എന്തിനും തയാറായ കുറേ പേരില്ലായിരുന്നെങ്കിൽ ഇവിടെ കബന്ധങ്ങൾ കുന്നു കൂടുമായിരുന്നില്ലേ? നമ്മൾ ശത്രുത മറന്നു. മതപരമോ രാഷ്ട്രീയപരമോ ആയ അതിരുകളൊക്കെ ഭേദിച്ചു. അയലത്തും അകലെയുമുള്ളവർ ഒന്നിച്ചു. പട്ടാളക്കാരനും സാധാരണക്കാരനും ഒരു പോലെ പ്രവർത്തിച്ചു. സർക്കാരും ജാഗരൂകരായി. പലരും മറ്റുള്ളവർക്കായി ജീവൻ ത്യജിച്ചു. ഈയൊരു വിസ്മയം ഈ മാമല നാട്ടിന് സ്വന്തമാണ്. വടക്കു നിന്ന് വലിഞ്ഞു കേറി വന്ന് ജാതിയും മതവും നോക്കി മനുഷ്യനെ വേർതിരിക്കുന്നവർ ഇതാണ് കണ്ടു പഠിക്കേണ്ടത്. പക്ഷേ നമുക്കിടയിലെ കള്ളൻമാരെ കാണാതെ പറ്റില്ല. പാലം കുലുങ്ങിയാലും കുലുങ്ങാത്ത കേളൻമാർ. ദുരിതം മറയാക്കിയും സുഖിക്കുന്നവർ. ഇങ്ങനെ സുഖിച്ചിരുന്നവരും ദുരിതം കണ്ട് പഠിച്ചിട്ടുണ്ടാവും.

അണ്ണാരക്കണ്ണനും തന്നാലായത് എന്നല്ലേ? ആർക്കും ആരെയും സഹായിക്കാം. എങ്ങനെയും സഹായിക്കാം. കണ്ടില്ലേ, ജെയ്സലിനെ. തോണിയിലേക്ക് കയറാൻ കഴിയാതെ കഷ്ടപ്പെട്ടപ്പോൾ അവന് തോന്നിയ ബുദ്ധി. തോണിയിലേക്ക് കയറാനുള്ള ഉയരത്തിന് വേണ്ടി കല്ലും തിരഞ്ഞ് പോയാൽ എവിടന്ന് കിട്ടാൻ.. ജെയ്സലിന്റെ തലയിലുദിച്ച ബുദ്ധിയാണ് കാര്യങ്ങൾ എളുപ്പമാക്കിയത്. സഹായിക്കാനുള്ള മനസ്സുണ്ടായാൽ എല്ലാം നടക്കും. അതിന് മനഷ്യത്വമുള്ള മനസ്സ് വേണം. സ്വന്തം സുഖം തേടുന്നവരുടെ മനസ്സിൽ ഒരിക്കലും നന്മയുണ്ടാവില്ല. ഓഫീസിൽ സൊറ പറഞ്ഞ് നേരം പോക്കിയിരുന്നവർ പോലും സട കുടാ രംഗത്തെത്തി. ഇത് സർക്കാറിനെ പേടിച്ചാണെന്ന് പലരും പറയും. നമ്മളത് പറയില്ല. സർക്കാർ ജീവനക്കാരിലുമുണ്ട് മനുഷ്യത്വം. ഒരു വരുമാന സർട്ടിഫിക്കറ്റിന് പോലും നമ്മെ തെരാ പാര നടത്തുന്ന വില്ലേജ് ഓഫീസർമാർ വരെ പണിയെടുത്തില്ലേ. ഇതൊക്കെ ഒരു യോഗമാണ്. ദുരിതം ഇവരെയൊക്കെ പാഠം പഠിപ്പിച്ചിട്ടുണ്ടാവും.

സമ്പാദ്യങ്ങൾ പലർക്കും പോയി. ഇല്ലാത്തവന് എല്ലാം പോയി. പലർക്കും ജീവൻ തന്നെ നഷ്ടമായി. ഒന്ന് കര കയറണമെങ്കിൽ ഇനിയെത്ര കാലം പണിയെടുക്കണം? പടച്ച തമ്പുരാന് എല്ലാറ്റിനും ഒരു നിമിഷം മതി. എവിടെ മാളിക കെട്ടിയാലും രക്ഷയില്ല. മലയോരത്ത് ഉരുൾ പൊട്ടൽ, താഴ്‌വാരത്ത് വെള്ളപ്പൊക്കം. ഒരു കൊടുങ്കാറ്റ് മതി എല്ലാം തരിപ്പണമാക്കാൻ. ഈ സത്യങ്ങളൊക്കെ നമ്മൾ മറന്ന് പോയിരുന്നു. ധൂർത്തും ദുർവ്യയവും കൊണ്ട് നമ്മളങ്ങ് തടിച്ചു കൊഴുത്തിരുന്നു. സാമ്പത്തികമായി രാജ്യം കൂപ്പു കുത്തുമ്പോഴാണ് മോങ്ങാനിരുന്നവന്റെ തലയിൽ തേങ്ങാ വീണു എന്ന പോലെ പ്രളയം വന്നത്. എല്ലാറ്റിനേയും അതിജീവിക്കാൻ നമുക്ക് കഴിയണം. വൈരങ്ങൾ മാറ്റി വച്ച് ഒന്നിച്ചു നിന്നാൽ നമുക്ക് പതിൻമടങ്ങ് ശക്തിയോടെ തിരിച്ചു വരാം. മറിച്ച് പുര കത്തുമ്പോഴും ബീഡി കത്തിക്കാൻ ശ്രമിക്കുന്ന ഗോപാലൻ കുട്ടിമാരെ തിരിച്ചറിയണം. ഇവർ പ്രളയത്തിന്റെ കാരണമന്വേഷിച്ച് കൊണ്ടിരിക്കും. കുറ്റം കണ്ടെത്താൻ ശവങ്ങളിൽ ചികഞ്ഞു കൊണ്ടിരിക്കും. മകനെ കൊന്നും മരുമകളുടെ കണ്ണീരു കാണാനാവും ഇവർക്ക് താല്പര്യം. ഇത്തരക്കാരെ നേർവഴിക്ക് കൊണ്ടു വരാൻ സാധിക്കണം. എല്ലാവരുടേയും ഒത്തൊരുമിച്ച പരിശ്രമം കൊണ്ട് നമ്മൾ ഒരു വിധം രക്ഷപ്പെട്ടു. പക്ഷേ പലർക്കും കിടപ്പാടമില്ല. ജീവിക്കാനൊരു മാർഗവുമില്ല. ജീവിച്ചതിനൊരു രേഖ പോലുമില്ല. അപ്പോഴേക്ക് രോഗങ്ങൾ വീണ്ടും ദുരിതം വിതക്കുകയാണ്. ഇപ്പോൾ തർക്കിക്കാനുള്ള നേരമല്ല. കഴിവത് സഹായിക്കുക. നല്ലത് ചെയ്യൂ. ആത്മാർഥതയോടെ ചെയ്യൂ. നമ്മൾ പരിഗണിക്കപ്പെടും.

**പ്രമുഖ പ്രഭാഷകനും മർകസ് ജനറൽ മാനേജറും ഹജ്ജ് കമ്മറ്റി ചെയർമാനുമായ സി.മുഹമ്മദ് ഫൈസിയുമായി അഭിമുഖം :** എം ലുഖ്മാൻ സഖാഫി കരുവാരക്കുണ്ട്



# ഐക്യം: അനിവാര്യതയുടെ കാലം

**ആ മുറിയിയിലേക്ക് കടന്നുചെല്ലുമ്പോൾ എല്ലാം കാണാം. പ്രസരിപ്പോടെ കർമ്മനിരതനായിരിക്കുന്ന ഒരു പണ്ഡിതനെ. ചിലപ്പോൾ വായിക്കുകയാവും, അല്ലെങ്കിൽ കിതാബ് റഫർ ചെയ്യുന്നുണ്ടാവും, അല്ലെങ്കിൽ മീറ്റിംഗുകൾക്ക് നേതൃത്വം നല്കുകയാവും. വെറുതെയിരിക്കുന്നത് കാണാനേ കഴിയില്ല, ഭക്ഷണം കഴിക്കുമ്പോൾ പോലും മിക്കപ്പോഴും വാർത്ത കേൾക്കുകയാവും. മർകസിലെ സി. ഉസ്താദ് എന്ന പേരിൽ അറിയപ്പെടുന്ന സി. മുഹമ്മദ് ഫൈസിയുടെ ഓഫീസിനെ കുറിച്ചാണ്, കഴിഞ്ഞ നാലു വർഷത്തെ അനുഭവത്തിൽ ഇക്കാര്യങ്ങൾ കുറിച്ചത്.**

സി മുഹമ്മദ് ഫൈസി കേരളത്തിലെ സുന്നികളെ കഴിഞ്ഞ നാലു പതിറ്റാണ്ടായി ധിഷണാപരമായി വളരെയധികം സ്വാധീനിച്ച പണ്ഡിതനും എഴുത്തുകാരനും പ്രഭാഷകനുമാണ്. മർകസ് ജനറൽ മാനേജറായും സുന്നി സംഘടനകളുടെ നേതൃത്വം കൈകാര്യം ചെയ്തും ദീർഘകാലമായി അദ്ദേഹം നിറഞ്ഞു നിൽക്കുന്നു. ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് ഗുരുവാണ്. തെളിമയുള്ള ഭാഷയിൽ അദ്ദേഹം നടത്തുന്ന പ്രസംഗങ്ങൾ കേരളീയ മുസ്‌ലിംകളുടെ ആത്മീയ ജീവിതം ചിട്ടപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഹജ്ജ് കമ്മറ്റിയുടെ പുതിയ ചെയർമാനായി നിയമിതനായ സി. മുഹമ്മദ് ഫൈസി, തന്റെ കുട്ടിക്കാലവും പഠനവും, അധ്യാപനവും, നിലപാടുകളും എല്ലാം വിവരിക്കുകയാണ്, ഈ സംഭാഷണത്തിൽ.

**ഉസ്താദിന്റെ ജീവിതത്തിൽ ചെറുപ്പം തൊട്ടേ വലിയ മാതൃകയും സ്വാധീനവുമായിരുന്നു പിതാവ് സി. അബ്ദുറഹ്മാൻ മുസ്‌ലിയാർഎന്ന് കേട്ടിട്ടുണ്ട്. എങ്ങനെയായിരുന്നു പിതാവിന്റെ ആ സ്വാധീനം ?**

എന്റെ ഉപ്പ സി. അബ്ദുറഹ്മാൻ മുസ്‌ലിയാർ നെടിയനാട് സമസ്തയെ കെട്ടിപ്പടുക്കുന്നതിലും , എസ്,വൈ,എസ്, വിദ്യാഭ്യാസ ബോർഡ് എന്നിവയെ വികസിപ്പിക്കുന്നതിലും കൊടുവള്ളി, കുന്ദമംഗലം, താമരശ്ശേരി തുടങ്ങി കോഴിക്കോട്ടെ മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിൽ സജീവമായി പ്രവർത്തിച്ച പണ്ഡിതനായിരുന്നു. വെല്ലൂർ ബാഖിയാത്തിൽ നിന്ന് ബാഖവി ബിരുദം നേടി നാട്ടിൽ തിരികെയെത്തുമ്പോൾ അപൂർവ്വം പണ്ഡിതന്മാരെ മത ബിരുദദാരികളായി ഉണ്ടായിരുന്നുള്ളൂ. പിന്നീട് വർഷങ്ങൾ കഴിഞ്ഞാണ്, കാന്തപുരം ഉസ്താദിനെ പോലുള്ള ബാഖവിമാർ വന്നത്. സംഘടനാ പ്രവർത്തന കാലത്ത് തന്നെ, നെടിയനാട് അത്തിക്കാട് പള്ളിയിൽ മുദരിസായി നാൽപത് കൊല്ലം ഉപ്പ സേവന രംഗത്ത് ഉണ്ടായിരുന്നു. അതിനാൽ ചെറിയ പ്രായത്തിലെ, ഉപ്പയോടൊപ്പം ഞാൻ ദർസിൽ പോയി. ഒൻപതാം വയസ്സിൽ തന്നെ പള്ളി ദർസുകളിൽ പ്രാഥമികമായി പഠിപ്പിക്കുന്ന മീസാൻ, മുതഫരിദ് തുടങ്ങിയ കിതാബുകൾ പഠിക്കാൻ തുടങ്ങി. നേടിയനാട് പള്ളിയുടെ അവിടെ നിന്ന് അരക്കിലോമീറ്റർ അകലെയുള്ള യു.പി സ്കൂളിലും ആ കാലത്ത് പഠിച്ചു. ദർസിൽ നിന്നായിരുന്നു സ്കൂളിൽ പോയത്. രണ്ടു വിദ്യാഭ്യാസം ഒന്നിച്ചു പഠിക്കുന്നതിനുള്ള സംവിധാനങ്ങൾ അന്ന് ഉണ്ടായിരുന്നില്ല. മത ഭൗതിക വിദ്യാഭ്യാസം എന്ന സങ്കല്പത്തെ മകനിലൂടെ തന്നെ പ്രാവർത്തികമാക്കുകയായിരുന്നു ഉപ്പ.

മതപരമായി അങ്ങേയറ്റം സൂക്ഷ്മതയുള്ള ജീവിതമായിരുന്നു അവിടത്തേത്. സ്കൂളിൽ പഠിക്കുന്ന കാലത്തേ, തലയിൽ തൊപ്പിയിട്ട് പോകണം എന്ന് പറയും. നിസ്കാരം പോലെയുള്ള കർമങ്ങൾ കൃത്യമായി ചെയ്തുവരാൻ ചെറിയ പ്രായത്തിലേ പരിശീലനം നൽകി . പകൽ ഉറങ്ങുന്നത് നിരുത്സാഹപ്പെടുത്തി. വ്യാഴാഴ്ച ദർസിൽ നിന്ന് വീട്ടിലേക്കു പോകുമ്പോൾ കിതാബുകളും സ്കൂൾ പുസ്തകങ്ങളും കൂടി കൊണ്ടുപോകണമെന്ന് ഉപ്പ നിർദേശിക്കും. വെള്ളി ഒഴിവു ദിവസമായതിനാൽ പഠനമില്ലാതെ വ്യർത്ഥമാവരുത് എന്നതിനാൽ . അങ്ങനെ, വെള്ളി വീട്ടിൽ നിന്നും ഞാൻ സമയം പോലെ പഠിക്കും, സ്കൂളിലെയും ദർസിലെയും ഒരാഴ്ചത്തെ പാഠഭാഗങ്ങൾ. ഓരോ പാഠവും ഇരുപത് തവണയെങ്കിലും വായിച്ചു പഠിക്കണം എന്ന് ഉപദേശിക്കുമായിരുന്നു ഉപ്പ. ഉള്ളത് കൊണ്ട് തൃപ്തിപ്പെട്ടു ജീവിക്കാൻ പരിശീലനം നൽകി.

അറബിക് അധ്യാപകർക്ക് ഗവണ്മെന്റ് സ്കൂളിൽ നല്ല അവസരം ഉള്ള കാലമാണത്. ഉപ്പ എന്നോട് പറഞ്ഞു; നീ സ്കൂളിൽ അറബി പഠിക്കേണ്ട, മലയാളം തെരഞ്ഞെടുക്കുക. അറബി ദർസിൽ നിന്ന് പഠിക്കാമല്ലോ. മലയാളത്തിൽ നല്ല അറിവും ഉച്ചാരണ തികവും ഉണ്ടായാൽ പ്രസംഗിക്കാനും എഴുതാനും എല്ലാം സഹായകമാവും.' എങ്ങനെ യു.പി കാലത്തെ സ്കൂളിൽ നിന്ന് മലയാളം പഠിച്ചു. പിതാവിൽ നിന്ന് പകർന്നുകിട്ടിയ ഭാഷാശുദ്ധിക്ക് പുറമെ, ഭാഷ നിയമപരമായി തന്നെ സൂക്ഷ്മമായി മനസ്സിലാക്കാനും ആസ്വദിക്കാനും എനിക്കാ പഠനം വഴി സാധിച്ചു.

**സുന്നികൾ യോജിക്കണം. പരസ്പരമുള്ള ചളിവാരിയേറ് വിഷമകരമാണ്. എന്റെ പ്രസംഗത്തിൽ ഒരിക്കലും സുന്നികളെ പരിഹസിക്കുന്ന പരാമർശം ഉണ്ടാകാറില്ല. ഇനിയും ഉണ്ടാകരുതെന്ന് തന്നെയാണ് ആഗ്രഹം. സുന്നികൾക്കിടയിൽ എല്ലാ നിലയിലും രഞ്ജിപ്പുണ്ടാകണം. റസൂലിനോട് അഗാധമായ സ്നേഹം ഉള്ളവരാണല്ലോ നമ്മൾ സുന്നികൾ.**

പത്താം ക്ലാസ് കഴിഞ്ഞ ശേഷം ഉപ്പ പറഞ്ഞു; നിനക്ക് ഇഷ്ടമുള്ള പഠനമോ ജോലിയോ തെരഞ്ഞെടുക്കാം. യാഥാർത്ഥത്തിൽ അങ്ങനെയാണ് പിതാക്കൾ മക്കളോട് പറയേണ്ടത്. ജോലി വിഷയമായി ചില താൽപര്യങ്ങൾ എന്നിലുണ്ടായപ്പോൾ ഉറുദു കോഴ്സ് പഠിക്കാൻ പോയി, നരിക്കുനിയിൽ. അവിടെ നിന്ന് ഉറുദു പ്രിലിമിനറി പാസ്സായി. അതിനു പുറമേ, അറബി ഭാഷ പഠിച്ചു കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പരീക്ഷ എഴുതിയാൽ അറബി അധ്യാപകനാവാനുള്ള അവസരവും ഉണ്ടായിരുന്നു. ഞാൻ അതും എഴുതി പാസായി. ആ സർട്ടിഫിക്കറ്റും കൈവശമുണ്ടായിരുന്നു. അതിന് ശേഷം, എംപ്ലോയ്മെന്റിൽ പേര് രജിസ്റ്റർ ചെയ്തു. അതിനിടയിൽ ദർസ് പഠനം പൂർത്തിയാക്കി പട്ടിക്കാട് നിന്ന് ബിരുദ പഠനവും കഴിഞ്ഞിറങ്ങിയിരുന്നു. സ്കൂളിൽ ജോലി ലഭിച്ച വിവരം കിട്ടുമ്പോൾ, ഞാൻ 28 വിദ്യാർത്ഥികളുടെ ഗുരുനാഥനാണ്.

ആ മുതഅല്ലിമീങ്ങളെ വഴിയാധാരമാക്കി സ്കൂളിൽ ജോലിക്കു പോകാൻ ഒട്ടും താത്പര്യമുണ്ടായിരുന്നില്ല. പിന്നീട് ആറുകൊല്ലം ഞാൻ മുദരിസായി തന്നെ സേവനം ചെയ്തു. 1986 ലാണ് മർകസിൽ മുദരിസും ഓഫീസ് ചുമതലക്കാരനുമായി വരുന്നത്.

ഈ കാലങ്ങളിൽ എല്ലാം, എനിക്ക് ആവശ്യമായ നിർദേശങ്ങൾ ഉപ്പ നൽകിയിരുന്നു. വലിയൊരു സ്വാധീനവും ആത്മീയ ഉപദേശകനുമായി കാന്തപുരം ഉസ്താദും ഉണ്ടായിരുന്നു. സർക്കാർ ജോലിക്ക് പോകാതെ മതവഴിയിൽ തുടരാൻ പ്രധാനമായി ഉസ്താദിന്റെ ഉപദേശങ്ങളും സഹായകമായിരുന്നു.ഈ രണ്ടു ഗുരുക്കളിൽ നിന്ന് ലഭിച്ച പ്രചോദനം വാക്കുകൾക്കതീതമാണ്.

**നല്ലൊരു വായനക്കാരനായിരുന്നു ചെറുപ്പം മുതലേ എന്ന് കേട്ടിട്ടുണ്ട്. എങ്ങനെയായിരുന്നു വായനയിലേക്കുള്ള പ്രവേശനം?**

കുട്ടിക്കാലത്തേ നന്നായി വായിക്കാറുണ്ട്. പിതാവ് തന്നെയാണ് അക്കാര്യത്തിൽ മാതൃക. അന്ന്, അൽ ബുർഹാൻ, അൽ ബയാൻ, അൽ ജലാൽ, സുന്നി ടൈംസ് തുടങ്ങിയ ഒരുപാട് പ്രസിദ്ധീകരണങ്ങൾ സമസ്തയുടേതായി ഉണ്ട്. മുസ്‌ലിം പത്രമായി ചന്ദ്രിക മാത്രമേ ഉള്ളൂ. അതൊക്കെ ഉപ്പ വരുത്തിക്കും. ഉപ്പ ഷെൽഫിൽ വെക്കുന്ന അവയെല്ലാം എടുത്ത് ഞാനും വായിക്കും. പിന്നീട്, നാട്ടിലെ പബ്ലിക് ലൈബ്രറിയിൽ അംഗത്വം എടുത്തു. അവിടെ നിന്നും ധാരാളം വായിച്ചു. ഫിക്ഷനും നോൺ ഫിക്ഷനും എല്ലാം വായിക്കുമായിരുന്നു. ഭാഷാ ശുദ്ധീകരണത്തിനും മനോഹാരിതക്കും അറിവിന്റെ വിപുലീകരണത്തിനും അനിവാര്യമാണ് ഒരാൾക്ക് വായന. മുസ്ലിം പണ്ഡിതന്മാരുടെ എല്ലാം ചരിത്രത്തിൽ കാണാം, ഒരുപാട് സമയം കിതാബുകൾ റഫർ ചെയ്ത് അറിവ് വർദ്ധിപ്പിക്കാൻ ശ്രമിച്ചവരായിരുന്നു അവരെന്ന്. ഉപ്പയും അങ്ങനെയായിരുന്നു. കിതാബുകളും ധാരാളമായി നോക്കുമായിരുന്നു. ഒരു ആലിമിന്റെ ലക്ഷണമാണ് വായന എന്ന് തന്നെ പറയാം.

**എഴുത്തിലേക്കുള്ള പ്രവേശനം എങ്ങനെയായിരുന്നു ?**

ദർസിൽ പഠിക്കുന്ന കാലത്ത് അൽ ബുസ്താൻ എന്ന പേരിൽ ഒരു കയ്യെഴുത്ത് മാസിക ഞാൻ പ്രസിദ്ധീകരിച്ചിരുന്നു. അതിലെ, എഴുത്തും വരയും ബൈൻഡിങ്ങും എല്ലാം ഞാൻ തന്നെയായിരുന്നു. എട്ടോ പത്തോ പേജുകൾ കാണും. ദർസിലെ കൂടെയുള്ള വിദ്യാർഥികൾ എല്ലാം വായിക്കും. അത് എഴുത്തിലേക്കുള്ള പ്രവേശനത്തിന് നിമിത്തമായി. നേരത്തെ പരാമർശിച്ച പരന്ന വായനയായിരുന്നു ഇങ്ങനെ ഒരു മാസിക ആരംഭിക്കാൻ പ്രേരകമായത്. ആ കാലത്ത്, നാദാപുരത്ത് നിന്ന് പി. ശാദുലി എഡിറ്ററായി പ്രസിദ്ധീകരിച്ച ഒരു പ്രസിദ്ധീരണമിറങ്ങിയിരുന്നു. അതിലേക്ക് ഞാനൊരു ലേഖനം അയച്ചു. മൽസ്യം വിഴുങ്ങിയ പ്രവാചകൻ എന്ന പേരിൽ യൂനുസ് നബിയുടെ ചരിത്രം. അതായിരുന്നു എന്റെ ആദ്യ ലേഖനം. പിന്നീട് 1984- ഇൽ സിറാജ് പ്രസിദ്ധീകരിച്ചപ്പോൾ അതിൽ ഇടയ്ക്കിടെ എഴുതുമായിരുന്നു. സുന്നി വോയ്സിലും രിസാലയിലും എല്ലാം അത് തുടർന്നു. എഴുത്തും വായനയും നമ്മെ നിരന്തരം നവീകരിക്കും. എഴുത്തിനെ കുറിച്ച് എന്റെ നിലപാട്, ലളിതമായ ഭാഷയാവണം ആവിഷ്കരണത്തിനു ഉപയോഗിക്കേണ്ടതെന്നാണ്. ദുർഗ്രഹമായ ഭാഷ



യിലെഴുതിയാൽ എത്ര നല്ല വിഷയം ആണെങ്കിലും ഒരു പരിധിക്കപ്പുറം വായനക്കാരെ കിട്ടില്ല. എന്നാൽ, ലളിതമെങ്കിൽ എല്ലാവർക്കും മനസ്സിലാവും. മലയാള സാഹിത്യത്തിലെ തന്നെ, പ്രതിഭാശാലികളായ എഴുത്തുകാരെ നോക്കൂ. അവരൊക്കെ ലാളിത്യത്തിന്റെ ആവിഷ്കരണ രീതികൾക്ക് പ്രാധാന്യം നൽകിയവരാണ്. വൈക്കം മുഹമ്മദ് ബഷീറിന്റെ രീതിയൊക്കെ അതായിരുന്നുവല്ലോ. വിസ്മയിപ്പിച്ച എഴുത്തുകാരനായിരുന്നു, ചെറുപ്പം മുതലേ ബഷീർ.

**പ്രഭാഷണവും ചെറുപ്പത്തിലേ തുടങ്ങിയിരുന്നോ?**

പഠനത്തിലും വായനയിലും എല്ലാം ഉപ്പ

യും, ഉമ്മയുടെ ഉപ്പ മലയിൽ ബീരാൻ കുട്ടി മുസ് ലിയാരും നല്ല മാതൃകകൾ ആയിരുന്നു. ബീരാൻ കുട്ടി മുസ്ലിയാരും അറിയപ്പെടുന്ന പ്രഭാഷകൻ ആയിരുന്നു. അന്ന് ധാരാളമായി വഅളുകൾക്ക് ക്ഷണിക്കപ്പെടുമായിരുന്നു വലിയുപ്പ. അന്നത്തെ മതപ്രഭാഷണങ്ങൾ സമയനിശ്ചിതമായിരുന്നില്ല ല്ലോ. രാത്രി ഏറെ നീളും. ഖുർആനും ഹദീസും ഫിഖ്ഹും ചരിത്രവും എല്ലാം വിവരിച്ചു, ഹൃദയ ത്തിൽ നിന്ന് വരുന്ന കണ്ണീരോടെയായിരുന്നു വഅളുകൾ. മുസ്‌ലിംകളുടെ മതജീവിതം ചിട്ടപ്പെ ടുത്തുന്നതിൽ വലിയ പങ്കുവഹിച്ചു അത്തരം പ്ര സംഗങ്ങൾ. പിന്നീട് ഉപ്പയുടെ പകരം ചിലപ്പോൾ പ്രഭാഷണത്തിനു പോകുമായിരുന്നു. ഈ രണ്ടു തവഴികളുടെയും രക്തബന്ധത്തത്തിലൂടെയുള്ള സ്വാധീനവും പെരുമാറ്റ സ്വാധീനവും പ്രസംഗ രം ഗത്ത് സജീവമാക്കി. പിന്നെ, കാന്തപുരം ഉസ്താ ദിന്റെ ഓരോ ഘട്ടങ്ങളിലുമുള്ള ഉപദേശങ്ങളും. ഉസ്താദ് കേരള മുസ്‌ലിംകൾ കണ്ട ഏറ്റവും വലിയ ഒരു പ്രഭാഷകനാണല്ലോ. കാന്തപുരം ഉസ്താദിനും പ്രസംഗത്തിന്റെ കാര്യത്തിന്റെ ചില രീതികൾ ഉണ്ടായിരുന്നു. ശുദ്ധ മലയാളത്തിലായി രുന്നു ഉസ്താദിന്റെയും സംസാരം, ആദ്യം മുതലേ. നല്ല പ്രസന്നനായിരിക്കും പ്രസംഗ സമയങ്ങളിലെ ഉസ്താദ്. ആദ്യഘട്ടത്തിൽ എന്നോട് ഉപദേശിച്ച ത് ഓർക്കുന്നു. ഓരോ പ്രസംഗത്തിലും നിർബന്ധ മായി വേണ്ട ഘടകങ്ങൾ നാലാണ്- ഒരു ആയത്, ഒരു ഹദീസ്, ഒരു ബൈത്ത്, ഒരു ചരിത്ര സംഭവം. ഇത്രയെങ്കിലും ഒരു ഇസ്ലാമിക പ്രസംഗത്തിൽ വേണം. കഴമ്പില്ലാത്ത വെറും വാചകക്കസർത്തു കളായി പ്രസംഗങ്ങൾ മാറരുത് എന്ന് പറയും ഉസ്താദ്.

**കാന്തപുരം ഉസ്താദിന്റെ ദർസിൽ എത്തിപ്പെട്ടത് ജീവിതത്തിലെ വലിയ വഴിത്തിരിവായിരുന്നു എന്ന് പറയുന്നത് കേട്ടിട്ടുണ്ട്. എന്തായിരുന്നു ആ ശിഷ്യ ത്വം സ്വീകരിക്കാൻ നിമിത്തമായ ഘടകം?**

1974 ലാണ് എ.പി ഉസ്താദിന്റെ അടുത്തു പഠിക്കാൻ പോയത്. ഉസ്താദ് അന്ന് സമസ്ത മുശാവറയിലേക്ക് തെരഞ്ഞെടുക്കപ്പെടു കയും ജോയിന്റ് സെക്രട്ടറിയായി നിയമിതനാക്ക പ്പെടുകയും ചെയ്ത സമയമാണ്. ഞാൻ ചെറിയ കുട്ടിയായിരുന്ന കാലത്ത്, കൊടുവള്ളിയിൽ ഒരു ഉലമാ ക്യാമ്പ് നടന്നു. വിഷയം അവതരിപ്പിച്ച ത്, ശംസുൽ ഉലമ ഇകെ അബൂബക്കർ മുസ് ലിയാർ, ഇകെ ഹസ്സൻ മുസ്‌ലിയാർ, കാന്തപുരം ഉസ്താദ് തുടങ്ങിയവരായിരുന്നു. അന്ന് ഉസ്താ ദിന്റെ വിഷയാവതരണവും ശൈലിയും വളരെ ഇഷ്ടമായി. അറിവിന്റ നിർഗമനം ദൃശ്യമായിരുന്നു ഉസ്താദിന്റെ ഓരോ വാക്കിലും. ആ അനുഭവം തിളക്കത്തോടെ എന്റെ മനസ്സിൽ നിലനിന്നു. ഉപ്പയുടെ അടുത്തു നിന്ന് കിത്താബോത്തിന്റെ ആദ്യ ഭാഗങ്ങൾ പിന്നിട്ടപ്പോൾ ഉപ്പ എന്നോട് ചോദിച്ചു; നിനക്ക് ആരുടെ ദർസിൽ ചേരാനാണ്



താല്പര്യം. ഞാൻ പറഞ്ഞു; എ.പി ഉസ്താദിന്റെ. അങ്ങനെ, ഉസ്താദിന്റെ ദർസിൽ കൊണ്ടുചെ ന്നാക്കി ഉസ്താദ്. ഉപ്പ തന്ന ചെറിയൊരു സംഖ്യ ഉസ്താദിന് ഗുരുദക്ഷിണിയായി നൽകി. ഉസ്താദ് അത് വാങ്ങി. എന്നാൽ, എനിക്ക് തന്നെ മടക്കി തന്നു. എന്നിട്ട് പറഞ്ഞു; എനിക്കിപ്പോൾ പണം ആവശ്യമില്ല. ഇത് കിതാബുകളും പുസ്തകങ്ങളും വാങ്ങിക്കുവാൻ ഉപയോഗപ്പെടുത്തുക എന്ന്. പിന്നീട് കത്തുകളും ലേഖനങ്ങളും എഴുതാൻ എന്നെ വിളിക്കും. നല്ല കൈയക്ഷരം എനിക്കു ണ്ടായിരുന്നു എന്ന കാരണത്താൽ. പഠിക്കുന്ന കാലത്ത്, കൂടെയുള്ള വിദ്യാർഥികൾ മദ്റസയിൽ ജോലി നോക്കിയപ്പോൾ ഞാൻ ദർസിൽ തന്നെ തുടർന്നു. രാവിലെ ഉസ്താദിന്റെ അൽഫിയ ആ സമയത്തായിരുന്നു. അതിനാൽ, എന്റെ ബാച്ചിന്റെ ക്ലാസ് അല്ലാതിരുന്നിട്ടും ഞാൻ അതിൽ ഇരുന്നു. അങ്ങനെ, അൽഫിയ എന്ന അറബി വ്യാകരണ ത്തിലെ പ്രധാന ഗ്രന്ഥം രണ്ടു തവണ പഠിക്കാൻ സാധിച്ചു.

മികച്ച അധ്യാപകനും വഴികാട്ടിയും ഉപദേശകനും എല്ലാം ആയിരുന്നു ഉസ്താദ്. അവിടത്തെ ജീവിതത്തിലെ ഏറ്റവും തിരക്കുള്ള സന്ദർഭത്തിലാണ് ഞാൻ വിദ്യാർത്ഥിയായി എത്തുന്നത്. പക്ഷെ, ആ തിരക്കുകൾ ഒരിക്കലും തന്റെ ദർസിനെ ബാധിക്കരുതെന്നു നിർബന്ധ മുണ്ടായിരുന്നു ഉസ്താദിന്. രാത്രി പ്രസംഗം കഴിഞ്ഞു ദൂര സ്ഥലങ്ങളിൽ നിന്നാണെങ്കിൽ പോലും, എങ്ങനെയെങ്കിലും കാന്തപുരത്തെ പള്ളിയിലെത്തും ഉസ്താദ്. എന്നിട്ട്, രാവിലെ ത്തന്നെ ദർസ് തുടങ്ങും. രസകരമായി അറിവ് നിർഗ്ഗളിക്കുന്ന ആ അധ്യാപനം. ബാഖിയാത്തിൽ

നിന്ന് ഒന്നാം റാങ്കോടു കൂടിയായിരുന്നുവല്ലോ ഉസ്താദ് പുറത്തിറങ്ങിയത്. അവിടെയുള്ള മൂന്നു വർഷത്തിനിടയിൽ മിക്ക കിതാബുകളും ഉസ്താദ് റഫർ ചെയ്തിട്ടുണ്ട്. സുന്നത്ത് ജമാഅത്ത് പഠിപ്പിക്കാൻ പ്രത്യേക താല്പര്യമായിരുന്നു.അതുകൊണ്ടുതന്നെയാണല്ലോ, സുന്നികളുടെ ആദർശത്തെ ഉരുക്കുകോട്ട പോലെ സൂക്ഷിക്കാനും എല്ലാ പ്രതിസന്ധി ഘട്ടങ്ങളിലും അവിടുന്ന് മുന്നിൽ നിന്നത്. എന്റെ വായനകളേയും എഴുത്തിനെയും പ്രസംഗത്തെയും എല്ലാം ഉസ്താദ് പ്രോത്സാഹിപ്പിക്കുമായിരുന്നു. എന്തെങ്കിലും പോരായ്മകൾ കണ്ടാൽ സ്നേഹത്തോടെ തിരുത്തുമായിരുന്നു. പഠിക്കുന്ന കാലത്തെ ഉസ്താദിന് അപൂർവ്വമായി എവിടെയെങ്കിലും ഏറ്റെടുത്ത പ്രസംഗത്തിന് പോവാന് കഴിയാത്ത അവസ്ഥ വന്നാൽ എന്നെ പറഞ്ഞയച്ചു അനുഭവമുണ്ട്. പിന്നീട്, അവിടുത്തെ മകളെ ജീവിത സഖിയായി കിട്ടിയതിൽ എപ്പോഴും അല്ലാഹുവിനെ സ്തുതിക്കാറുണ്ട്.

അത്യധികം ഉത്സാഹഭരിതമായ സമീപനമാണ് ഉസ്താദിന്റേത്. എല്ലാത്തിനെയും വളരെ പോസിറ്റിവ് ആയാണ് അവിടുന്ന് എടുക്കുക. അങ്ങനെയാണല്ലോ ഒരു കാലത്ത് അസാധ്യം എന്ന് കരുതിയിരുന്ന ഒരു കോടി രൂപ പ്രഖ്യാപിച്ചു ഉസ്താദ് മർകസ് ആരംഭിച്ചത്.

ഉസ്താദിന്റെ ജീവിതവും, ആത്മീയതയും, സംഘടനാ പ്രവർത്തനവും എല്ലാം എന്നെ വളരെ സ്വാധീനിച്ചു. കേരളത്തിലെ സുന്നികളെ മൊത്തം സ്വാധീനിച്ചുവല്ലോ അത്.ഉസ്താദിനെ കുറിച്ച് പറഞ്ഞാൽ തീരില്ല. അത്രമേൽ ആത്മബന്ധമുണ്ട്, പ്രിയഗുരുവുമായി എനിക്ക്.

### സുന്നി ഐക്യത്തെ കുറിച്ചുള്ള ഉസ്താദിന്റെ നിലപാടുകൾ എന്തെല്ലാമാണ്?

സുന്നികൾ യോജിക്കണം. പരസ്പരമുള്ള ചളിവാരിയേറ് വിഷമകരമാണ്. എന്റെ പ്രസംഗത്തിൽ ഒരിക്കലും സുന്നികളെ പരിഹസിക്കുന്ന പരാമർശം ഉണ്ടാകാറില്ല. ഇനിയും ഉണ്ടാകരുതെന്ന് തന്നെയാണ് ആഗ്രഹം. സുന്നികൾക്കിടയിൽ എല്ലാ നിലയിലും രഞ്ജിപ്പുണ്ടാകണം. റസൂലിനോട് അഗാധമായ സ്നേഹം ഉള്ളവരാണല്ലോ നമ്മൾ സുന്നികൾ. മഹബ്ബതു റസൂൽ എന്ന നിലയിൽ എങ്കിലും നമുക്കിടയിൽ എല്ലാ നിലയിലും ഐക്യം ഉണ്ടാകണം. ഈ ഭിന്നിപ്പിൽ സന്തോഷിക്കുന്നത് മുജാഹിദ്, ജമാഅത്ത് പോലുള്ള കക്ഷികളാണ്. രാഷ്ട്രീയക്കാർക്ക് പ്രാഥമിക പരിഗണന മതമാവില്ല. അത്തരം ചിലരുടെ ഇടപെടലുകൾ ആണ് ഇപ്പോഴും ഇങ്ങനെ ഭിന്നിപ്പിച്ചു നിറുത്തുന്നത്. അത്തരക്കാരുടെ താല്പര്യങ്ങൾ മനസ്സിലാക്കാൻ എല്ലാവർക്കും കഴിയണം. അതിനാൽ, എപ്പോഴും സൂക്ഷ്മതയോടെ പരസ്പരം മനസ്സിലാക്കി നാം പ്രവർത്തിക്കണം.

### പുതിയ ഹജ്ജ് കമ്മറ്റി ചെയർമാൻ എന്ന നിലയിൽ , വരുത്താൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്?

ഹജ്ജ് കമ്മറ്റി പ്രവർത്തനം സജീവമാക്കണം. ഹാജിമാർ തിരിച്ചു വന്നാൽ ഓൺലൈനിൽ അവരുടെ അഭിപ്രായം ശേഖരിച്ചു വരും വർഷങ്ങളിൽ ആവശ്യാമായ മാറ്റം വരുത്തും. കോഴിക്കോട്ടേക്ക് എംബാർകേഷൻ പോയിന്റ് മാറ്റാനുള്ള എല്ലാ ശ്രമവും നടത്തുന്നു. ഹാജിമാർക്ക് എന്തെല്ലാം സേവനം ചെയ്യാൻ കഴിയുമോ, അതെല്ലാം .ചെയ്യും. എല്ലാ സേവനത്തിലും തൗഫീഖ് തരുന്നത് അല്ലാഹുവാണ്. എല്ലായ്പ്പോഴും,അല്ലാഹുവിൽ സർവ്വവും സമർപ്പിച്ചു ജീവിക്കാനാണല്ലോ, മുസ്ലിം ശ്രമിക്കേണ്ടത്. അങ്ങനെ സേവനം ചെയ്യാനാണ് ആശയും.

### പൂങ്കാവനം പതിറ്റാണ്ടുകളായല്ലോ കുടുംബ വായനയുടെ മികച്ച നിലവാരം സൂക്ഷിക്കുന്നു. പൂങ്കാവനത്തെക്കുറിച്ചും, ഇസ്‌ലാമിലെ സ്ത്രീയെ കുറിച്ചുമുള്ള ഉസ്താദിന്റെ അഭിപ്രായമെന്താണ്?

പൂങ്കാവനം സ്ഥാപിക്കുന്ന ആ കാലം മുതലേ അതുമായി ഞാൻ സഹകരിച്ചു. ചിലരൊക്കെ അന്ന് വിമർശിച്ചിരുന്നു. എന്നാൽ അവരെ തിരുത്താനൊന്നും നിന്നില്ല. ഘട്ടം ഘട്ടമായി പൂങ്കാവനത്തിന്റെ സാധ്യതകൾ എല്ലാവരും മനസ്സിലാക്കും എന്ന് വിചാരിച്ചിരുന്നു. അങ്ങനെ തന്നെ സംഭവിച്ചു. ഇപ്പോൾ എല്ലാവരും പൂങ്കാവനവുമായി സഹകരിക്കുന്നവരാണ് . കേരളത്തിലെ മുസ്‌ലിം കുടുംബങ്ങളെ ദീനിയായി ചലനാത്മകമാക്കുന്നതിൽ പൂങ്കാവനം വലിയ പങ്കുവഹിച്ചു.

സ്ത്രീ വിദ്യാഭ്യസത്തിനു ഒരിക്കലും ഇസ്‌ലാം എതിരല്ല. സ്ത്രീകൾ വിദ്യ അഭ്യസിക്കണം. നല്ല വായനക്കാരാകണം. സ്ത്രീയുമായി ബന്ധപ്പെട്ട ഇസ്ലാമിന്റെ നിലപാടുകൾ സ്ത്രീകൾ പാലിക്കണം. എഴുത്തൊക്കെ സ്ത്രീകൾക്ക് നല്ല സാധ്യതയുള്ള മേഖലയാണല്ലോ. വീട്ടിലിരുന്നു, സ്വസ്ഥമായും സ്വകാര്യമായും നിർവ്വഹിക്കാൻ കഴിയും. സ്ത്രീകളുമായി ബന്ധപ്പെട്ടു ഇസ്ലാമിന്റെ നിലപാട് എന്താണ് എന്ന് കുടുംബങ്ങളിലേക്ക് നൽകുന്നതിൽ പൂങ്കാവനം നല്ല പങ്കുവഹിച്ചു. ■



പാദമുദ്രകൾ

പി. സുരേന്ദ്രൻ

# ഒരു പേർഷ്യൻ അനുഭവം

ക്ലാസിക്കൽ പേർഷ്യൻ ലിറ്ററേച്ചർ എന്ന പുസ്തകം എന്റെ ഗ്രന്ഥാലയത്തിലെ അമൂല്യമായ ഒരു സൂക്ഷിപ്പാണ്. ആർതർ ജോൺ ആർ ബെറി എഡിറ്റ് ചെയ്ത് ടെഹ്റാനിലെ യസ്സവോളി പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച ഈ പുസ്തകം എനിക്ക് സമ്മാനിച്ചത് അൽബാജ് ബുക്സിന്റെ ഉടമസ്ഥനായ പി.എ. ഷൗക്കത്താണ്. മസ്ക്കറ്റിലെ പുസ്തകോത്സവത്തിൽവെച്ച് ഇറാൻകാരുടെ സ്റ്റാളിൽ വെച്ചാണ് ഈ പുസ്തകം അദ്ദേഹം വാങ്ങിത്തന്നത്. മസ്ക്കറ്റിന്റെ രാജ്യാന്തര പുസ്തകോത്സവം മികച്ചതാണ്. മധ്യേഷ്യൻ രാജ്യങ്ങളിലെ അറബ്/പേർഷ്യൻ പ്രസാധകർ ധാരാളം പങ്കെടുക്കും. അറബികൾ വൻതോതിൽ പുസ്തകം വാങ്ങിക്കുകയും ചെയ്യും.

ഈ പുസ്തകം വായിക്കാനുള്ളതു മാത്രമല്ല, കാണാനുള്ളതുമാണ്. അത്രയ്ക്ക് ഉജ്ജ്വലമാണ് ഇതിന്റെ നിർമിതി. ശരിക്കും ലോകോത്തരം എന്നു പറയാം. പേർഷ്യൻ മിനിയേച്ചർ പെയിന്റിംഗുകൾകൊണ്ട് സമ്പന്നം. പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ വരച്ച ചിത്രങ്ങളാണവ. അക്കാലമായപ്പോഴേക്കും ചിത്രകാരന്മാർ അവരുടെ പേര് രചനകൾക്കിടയിൽ രേഖപ്പെടുത്താൻ തുടങ്ങിയിരുന്നു. അങ്ങനെയാണ് മുഹമ്മദ് യൂസുഫ് ഇസ്ഫഹാനെയും, റേസ അബ്ബാസിയെയും തബ്രിസിനെയുമൊക്കെ ലോകം അറിഞ്ഞത്. ഇവ കേവലം ചിത്രങ്ങളുമല്ല. സംസ്കാരത്തിന്റെ/ജനജീവിതത്തിന്റെ രേഖപ്പെടുത്തൽ. ഫോട്ടോഗ്രാഫി വികസിച്ചിട്ടില്ലാത്ത കാലത്ത് രാജാക്കന്മാരുടെയും, രാജ്ഞിമാരുടെയും, സൂഫിവര്യന്മാരുടെയും ഛായാപടങ്ങൾ ലോകത്തിന് ലഭ്യമായത് ഈ ചിത്രങ്ങളിലൂടെയാണ്. രാജകൊട്ടാരങ്ങളുടെയും പ്രഭുകുടുംബങ്ങളുടെയും വാസ്തുശിൽപം എങ്ങനെയായിരുന്നുവെന്ന് നാമറിഞ്ഞു. അക്കാലത്തെ വസ്ത്രങ്ങൾ, ആഭരണങ്ങൾ, ഗൃഹോപകരണങ്ങൾ എല്ലാം ആ ചിത്രങ്ങളിലുണ്ടായിരുന്നു. സസ്യജാലങ്ങളും പറവകളും ഒക്കെയുണ്ടായിരുന്നു. റേസ അബ്ബാസി 1612-ൽ വരച്ച ഉദ്യാന വിരുന്നിന്റെ മനോഹരമായ ചിത്രമുണ്ട് ഈ പുസ്തകത്തിൽ. കൂജകളും ഭക്ഷണത്തട്ടുകളും ഒക്കെ കാണാം. എല്ലാവരും ഇരിക്കുകയാണ്. ഒരു പരിചാരകൻ മാത്രം നിൽക്കുന്നു. മരച്ചില്ലകളിൽ നേർത്ത കാറ്റിന്റെ സാന്നിധ്യം കാണാം. അസ്ത്രം കണക്കെ ആകാശത്തുനിന്ന് പറവകൾ ഉദ്യാനത്തിലേക്ക് വരുന്നു. നിറംകൊണ്ട് സമ്പന്നമായ ഈ ചിത്രം എത്ര കണ്ടാലും മതിവരില്ല. പല ചിത്രങ്ങളും കാലിഗ്രാഫികൊണ്ടും സമ്പന്നമാണ്.



പേർഷ്യൻ ചിത്രകാരികളായ
അത്തഫെയെയും ഗസാലെയെയും.

ആ പുസ്തകം ഷൗക്കത്ത് എനിക്ക് സമ്മാനിച്ച ഇറാനിയൻ പുസ്തകശാലയും മറക്കാനാവില്ല. ഇവിടെവെച്ചാണ് ഞാൻ അത്തഫെയെയും ഗസാലെയെയും പരിചയപ്പെട്ടത്. ടെഹ്റാനിൽ നിന്നുള്ള രണ്ട് ചിത്രകാരികളാണവർ. പുസ്തകശാലയുടെ ഒരു ഭാഗത്തിരുന്ന് അവർ ചിത്രങ്ങൾ വരയ്ക്കുകയായിരുന്നു. കൂടുതലും പോസ്റ്റ് കാർഡ് ചിത്രങ്ങൾ. വിവിധതരത്തിലുള്ള വർണമഷിയാണ് അവർ ഉപയോഗിച്ചത്. പുസ്തകശാലയുടെ ചുമരുകളും ചി

ത്രങ്ങൾകൊണ്ട് അലങ്കരിച്ചിരുന്നു. സസ്യാകൃതികളുടെ ശൈലീകൃതമായ അലങ്കാരങ്ങളായിരുന്നു അവ. പല രൂപത്തിലുള്ള പൂക്കളുണ്ടതിൽ. ചില്ലകളിൽ പറവകളും. ഫ്ളോറൽ ഡിസൈൻ എന്നത് പേർഷ്യൻ മിനിയേച്ചറുകളുടെ സവിശേഷതയാണ്. പേർഷ്യൻ സംസ്കാരം വർണങ്ങളെയും ഇഷ്ടപ്പെടുന്നു. വർണവൈവിധ്യം മിനിയേച്ചർ പാരമ്പര്യത്തിന്റെ ഭാഗമായതങ്ങനെയാണ്. മിനിയേച്ചർ പാരമ്പര്യം പിന്നീട് ഗ്രഹങ്ങളുടെ ഭിത്തി അലങ്കരിക്കാനും പള്ളികളുടെ ഭിത്തി അലങ്കരിക്കാനും ഉപയോഗിച്ചുതുടങ്ങി. അത്തഫെയും ഗസാലെയും ഇലസ്ട്രേഷൻ ചെയ്യുന്നതിൽ മിടുക്കികൾ.

മിനിയേച്ചർ ചിത്രകലയെന്നതും ഒരർത്ഥത്തിൽ ഇലസ്ട്രേഷൻ തന്നെയാണ്. രേഖാചിത്രകലയെയും പേർഷ്യക്കാർ ഗൗരവമായിത്തന്നെ കണ്ടു. പുരാതന കാലത്ത് ക്ലാസിക്കുകളൊക്കെ കൈകൊണ്ടെഴുതി സൂക്ഷിക്കുകയായിരുന്നു പതിവ്. കഥാസന്ദർഭങ്ങൾക്കൊപ്പം ചിത്രങ്ങളും വരച്ചു. ബുക് ഇലസ്ട്രേഷൻ തന്നെയാണ് മിനിയേച്ചർ ചിത്രകലയായി വളർന്നത്. പേർഷ്യയുമായുള്ള സാംസ്കാരിക ബന്ധം ഇന്ത്യയിലും മിനിയേച്ചർ ചിത്രകലയുടെ വളർച്ചയ്ക്ക് കാരണമായി. സസ്യങ്ങളുടെ പൂക്കളിൽ നിന്നും, കായിൽ നിന്നും, തൊലിയിൽ നിന്നും, വർണക്കല്ലുകളിൽ നിന്നും ഉണ്ടാക്കുന്ന ചായങ്ങൾ ഉപയോഗിച്ചാണ് ചിത്രങ്ങൾ വരച്ചത്.

മുഗള കാലഘട്ടത്തിലാണ് പേർഷ്യൻ മിനിയേച്ചർ പാരമ്പര്യം ഇന്ത്യയിലെത്തുന്നത്. ഭാരതത്തിലെ ഇതിഹാസപുരാണങ്ങൾക്ക് ചിത്രാഖ്യാനം ചമക്കുന്നതിലും വലിയ പങ്കുവഹിച്ചു. ആധുനിക ഇന്ത്യൻ ചിത്രകലയിലും വലിയ സ്വാധീനം ചെലുത്തി.




ഇറാനിൽ ഈ ഇലസ്ട്രേഷൻ പാരമ്പര്യം പുതിയൊരു ചിത്രഭാഷയിൽ പുതിയൊരു കാലത്തേക്ക് സംക്രമിക്കുന്നു എന്ന അറിവാണ് അത്തഫെയും ഗസാലെയും എനിക്ക് സമ്മാനിച്ചത്.

ബുക് ഇലസ്ട്രേഷനിലൂടെ ലോകപ്രശസ്തരായവരാണ് അത്തഫെയും ഗസാലെയും. രണ്ടുപേർക്കും അത്യാവശ്യം ഇംഗ്ലീഷറിയാം. അവരുടെ സ്റ്റാളിൽ വരുന്നവർക്കായി അത്യാവശ്യം ഡെമോൺസ്ട്രേഷൻ ചെയ്യും. ചെറിയ പോസ്റ്റ് കാർഡ് ചിത്രങ്ങൾ ആവശ്യക്കാർക്ക് വാങ്ങിക്കുകയും ചെയ്യാം. ആധുനികതയുടെ സാധ്യതകൾ ഉപയോഗിക്കുമ്പോഴും പാരമ്പര്യം കൈവിടുന്നതുമില്ല. ഇസ്ലാമിക വിപ്ലവത്തിനു ശേഷം ഇറാൻ ഒരു അടഞ്ഞ സമൂഹമായി മാറുകയല്ല ഉണ്ടായത്. സിനിമ, ചിത്രകല, സംഗീതം എന്നീ മേഖലകളിലൊക്കെ വലിയ കുതിപ്പുണ്ടായി. ഈ മേഖലയിലൊക്കെ സ്വയം അടയാളപ്പെടുത്താൻ സ്ത്രീകളും സ്വാതന്ത്ര്യം ലഭിച്ചു. ചിത്രകാരികളുടെ വൻനിര തന്നെയുണ്ട് ഇറാനിൽ.

ചായക്കൂട്ടുകൾക്കിടയിലിരുന്നാണ് ഈ ചിത്രകാരികൾ എന്നെ അഭിവാദ്യം ചെയ്തത്. അവരപ്പോൾ ചിത്രം വരച്ചുകൊണ്ടേയിരിക്കുകയായിരുന്നു. അവർക്കു ചുറ്റും മഷിച്ചായങ്ങളുടെയും അക്രിലിക് ചായങ്ങളുടെയും കുപ്പികൾ. നേർത്ത ബ്രഷ് ഉപയോഗിച്ചുകൊണ്ട് സൂക്ഷ്മമായി അവർ വരയ്ക്കുന്നു. വലിയ ചിത്രങ്ങൾ വരയ്ക്കുന്നതുപോലെയല്ല മിനിയേച്ചർ ചിത്രരചന. ചിത്രങ്ങളുടെ വലിപ്പം ചെറുതാവുംതോറും സൂക്ഷ്മത വലുതാവണം.

ഗസാലെ ജനിച്ചത് ടെഹ്റാനിലാണ്. ടെഹ്റാൻ യൂണിവേഴ്സിറ്റിയിൽ നിന്നാണ് ചിത്രകല പഠിച്ചത്. പാരമ്പര്യത്തിൽ നിന്ന് കുതറിപ്പോവുന്നതായിരുന്നില്ല അവരുടെ സമീപനം. അറുപതോളം പുസ്തകങ്ങൾക്ക് ഇല്ലസ്ട്രേഷൻ നിർവഹിച്ചിട്ടുണ്ട് ഗസാലെ. ദേശാന്തരീയ തലത്തിൽ ഒരുപാട് അംഗീകാരങ്ങൾ അവളെത്തേടിയെത്തി. ബെൽഗ്രേഡിൽ നടന്ന ഇലസ്ട്രേഷൻ എക്സിബിഷനിലേക്ക് 2009 മുതൽ അഞ്ചു തവണ തുടർച്ചയായി തെരഞ്ഞെടുക്കപ്പെട്ടു. 2009-ൽ ബെൽഗ്രേഡിലെ ഗോൾഡൻ പെൻ അവാർഡ് അവളെത്തേടിയെത്തി. സൗത്ത് കൊറിയയിലും ഇറ്റലിയിലും ജർമനിയിലും സ്ലോവാക്യയിലുമൊക്കെ കാറ്റ്ലോഗ്, ഇലസ്ട്രേഷൻ എക്സിബിഷനിലേക്ക് പലതവണ അവളുടെ രചനകൾ തിരഞ്ഞെടുക്കപ്പെട്ടു.

നേർത്ത രേഖകൾകൊണ്ടും നി

**അത്തഫെയുടെ ഇല്ലസ്ട്രേഷനുകൾ കുറെയൊക്കെ കമ്പ്യൂട്ടർ ഗ്രാഫിക്കുകളാണ്. നന്നേ ചെറിയ കുട്ടികൾക്കുള്ള ചിത്രപുസ്തകം. പരമ്പരാഗത വേഷമണിഞ്ഞ പേർഷ്യൻ യുവതികളുടെ ധാരാളം ചിത്രങ്ങൾ അത്തഫെയുടെ ചിത്രലോകത്ത് കാണാം. വർണ സമൃദ്ധമാണ് ആ രചനകൾ. ചിരിയുണർത്തുന്ന ധാരാളം ചിത്രങ്ങളുണ്ട്. അവളുടെ ചിത്രങ്ങളിലെ വസ്ത്രങ്ങളുടെ ആവിഷ്കാരം പാരമ്പര്യത്തിന്റെ അടയാളപ്പെടുത്തലാണ്.**

റങ്ങൾകൊണ്ടും വിഭ്രാമകമായ ഒരു ലോകം തുറന്നുവെയ്ക്കുകയാണ് ഗസാലെ തന്റെ ചിത്രങ്ങളിൽ. കുട്ടിക്കഥകളിൽ നിന്ന് ഇറങ്ങിവരുന്ന നാടോടി രൂപങ്ങൾ. താമരയിലയിൽ ശയിക്കുന്ന തവളയുടെ ചിത്രം വരയ്ക്കുമ്പോൾ ആ തവളയ്ക്ക് മനുഷ്യാകൃതിയോടുള്ള സാമ്യം കൗതുകമുണർത്തും. ഏതോ കുട്ടിക്കഥയിലെ കഥാപാത്രമാണ് ആ തവള. ജലത്തിലെ ചാന്ദ്രബിംബം ആഹരിക്കാനുള്ള അപ്പം പോലെ കിടക്കുമ്പോൾ അതിനടുത്തേയ്ക്ക് പാഞ്ഞുചെല്ലുന്ന മത്സ്യങ്ങളെ വരയ്ക്കുമ്പോൾ ആ ചാന്ദ്രബിംബത്തിന്റെ വീചികൾ പോലെയായി മാറുന്നു മീനുകൾ. അസാധാരണമായ ദൃശ്യവിസ്മയമാണ് ആ രചന. മത്സ്യച്ചിറകിന്റെ അലങ്കാരങ്ങൾ അതിസൂക്ഷ്മ രേഖകൾകൊണ്ട് ആവിഷ്കരിക്കുമ്പോൾ ഗസാലെയുടെ രചനാപരമായ കയ്യടക്കം നമ്മെ അത്ഭുതപ്പെടുത്തും. വഞ്ചിയിൽ മീൻപിടിക്കാനിറങ്ങുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതം ആവിഷ്കരിക്കുന്ന മറ്റൊരു രചനയുണ്ട്. അത്യന്തം ചലനാത്മകമാണത്. മത്സ്യത്തൊഴിലാളികളുടെ തലയ്ക്കു മുകളിലേക്ക് പറന്നണയുന്ന കാക്കകൾക്കെന്ത് മനോഹാരിത. നാടോടിക്കഥയിലെ രാജാവിന്റെ സദസ്സും. കുതിര സവാരിയും യുദ്ധമുഖത്തെ ചിത്രീകരണങ്ങളുമൊക്കെ പൗരാണികമായ ഏതൊക്കെയോ ഓർമകളിലേക്ക് നമ്മെ കൊണ്ടുപോവും. പേർഷ്യൻ മിനിയേച്ചറുകളുടെ ഓർമയുണർത്തുന്ന ധാരാളം ചിത്രങ്ങൾ ഗസാലെ വരച്ചിട്ടുണ്ട്. സൂക്ഷ്മ രേഖകളുടെ സമൃദ്ധിയാണ് ഈ ചിത്രകാരിയുടെ രചനകളിലെ സവിശേഷത. യാഥാർത്ഥ്യത്തിന്റെയും മാന്ത്രികതയുടെയും സമ്മേളനമാണ് ഓരോ രചനയും. അതിസാങ്കേതിക വിദ്യയൊന്നും ഗസാലെ ഉപയോഗിക്കുന്നില്ല. കമ്പ്യൂട്ടർ ഗ്രാഫിക്കുകളൊക്കെ വളരെ അപൂർവം. കൈകൊണ്ടാണ് രചനകൾ ഏറെയും. സംസാരിച്ചുകൊണ്ടിരിക്കെ മേശപ്പുറത്തെ രണ്ട് രചനകൾ ഞാൻ ശ്രദ്ധിച്ചു. ഒന്ന് ടെഹ്റാൻ നഗരക്കാഴ്ച. മറ്റൊന്ന് കാറുകളുടെ നീണ്ടനിര. രണ്ടും ആകാശക്കാഴ്ചകൾ.

അത്തഫെയുടെ ഇല്ലസ്ട്രേഷനുകൾ കുറെയൊക്കെ കമ്പ്യൂട്ടർ ഗ്രാഫിക്കുകളാണ്. നന്നേ ചെറിയ കുട്ടികൾക്കുള്ള ചിത്രപുസ്തകം. പരമ്പരാഗത വേഷമണിഞ്ഞ പേർഷ്യൻ യുവതികളുടെ ധാരാളം ചിത്രങ്ങൾ അത്തഫെയുടെ ചിത്രലോകത്ത് കാണാം. വർണ സമൃദ്ധമാണ് ആ രചനകൾ. ചിരിയുണർത്തുന്ന ധാരാളം ചിത്രങ്ങളുണ്ട്. അവളുടെ ചിത്രങ്ങളിലെ വസ്ത്രങ്ങളുടെ ആവിഷ്കാരം പാരമ്പര്യത്തിന്റെ അടയാളപ്പെടുത്തലാണ്.

ടെഹ്റാനിൽ ഇത്തരം ധാരാളം ചിത്രകാരികൾ ഉണ്ടെന്നാണ് ഗസാലെ പറഞ്ഞത്. ഈ രണ്ട് പേരുടെയും ഇല്ലസ്ട്രേഷനാണ് ഞാൻ ശ്രദ്ധിച്ചത്. നമ്മുടെ നാട്ടിൽ ഇല്ലസ്ട്രേഷൻ മേഖലയിൽ ചിത്രകാരികൾ എത്രയോ കുറവാണ്.

ആധുനിക പേർഷ്യൻ നോവലിസ്റ്റായ സാദിഖ് ഹിദായത്തിനെക്കുറിച്ചും ഞാനാ ചിത്രകാരികളോട് സംസാരിച്ചു. ഭാരതീയ മിത്തുകൾ കടന്നുവരുന്ന, വിഭ്രാമകമായ ചെറിയൊരു നോവലാണ് സാദിഖ് ഹിദായത്തിന്റെ കുരുടൻ മൂങ്ങ. കാഫ്കയുടെ മെറ്റമോർഫസിസ് പോലെ ഞാൻ വായിച്ചത്. ഞാനാ നോവലിന്റെ മാന്ത്രികച്ചുഴിയിൽ നിന്നു രക്ഷപ്പെടാൻ പ്രയാസപ്പെട്ടിട്ടുണ്ട്. വിലാസിനി (എം.കെ. മേനോൻ)യാണ് ഈ നോവൽ പരിഭാഷപ്പെടുത്തിയത്. ഒന്നാംതരം ഒരാമുഖം അദ്ദേഹം എഴുതിയിട്ടുണ്ട്. പേർഷ്യൻ സാഹിത്യത്തിലേക്കുള്ള കിളിവാതിലാണത്. ചിത്രകലയെ വളരെയേറെ ഇഷ്ടപ്പെടുന്ന ആളാണ് ഞാൻ. ക്ലാസിക്കൽ പേർഷ്യൻ ലിറ്ററേച്ചർ എന്ന പുസ്തകം കയ്യിൽ കിട്ടിയതിൽപിന്നെ അതിലെ പെയിന്റിംഗുകളിലൂടെ ഞാൻ കടന്നുപോവും. ഒരു മിനിയേച്ചർ എക്സിബിഷൻ കാണുന്നതുപോലെ.

വൃക്ഷത്തണലിൽ ഞാൻ ഇരിക്കും. ഗൃഹങ്ങൾക്കകത്തുകൂടി സഞ്ചരിക്കും. ഉദ്യാനത്തിലിരിക്കും. പൂക്കളിലേയ്ക്ക് മുഖം ചേർക്കും.

പുരാതന പേർഷ്യയിലൂടെ ഞാൻ സഞ്ചരിക്കുകയാണ്. ■


**വന്ധ്യതക്ക് ഹോമിയോ**

തൈറോയ്ഡ് പ്രശ്നങ്ങൾ, സ്ത്രീ രോഗങ്ങൾ, ലൈംഗിക ശക്തിക്കുറവ്, താൽപര്യമില്ലായ്മ, മൂത്രാശയക്കല്ല്, അരിമ്പാറ, പാദം വിണ്ടുകീറൽ, വിട്ടുമാറാത്ത് അലർജി, തരിപ്പ്, തലവേദന എന്നീ രോഗങ്ങൾക്ക് കുട്ടികൾക്കും മുതിർന്നവർക്കും പാർശ്വഫലങ്ങളില്ലാത്ത ഫലപ്രദമായ ചികിത്സ

ഡോ. എം.ആർ. രാകേഷ് BHMS
ആർ.കെ. ഹോമിയോ ക്ലിനിക്
(ഹോമിയോ & ആയുർവേദിക്)
ICICI ബാങ്കിന് സമീപം,
മണ്ണാർക്കാട് റോഡ്, പെരിന്തൽമണ്ണ
Ph : 9048297794, 9447769061

പിതൃസ്പർശം

ഖമറുന്നീസ അൻവർ

# വാത്സല്യമായിരുന്നു ഉപ്പ

## എന്റെ ഉപ്പ ഡോ: അബ്ദുൽ ഖാദർ ഹാജി



ഉപ്പ മാന്തവാടി ഗവ: ഹോസ്പിറ്റലിൽ ജോലി ചെയ്യുമ്പോഴാണ് എന്നെ സ്കൂളിൽ ചേർക്കുന്നത്. ആശുപത്രിയിൽ നിന്നും ഒരു കിലോമീറ്റർ അകലെയുള്ള ലിറ്റിൽഫ്ളവർ കോൺവെന്റിലേക്ക്, ഉപ്പ ഓടിച്ച കാറിൽ പോയത് ഞാനിന്നും ഓർക്കുന്നു. സ്കൂളിൽ ചേർത്തു. ടീച്ചർമാരെ പരിചയപ്പെടുത്തി ഉപ്പ തിരിച്ചുപോയപ്പോൾ എനിക്ക് സങ്കടമായി. അപ്പോൾ ടീച്ചർമാർ എനിക്ക് മിഠായി തന്നുകൊണ്ടു പറഞ്ഞു:

''ഉപ്പ ജോലിക്കു പോയതാ, ഒരുമണിക്ക് ഊൺ കഴിക്കാൻ കൂട്ടാൻ വരുമല്ലോ..!'' അപ്പോഴാണ് സമാധാനമായത്.

സ്കൂളിൽ ചേർക്കുന്നതിനു മുമ്പ് മാമ്മു മുസ്ലിയാരെ ഉപ്പ വീട്ടിലേക്ക് വിളിപ്പിച്ചു. ഉപ്പ എന്നെ കസേരയിൽ ഇരുത്തി. മാമ്മു മുസ്ലിയാർ ഫാത്തിഹ ഓതി. എല്ലാവരും പ്രാർത്ഥിച്ചു. ഈത്തപ്പഴവും തേങ്ങാപ്പൂളും വിതരണം ചെയ്തു. അതായിരുന്നു എന്റെ വിദ്യാഭ്യാസ തുടക്കം.

കണ്ണൂരായിരുന്നു തങ്ങളുടെ നാട്. സ്കൂൾ പൂട്ടിയാൽ മാനന്തവാടിയിൽ നിന്നും ഉപ്പയോടിക്കുന്ന കാറിൽ കണ്ണൂരിലേക്ക് പോകും. യാത്രാമധ്യേ ഞാനും വേലക്കാരി മറിയത്തയും ഛർദ്ദിക്കുക പതിവാണ്. അപ്പോഴെല്ലാം മലയിൽ നിന്നു ഒഴുകിവരുന്ന നീരുറവയ്ക്കു സമീപം ഉപ്പ കാറ് നിർത്തും. ആ തണുത്ത വെള്ളത്തിൽ കാലും മുഖവുമൊക്കെ കഴുകിയാൽ നല്ല ഉഷാറാണ്. കാറിൽ പഴുത്ത ഓറഞ്ചും ഉണ്ടാകും. ആരോഗ്യത്തിനും ഉന്മേഷത്തിനും ഓറഞ്ച് നല്ലതാണെന്നു പറഞ്ഞ് കഴിപ്പിക്കും ഉപ്പ.

ഞങ്ങൾ നാല് പെൺമക്കൾക്ക് ശേഷം ഒരാൺകുട്ടി ജനിച്ചപ്പോൾ ഉപ്പാന്റെ സന്തോഷത്തിന് അതിരില്ലായിരുന്നു. മാനന്തവാടി

ആശുപത്രിയിലെ രോഗികൾക്കും ജീവനക്കാർക്കും ഉപ്പ പായസം വിതരണം ചെയ്തു. ഞങ്ങളുടെ സ്കൂളിലെ എല്ലാ കുട്ടികൾക്കും കിട്ടി മിഠായിയും ബിസ്ക്കറ്റുകളും.

അന്ന് നാട്ടുകാർക്കെല്ലാംകൂടി ഒരു ഡോക്ടറായിരുന്നു ഉണ്ടായിരുന്നത്. കുത്തിയൊഴുകുന്ന പുഴയിൽ മുളകൾ കെട്ടിയ ചങ്ങാടത്തിൽ രോഗികളെ നോക്കാൻ ഉപ്പ പോകുമായിരുന്നു. ഇന്നത്തെപ്പോലെ സ്പെഷ്യലിസ്റ്റുകൾ ഇല്ലാത്ത കാലം. നല്ല റോഡുകളോ പാലങ്ങളോ ഇല്ല. കുറെ കഷ്ടപ്പാടുകളും ത്യാഗങ്ങളും സഹിച്ചാണ് ഡോക്ടർ എന്ന നിലയിൽ രോഗികളെ പരിശോധിക്കുകയും പരിചരിക്കുകയും ചെയ്തിരുന്നത്. രണ്ടോ മൂന്നോ കാറുകളേ അന്നാട്ടിൽ അന്നുണ്ടായിരുന്നുള്ളൂ എന്നാണെന്റെ വിശ്വാസം. അങ്ങനെയിരിക്കെ ഉപ്പക്ക് കാസർഗോഡേക്ക് സ്ഥലമാറ്റമായി. ഈ വിവരമറിഞ്ഞ് ആദിവാസികൾ ഏമാൻ പോകരുതെന്ന് പറഞ്ഞ് കരയുന്നുണ്ടായിരുന്നു. ഞങ്ങളുടെ സ്കൂളിലും യാത്രയപ്പ് സംഘടിപ്പിച്ചു. മനോഹരമായ കുഷ്യൻ കവർ സ്കൂളിലെ സിസ്റ്റർമാർ ഉപ്പയ്ക്ക് സമ്മാനമായി നൽകി.

കാസർഗോഡ് എത്തിയപ്പോൾ അടുത്തൊന്നും മലയാളം സ്കൂളില്ല. അന്ന് ഞാൻ മൂന്നാം ക്ലാസിലായിരുന്നു. തോണിയിൽ പുഴ കടന്ന് അക്കരെ പോയാൽ മലയാളം സ്കൂളുണ്ട്. എന്നെ തോണിയിൽ അയക്കാൻ ഉപ്പക്ക് പേടിയായിരുന്നു. അപ്പോഴാണ് ഉപ്പയുടെ സുഹൃത്ത് കാസർഗോഡ് ഗവൺമെന്റ് ഹൈസ്കൂളിലെ ഹെഡ്മാസ്റ്റർ വീട്ടിൽ ട്യൂഷനെടുത്ത് എന്നെ പഠിപ്പിക്കാമെന്നേറ്റത്. അങ്ങനെ പഠിച്ച ഞാൻ പിന്നീട് സ്കൂളിൽ ചേർന്ന് പഠനമാരംഭിച്ചത് ആറാം ക്ലാസിലാണ്. ഉപ്പ എന്റെ പഠനത്തിൽ ശ്രദ്ധിച്ചു. പ്രത്യേകിച്ചും രാത്രി ഇംഗ്ലീഷ് പഠിപ്പിക്കുമായിരുന്നു.



ഫോർട്ട് കൊച്ചിയിലേക്ക് ഉപ്പക്ക് മാറ്റമായി. അപ്പോൾ എന്നെ ഫാത്തിമ കോൺവെന്റിൽ ചേർത്തു. പിന്നീട് കണ്ണൂർ ആശുപത്രിയിലേക്ക് സ്ഥലം മാറി. ഞാൻ കണ്ണൂർ ഗവ: ഗേൾസ് ഹൈസ്കൂളിൽ ചേർന്നു. ഉപ്പ ജില്ലാ മെഡിക്കൽ ഓഫീസറായി പാലക്കാട് എത്തിയപ്പോൾ എന്നെ പാലക്കാട് വിക്ടോറിയ കോളേജിൽ ചേർത്തു. പ്രമോഷനോടുകൂടി ഉപ്പ കോഴിക്കോട് വന്നു.

പ്രീഡിഗ്രി കഴിഞ്ഞപ്പോൾ എന്നെ മെഡിസിനു ചേർക്കണമെന്നായിരുന്നു ഉപ്പയുടെ ആഗ്രഹം. അപേക്ഷ കൊടുത്തു. മുസ്ലിം ക്വാട്ടയിൽ കിട്ടുമെന്നു കരുതി. കിട്ടിയില്ല. ആരുടെയും കാൽ പിടിക്കാനോ കൈക്കൂലി കൊടുക്കാനോ ഉപ്പ തയ്യാറായിരുന്നില്ല. പാലക്കാട് എന്റെ കൂടെ പഠിച്ചിരുന്ന കൂട്ടുകാർ മദ്രാസ് വിമൺസ് കോളേജിൽ പോയി. എനിക്കും അവിടെ പഠിക്കാൻ ആഗ്രഹമുണ്ടെന്ന് അറിയിച്ചപ്പോൾ ഉപ്പ അതിന് ഏർപ്പാട് ചെയ്തു. എന്നെയും കൂട്ടി മദ്രാസിൽ പോയി അവിടെ ബി.എസ്.സി ഹോംസയൻസിനു ചേർത്തു.

ഞങ്ങൾ ആറ് പെണ്ണും രണ്ട് ആണുമായിരുന്നു മക്കൾ. ചെറുപ്പത്തിൽ ഞങ്ങളെ ഉപ്പ പഠിപ്പിച്ചതും പരിശീലിപ്പിച്ചതും ഇന്നും മനസ്സിൽ പച്ചപിടിച്ചിരിപ്പുണ്ട്. ആത്മീയ വി

**ഞങ്ങൾ ആറ് പെണ്ണും രണ്ട് ആണുമായിരുന്നു മക്കൾ. ചെറുപ്പത്തിൽ ഞങ്ങളെ ഉപ്പ പഠിപ്പിച്ചതും പരിശീലിപ്പിച്ചതും ഇന്നും മനസ്സിൽ പച്ചപിടിച്ചിരിപ്പുണ്ട്. ആത്മീയ വിജ്ഞാനത്തിലും പരിശീലനത്തിലും ഉപ്പ വളരെ കർക്കശമായിരുന്നു. റമളാൻ മാസത്തിൽ നോമ്പ് എടുക്കാനും രാത്രി നമസ്കാരമായ തറാവീഹ് നിർവഹിക്കാനും ഉപ്പ തന്ന പരിശീലനം. ഇന്നും മുടങ്ങാതെ ഞങ്ങൾ ചെയ്യുന്നു.**

ജ്ഞാനത്തിലും പരിശീലനത്തിലും ഉപ്പ വളരെ കർക്കശമായിരുന്നു. റമളാൻ മാസത്തിൽ നോമ്പ് എടുക്കാനും രാത്രി നമസ്കാരമായ തറാവീഹ് നിർവഹിക്കാനും ഉപ്പ തന്ന പരിശീലനം. ഇന്നും മുടങ്ങാതെ ഞങ്ങൾ ചെയ്യുന്നു. ഉപ്പ രണ്ട് മണിക്ക് എഴുന്നേറ്റ് കട്ടൻകാപ്പി കുടിച്ച് തഹജ്ജുദ് നിസ്കാരം തുടങ്ങും. മൂന്നുമണിക്ക് മക്കളെ എല്ലാവരെയും വിളിച്ച് ഉപ്പാന്റെ കൂടെ നിസ്കരിക്കാൻ ഉമ്മക്ക് നിർദേശം നൽകും. അതനുസരിച്ച് മക്കളെല്ലാവരും നിസ്കരിക്കാൻ നിൽക്കും. ദീർഘമായ സൂറത്തുകളാണ് ഉപ്പ ഓതുക. എന്റെ സഹോദരങ്ങളായ മുനവ്വറും മുബഷിറും പിന്നിൽ ചുമര് ചാരിനിന്ന്, ഉപ്പ ഓതിത്തീർത്ത് അല്ലാഹു അക്ബർ എന്നു പറയുന്നതുവരെ ഉറങ്ങും. പിന്നെ ഉപ്പാന്റെ കൂടെ നിസ്കരിക്കും.

അതു കഴിഞ്ഞ് നാല് മണിക്ക് അത്താഴം. എല്ലാവരും ഒന്നിച്ചിരുന്നാണ് കഴിക്കുക. ഉപ്പക്കും ഉമ്മക്കും ചപ്പാത്തി, മീൻകറി, ചോറ്, തൈര്, ഞാൻ റൊട്ടിയും പാലും, ചിലർക്ക് നെയ്ചോറും കോഴിയും, മറ്റു ചിലർക്ക് അരിപ്പത്തിരിയും ഇറച്ചിക്കറിയും. എല്ലാവർക്കും അവർ ഇഷ്ടപ്പെടുന്ന ഭക്ഷണം ഒരുക്കണമെന്നാണ് ഉപ്പാന്റെ 'ഓർഡർ'. പാവം ഉമ്മ എല്ലാം ഒരുക്കും. അഞ്ചു മണിക്ക് എല്ലാവരും ഒന്നിച്ച് സുബ്ഹി നിസ്കാരം കഴിഞ്ഞ് മക്കളെല്ലാം ഓതണം. അതു കഴിഞ്ഞ് എട്ടു മണിവരെ ഉറങ്ങാം. ഇതെല്ലാം ഉപ്പ പഠിപ്പിച്ച ശീലങ്ങൾ ഇന്നും തെറ്റാതെ ഞങ്ങൾ ചെയ്യുന്നു. കളവ് പറയൽ, അനീതി കാണിക്കൽ ഇതൊന്നും ഉപ്പാക്ക് തീരെ ഇഷ്ടമില്ലാത്ത കാര്യങ്ങളായിരുന്നു. ഞങ്ങളെയും അതുപോലെ പഠിപ്പിച്ചു. ആരെയും ചതിക്കരുതെന്നും, കാര്യം നേടാൻ തൊഴുത് നിൽക്കരുതെന്നും എല്ലാം ദൈവത്തിൽ അർപ്പിച്ച് പ്രാർത്ഥിക്കണമെന്നും പഠിപ്പിച്ചു.

ഉപ്പ കേരള ഹെൽത്ത് സർവീസിൽ നിന്നും ഡപ്യൂട്ടി ഡയറക്ടറായാണ് റിട്ടയർ ചെയ്തത്. പിന്നീട് സൗദി അറേബ്യൻ ഹെൽത്ത് സർവീസിൽ ജോലി ചെയ്തു. ഉമ്മയുടെ മരണം ഉപ്പയെ വളരെ വേദനിപ്പിച്ചു. പിന്നീട് വാപ്പയും രോഗബാധിതനായി. കോഴിക്കോട് മുബഷിറിന്റെ വീട്ടിൽ വെച്ചായിരുന്നു മരണം. അസുഖബാധിതനായപ്പോൾ ഞങ്ങൾ ഉപ്പയെ പരമാവധി പരിപാലിച്ചു. പരസ്പരം സ്നേഹവും വിശ്വാസവും ബഹുമാനവുമുള്ള ദമ്പതികളായിരുന്നു ഉമ്മയും ഉപ്പയും.

ഔദ്യോഗിക രംഗത്തു ഉപ്പ വളരെ നല്ല മാതൃകകൾ സൃഷ്ടിച്ചിരുന്നു. കൃത്യസമയത്ത് ആശുപത്രിയിൽ എത്തും. ആര് വിളിച്ചാലും വീട്ടിൽ പോയി പരിശോധിക്കും. മക്കളെ ആരോഗ്യത്തോടെ വളർത്തുന്നതിനോടൊപ്പം ആത്മീയവും ഭൗതികവുമായ വിദ്യാഭ്യാസവും നൽകി. ആറ് പെൺമക്കളെയും നല്ല നിലയിൽ വിവാഹം കഴിപ്പിച്ചു. ഇന്ന് ഒരു പെൺകുട്ടി ഉണ്ടായാൽ തന്നെ വിവാഹം കഴിപ്പിക്കാൻ രക്ഷിതാക്കൾ കഷ്ടപ്പെടുന്നത് കാണുമ്പോൾ ഞങ്ങളുടെ ഉപ്പ എത്രമാത്രം അതോർത്ത് വിഷമിച്ചിട്ടുണ്ടാവുമെന്നാണ് ഞാനിപ്പോൾ ചിന്തിക്കുന്നത്. നാട്ടുകാർക്കും വീട്ടുകാർക്കും മാതൃകയായ ഡോ: അബ്ദുൽ ഖാദർ ഹാജിയുടെ മകളായി ജനിക്കാൻ കഴിഞ്ഞതുതന്നെ ഭാഗ്യമായി ഞാൻ വിശ്വസിക്കുന്നു. ■

**തയ്യാറാക്കിയത്: ശശികുമാർ ചേളന്നൂർ**

# ഇണയും തുണയും

**ഇണയും തുണയും പരസ്യം തീർത്തും സൗജന്യമാണ്.**
**അന്വേഷണങ്ങൾക്ക്: 0495 272 90 37**

**3378:** മുസ്‌ലിം യുവതി, 27 വയസ്സ്, ഇരു നിറം, 5 അടി 3 ഇഞ്ച് ഉയരം. മദ്റസ ഏഴാം തരം വരെ പഠിച്ചിട്ടുണ്ട്. ഭൗതിക വിദ്യാഭ്യാസം എം.കോം. പുനർ വിവാഹം, ഇടത്തരം കുടുംബം. ദീനി ബോധമുള്ള യുവാക്കളിൽ നിന്നും യോജിച്ച് ആലോചനകൾ ക്ഷണിക്കുന്നു. കോട്ടക്കൽ ഭാഗം, മലപ്പുറം ജില്ല

*****

**3379:** മുസ്‌ലിം യുവാവ് 37 വയസ്സ് പ്രായം, സ്വന്തമായി വീടും സ്ഥലവും ഉണ്ട്. ദീനി ബോധവും വിദ്യഭ്യാസവുമുള്ള യുവതികളുടെ രക്ഷിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. കാസർഗോഡ് ജില്ല.

**3380:** മതപണ്ഡിതൻ, 27 വയസ്സ്, എഞ്ചിനീയർ, വെളുത്ത നിറം, 5.4 ഉയരം. എഞ്ചിനീയറിംഗ് പഠിക്കുന്നതോ കഴിഞ്ഞതോ ആയ മതബോധമുള്ള യുവതികളുടെ രക്ഷിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

*****

**പൂങ്കാവനത്തിൽ വിവാഹ വാർഷിക പരസ്യങ്ങൾ**
**കൊടുക്കാൻ താൽപര്യമുള്ളവർ**
**താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുക**
**ആകർഷകമായ പരസ്യ നിരക്കുകൾ**
**Ph : 9961989459, 0495 272 9036**



●ഓർമ്മച്ചെപ്പ്

**ഖലീൽ തങ്ങൾ**

# വരനെയും കാത്ത്

പെരിന്തൽമണ്ണ ഭാഗത്തുള്ള ഒരു ഗ്രാമത്തിൽ നികാഹ് സദസ്സിൽ വരനെയും കാത്തിരിക്കേണ്ടിവന്നത് ഒന്നര മണിക്കൂറാണ്. മഅ്ദിനിൽ വിദേശ അതിഥികൾ പങ്കെടുക്കേണ്ട ഒരു സമ്മേളനം നടക്കുന്നു, മഗ്‌രിബിനു ശേഷം. എത്രയും വേഗം മഅ്ദിനിൽ എത്തേണ്ടതുണ്ട്. ഇതൊന്നും പക്ഷേ, പുതിയാപ്ളക്കും സംഘത്തിനും അറിയില്ല. അറിയിക്കേണ്ടവർ അറിയിച്ചിട്ടില്ല. നികാഹിനു കാത്തിരിക്കുന്ന ആളുകൾ അസ്വസ്ഥരാവാൻ തുടങ്ങിയിരുന്നു. സമയത്തിന്റെ വില തിരിച്ചറിയാത്തതു വലിയ നഷ്ടം തന്നെയാണ്.

എന്റെ ചെറുപ്പത്തിലൊക്കെ മരണവീട്ടിൽ മണിക്കൂറുകളോളം നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായിരുന്നു. ഇപ്പോൾ ആ പതിവ് തെറ്റിയിരിക്കുന്നു. മയ്യിത്തു പരിപാലനവും പള്ളിയിലേക്കു കൊണ്ടുപോകലും കൃത്യസമയത്തു നടക്കുന്നു. പക്ഷേ, നികാഹ് സദസ്സിൽ ഈ സമയനിഷ്ഠ കാണുന്നില്ല. പലരുടെയും വിലപ്പെട്ട സമയം വൃഥാ നഷ്ടമാവുന്നത് ആരും ചിന്തിക്കാറില്ല.

വടക്കൻ ജില്ലകളിൽ നേരെ മറിച്ചാണ് അവസ്ഥ. നികാഹ് മജ്‌ലിസിൽ കൃത്യസമയം പാലിക്കുന്നുവെങ്കിൽ മരണവീട്ടിൽ അതുണ്ടാവാറില്ല. അതു കാരണം പലപ്പോഴും വിഷമിക്കാറുണ്ട്.

മാതൃകയാവേണ്ടവർ അലംഭാവം കാണിക്കുന്നത് ദുഃഖകരമാണ്. ഒരു ലീഡർക്കുണ്ടാവേണ്ട ഏറ്റവും വലിയ ഗുണം സമയനിഷ്ഠ പാലിക്കലാണ്. മൂന്നു മണിക്ക് യോഗത്തിനു ഹാജറാവേണ്ടയാൾ അഞ്ചു മണിയായിട്ടും സ്ഥലത്തെത്തുന്നില്ലെങ്കിൽ, എന്ത് ന്യായീകരണം പറഞ്ഞാലാണ് പകരമാവുക. മറ്റുള്ളവരുടെ സമയത്തിന് ഒരു വിലയും കൽപിക്കാത്തവർക്ക് നേതൃപദവിയിലിരിക്കാൻ അർഹതയില്ല. നിങ്ങൾ എത്ര ചെറിയ സംഘത്തിന്റെ നേതാവായാലും ശരി...

ഹജ്ജ്-ഉംറയുടെ അമീറുമാർക്ക് ഉത്തരവാദിത്തം ഏറെയാണ്. സംഘാംഗങ്ങൾ അമീറിനെ കാത്തിരിക്കുന്ന അവസ്ഥ ഉണ്ടാവരുത്. തിരുനബി(സ)യുടെ ജീവിതത്തിൽ നമുക്ക് ഒരുപാട് മാതൃകകളുണ്ട്. ഒരിക്കലും അണികളെ അലോസരപ്പെടുത്തിയിരുന്നില്ല, അവിടുന്ന്. കൃത്യസമയത്തിനു മുമ്പേ ഹാജറാവുന്നതായിരുന്നു അവിടുത്തെ രീതി.

സ്വുബ്ഹിക്കു ശേഷമാണ് ഹജ്ജിന് ഇഹ്റാം ചെയ്യേണ്ടതെങ്കിലും തലേ ദിവസം അസ്റിനു മുമ്പേ ദുർഹുലൈഫയിൽ എത്തിച്ചേരുമായിരുന്നു അവിടുന്ന്. അണികൾ എത്തുംമുമ്പ് അവരെ സ്വീകരിക്കാൻ കാത്തുനിൽക്കുമായിരുന്നു. ഇതുസംബന്ധമായ ഒരു അധ്യായം തന്നെ 'ബാബു മൻബാത ബിദിൽ ഹുലൈഫ ഹത്താ അസ്ബഹ' എന്ന പേരിൽ ബുഖാരിയിലുണ്ട്.

ടൈം മാനേജ്മെന്റ് എല്ലാ വിഷയത്തിലും വേണം. അവർക്കേ വിജയത്തിലെത്താൻ കഴിയൂ... നിങ്ങൾ ഒരു കുടുംബനാഥനാണെങ്കിൽ വീട്ടിലെത്തുന്ന സമയവും പ്രധാനമാണ്. കാത്തിരിക്കുന്ന വീട്ടുകാരെ മുഷിപ്പിക്കും രീതിയിൽ വൈകാതിരിക്കാൻ ശ്രദ്ധിക്കുക. അഥവാ വൈകുന്നുവെങ്കിൽ അത് വീട്ടുകാരെ വിളിച്ചറിയിക്കാനുള്ള മര്യാദയെങ്കിലും കാണിക്കുക.

അടുക്കള ജോലി തീർത്ത് വിശ്രമിക്കാൻ കാത്തിരിക്കുന്ന കുടുംബിനി... പക്ഷേ, വീട്ടിലെത്തേണ്ടവരെല്ലാം സമയം തെറ്റിക്കുന്നു. ഭർത്താവ് വന്ന് ഒരു മണിക്കൂർ കഴിഞ്ഞാണ് മകന്റെ വരവ്... പിന്നെയും ഒരു മണിക്കൂർ പിന്നിട്ട ശേഷമാണ് ഇളയ മകൻ എത്തുന്നത്... വാതിൽ തുറന്നു കൊടുക്കേണ്ടതും ഭക്ഷണം വിളമ്പേണ്ടതും അനുബന്ധ ജോലികൾ ചെയ്യേണ്ടതും ഉമ്മയുടെ 'കടമ'യായി എല്ലാവരും കരുതുന്നു. സ്വുബ്ഹിക്കു മുമ്പേ എഴുന്നേറ്റ് വീണ്ടും അടുക്കളയിൽ കയറേണ്ട അവരുടെ വിഷമം ആലോചിക്കാൻ മക്കൾക്കെവിടെ നേരം? ഒരു സഹായവും ചെയ്തുതന്നില്ലെങ്കിലും കൃത്യസമയത്ത് വീട്ടിലണയണേ എന്നാണ് ഉമ്മയുടെ പ്രാർത്ഥന.

രണ്ടുമണിക്ക് മീറ്റിംഗു വിളിച്ചാൽ അസ്റിനു ശേഷം എത്തുന്ന പ്രവണത അവസാനിപ്പിച്ചേ തീരൂ... 'നിശ്ചയം, സമയബന്ധിത ഫർളാക്കിയിരിക്കുന്നുവെന്ന്' നിസ്കാരത്തെക്കുറിച്ച് ഖുർആൻ പറഞ്ഞത് സമയനിഷ്ഠ നമ്മെ പഠിപ്പിക്കാൻ കൂടി വേണ്ടിയാണ്. ■

വാക്കുകൾ/പി.കെ. പാറക്കടവ്



# പ്രളയം

## നമ്മോട് ചിലത് പറയുന്നുണ്ട്

കേരളം മഹാപ്രളയത്തിനു ശേഷം തല തുവർത്തി വീണ്ടും സാധാരണ ജീവിതത്തിലേക്ക് തിരിച്ചുവരുന്ന ദിവസങ്ങളാണിത്. അഭിപ്രായ ഭിന്നതകളെല്ലാം മറന്ന് കക്ഷിരാഷ്ട്രീയ, മത, ജാതി ഭേദമില്ലാതെ എല്ലാവരും കേരളം പുനസൃഷ്ടിക്കാൻ കൈകോർക്കുന്ന സമയം. മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ വീണ്ടും കേരളം ദുരിതങ്ങളിൽ നിന്ന് ഉയിർത്തെഴുന്നേൽക്കും എന്ന ദൃഢനിശ്ചയവുമായി ഒന്നിക്കുന്ന മഹനീയ മുഹൂർത്തങ്ങൾ.

സത്യത്തിൽ നാലഞ്ചു ദിവസത്തെ നിർത്താതെ പെയ്യുന്ന മഴ മതി ഒരു ജനതയെയാകെ ദുരിതത്തിലാഴ്ത്താൻ. വീടുകളും ഫ്ളാറ്റുകളും വെള്ളം കൊണ്ട് വീർപ്പുമുട്ടി. നൂറുക്കണക്കിന് ആളുകളുടെ മരണം. ലക്ഷക്കണക്കിന് പേർ ദുരിതാശ്വാസ കേമ്പുകളിലായി. കഴുത്തിനു ചുറ്റും വെള്ളമൊഴുകുമ്പോൾ തൊണ്ട നനയ്ക്കാൻ കുടിവെള്ളം കിട്ടാതെ ആയിരങ്ങൾ.

ഈ നാളുകൾ നമ്മോട് പറഞ്ഞു: ചിലപ്പോൾ നരകം പ്രളയത്തിന്റെ രൂപത്തിലും ഈ ഭൂമിയിലേക്കിറങ്ങിവരും.

ആകാശക്കൂടുകളിൽ കുടിപ്പാർത്ത വരനടക്കം മരണത്തിന്റെയും ജീവിതത്തിന്റെയും ഇടയിലൂടെ കടന്നുപോയ അവസ്ഥ. ഹെലികോപ്റ്ററിലും നാവിക സേനയുടെ ബോട്ടുകളിലും രക്ഷപ്പെട്ടവർ.

മറ്റേതെങ്കിലുമിടത്ത് മാറിപ്പോകാനാവാത്ത അവസ്ഥ. വിമാനമില്ല. തീവണ്ടികളില്ല. കാറുകളും ബസ്സുകളും ബൈക്കുകളും തോണികളോടൊപ്പം റോഡിലെ വെള്ളപ്പൊക്കത്തിൽ.ദുരന്തം.സുഹൃത്തുക്കളെയോ ബന്ധുക്കളെയോ അറിയിക്കാൻ ഫോണുകൾ പ്രവർത്തിക്കുന്നില്ല. കൈഫോണുകൾ വീണ്ടും വൈദ്യുതോർജം നിറക്കാൻ വൈദ്യുതിയില്ല.

ആകെയുള്ളത് നിസ്സഹായരായ മനുഷ്യരുടെ നിലവിളികൾ മാത്രം.

മനുഷ്യൻ എന്ന ജീവി എത്ര നിസാരനാണെന്ന് അനുഭവിച്ചറിഞ്ഞ ദിവസങ്ങളായിരുന്നു കഴിഞ്ഞുപോയത്. പാറ്റയേക്കാളും കൂറയേക്കാളും കിളിയെക്കാളുമെല്ലാം നിസ്സാരനായ ജീവി. ഒ.വി. വിജയന്റെ ഒരു കഥയിൽ



ഒരു കഥാപാത്രം ചോദിക്കുന്നു. ''ഈ മനുഷ്യൻ എന്നു പറയുന്ന ജീവി ഒരു പാവാ. അല്ലേ അമ്മേ?''

ഭൂമിയിൽ അഹങ്കാരത്തോടെ നടക്കുന്ന നമ്മളൊക്കെ ഇത്രയേ ഉള്ളൂ എന്ന് ബോധ്യമായ പകലിരവുകൾ. സമ്പത്തും വലിയ ബംഗ്ലാവുകളുമൊന്നും നമ്മുടെ രക്ഷക്കെത്താത്ത അവസ്ഥ.

വനങ്ങളത്രയും വേരോടെ പിഴുതുമാറ്റി കോൺക്രീറ്റു വനങ്ങളുണ്ടാക്കി നമ്മൾ.

ഭൂമിയുടെ ദാഹം ശമിപ്പിക്കാനുള്ള സുഷിരങ്ങളത്രയുമടച്ച് കഴിയുമ്പോഴും നമ്മൾ ഇതിനൊക്കെ മറ്റൊരു പേരിട്ടു വിളിക്കുന്നു: വികസനം.

പ്രകൃതി നമ്മോട് പകരം വീട്ടുകയായിരുന്നില്ലേ? അമ്പലത്തിൽ അന്തിയുറങ്ങേണ്ടിവന്ന മുസൽമാനും ദളിതനും കൂടെയുറങ്ങുന്ന ബ്രാഹ്മണനും മനസ്സിൽ പറഞ്ഞു: ഇത്രയേയുള്ളൂ മതിലുകൾ.

മദ്റസയിലും പള്ളിയിലും ഒന്നിച്ചു കഴിഞ്ഞ ഹിന്ദുക്കളും മുസ്‌ലിംകളും പറയാതെ പറഞ്ഞു: ആപത്തു വരുമ്പോൾ എല്ലാവരും ഒന്നാണ്.

കൂലംകുത്തിയൊഴുകി വന്ന വെള്ളം മനുഷ്യന്റെ മനസ്സിലെ മതിലുകളെയും തകർത്തെറിയുകയായിരുന്നു.

സ്വന്തം ശരീരം ചവിട്ടുപടിയാക്കി നൂറുക്കണക്കിന് ആളുകളെ രക്ഷിച്ച ജയ്സൽ.

ദുരന്തത്തിൽ മനുഷ്യസ്നേഹത്തിന്റെ മഹാസന്ദേശവുമായി ഓടിയെത്തിയ മത്സ്യത്തൊഴിലാളികൾ.

സ്വന്തം വീട് പോലും ദുരിതാശ്വാസ ക്യാമ്പായി മാറ്റിയ മനുഷ്യസ്നേഹികൾ.

ഇല്ല. നന്മയുടെയും മനുഷ്യസ്നേഹത്തിന്റെയും വെളിച്ചം കേരളത്തിൽ കെട്ടുപോയിട്ടില്ല. കെട്ടുപോവുകയുമില്ല.

ആ വെളിച്ചത്തിൽ കേരളം ഉയിർത്തെഴുന്നേൽക്കും. ■

**കഥ/പി.കെ.**

# വയൽ

രാവിലെ നെൽക്കതിരുകൾക്കിടയിലൂടെ നടന്ന വയലുകളിലത്രയും കമ്പികൾ മുളച്ചിരിക്കുന്നു.

കമ്പികളിൽ വിളയുന്നത് സിമന്റ് ചാക്കുകൾ..




## തടി കുറയ്ക്കാൻ പാനീയങ്ങൾ

വണ്ണം കുറയ്ക്കാം, ചില പാനീയങ്ങൾ കുടിച്ച്. ഇതിൽ ആദ്യസ്ഥാനം ഇളനീർ എന്നറിയപ്പെടുന്ന കരിക്കിൻ വെള്ളത്തിന് തന്നെയാണ്. ഇതിൽ കൃത്രിമമായി ഒന്നും ചേർത്തിട്ടില്ലെന്നതു തന്നെ ആദ്യഗുണം. ഇത് ശരീരത്തിലെ അപചയപ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നു. കൂടുതൽ ഊർജം നൽകും. കൂടുതൽ ശാരീരിക അധ്വാനത്തിന് സഹായിക്കും. വണ്ണം കുറയ്ക്കാൻ സഹായിക്കുന്ന മറ്റൊരു പാനീയമാണ് ഓറഞ്ച് ജ്യൂസ്. ഇതിലെ വൈറ്റമിൻ സി ആണ് ഈ ഗുണം നൽകുന്നത്. വെജിറ്റബിൾ ജ്യൂസും വണ്ണം കുറയ്ക്കാൻ സഹായിക്കും. ഇതിൽ ധാരാളം ഫൈബറും അടങ്ങിയിട്ടുണ്ട്. വിശപ്പു കുറയ്ക്കുക വഴിയാണ് ഇത് വണ്ണം കുറയ്ക്കാൻ സഹായിക്കുന്നത്.

കൊഴുപ്പില്ലാത്ത പാൽ തടി കുറയ്ക്കാൻ സഹായിക്കുന്ന ഒന്നാണ്. ഇതിലെ കാൽസ്യം ഫാറ്റ് സെല്ലുകളിലെ കൊഴുപ്പ് ഒഴിവാക്കുന്നു. ദിവസം ഒരു ഗ്ലാസ് പാൽ ഡയറ്റിൽ ഉൾപ്പെടുത്തിയാൽ മതി. കൊഴുപ്പില്ലാത്ത പാൽ വേണമെന്ന കാര്യം പ്രധാനം. ■





നിങ്ങളുടെ മാനസിക പ്രശ്നങ്ങളെന്തും ഇത്താത്തക്കെഴുതാം. ചോദ്യങ്ങൾ കത്തിലൂടെ മാത്രം.
ഇത്താത്ത, പൂങ്കാവനം മാസിക, കോഴിക്കോട്-4

# മൂന്ന് കൂട്ടുകാരികൾ

**സീമകൾ ലംഘിക്കാതെയുള്ള ചങ്ങാത്തങ്ങളിൽ ഒരു തെറ്റുമില്ല. പക്ഷെ ആൺകുട്ടികളുമായുള്ള അടുപ്പത്തിന് പരിധി വെച്ചില്ലെങ്കിൽ അത് മറ്റൊരു തലത്തിലേക്ക് വഴിമാറാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. അതുകൊണ്ട് സൂക്ഷിച്ചേ മതിയാവൂ.**

**മിസ് ജി. മിസ് എസ്, മിസ് എം, ക്ലിക്കൽ**

**ചോദ്യം: ഒമ്പതാം ക്ലാസിൽ പഠിക്കുന്ന മൂന്ന് കൂട്ടുകാരികൾ ചേർന്നാണ് ഈ കത്തെഴുതുന്നത്. ഞങ്ങളെ എപ്പോഴും അലട്ടിക്കൊണ്ടിരിക്കുന്ന ചില പ്രശ്നങ്ങളുണ്ട്. തെറ്റ് ചെയ്യാതെ ശിക്ഷ അനുഭവിക്കുന്നവരാണ് ഞങ്ങൾ. സാമാന്യം ഭേദപ്പെട്ട കുടുംബങ്ങളിൽ നിന്നാണ് ഞങ്ങൾ മൂന്നും വരുന്നത്. ഉമ്മയും ഉപ്പയുമായും സഹോദരങ്ങളുമായുമൊക്കെ നല്ല ബന്ധം പുലർത്തണമെന്ന് നിർബന്ധമുള്ളവർ കൂടിയാണ് ഞങ്ങൾ. പരസ്പരം സന്ദർശിക്കുകയും ആർക്കെങ്കിലും അസുഖം പിടിപെട്ടാൽ അവരെ പോയി കാണുകയും ആശ്വസിപ്പിക്കുകയും ഒക്കെ ചെയ്യാറുണ്ട്. കല്യാണങ്ങൾക്കും വീടുകളിൽ നടക്കുന്ന മറ്റു ചടങ്ങുകൾക്കുമൊക്കെ പങ്കെടുക്കുന്നതും ഞങ്ങളുടെ ശീലങ്ങളിൽ പെടുന്നു. ഞങ്ങൾക്ക് ഒരുമിച്ച് കഴിയാൻ സാധിക്കുന്നത് സ്കൂൾ പഠനത്തിനു ശേഷമുള്ള വൈകുന്നേരത്തെ അൽപം സമയമാണ്. അതുകൊണ്ട് കഴിയുന്നത്ര സംസാരിച്ചിരിക്കും. കൂടെ ക്ലാസിലെ ചെറിയ ആൺകുട്ടികളുമുണ്ടാവാറുണ്ട്. ഇതുകാരണം അയൽവാസികളും നാട്ടുകാരിലും ബന്ധുക്കളിലും പെട്ട ചിലർ ഞങ്ങളെ കുറ്റപ്പെടുത്താറുണ്ടെന്ന് കേൾക്കുന്നു. സ്കൂളിനെയോ പഠിപ്പിനെയോ ബാധിക്കാത്ത സംഗമങ്ങളിലേ ഞങ്ങളെത്തിപ്പെടാറുള്ളൂ. ഒരുമിച്ച് ചേരാൻ അധികം സമയം കിട്ടാത്തതിന് മറ്റൊരു കാരണം കൂടിയുണ്ട്. ഞങ്ങൾ ഒരു വിദ്യാലയത്തിലുള്ളവരല്ല. ഓരോരുത്തരും പല സ്കൂളുകളിലാണ് ചേർന്നത്. അതിനാൽ അപൂർവമായി കിട്ടുന്ന ആ ഒഴിവു സമയത്ത് ഞങ്ങൾ സംസാരിച്ചു കൊണ്ട് നടക്കും. ഞങ്ങളുടെ ഈ പരിസരങ്ങളിൽ ആൺകുട്ടികളാണ് എണ്ണത്തിൽ അധികം. അവരുമായി വർത്തമാനം പറയുമെന്നല്ലാതെ തൊട്ടുകളിക്കുന്ന ശീലമൊന്നും ഞങ്ങൾക്കില്ല. വീട്ടുകാർക്കും ബന്ധുക്കൾക്കും ഞങ്ങളെക്കുറിച്ച് ഒരു സംശയവുമില്ലായിരുന്നു. എന്നാൽ മനസിൽ സങ്കൽപിക്കുക കൂടി ചെയ്യാത്ത കാര്യങ്ങൾ പതിവായി പറഞ്ഞുകൊടുക്കുന്നതുകൊണ്ട് അവരിപ്പോൾ തെറ്റിദ്ധരിക്കാൻ തുടങ്ങിയിരിക്കുന്നു. അതുകാരണം കുറച്ചു ദിവസമായി ഞങ്ങളെ സ്കൂൾ സമയം കഴിഞ്ഞാൽ പുറത്തേക്ക് വിടാതിരിക്കുന്നു. വളരെ അടുത്ത ആത്മബന്ധമുള്ള കൂട്ടുകാരികളുമായി സൗഹൃദം പങ്കുവയ്ക്കാൻ കഴിയാറില്ല എന്നത് ചില്ലറ വേദനയല്ല ഞങ്ങൾക്ക് നൽകുന്നത്. ബസ്സ് കിട്ടാത്ത ദിവസങ്ങളിൽ, ഞങ്ങൾ മൂന്ന് പെൺകുട്ടികളും ഒരുമിച്ചാണ് വീട്ടിലേക്ക് നടക്കുക. ബസ് കിട്ടാത്തതാണ് വൈകാൻ കാരണം. അല്ലാതെ ഞങ്ങൾ മറ്റെവിടെയെങ്കിലും തങ്ങി താമസിച്ചുപോകുന്നതല്ല. ഒഴിവു ദിവസങ്ങളിൽ മാത്രം ഞങ്ങൾ ചിലപ്പോൾ ചായ കുടിക്കാൻ ഹോട്ടലുകളിൽ കയറും. വേറെ ദിവസങ്ങളിൽ ആരെങ്കിലുമൊരു കൂട്ടുകാരിയുടെ വീട്ടിൽ നിന്നാവും ചായ കഴിക്കുക. ഇങ്ങനെ നിരുപദ്രവകരമായ കാര്യങ്ങളുമായി നടക്കുന്ന ഈ ചങ്ങാതിക്കൂട്ടത്തെ എന്തിനാണിങ്ങനെ വേട്ടയാടുന്നതെന്ന് മനസ്സിലാകുന്നില്ല. വീട്ടുകാർ ഞങ്ങളെ കുറ്റവാളികളെപ്പോലെ നോക്കുമ്പോഴാണ് കൂടുതൽ വിഷമമനുഭവപ്പെടുക. പഠന കാലത്ത് കൂട്ടുകാരുമായി ബന്ധപ്പെടാത്ത ഒരു ജീവിതം സാധ്യമാണെന്ന് ഇത്താത്തക്ക് തോന്നുന്നുണ്ടോ? വീട്ടുകാർക്കു വേണ്ടി കൂട്ടുകാരെ ഒഴിവാക്കേണ്ടതുണ്ടെന്ന് വിചാരിക്കാൻ മാത്രം വിഡ്ഢികളാണോ ഞങ്ങളുടെ നാട്ടുകാർ. ഇത്തരം ചിന്തകളുണർത്തുന്ന മാനസിക പീഡനം മൂലം ഉറക്കം പോലും നഷ്ടപ്പെടുന്ന അവസ്ഥയിൽ ഞങ്ങൾക്ക് ആശ്വാസത്തിന്റെ അത്താണിയാവാൻ ഇത്താത്തക്ക് കഴിയില്ലേ? ഇതിനെല്ലാമുള്ള യുക്തിപൂർവമായ ഒരു മറുപടി വൈകാതെ പൂങ്കാവനത്തിലൂടെ നൽകണമെന്ന് സവിനയം അപേക്ഷിക്കട്ടെ.**

**മറുപടി:** ചോദ്യമയച്ച വിദ്യാർത്ഥികളുടെ പ്രായം കത്തിൽ സൂചിപ്പിക്കുന്നില്ലെങ്കിലും കൗമാരത്തിന്റെ തുടക്കത്തിലാവണം നിങ്ങൾ. കൗമാരം 13 മുതൽ 19 വയസ്സു വരെയുള്ള കാലഘട്ടമാണ്. Teen age എന്ന്

ഇംഗ്ലീഷിൽ പറയും. Thir (Teen) Four (Teen). ഒടുവിൽ Nine (Teen). കൗമാരം കൗതുകങ്ങളുടെ കാലം കൂടിയാണ്. സ്വപ്നങ്ങൾക്ക് ചിറകു മുളക്കുന്ന കാലം. ചങ്ങാതിമാരുമൊത്ത് ചേതോഹരമായ നിമിഷങ്ങൾ പങ്കിടാൻ ഈ പ്രായത്തിൽ ആഗ്രഹിക്കാത്ത ആരാണുള്ളത്. ബാല്യത്തിന്റെ പിടിവാശികളൊന്നും കൗമാരത്തിൽ സാധാരണഗതിയിൽ ഉണ്ടാവുകയില്ലെങ്കിലും അപകടമായിരിക്കും മനസ്സ്. പൂമ്പാറ്റകളെപ്പോലെ പാറിനടക്കാൻ ആഗ്രഹിക്കുന്നത് സ്വാഭാവികം. പക്ഷെ തങ്ങളുടെ വിഹാര മേഖലയ്ക്ക് അതിർത്തി നിശ്ചയിച്ചില്ലെങ്കിൽ തീപ്പൊരി വേനലിൽ ചിറക് കരിഞ്ഞുപോകാം. അല്ലെങ്കിൽ ഒരു വിളക്കിന്റെ തീനാളം പറക്കൽ അസാധ്യമാക്കിത്തീർക്കാം. നാട്ടുകാരിലും അയൽക്കാരിലും ബന്ധുക്കളിലുമൊക്കെ മറ്റുള്ളവരുടെ കുറ്റം കണ്ടെത്തുന്നതിൽ രസമനുഭവിക്കുന്നവരുണ്ടാവില്ലെന്ന് വിചാരിച്ചുകൂടാ. കാരണം സ്വന്തം അപാകതകൾ കണ്ടെത്തി പരിഹരിക്കുന്നതല്ല സാധാരണ മനുഷ്യന്റെ ശീലം. മറ്റുള്ളവരുടെ കുറ്റവും കുറവും കണ്ടുപിടിച്ച് അത് പ്രചരിപ്പിച്ച് സദാചാരത്തിന്റെ കാവൽക്കാരാകാൻ പലർക്കും വലിയ താൽപര്യമാണ്. എന്നാൽ അവരോ വേലിക്കെട്ടുകൾ പൊളിച്ച് ആനന്ദത്തിലാറാടുന്നവരായിരിക്കും. സ്വന്തം കുഞ്ഞുങ്ങളെക്കുറിച്ച് അപവാദങ്ങൾ കേൾക്കുമ്പോൾ മാതാപിതാക്കൾക്ക് ഭീതിയും ഉൽക്കണ്ഠയും തോന്നുക സ്വാഭാവികം. ഇതിൽനിന്നൊക്കെ മുതലെടുക്കാൻ ശ്രമിക്കുന്നവരാണ് പലപ്പോഴും നുണപ്രചാരണങ്ങൾക്ക് വേദികളൊരുക്കുന്നത്. സൗഹൃദം ഈ പ്രായത്തിൽ എല്ലാവരും ആഗ്രഹിക്കും. സീമകൾ ലംഘിക്കാതെയുള്ള ചങ്ങാത്തങ്ങളിൽ ഒരു തെറ്റുമില്ല. പക്ഷെ ആൺകുട്ടികളുമായുള്ള അടുപ്പത്തിന് പരിധി വെച്ചില്ലെങ്കിൽ അത് മറ്റൊരു തലത്തിലേക്ക് വഴിമാറാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. അതുകൊണ്ട് സൂക്ഷിച്ചേ മതിയാവൂ. പറക്കുന്ന മനസ്സിനെ പിടിച്ചുകെട്ടാൻ കഴിയില്ലെന്ന് കേട്ടിട്ടില്ലേ? പഠനമാണ് ഈ കാലഘട്ടത്തിൽ മുഖ്യം. ഒഴിവുകളിൽ ഉല്ലസിച്ച് നടക്കുന്നതിൽ മാത്രം ആനന്ദം കണ്ടെത്തുമ്പോൾ വായനയിൽ ശ്രദ്ധ കുറയും. തോൽവിയാവും അതിന്റെ ഫലം. രക്ഷിതാക്കൾക്കും ബന്ധുക്കൾക്കുമൊക്കെ നിങ്ങളിൽ ഒരുപാട് പ്രതീക്ഷകളുണ്ടാവും. അതുകൊണ്ട് പഠനത്തിൽ മുഴുകുക. മതകാര്യങ്ങളിലൊക്കെ നിഷ്ഠ വെച്ചു പുലർത്തുക. പ്രാർത്ഥന ജീവിതത്തെ പവിത്രീകരിക്കുന്നതിൽ വലിയ പങ്കു വഹിക്കുന്നുണ്ട്. വീട്ടുകാരെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കുന്നതിലും ശ്രദ്ധിക്കണം. സ്വന്തം മക്കളെക്കുറിച്ച് വേണ്ടാത്തത് കേൾക്കുമ്പോൾ ഏതുമ്മയുടെ മനസ്സാണ് നോവാതിരിക്കുക. അതിനാൽ, നാം തെറ്റു ചെയ്യുന്നില്ലെങ്കിലും മറ്റുള്ളവരെക്കൊണ്ട് കഴിയുന്നതും വേണ്ടാത്തത് പറയിക്കാൻ നാം തന്നെ സന്ദർഭമൊരുക്കിക്കൊടുക്കാതിരിക്കുക. എല്ലാ നന്മയും നേരുന്നു. ■


# ചരിത്ര കഥാപ്രസംഗം
# കൈ മുറിഞ്ഞ മണവാളൻ

ആദ്യന്തം ജിജ്ഞാസ നിറഞ്ഞ ചരിത്രകഥ
ആകർഷക ഗാനങ്ങൾ
മറ്റു ചരിത്രങ്ങളും സാമൂഹ്യ വിഷയങ്ങളും അവതരിപ്പിക്കുന്നു

**ടി.എൻ. പുരം & പാർട്ടി : 9447239168**

# മനഃശക്തി നേടാൻ ഹിപ്നോട്ടിസം

ടെൻഷൻ, വിട്ടുമാറാത്ത ചിന്തകൾ, ഉറക്കക്കുറവ്, ഉൾഭയം, അമിത കോപം, ഉൽകണ്ഠ, നിരാശ, വിഷാദം, സംശയങ്ങൾ, ആത്മഹത്യ പ്രവണത, അമിത ആസക്തി, ദുശീലങ്ങൾ, സ്വവർഗ്ഗ താൽപര്യം... തുടങ്ങിയ നിങ്ങളെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് ചികിത്സയും കൗൺസിലിങ്ങും, ദാമ്പത്യ പ്രശ്നങ്ങൾക്ക് ഫാമിലി കൗൺസലിങ്ങും നൽകുന്നു.
26 വർഷങ്ങളായി ഹിപ്നോട്ടിസത്തിൽ നിരന്തര ഗവേഷണങ്ങളും, പരിശീലനങ്ങളും നൽകിവരുന്ന ഡോ.ഇക്ബാൽ മാസ്റ്ററുടെ സേവനങ്ങൾക്ക് ബുക്ക് ചെയ്ത് നേരിൽ വരിക.

ചങ്ങരംകുളം, മലപ്പുറം ജില്ല : 9961893199, 9995220988

ആരോഗ്യവും മനഃശക്തിയും നേടിയെടുക്കാൻ സഹായിക്കുന്ന, അറിവുകൾ സൗജന്യമായി ലഭിക്കാൻ You Tube ചാനൽ Subscribe ചെയ്യുക : www.extremelife.in

മൈമൂന. ടി. തറമ്മൽ

# ഒരു വിവാഹമോചിതയുടെ തേങ്ങലുകൾ



വിവാഹത്തെക്കുറിച്ചും കുടുംബ ജീവിതത്തെക്കുറിച്ചും ഒക്കെ നാം ചർച്ച ചെയ്യാറുണ്ട്. അതുപോലെ എങ്ങനെ നല്ല ഭാര്യയാകും? എങ്ങനെ നല്ല ഭർത്താവാകാം? എന്നീ വിഷയങ്ങളെക്കുറിച്ചുള്ള വിഷയങ്ങളും ചർച്ച ചെയ്യപ്പെടാറുണ്ട്. എന്നാൽ ഇതിനിടയിൽ കാണാതെ പോകുന്നതും അധികമാരും ചർച്ച ചെയ്യാത്തതുമായ ഒരു കാര്യമുണ്ട്. അത് മറ്റൊന്നുമല്ല; വിവാഹമോചിതയായ സ്ത്രീയെക്കുറിച്ചാണ്. അവളുടെ തേങ്ങലുകളും വിങ്ങലുകളും ആരുമത്ര കാര്യമാക്കാറില്ല. ഒരുവേള വിവാഹമോചനം നേടിയ ഒരു പുരുഷൻ നേരിടുന്നതിനപ്പുറമുള്ള വലിയ പ്രതിസന്ധികളാണ് സ്ത്രീ നേരിടുന്നത്.

വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും സാമൂഹിക പദവിയിലും ഒക്കെ നാം ഏറെ മുന്നിലാണെങ്കിലും വിവാഹമോചനം എന്നത് അത്ര വലിയ ഗൗരവമുള്ള കാര്യമാണെന്ന് പലപ്പോഴും പലരും ചിന്തിക്കാറില്ല. ഇത്തരം വിഷയങ്ങൾ വളരെ ലാഘവത്തോടെ കാണുന്നവരും ഇല്ലാതില്ല. പക്ഷെ ഇത്തരമൊരു സാഹചര്യത്തിൽ ഒരു സ്ത്രീ അനുഭവിക്കുന്ന മനഃപ്രയാസവും പ്രതിസന്ധികളും എത്രത്തോളം വലുതാണെന്ന് അവൾക്കു മാത്രമേ അറിയാൻ കഴിയൂ.

വിവാഹമോചനത്തിന്റെ കാരണമന്വേഷിക്കുന്നവർ സ്ത്രീയുടെ മനഃപ്രയാസം മനസ്സിലാക്കാതെയായിരിക്കും കാര്യങ്ങൾ ചോദിക്കുന്നത്. ഒരു തകർച്ചയുടെ കഥ കേട്ട് രസിക്കാൻ വേണ്ടിയാകും പലരും കാര്യങ്ങൾ കുത്തിക്കുത്തി

ചോദിക്കുന്നത്. ഇതിനിടയിൽ വിമർശിക്കുന്നവരും കുറ്റപ്പെടുത്തുന്നവരും കുറവല്ല. പലർക്കും അനാരോഗ്യകരമായ രീതിയിൽ കാര്യങ്ങൾ ചികഞ്ഞെടുക്കുന്നതിലാകും താൽപര്യം. സത്യാവസ്ഥ വെളിപ്പെടുത്തിയാലും ചിലർ വിടില്ല. പിന്നാലെ നടന്ന് ഓരോന്ന് ചോദിക്കുമിവർ. വസ്തുത കേട്ടാലും തൃപ്തരാകാത്ത അവരിൽ ചിലർ സ്വന്തം മനോധർമമനുസരിച്ച് കഥകളുണ്ടാക്കും. അത് നാട്ടിൽ പാട്ടാവുകയും ചെയ്യും. എന്തായാലും പരിക്കുപറ്റുന്നത് വിവാഹമോചിതയായ സ്ത്രീക്കു തന്നെയാകും.

കാര്യങ്ങൾ അന്വേഷിക്കുന്നതും ചോദിച്ചറിയുന്നതും തെറ്റല്ല. എന്നാൽ ഇതിനിടയിൽ ഒന്നു സമാധാനിപ്പിക്കാൻ, അവൾ കടന്നുപോയ വേദനകൾ മനസ്സിലാക്കാൻ, തുടർ ജീവിതത്തിന് പ്രചോദനമേകുന്ന സാന്ത്വന വാക്കുകൾ പ്രയോഗിക്കാൻ ശ്രമിക്കുന്നവർ കുറവാണ്. ഇത്തരമൊരവസ്ഥയിൽ അവൾ ഏറെ പ്രതീക്ഷിക്കുന്നത് നല്ല വാക്കുകളാണ്; ധൈര്യവും ആത്മവിശ്വാസവും പകരുന്ന സംസാരമാണ്.

വിവാഹമോചനത്തിന്റെ കാരണങ്ങൾ പലതാകാം. വ്യക്തിവൈജാത്യങ്ങൾ, കുടുംബ സാഹചര്യം എന്നിവയ്ക്കനുസരിച്ച് ഇതിൽ മാറ്റങ്ങൾ കണ്ടേക്കാം. പൊരുത്തപ്പെട്ടുപോകാനുള്ള ബുദ്ധിമുട്ടോ പങ്കാളിയുടെ വ്യക്തിത്വത്തിലെ തകരാറുകളോ ഗാർഹിക പീഡനങ്ങളോ ഒക്കെ ഇതിലേക്ക് വഴിവച്ചേക്കാം. എന്തുതന്നെയായാലും തിരിച്ച് സ്വന്തം വീട്ടിലേക്ക് കടന്നുവരുന്ന ഒരു പെണ്ണിന്റെ വേദനകൾ പറഞ്ഞറിയിക്കാൻ പറ്റാത്തതാണ്. കുടുംബ കേന്ദ്രീകൃതമായ ഒരു സമൂഹത്തിൽ ഏറെ സ്വപ്നങ്ങളും അതിലേറെ പ്രതീക്ഷകളുമായി വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കുകയും ഒടുവിൽ എല്ലാം തകർന്നടിഞ്ഞ് വിവാഹമോചിത എന്ന ദുരവസ്ഥയിലേക്ക് വലിച്ചെറിയപ്പെടുന്ന ഒരു സ്ത്രീയുടെ സങ്കടങ്ങളും ആന്തരീക സംഘർഷങ്ങളും ഉൾക്കൊള്ളാൻ കഴിയുന്നവർ ചുരുക്കമാണ്. വീട്ടിലും നാട്ടിലും അവൾ 'ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട പെണ്ണ്' എന്ന പ്രയോഗത്തലേക്ക് തരംതാഴുന്നു.

യുവത്വത്തിൽ തന്നെ വിവാഹമോചനത്തിലേക്ക് വലിച്ചെറിയപ്പെടുന്നവരുണ്ട്. മക്കളുണ്ടായിട്ടും ഇത്തരം ദുരവസ്ഥയിലേക്ക് തള്ളപ്പെടുന്നവരും കുറവല്ല. എന്തുതന്നെയായാലും അന്നുവരെ ആണൊരുത്തന്റെ സംരക്ഷണയിൽ കഴിഞ്ഞിരുന്ന അവൾ പെട്ടെന്നിങ്ങനെയൊരു സാഹചര്യത്തിലേക്കെത്തിപ്പെടുമ്പോൾ അവളിൽ അരക്ഷിതത്വ ബോധം ഉണ്ടാകുന്നു എന്നത് അടിസ്ഥാനപരമായ യാഥാർത്ഥ്യമാണ്. സ്വന്തം വീട്ടിൽ മാതാപിതാക്കൾ ഉണ്ടായാലും ചിലപ്പോൾ പണ്ടുണ്ടായിരുന്ന സുരക്ഷിതത്വബോധം ഉണ്ടാകണമെന്നില്ല. മാതാപിതാക്കൾ ഇല്ലാത്ത കുടുംബമാണെങ്കിൽ പലപ്പോഴും നിന്ദിക്കപ്പെടാനും അവഗണിക്കപ്പെടാനുമുള്ള സാധ്യതയുണ്ട് (എല്ലാ കുടുംബങ്ങളുമങ്ങനെയാകണമെന്നില്ല).

വീട്ടിൽ മാതാപിതാക്കളില്ല; സഹോദരന്മാരേ ഉള്ളൂ എങ്കിൽ പ്രശ്നം സങ്കീർണമാകും. തുടക്കത്തിൽ കാര്യമായ പ്രശ്നമൊന്നും കാണില്ലെങ്കിലും സഹോദരന്മാരുടെ ഭാര്യ/ഭാര്യമാർ നന്നല്ലെങ്കിൽ അഥവാ അവർ സ്വാർത്ഥരെങ്കിൽ അവളുടെ കാര്യം അധോഗതി തന്നെയാകും. എന്നും കുറ്റപ്പെടുത്താനും പുച്ഛത്തോടുകൂടെ വീക്ഷിക്കാനും ഒരു അധികപ്പറ്റായി കരുതാനും ഒക്കെ ഇടയാക്കിയേക്കാം. ഇതിലൊന്നും സഹോദരങ്ങളെ കുറ്റപ്പെടുത്താനാകില്ല. കാരണം അവർക്ക് (എല്ലാവർക്കും) അവരുടെ കുടുംബം തന്നെയാണു വലുത്.

ഇനി മാതാപിതാക്കൾ ഉണ്ടെന്നിരിക്കട്ടെ; ആദ്യമൊക്കെ നല്ല നിലയിലാകുമെങ്കിലും ചിലപ്പോൾ സ്വന്തം നിലനിൽപിനുവേണ്ടി ആൺമക്കളുടെ പക്ഷം ചേർന്ന് ഒളിഞ്ഞും തെളിഞ്ഞും കുത്തുവാക്കുകൾ പ്രയോഗിക്കാനും ഒറ്റപ്പെടുത്താനും ശ്രമിക്കുന്ന ചുരുക്കം ചിലരുണ്ട്. ഇതൊക്കെ സഹിക്കാൻ വിധിക്കപ്പെട്ട പെണ്ണിന്റെ മനസ്സറിയാൻ ആരെങ്കിലും ശ്രമിക്കാറുണ്ടോ? വിവാഹമോചനം നേടിയ സ്ത്രീക്ക് മക്കൾ ഉണ്ടെങ്കിലത്തെ സ്ഥിതി അതിലേറെ പരിതാപകരമായിരിക്കും. അവരെ വളർത്തലും അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാനും കഴിയാത്തതിലെ സങ്കടങ്ങൾ ആരോടു പറയും? പിതാവില്ലാതെ വളരുന്ന കുട്ടികളിൽ വ്യക്തിത്വ തകരാറുകൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നിരിക്കെ; ഭാവിയിൽ മക്കളിൽ നിന്നും നല്ലതല്ലാത്ത പെരുമാറ്റങ്ങൾ ഉണ്ടായാൽ അതിനും പഴി കേൾക്കേണ്ടിവരുന്നത് അവരുടെ മാതാവായ വിവാഹമോചിത തന്നെയാണ്. സമൂഹത്തിൽ നിന്നുതന്നെയല്ല സ്വന്തം വീട്ടിൽ നിന്നുള്ളവരും ഇത്തരത്തിൽ കുറ്റപ്പെടുത്താനും ശ്രമിക്കുമ്പോൾ എല്ലാം കേട്ട് നിസ്സഹായയായി ജീവിക്കാനേ കഴിയൂ.

**വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും സാമൂഹിക പദവിയിലും ഒക്കെ നാം ഏറെ മുന്നിലാണെങ്കിലും വിവാഹമോചനം എന്നത് അത്ര വലിയ ഗൗരവമുള്ള കാര്യമാണെന്ന് പലപ്പോഴും പലരും ചിന്തിക്കാറില്ല. ഇത്തരം വിഷയങ്ങൾ വളരെ ലാഘവത്തോടെ കാണുന്നവരും ഇല്ലാതില്ല. പക്ഷെ ഇത്തരമൊരു സാഹചര്യത്തിൽ ഒരു സ്ത്രീ അനുഭവിക്കുന്ന മനഃപ്രയാസവും പ്രതിസന്ധികളും എത്രത്തോളം വലുതാണെന്ന് അവൾക്കു മാത്രമേ അറിയാൻ കഴിയൂ.**



പലപ്പോഴും കുടുംബത്തിൽ അധികപ്പറ്റായി കരുതപ്പെടുന്ന വിവാഹമോചിതയും അവളുടെ മക്കളും ചിലപ്പോൾ (പലപ്പോഴും) കുറ്റപ്പെടുത്തലുകൾ കേൾക്കേണ്ടി വരുന്നുണ്ട്. ചില സന്ദർഭങ്ങളിൽ അവളുടെ മക്കൾ ആവശ്യത്തിനും അനാവശ്യത്തിനും ശിക്ഷകൾ ഏൽക്കേണ്ടതായും വന്നേക്കാം. സ്വന്തം കുട്ടിയെ കാര്യമില്ലാതെ മറ്റുള്ളവർ വഴക്കു പറയുമ്പോഴും ശിക്ഷിക്കുമ്പോഴും ഒക്കെ എല്ലാം കണ്ട് ഉള്ളിൽ വിങ്ങൽ ഒതുക്കി നിൽക്കാനേ അവൾക്ക് കഴിയൂ.

വിവാഹമോചിതയായ സ്ത്രീക്ക് ജോലിയുണ്ടെങ്കിൽ; അല്ലെങ്കിൽ വരുമാനമുണ്ടെങ്കിൽ അത് ഉള്ളിടത്തോളം കാലം വലിയ പ്രശ്നങ്ങൾ ഉണ്ടാകില്ലെന്നുവയ്ക്കാം. പക്ഷെ, സമൂഹമവളെ നോട്ടപ്പുള്ളിയാക്കി വച്ചിട്ടുണ്ടാവും. നമ്മുടെ സമൂഹമങ്ങനെയാണ്. വിവാഹമോചനം നടത്തി ജീവിക്കുന്ന (അത് സ്വന്തം മക്കളുമായി ഒറ്റയ്ക്കായാലും വീട്ടുകാരോടൊത്തായാലും) സ്ത്രീയിലായിരിക്കും മറ്റുള്ളവരുടെ കണ്ണ്. അവൾ എന്തു ചെയ്യുന്നു, എങ്ങോട്ടു പോകുന്നു, ആരോടൊക്കെ സംസാരിക്കുന്നു, അവൾ താമസിക്കുന്നിടത്ത് ആരൊക്കെ വരുന്നു എന്നൊക്കെയാകും ശ്രദ്ധിക്കുന്നത്. ഇതിനിടയിൽ വേണ്ടാത്ത കഥകൾ ഉണ്ടാക്കി പറഞ്ഞു നടക്കുന്ന മനോരോഗികളും കുറവല്ല.

ജോലിയെടുക്കുന്ന സ്ത്രീയെ സംബന്ധിച്ച് അവളുടെ തൊഴിലിടത്തിൽ അഥവാ ഓഫീസിൽ എന്നും അവൾ മറ്റുള്ളവരുടെ നോട്ടപ്പുള്ളിയാകും. ജോലിസ്ഥലത്തും യാത്രയ്ക്കിടയിലും മറ്റും കഴുകൻ കണ്ണുകൾ എപ്പോഴുമവളെ വേട്ടയാടിക്കൊണ്ടിരിക്കും. ചില ഞരമ്പുരോഗികൾ പ്രലോഭനങ്ങൾ നടത്താനും മടി കാണിക്കില്ല. 'ചെറുപ്പത്തിലേ ഭർത്താവില്ലാത്തവളായില്ലേ', എന്നു തുടങ്ങിയ ചോദ്യങ്ങൾ ചിലരിൽ നിന്നുമുണ്ടായേക്കാം. തരംകിട്ടിയാൽ വളച്ചെടുക്കാൻ ശ്രമിക്കുന്ന ക്രിമിനലുകളുമുണ്ടാകും. വഴങ്ങിയില്ലെങ്കിൽ ദുഷിച്ച കഥകൾ പറഞ്ഞു പരത്താനുമിവർ മടിച്ചെന്നുവരില്ല. ഇത്തരം സന്ദർഭങ്ങളിൽ തന്റേടം കാണിക്കാനും പിടിച്ചുനിൽക്കാനും കഴിഞ്ഞില്ലെങ്കിൽ പണി പാളും. അത്തരത്തിൽ ജീവിതം തകർന്നവരുടെ കഥകൾ വേണ്ടുവോളമുണ്ട്.

ഒരു കണക്കിന് വിവാഹമോചിതക്ക് സമാധാനപരമായി ജീവിക്കാനും അവളോട് അനുഭാവം കാണിക്കാനും തന്റേടത്തോടെ ഒറ്റയ്ക്കു ജീവിക്കാനുള്ള സപ്പോർട്ടു നൽകാനും ശ്രമിക്കേണ്ടത് നമ്മുടെ സമൂഹം തന്നെയാണ്. എന്നാൽ പല വിവാഹമോചിതരുടെയും അനുഭവം മറിച്ചാണ്. ഇതിന് മാറ്റം ഉണ്ടാകണം. ഇവിടെ വിവാഹമോചിതയായി ആൺതുണയില്ലാതെ ജീവിക്കുന്ന സ്ത്രീകളോട് പൊതുസമൂഹം അനുഭാവത്തോടെ പെരുമാറുകയും അവളെ പിന്തുണയ്ക്കുകയും വേണം. ഒരു ഭോഗവസ്തുവെന്ന രീതിയിലും മോശക്കാരിയെന്ന രീതിയിലും പ്രത്യക്ഷമായും പരോക്ഷമായും ബുദ്ധിമുട്ടിക്കുന്നവരും സാമൂഹ്യ മാധ്യമങ്ങളിലൂടെ വേട്ടയാടുന്നവരുമായ പുരുഷന്മാരോട് കടുത്ത രീതിയിൽ പ്രതികരിക്കാൻ നാം തയ്യാറാകണം.

വിവാഹമോചിതയുടെ വ്യക്തിത്വത്തെ വിലമതിക്കണം; അവളുടെ സ്വകാര്യതയെ മാനിക്കണം. മുൻവിധികൾ ഒഴിവാക്കി അവളെ ഒരു വ്യക്തിയായി ആദരിക്കാൻ ശീലിക്കണം. ഒരിക്കലും അവരുടെ ആത്മധൈര്യം ചേർത്തിക്കളയുന്ന സമീപനം ഉണ്ടാകാൻ പാടില്ല. ആൺതുണയില്ലാതെ ജീവിക്കുന്ന സ്ത്രീക്ക് അവൾ അർഹിക്കുന്ന സ്വാതന്ത്ര്യവും സമാധാനപരമായി ജീവിക്കാനുള്ള സാഹചര്യവും ഒരുക്കാൻ കഴിയണം.

■

ബക്കർ കല്ലോട്

# ഓർമ്മച്ചേർമല

ഓർമ്മയുടെ ബാല്യം
ചേർമ്മല കയറുമ്പോൾ
തൊട്ടു താഴെയുണ്ട്
കുളിച്ചു കുറിതൊട്ട്
ചെങ്കല്ലൂടുപ്പിട്ട
വിദ്യാലയം.
അരമുറിച്ചുവരുകൾക്ക്
പേരിടാൻ
അക്ഷരക്കിടാങ്ങളാൽ
ആംഗലേയാക്ഷരങ്ങൾ
മതിയാവാത്തൊരാത്മ വിദ്യാലയം.
പകൽ പകുത്തെടുത്ത
ബെല്ലുകൾ
പള്ളയിലിലത്താളം മുട്ടി
പാച്ചറേട്ടന്റെ പച്ചമുളകിട്ട
കപ്പക്കറി
കുടുക്കില്ലാ കുപ്പായത്തിൽ
മഞ്ഞൾ കുറി തൊട്ട
കുട്ടിക്കാലം.
അയഞ്ഞ കുപ്പായ മുണ്ടുകളിൽ
ചേലിൽ ചുറ്റിയ ചേലകളിൽ
ചോല പകർന്ന
ചതുരച്ചുവരകങ്ങൾ,
നാക്കിൻ തുമ്പത്ത്
കയ്ച്ചിട്ടം മധുരിപ്പിച്ചു
കഴിപ്പിച്ച മധുര........
കണ്ണട മാറ്റി കണ്ണുയർത്തി
പുരികം വളച്ച നിശബ്ദതയിൽ
താടി തടവി
വടി ചൂണ്ടി ചിരിപ്പിച്ച
വാചാലതകൾ.
ലാഭനഷ്ട കണക്കുകൾക്കിടയിൽ
ശാസ്ത്ര ഉത്തോലക ചട്ടങ്ങൾ
ഒറ്റച്ചാട്ടത്തിന് മൈതാനത്ത്
പന്തു കൊത്തിപ്പറക്കാൻ
കളിപ്പിരിയടാവാൻ കൊതിച്ച
കുഞ്ഞാറ്റക്കിളികൾ
ഒച്ചവെച്ച് കൊച്ചരുമൊത്തുള്ള
തിരിച്ചു മടക്കങ്ങളിൽ
കതിർകൊത്തിപ്പറക്കും
വയൽ പച്ചകൾ.
കൊയ്തൊഴിയും പാടത്ത്
സ്വർണം തിരഞ്ഞ്
വെള്ള വിരിച്ച
വയൽകൊച്ചകൾ.
നീർച്ചാലിൽ കൊക്കാഴ്ത്തി
ഇത്തിരി നീരിലും
നീലം കുടയുന്ന
കള്ളത്തിപ്പൊന്മകൾ.

നാസർ ഇബ്രാഹിം


# കനൽ

ഉദിക്കുമ്പോഴും
അസ്തമിക്കുമ്പോഴും
സൂര്യൻ
കനൽവർണമണിയുന്നത്
എന്റെ ഹൃദയം
കണ്ടിട്ടാണ്.

********

# നൊമ്പരങ്ങൾ

എന്റെയും
നിന്റെയും
കടലാഴങ്ങൾ നിറയുന്ന
നൊമ്പരങ്ങൾ
ആരും കാണാതെ
കുടിച്ച് വറ്റിക്കുന്നതിനാലാവാം
ഓരോ രാത്രിയും
ഇത്രയ്ക്ക് കറുത്ത് പോകുന്നത്



സഹനവീട് / എസ്.എസ്. നിസാമി

# പെൺചിട്ടകൾ: ഗസ്സാലീ വരികൾ

**ചിട്ടകൾ പാലിക്കാത്ത ആണും പെണ്ണും നാടിനം വീടിനും കുടുംബത്തിനുമൊക്കെ ശാപം തന്നെയാണ്. ചിട്ടകളെന്നാൽ ജീവിത സംസ്കാരങ്ങളാകുന്നു. നമ്മുടെ വ്യക്തിത്വത്തെ നിലനിർത്തുന്ന ഘടകങ്ങളാണത്.**

ദാമ്പത്യ ജീവിതം ഭാസുരമാകണമെന്നുണ്ടെങ്കിലും വേണം ചില ചിട്ടകളൊക്കെ ആ ഗണത്തിൽ. ഒരു സഹോദരി പാലിക്കേണ്ട കാര്യങ്ങൾ ഇമാം ഗസ്സാലി (റ) ചുരുക്കി വിവരിക്കുന്നതിങ്ങനെ:

- വീട്ടിൽ തന്നെ പരമാവധി ഒതുങ്ങിയിരിക്കുക.

- വീട്ടിനകത്തു വെച്ച് തയ്യലോ മറ്റോ ചെയ്തുകൂടുക.

- നഗരത്തിൽ നടക്കാനും ജനങ്ങൾക്ക് പ്രത്യക്ഷയാകാനും വല്ലാതെ നിൽക്കരുത്.

- അയൽവാസികളോട് സംസാരം പരിമിതപ്പെടുത്തുക.

- അത്യാവശ്യത്തിനല്ലാതെ അയൽപക്കങ്ങളിൽ കടന്നുചെല്ലാതിരിക്കുക.

- ഭർത്താവിന്റെ അഭാവത്തിലും അദ്ദേഹത്തെ നന്നായി മാനിക്കുക.

- ഏത് കാര്യങ്ങളിലും ഭർതൃപ്രീതി തേടുക.

- ഭർതൃ സമ്പത്തിലും സ്വശരീരത്തിലും അദ്ദേഹത്തെ വഞ്ചിക്കാതിരിക്കുക.

- ഭർത്താവിന്റെ അനുമതിയില്ലാതെ വീട്ടിൽ നിന്ന് പുറത്തിറങ്ങാതിരിക്കുക.

- സമ്മതത്തോടെ പുറത്തിറങ്ങേണ്ടിവന്നാൽ അനാർഭാടവേഷത്തിൽ മറഞ്ഞ് മാത്രം സഞ്ചരിക്കുക.

- അങ്ങാടികളും മുഖ്യ വഴികളും ഒഴിവാക്കി ഒഴിഞ്ഞ വീഥി മാത്രം യാത്രക്ക് തിരഞ്ഞെടുക്കുക.

- തന്റെ ശബ്ദം കേൾക്കുവാനും താനാരാണെന്ന് തിരിച്ചറിയാനും പറ്റാത്ത വിധമാകണം നടന്നുനീങ്ങേണ്ടത്.

- തന്റെ ആവശ്യങ്ങൾ നിർവഹിക്കുന്നതിന് ഭർത്താവിന്റെ കൂട്ടുകാരനെ പരിചയപ്പെടാൻ നിൽക്കരുത്.

- തന്നെ അറിയുന്നവർക്കും താനറിയുന്നവർക്കും മുമ്പിൽ വഴിമധ്യേ വേണ്ടതിലധികം സംസാരിക്കാതിരിക്കുക

- മുഖ്യ ലക്ഷ്യം സ്വന്തം നന്മയും ഭവന പരിചരണവുമായിരിക്കണം.

- നിസ്കാരവും നോമ്പുമായി കഴിഞ്ഞുകൂടുക.

- ഭർത്താവില്ലാത്ത സമയത്ത് ഭർതൃ സുഹൃത്ത് വാതിലിൽ വന്ന് വിളിച്ചാൽ ചെവികൊടുക്കാനും കൂടുതൽ സംസാരിക്കാനും നിൽക്കരുത്. ഭർത്താവിന് സംശയ നീരസം ജനിക്കാൻ കാരണമായേക്കും.

- അല്ലാഹു തന്റെ ഭർത്താവിന് നൽകിയ ജീവിത മാർഗങ്ങളുമായി തൃപ്തിപ്പെട്ടു കഴിയാൻ തയ്യാറാവുക.

- സ്വന്തത്തിന്റെയും മറ്റ് ബന്ധുക്കളുടെയും താൽപര്യങ്ങളേക്കാൾ ഭർതൃ താൽപര്യത്തിന് മുൻഗണന കൽപിക്കുക.

- ദേഹ വൃത്തി ഏത് സമയത്തും ഉറപ്പാക്കുക.

- ഭർത്താവിച്ഛിക്കുമ്പോൾ സുഖം പകരുന്നതിന് സജ്ജമായ നിലയിൽ കഴിയുക.

- സ്വന്തം മക്കളോട് വാൽസല്യം കാണിക്കുക.

- മക്കളിൽ നിന്ന് മറച്ചുവെക്കേണ്ടവ മറച്ചുതന്നെ വെക്കുക.

- മക്കളെ ചീത്ത പറയുന്നതിൽ നാവിനെ നന്നായി പിടിച്ചുകെട്ടുക.

- ഭർത്താവിനോട് തട്ടിക്കയറുന്ന പ്രകൃതം ഒഴിവാക്കുക.

- ഭർത്താവ് സ്ഥലത്തില്ലെങ്കിൽ അധികം അച്ചടക്കവും നന്മയും വെച്ചു പുലർത്തുക.

- ഭർത്താവ് വന്നണഞ്ഞാൽ കളിതമാശകളിലേക്ക് മടങ്ങുകയും അദ്ദേഹത്തിന് ആനന്ദം പകരുന്നതിന് നിമിത്തമാകുന്ന സംഗതികൾ ചെയ്യുകയും ചെയ്യുക.

- ഒരിക്കലും ഭർത്താവിനെ വിഷമിപ്പിച്ചുപോകരുത്.

(ഇഹ്യാഅ്: 2/59).

■

സമാഹരണം: കാനേഷ് പൂനൂർ



## സ്നേഹ പ്രകടനം

സർദാർജിയുടെ നെറ്റിയിൽ ഒരു വലിയ മുഴ കണ്ട് സുഹൃത്തുക്കൾ ചുറ്റും കൂടി:

''എന്താ സർദാർജി, എന്താ പറ്റിയത്?''

"അത്... അത്... ഞാൻ കല്യാണം കഴിക്കാൻ പോകുന്ന പെണ്ണില്ലേ! സുമംഗല. അവൾ എന്റെ മുഖത്തേയ്ക്ക് ഒരു പനിനീർ പൂവെറിഞ്ഞു."

''ഒരു പൂവുകൊണ്ട് ഇത്രയും വലിയ പരിക്ക് പറ്റുമോ?''

''പൂവിന്റെ കൂടെ പൂച്ചട്ടിയും ഉണ്ടായിരുന്നു.''

*****

## സാഹസികൻ

റോഡിലൂടെ ഡ്രൈവറില്ലാതെ ഒരു കാർ സ്പീഡിൽ വരുന്നത് കണ്ട് മാത്തച്ചൻ അതിന്റെ ഡോർ തുറന്ന് ഓടിക്കയറി ബ്രേയ്ക്കിട്ട് വണ്ടി നിർത്തി. അയാൾ കിതച്ചുകൊണ്ട് പുറത്തേയ്ക്ക് നോക്കിയപ്പോഴാണ്, കാറിന്റെ ഉടമസ്ഥനെ കണ്ടത്. അയാൾ പറഞ്ഞു:

"ഞാനൊരു വിധത്തിൽ പാടുപെട്ടാണ് വണ്ടി നിർത്തിയത്."

"എനിക്ക് മനസ്സിലായി. ഞാനിതൊന്ന് സ്റ്റാർട്ടായിക്കിട്ടാൻ പിറകിൽ നിന്ന് തള്ളുകയായിരുന്നു."

ഉടമസ്ഥൻ വെപ്രാളത്തോടെ പറഞ്ഞു.

*****



## ഭർത്താവ്

കറിയാച്ചന്റെ പെമ്പിള്ള ത്രേസ്യാമ്മ കുറേ മാസങ്ങളായി സുഖമില്ലാതെ കിടക്കുകയായിരുന്നു. ഒരു ദിവസം അവർ കെട്ടിയോനെ വിളിച്ചു പറഞ്ഞു:

''പിന്നെ, ഒരു കാര്യം. ഞാൻ ചത്താല്, ഇയാള് വേറെ കെട്ടുവാണേല്, എനിക്കുവേണ്ടി ഒരു കാര്യം ചെയ്യണം. എന്റെ ചട്ടേം മുണ്ടും സാരീം ഒന്നും അവൾക്കിടാൻ കൊടുക്കരുത്.''

കറിയാച്ചൻ പറഞ്ഞു:

"നീ അതൊന്നുമോർത്തു വിഷമിക്കേണ്ടെടിയേ. നിന്റെ ഡ്രസ്സൊന്നും അവൾക്ക് പാകമാകത്തില്ല.

*****

## യുക്തിമാൻ

"എന്തിനാടാ കരയുന്നത്?" അമ്മ ചോദിച്ചു.

"ഭയങ്കര വയറുവേദന."

"വയറിനകത്ത് ഒന്നുമില്ലാത്തതുകൊണ്ടല്ലേ ഈ വേദന. നിനക്കു വല്ലതും കഴിച്ചുകൂടെ?"

"വൈകിട്ട് തലവേദനയുമായിട്ടല്ലേ അച്ഛൻ ഓഫീസിൽ നിന്ന് വരുന്നത്? അതച്ഛന്റെ തലയിൽ ഒന്നുമില്ലാത്തതുകൊണ്ടാണോ?"

*****

## സത്യവതി

"നീ പല്ലുഡോക്ടറെ കാണാൻ പോകുമെന്ന് പറഞ്ഞല്ലേ ഇവിടെ നിന്ന് പോയത്?"

"അതെ, ഞാനങ്ങനെത്തന്നെയാ ചെയ്തത്."


"എന്നിട്ട് നീ ഒരു തടിയനോടൊപ്പം ഫുട്ബോൾ ഗ്രൗണ്ടിൽ നിന്നിറങ്ങി വരുന്നത് കണ്ടല്ലോ."

"ആ തടിയൻ തന്നെയാ ഡെന്റിസ്റ്റ്."



**യാത്ര / റശീദ് പുന്നശ്ശേരി**

# ചോരപ്പുഴയൊഴുകിയ ഗോതമ്പ് പാടങ്ങളിലൂടെ ..



**ഒരു വിഭജനകാല ദൃശ്യം**

ലംബിയിൽ നിന്ന് നാൽപ്പത് കിലോമീറ്റർ അകലെയുള്ള ബതിണ്ട റെയിൽവേ സ്റ്റേഷൻ ലക്ഷ്യമാക്കിയുള്ള ഓട്ടം. അജ്ഞാതവഴികളിലൂടെ ഇരുട്ടിന്റെ മറപറ്റി, ഏതുനിമിഷവും അക്രമിക്കപ്പെടാമെന്ന ഭീതിയുമായി ഒരു കുടുംബം. വഴികളിൽ കത്തിയ മനുഷ്യ മാംസത്തിന്റെ ഗന്ധമുണ്ട്. കഴുകന്മാർ കൊത്തിവലിക്കുന്ന മൃതശരീരാവശിഷ്ടങ്ങൾ ചിതറിക്കിടക്കുന്നു . പലയിടത്തും ചോരപ്പുഴയൊഴുകിയ പാടുകൾ. കാളവണ്ടികളിലും സൈക്കിൾ റിക്ഷകളിലുമായി വൃദ്ധരേയും കുട്ടികളേയും കയറ്റി വീട്ടുസാമഗ്രികളുമായി കടന്നുപോകുന്നുണ്ട് ചിലർ. 'കാക്കി' ഓടിത്തളർന്നിട്ടുണ്ട് . റെയിൽവേയിലേക്ക് ദൂരമിനിയും താണ്ടാനുണ്ട്. ഒരു മാസം മുമ്പ് വിവാഹിതയായ അവൾക്കൊപ്പം ഭർത്താവ് ഗാഗഡ്ഖാനും കുടുംബവുമാണുള്ളത് . എല്ലാവരും തളർന്നിരിക്കുന്നു. പക്ഷെ വിശ്രമിക്കാൻ സമയമില്ല. എത്രയും വേഗം റെയിൽവേ സ്റ്റേഷനിലെത്തണം. അവിടെ പാകിസ്ഥാനിലേക്ക് പോകുന്ന വണ്ടിയിൽ കയറി ഇന്ത്യ വിടണമെന്ന ലക്ഷ്യത്തോടെയുള്ള ഓട്ടത്തിലാണ്. ഇന്ത്യ സ്വാതന്ത്ര്യമായിരിക്കുന്നു. വിഭജിക്കപ്പെട്ടിരിക്കുന്നു. മുസ്ലിംകൾ രാജ്യം വിടാതെ തരമില്ലെന്ന അവസ്ഥ.അല്ലെങ്കിൽ കൊല്ലപ്പെടാം.

കാക്കിയും കുടുംബവും മുസ്ലിംകളാണ്. വിഭജനത്തിന്റെ വെമ്പലിൽ മുസ്ലിംകൾ ന്യൂനപക്ഷമായിപ്പോയ ഇടങ്ങളിൽ നിന്ന് അവരെ പാകിസ്ഥാനിലേക്കയക്കുകയാണ്. പോകാൻ വിസമ്മതിക്കുന്നവരെയെല്ലാം വർഗ്ഗീയ കോമരങ്ങൾ കൊന്നൊടുക്കി. അവരുടെ സമ്പത്ത് കൈകലാക്കുകയാണ് ലക്ഷ്യം.

ബതിണ്ട സ്റ്റേഷനിലെത്താൻ ഇനിയും ദൂരമുണ്ട്. ഒരു ചെറിയ പട്ടണത്തിനടുത്തെത്തിയപ്പോൾ പൊടുന്നനെ ആൾകൂട്ടം പാഞ്ഞടുത്തു. യാത്രാംഗങ്ങൾ പലവഴിചിതറിയോടി. ജീവിതം അവസാനിക്കുകയാണ്. ആയുധധാരികൾ പിന്നാലെയുണ്ട്. മുന്നിൽ കണ്ട ഊടു വഴിയിലൂടെ പ്രാണരക്ഷാർത്ഥം കാക്കി ഓടിക്കൊണ്ടിരുന്നു . കൃഷിയിടത്തിലെ പടർപ്പുകൾക്ക് മറവിൽ അവൾ ആരും കാണാതെ പതുങ്ങിയിരുന്നു. രാത്രിയുടെ നിഴൽ പറ്റി അവൾ വീണ്ടും നടന്നു. ലക്ഷ്യം തെറ്റിയ യാത്ര അവസാനിച്ചത് ലംബിയിലെ വീട്ടുമുറ്റത്താണ് . അവിടെ വീട്ടിലിരുന്ന സ്ഥലത്ത് ധൂമപാളികൾ ഉയരുന്നുണ്ട് . വീടുസാമഗ്രികൾ വലിച്ചിട്ടിരിക്കുന്നു. അഗ്നി പടർന്ന മുറ്റത്തെ അവൾ തളർന്നിരുന്നു.

കണ്ണുതുറന്നപ്പോൾ കണ്ടത് അയൽ വീട്ടിലെ ചാച്ചയെയും കുടുംബത്തെയുമാണ്. സിക്ക് സമുദായക്കാരായ അവരുടെ വീട്ടിൽ ചെറുപ്പം മുതൽ കളിച്ചുവളർന്നതാണ് കാക്കി.അവൾ തേങ്ങികരഞ്ഞു.ആ വീട്ടുകാർ അവളെ സമാശ്വസിപ്പിക്കാൻ ശ്രമിച്ചു. മാതാപിതാക്കളും ബന്ധുക്കളും ഭർത്താവുമെല്ലാം നഷ്ടപ്പെട്ട കാക്കിയെന്ന പെൺകുട്ടി ആ വീട്ടിന്റെ സുരക്ഷിതത്വത്തിലും സംരക്ഷണത്തിലും കഴിഞ്ഞു പോന്നു. മനുഷ്യത്വമുള്ള ആ സിക്ക് കുടുംബം അവളെ അക്രമികളുടെ ശ്രദ്ധയിൽപെടാതെ സംരക്ഷിച്ചു. പ്രക്ഷോഭങ്ങൾ അടങ്ങുമ്പോൾ കുടുംബത്തെ തേടിപിടിച്ച് കണ്ടെത്താമെന്ന് അവർ സമാശ്വസിപ്പിച്ചു.

കാക്കി പക്ഷെ അസ്വസ്ഥയായിരുന്നു. മാതാപിതാക്കളും സഹോദരങ്ങളും എവിടെയായിരിക്കും?. അവൾ ജീവിച്ചിരിപ്പുണ്ടാവുമോ? പാക്കിസ്ഥാനിലേക്ക് രക്ഷപ്പെട്ടിരിക്കുമോ? ജീവനുതുല്യം സ്നേഹിച്ചു തുടങ്ങിയ ഭർത്താവ് ഗാഗഢ് ഖാനെ കുറിച്ചു ചിന്തിച്ച് അവൾ കരഞ്ഞു. ഉള്ളിൽ ആധിയും തീയുമായി രണ്ടു വർഷങ്ങൾ കടന്നുപോയി. ഇടക്കൊരുനാൾ ഒരു അയൽക്കാരന് ഗാഗഢ് ഖാന്റെ കത്ത് ലഭിച്ചു.ഇരുവരും ജീവിച്ചിരിപ്പുണ്ടെന്ന വാർത്തകൾ ആ കുടുംബത്തിന് പുതുജീവൻ പകർന്നു. പ്രതീക്ഷകളുടെ തുരുത്തിൽ ആ വീടിന്റെ സുരക്ഷിതത്വത്തിൽ അവൾ ദിനങ്ങളെണ്ണി.

പാകിസ്ഥാനിലേക്ക് പോയ ഗാഗഢ് ഖാൻ രണ്ടുവർഷങ്ങൾക്ക് ശേഷം ഇന്ത്യയിലെത്തി. ലഹളകൾ ഒരുവിധം അവസാനിച്ചിരിക്കുന്നു. വർഷങ്ങൾക്ക് ശേഷം വീണ്ടും ബതിണ്ട റയിൽവേ സ്റ്റേഷനിൽ ഇറങ്ങിയ ശേഷം അദ്ദേഹത്തെ ഓർമ്മകൾ വേട്ടയാടി. ചിതറിയോടിയ സംഘാംഗങ്ങൾ ഒരു വിധം രക്ഷപ്പെട്ട് റെയിൽവേ സ്റ്റേഷനിലെത്തിയെങ്കിലും കാക്കിയെ കണ്ടെത്താനായില്ല. പുറപ്പെടാനൊരുങ്ങി നിൽക്കുന്ന ട്രെയിൻ നിറയെ യാത്രക്കാരാണ്. അവളെ തിരക്കി പോകാനൊരുങ്ങിയെങ്കിലും മുതിർന്നവർ തടഞ്ഞു. അപകടമാണ്. ആയുസ്സിന് ബലമുണ്ടെങ്കിൽ അവളെ വീണ്ടും കണ്ടുമുട്ടാം. ഇപ്പോൾ യാത്ര തുടരുക തന്നെ. മനമില്ലാ മനസ്സോടെ ദുരിതമയമായൊരു ട്രെയിൻ യാത്ര. ദുരിതപർവത്തിനൊടുവിൽ പാകിസ്ഥാനിൽ എത്തി. ഇന്ത്യയിൽ നിന്നെത്തുന്നവർക്കായി പാക്കിസ്ഥാനിൽ അനുവദിച്ച ഭൂമിയിൽ താമസമാക്കി.

ലംബിയിലെത്തിയ ഗാഗഢ്ഖാൻ വീട്ടിലേക്ക് പോയി . അവൾ വീട്ടിലുള്ള വിവരം ഇതുവരെ പുറംലോകം അറിഞ്ഞിട്ടില്ല. മാത്രമല്ല കാക്കിയേയുടേയും കുടുംബത്തിന്റേയും വസ്തുവകകൾ കൈവിട്ടു പോകാതെ സംരക്ഷിച്ചുനിറുത്തിയിട്ടുമുണ്ട് അവർ. വൈകാരിക തീവ്രമായിരുന്നു ആ പുന:സ്സമാഗമം. മുറിവേറ്റ മനസ്സുമായി നാടുവിട്ടവർക്ക് ഉൾക്കൊള്ളാൻ പ്രയാസമുള്ള സ്നേഹത്തിന്റേയും കരുതലിന്റേയും സാന്ത്വനങ്ങൾ. ഗാഗഢ് ഖാൻ കാക്കിക്കൊപ്പം തന്നെ ഇന്ത്യയിൽ കഴിയാൻ തീരുമാനിച്ചു. എല്ലാ ഒത്താശകളും സംരക്ഷണവും പ്രദേശത്തെ സിഖുകാർ ഉറപ്പുനൽകി. മതത്തിന്റെ പേരിൽ മനുഷ്യമക്കളെ പുഴുകളെ പോലെ കൊന്നൊടുക്കിയതിൽ ഇതിനകം പശ്ചാത്താപമനസ്ഥിതി ഉടലെടുത്തു കഴിഞ്ഞിരുന്നു.

എങ്കിലും സുരക്ഷാഭീതിയിൽ അവൾ ഒളിച്ചും പാത്തും കഴിഞ്ഞു. സിഖുകാരുടെ വേഷവിധാനങ്ങൾ സ്വീകരിച്ചു. പള്ളിയും മതാചാരങ്ങളുമെല്ലാം അവർ മനസ്സിലൊതുക്കി. സ്ഥിതിഗതികൾ ശാന്തമെന്നു തോന്നിയെങ്കിലും ഭീതിതമായിരുന്നു പലയിടത്തും. ഗാഗഢ്ഖാനും കാക്കിക്കും ഏഴുമക്കൾ പിറന്നു. അവരുടെ കുടുംബമാണ് ഇപ്പോൾ ലംബിയിലുള്ള മുസ്‌ലിം പള്ളിയിലെ അംഗങ്ങൾ. അവരിലൊരാൾ പഞ്ചാബ് പോലീസിൽ ജോലി ചെയ്യുന്ന ശൗക്കത്തലി ഭായിയാണ്. മർകസ് അധികൃതരുമായി സംസാരിച്ച് ഗ്രാമത്തിൽ പള്ളി പണിയാൻ നേതൃത്വം നൽകിയത്. ഡൽഹി മർകസിലെ സിദ്ദീഖ് മുഹമ്മദിന്റെ നേതൃത്വത്തിൽ ഇവിടെ നടത്തിയ അന്വേഷണങ്ങളിൽ ലഭിച്ച വിവരങ്ങൾ ഞെട്ടിപ്പിക്കുന്നതാണ്.

ഇവിടെ നിന്ന് ഏഴ് കിലോമീറ്റർ അകലെ മാന എന്ന ഗ്രാമമുണ്ട്. അവിടെ പൊളിഞ്ഞുവീണുകിടപ്പുണ്ട് ഒരു പുരാതനമായ പള്ളി. നൂറുകണക്കിന് മുസ്‌ലിം കുടുംബങ്ങൾ ഉണ്ടായിരുന്ന സ്ഥലത്തിപ്പോൾ മൂന്നു വീടുകൾ ബാക്കിയുണ്ട്. പെൺകുട്ടികൾ ബലാത്സംഗത്തിന് ഇരയാക്കപ്പെടുന്നത് കാണാൻ കരുത്തില്ലാതെ കൊന്നുകളഞ്ഞവർ അന്നീഗ്രാമത്തിലുണ്ടായിരുന്നു. കണ്ണുനീരിന്റെ കഥകൾ പറഞ്ഞ കൂട്ടത്തിൽ അവർ പറഞ്ഞു . അത്രമേൽ ഭീതിജനകമായിരുന്നു അന്നത്തെ സ്ഥിതിഗതികൾ.

ഹിമാചലിൽ നരേഡ് എന്ന ഗ്രാമത്തിൽ മാനസികനില തെറ്റിയ ഒരു വയോധികയെ കണ്ടു. വിഭജനകാലത്തെ ക്രൂരതകൾ അനുഭവിച്ച അവരെ പോലുള്ള നിരവധി സ്ത്രീകൾ മനോനില തെറ്റി ശിഷ്ടജീവിതം നയിച്ചവരുണ്ട്.

മതത്തെ കുറിച്ചുള്ള അജ്ഞത അന്നുമുതൽ ഇവിടുത്തെ മുസ്‌ലിംകളെ നാമമാത്രമാക്കി മാറ്റി. മൺമറഞ്ഞ മഹാരഥന്മാരുടെ ഓർമകൾക്കായി അവർ 'പീർ ഖാനകൾ' പണിത് പ്രതീകാത്മക പ്രാർത്ഥനകൾ നടത്തി.

പ്രദേശത്തെ ഇരുപ്പത്തിയഞ്ചോളം ഗ്രാമങ്ങളിൽ മർകസ് നേതൃത്വത്തിൽ മസ്ജിദുകൾ പുതുക്കി പണിതു. പഞ്ചാബിൽ മൂന്നുതവണ മുഖ്യമന്ത്രിയായിരുന്ന പ്രകാശ്സിംഗ് ചൗദാലിന്റെ കാലത്താണ് മുസ്‌ലിം സമുദായത്തോട് വീണ്ടും ഉദാരസമീപനങ്ങൾ ഉണ്ടായത്. പിന്നാക്കം നിൽക്കുന്ന മുസ്‌ലിം സമുദായത്തെ സമുദ്ധരിക്കുന്നതിനും പ്രാർത്ഥനാലയങ്ങളും മറ്റു സൗകര്യങ്ങളും ഉണ്ടാക്കികൊടുക്കുന്നതിലും സിക്ക് സമൂഹം തന്നെ മുൻകയ്യെടുക്കുന്ന നല്ല വർത്തമാനമാണ് പഞ്ചാബിൽ ഇപ്പോഴുള്ളത്.

അജിത് ഗിൽ ഗ്രാമത്തിൽ പുതിയ പള്ളിയിൽ വീണ്ടും ബാങ്കൊലി ഉയർന്നപ്പോൾ പ്രായമുള്ള സിക്കുകാർ പറഞ്ഞു: 'ഹമേ, ബചപ്പൻകാ യാദ് ദിയ (ഞങ്ങൾക്ക് കുട്ടിക്കാലത്തെ ഓർമ്മകൾ തന്നു)'എന്ന്. നാമനുഭവിക്കുന്ന സ്വാതന്ത്ര്യത്തിന് വേണ്ടി ഉറ്റവരെയും ഉടയവരെയും സ്വത്തും സുഖങ്ങളും നഷ്ടപ്പെടുത്തേണ്ടി വന്ന ആയിരക്കണക്കിന് ഹിന്ദു, മുസ്‌ലിം, സിക്ക് സമുദായാംഗങ്ങളെ എപ്പോഴെങ്കിലും ഓർക്കാറുണ്ടോ നാം. പിറന്നുവീണ മണ്ണുവിട്ടുള്ള പലായനം എത്രമാത്രം ദുരിതപൂർണ്ണമായിരിക്കും.

പഞ്ചാബിലെ സർഹിന്ദിലെത്തുമ്പോൾ രാവിന്റെ തിരക്കുകൾ

ഒഴിഞ്ഞുകൊണ്ടിരിക്കുന്ന തെരുവിൽ പ്രതാപത്തിന്റെ ഇന്നലകളെ ഓർമ്മപ്പെടുത്തി കൊണ്ട് ചില ഒറ്റപ്പെട്ട കെട്ടിടങ്ങൾ കണ്ടു. പടുകൂറ്റൻ ഗുരുദ്വാരകൾക്കിടയിലെ നൂറ്റാണ്ടുകൾ പഴക്കമുള്ള വിരലിലെണ്ണാവുന്ന ചില പള്ളികൾ മാത്രം ഈ നഗരത്തിൽ ബാക്കിയുണ്ട്. ചരിത്രത്തെ നിഗൂഢമായി പുണർന്ന് മുഗൾ പ്രതാപത്തിന്റെ ഇന്നലകളെ ഓർമ്മപ്പെടുത്താൻ മാത്രം ഒരു നിയോഗം പോലെ ബാക്കിയായവ. ഇന്ത്യവിഭജനത്തിന് മുമ്പ് മുഗളരുടെയും മുസ്‌ലിം സമൂഹത്തിന്റെയും ഇന്ത്യയിലെ പ്രധാന പ്രവർത്തന കേന്ദ്രങ്ങളിലൊന്നായിരുന്നു സർഹിന്ദ്. അക്ബർ ചക്രവർത്തിയുടെ സമകാലികനായിരുന്നു ഇമാം റബ്ബാനി എന്ന സൂഫി പ്രബോധനകൻ ജീവിച്ചിരുന്ന കാലഘട്ടം. ഇന്ത്യാചരിത്രത്തിൽ ഇസ്‌ലാമിന് പ്രചാരമുണ്ടാക്കുകയും ദീൻ ഇലാഹി എന്ന അക്ബറിന്റെ മത സങ്കൽപ്പങ്ങളിൽ നിന്ന് മുസ്‌ലിംകളെ വേറിട്ടു നയിക്കുകയും ചെയ്തുവെന്നതാണ് ചരിത്രം. പക്ഷെ, അതിനേക്കാൾ വലിയ ചരിത്രവികൃതി കളായിരുന്നു പിന്നീട് ഈ ദേശം അഭിമുഖീകരിച്ചത്.

1947ൽ ഇന്ത്യാവിഭജനം നടന്നതോടെ മുസ്‌ലിംകൾ തിങ്ങിതാമസിക്കുന്ന പഞ്ചാബ് മേഖലയിൽ നിന്ന് ലക്ഷക്കണക്കിന് അനുയായികളാണ് സകുടുംബം പാകിസ്ഥാനിലേക്ക് പോകാൻ നിർബന്ധിതരായത്. വർഗീയമായി തിരിഞ്ഞ് പരസ്പരം നടന്ന അക്രമണങ്ങൽ മരണമടഞ്ഞവരുടെ എണ്ണം അതിലേറെ വരും. ഭീതിതമായ ഒരു കാലഘട്ടം. അന്നാട്ടിലെ മനുഷ്യർ അനുഭവിച്ചയാതനകൾ വിവരിക്കുക വാക്കുകൾക്കതീതമാണ്.

ആർത്തിപൂണ്ട മനുഷ്യർ മണ്ണിനായി വെട്ടിപിടിച്ചത് ഇന്നലെ വരെ പരസ്പരവിശ്വാസത്തിലും സ്നേഹത്തിലും കഴിഞ്ഞ അയൽവാസിയായ കുടുംബത്തിന്റെ ജീവനും സ്വത്തുക്കളുമായിരുന്നു. പിറന്നമണ്ണിൽ ഒറ്റരാത്രി കൊണ്ട് അന്യരായിത്തീരുന്നവരുടെ വേദനയൊന്നും അധികാരത്തിനായി രാജ്യം ഓഹരിവെച്ചവർക്ക് അറിയേണ്ടതില്ലായിരുന്നു.

പാകിസ്ഥാനിലേക്കുള്ള അവസാന വണ്ടിയും യാത്രയായപ്പോൾ പഞ്ചാബിൽ അവശേഷിച്ചത് പാകിസ്ഥാനിൽ നിന്നും ഇന്ത്യയിലേക്ക് വന്ന ഹിന്ദുക്കളും സിക്കുകളും മാത്രമായിരുന്നു പ്രത്യക്ഷത്തിൽ. പക്ഷെ, പിറന്ന മണ്ണ് വിട്ട് പോകാൻ, സൗഹൃദങ്ങളുടെയും ഉറ്റവരുടെ ഓർമ്മകളെയും ഇട്ടേച്ച് പലായനം ചെയ്യാൻ മനസ്സനുവദിക്കാതിരുന്ന അപൂർവ്വം ചിലർ മുസ്‌ലിം നാമധാരികളായി ഇന്ത്യൻ മണ്ണിൽ കൂട്ടുകാരായ ഇതരമതസ്ഥരുടെ കാരുണ്യത്തിലും കനിവിലും ബാക്കിയായി. അവർക്കിതൊരു പുനർജന്മമായിരുന്നു. പുതിയ ജന്മത്തിൽ അവർ നിലനിൽപ്പിനായി മുസ്‌ലിം പേരുകൾ ഉപേക്ഷിച്ചു. പള്ളികളും മദ്റസകളും ഉപേക്ഷിച്ചു. മറ്റുള്ളവർക്ക് മുന്നിൽ പുതിയ വേഷം കെട്ടി അവതരിച്ചു. കൊടിയ ദുരന്തങ്ങളെ വരവേൽക്കാൻ കെൽപ്പില്ലാതിരുന്നവർ ഒളിഞ്ഞും തെളിഞ്ഞും ജീവിച്ചു.



അതൊടെ

സർഹിന്ദിലടക്കം മിക്ക ദേശങ്ങളിലും മുസ്‌ലിം സമൂഹം തിരേ ഇല്ലാതാവുകയോ വിരലിലെണ്ണാവുന്നവരായിതീരുകയോ ചെയ്തു.

സർഹിന്ദിലെ പ്രൗഢമായ വലിയ പള്ളിയിൽ നിന്ന് ഇശാ ബാങ്ക് ഉയർന്നു. സൂഫീ പ്രമുഖൻ ഇമാം റബ്ബാനികളുടെ ദർഗ സ്ഥിതി ചെയ്യുന്ന വിശാലമായ പള്ളിയിൽ ആയിരത്തോളം പേർക്ക് നിസ്കരിക്കാൻ സൗകര്യമുണ്ട്. പക്ഷെ, നിസ്കാരത്തിന് ആകെയുള്ളത് ഞങ്ങളടക്കം പത്തിരുപത്തഞ്ച് പേർ മാത്രം. പള്ളിയുടെ ഇപ്പോഴത്തെ നടത്തിപ്പുകാരനായ സജ്ജദൈനിശാൻ ഞങ്ങളെ അദ്ദേഹത്തിന്റെ മുറിയിൽ സൽക്കരിച്ചു. പ്രൗഢമായിരുന്ന ഇന്നലകളിലെ ശബ്ദമുഖരിതമായ, മന്ത്രധ്വനികൾക്ക് കാതോർക്കുന്ന അപാരമായ നിർമ്മിതി. മുഗൾ സംസ്കാരത്തിന്റെയും ശിൽപ്പഭംഗിയുടെയും ഉദാഹരണം. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നു വന്നെത്തുന്ന അഥിതികൾക്ക് പുറമെ തുർക്കിയിൽ നിന്ന് ഇമാം റബ്ബാനിയുടെ സൂഫി പരമ്പര പിന്തുടന്നവരും നിത്യസന്ദർശകരായുണ്ട്. പക്ഷെ, ഈ നഗരത്തിലെ മുസ്‌ലിം ജനസംഖ്യ വെറും നൂറിൽ താഴെയാണ്. പത്തോഇരുപതോ മുസ്‌ലിം കുടുംബങ്ങൾ മാത്രമാണ് ഈ പരിസരത്ത് ഇപ്പോഴുമുള്ളത്.

വിഭജനം നഷ്ടമേകിയ ദേശങ്ങളിലെല്ലാം മുസ്‌ലിം സമൂഹം സാക്ഷരതയിലും സാമ്പത്തികാവസ്ഥയിലും മാത്രമായിരുന്നില്ല പിന്നാക്കം പോയത്. അനുഷ്ഠാനങ്ങളിൽ, ആചാരങ്ങളിൽ, ജീവിതരീതിയിൽ എല്ലാം അവർക്ക് സ്വത്വം നഷ്ടമായിക്കഴിഞ്ഞിരിക്കുന്നു. നർവാണ എന്ന ഗ്രാമത്തിലെത്തുമ്പോൾ അവിടെ പള്ളിയായി ഉപയോഗിക്കുന്ന കെട്ടിടത്തിനകത്ത് പട്ടിക്കുഞ്ഞുങ്ങൾ വിഹരിക്കുന്നു. മുറ്റത്ത് വലിയൊരു കുതിര

യെ കെട്ടിയിട്ടിരിക്കുന്നു. അതിന്റെ മല മൂത്രവിസർജ്യങ്ങൾ കൊണ്ട് അശുദ്ധമാണ് പള്ളിയും പരിസരവും. സമയമായാൽ നിസ്കാരമെന്ന രൂപത്തിൽ എന്തൊക്കെയോ ചിലത് കാണിക്കും. മുതിർന്നവർ പോലും മിക്കവാറും ചേലാകർമ്മം നടത്തിയിട്ടില്ല എന്നത് പുതിയ അറിവായിരുന്നു. സാഹചര്യങ്ങൾ അതായിരുന്നു, എഴുപതുവയസ്സുള്ള മക്കൻ ഖാൻ വിശദീകരിച്ചു.

ഞങ്ങളുടെ പേരുകൾ പരിശോധിച്ചു നോക്കൂ, ഒരാൾക്ക് പോലും മുസ്‌ലിം നാമങ്ങൾ കാണില്ല. പേര് കൊണ്ട് അനുഭവിക്കേണ്ടിയിരുന്ന യാതനകൾ അത്ര വലുതായിരുന്നു. പേരും, വസ്ത്രവും കൊണ്ട് തിരിച്ചറിയാനാവില്ലെന്ന് വന്നതോടെ ഉടുതുണിപൊക്കി നോക്കി ചേലാകർമ്മം ചെയ്തവരെയെല്ലാം കൊന്നൊടുക്കാൻ തുടങ്ങിയതോടെ മുസ്‌ലിംകൾ സുന്നത്ത് കർമ്മവും ചെയ്യാതെയായി. അത്രത്തോളം ഭീതിതമായിരുന്നു അവരുടെ ദുരവസ്ഥ. ഡൽഹിയിലെ ചില മലയാളികളുടെ സഹായത്തോടെ അടുത്ത ഗ്രാമത്തിൽ നിർമ്മിച്ച പള്ളിയുടെ ഉദ്ഘാടനവേളയിൽ യൂ.പിയിൽ നിന്നെത്തിയ ഡോക്ടർമാരുടെ നേതൃത്തിൽ ഒരു സുന്നത്ത് ക്യാമ്പ് നടത്തി. പള്ളിയിൽ കയറാൻ ആദ്യം ശുദ്ധിവേണമല്ലോ. രാവിലെ മുതൽ വൈകുന്നേരം വരെ നൂറോളം മുതിർന്നവരുടെ ചേലാകർമ്മമാണ് അവിടെ നടത്തിയത്. എല്ലാവരും 15 വയസ്സിനു മുകളിലുള്ളവർ. അമ്പതിനുമുകളിൽ പ്രായമുള്ള പത്തോളം പേർ. ആ ഗ്രാമത്തിന്റെ ആഘോഷമായിരുന്നു അത്. ഗുരുദ്വാരകളിൽ ഖവാലി അവതരിപ്പിക്കാൻ പോവാറുള്ള വലീദ് എന്ന ചെറുപ്പക്കാരൻ ആ രാവിനെ അവിസ്മരണീയതയിൽ ലയിപ്പിച്ചു കൊണ്ടു ഞങ്ങൾക്കായി ശ്രവണസുന്ദരമായ ഈരടികൾ ആലപിച്ചുകൊണ്ടിരുന്നു.

ആടിനെ അറുത്ത് ഭക്ഷണമുണ്ടാക്കി അവർ ഞങ്ങളെ സൽക്കരിച്ചു. പള്ളിയുടെ മുറ്റത്ത് വെറും



മണലിൽ പായ വിരിച്ച് ഞങ്ങൾ മേഘക്കീറുകൾക്കിടയിൽ പുഞ്ചിരിതൂകുന്ന ചന്ദ്രവലയത്തിൽ ലയിച്ചുറങ്ങി. കാലങ്ങൾക്കിപ്പുറം പുതുതലമുറയുടെ ചിന്തകളിൽ മതസൗഹാർദ്ധത്തിന്റെ ഊഷ്മളഭാവങ്ങൾ കണ്ട ഒരു പകലായിരുന്നു കഴിഞ്ഞുപോയത്. ഗ്രാമമുഖ്യനടക്കമുള്ള ഹൈന്ദവ സിഖ്, സമുദായക്കാർ പുഷ്പങ്ങളുമായി പള്ളിയങ്കണത്തിൽ വന്നു. അവരൊന്നിച്ച് ചായകുടിച്ചു. മധുര പലഹാരങ്ങൾ കൈമാറി. കുട്ടികളും സ്ത്രീകളും ഗ്രാമത്തിലെ പുതിയ മസ്ജിദ് കാണാൻ വന്നു. 'ഹമാരാ മുസൽമാൻ ഭായ് കേലിയ ഏക് മകാൻ ഹുവാ അബ്'.


നമ്മുടെ മുസ്‌ലിം സഹോദരങ്ങൾക്ക് ഇപ്പോൾ ഒരിടമായി. അവർ ഉള്ളിൽ തട്ടി പറയുമ്പോൾ മനുഷ്യർ പരസ്പരം തിരിച്ചറിയാൻ തുടങ്ങിയതിന്റെ സന്തോഷനിർവൃതി. ആ ഗ്രാമത്തിലെ പലരും അന്നാദ്യമായി പള്ളിയിൽ പ്രാർത്ഥന നിർവ്വഹിച്ചു. ചിലരെല്ലാം നിസ്കാരം പഠിക്കണമെന്ന ആഗ്രഹത്തിലാണ്.

മധ്യപ്രദേശിലെ ഭോപ്പാലിനടുത്ത ഗ്രാമത്തിൽ ചെന്നപ്പോഴും സ്ഥിതി ഭിന്നമായിരുന്നില്ല. കർഷകർ തിങ്ങിത്താമസിക്കുന്ന കോളനിയിലെ ആദ്യ മുസ്‌ലിം പള്ളി. ഒരു ചെറിയ മുറിയിൽ വർഷങ്ങളായി നിസ്കരിച്ചു പോരുന്നവർ അന്നാദ്യമായാണ് വെള്ളിയാഴ്ച ജുമാനിസ്കാരം നിർവ്വഹിച്ചത്. ഇരുപത് കിലോമീറ്റർ അകലെയാണിവിടെ ജുമുഅത് പള്ളി ഉണ്ടായിരുന്നത്. അതുകൊണ്ടു തന്നെ ആരാധനതികാര്യങ്ങളിലും വിദ്യാഭ്യാസത്തിലും പിന്നാക്കമായി ഒരു ജനത വിശാലമായ പാടങ്ങളിൽ തൊഴിലെടുത്തും കൃഷിചെയ്തും ജീവിതം കഴിച്ചു. അവരുടെ ചിന്തകളിൽ അക്ഷരവെളിച്ചമെത്താതിരിക്കുകയെന്നത് ഒരു പക്ഷെ നാം കേരളീയരെ പോലുള്ള ഉപഭോക്തൃസംസ്ഥാനങ്ങളിലെ ജനതയുടെ ആവശ്യമാണ്. കൃഷി ഭൂമികളിൽ വിയർപ്പൊഴുക്കാൻ മടിക്കുന്ന നമ്മെപോലുള്ള ഇന്ത്യക്കാർക്ക് ഭക്ഷണം കൂടാതെ ജീവിക്കാനാവില്ലല്ലോ. അഭ്യസ്തവിദ്യരാകുന്നതോടെ പുതിയ തൊഴിൽമേഖലകൾ തേടിപോവും. ഗ്രാമങ്ങളിൽ ഇപ്പോഴും പ്രാഥമിക വിദ്യാലയങ്ങളുടെ എണ്ണം വളരെ കുറവാണ്. രാവിലെ ഉണർന്നാൽ അച്ഛനും അമ്മയും മക്കളും പണിയായുധങ്ങളും പശുക്കളുമായി കൃഷിയിടങ്ങളിലേക്ക് പോകുന്ന ഇന്ത്യയാണ് ഈ രാജ്യത്തിന്റെ ഗ്രാമീണസമ്പത്ത്.

■

ലേഖനം / മുഹമ്മദ് പാറന്നൂർ

# മുഹർറത്തിന്റെ സവിശേഷത



**മുഹർറം പത്തിനു നോമ്പനുഷ്ഠിക്കാൻ കൽപിച്ചപ്പോൾ തിരുനബി(സ്വ) ഇത്രയും കൂടി പറഞ്ഞു: അടുത്ത വർഷം ഞാൻ ജീവിച്ചിരിക്കുകയാണെങ്കിൽ മുഹർറം ഒൻപതിനും നോമ്പനുഷ്ഠിക്കും. ജൂതന്മാരോടുള്ള അനുകരണമാവാതിരിക്കാനാണിത്.**

മദീനയിലെ ജൂതന്മാരെല്ലാം ഒരു ദിവസം വ്രതമനുഷ്ഠിച്ചതായി കണ്ട് തിരുനബി(സ്വ) ചോദിച്ചു:

''ഇന്നെന്താണു പ്രത്യേകത?''

''ഇന്ന് മുഹർറം പത്താം ദിനമാണല്ലോ; ആശൂറാഅ് ദിനം. മൂസാനബിയെയും ഇസ്‌റാഈൽ സന്തതികളെയും അല്ലാഹു ഫറോവയുടെ ഉപദ്രവത്തിൽ നിന്നു മോചിപ്പിച്ച ദിനമാണിന്ന്. അതിനുള്ള നന്ദിയായി മൂസാനബി(അ) ഈ ദിവസം നോമ്പനുഷ്ഠിച്ചിരുന്നു. അതുകൊണ്ടാണ് ഞങ്ങൾ ഈ ദിവസം നോമ്പനുഷ്ഠിക്കുന്നത്.'' ജൂതന്മാർ മറുപടി പറഞ്ഞു.

അപ്പോൾ നബി(സ്വ) പറഞ്ഞു: ''മൂസാനബിയുമായി നിങ്ങളേക്കാൾ ബന്ധപ്പെട്ടവൻ ഞാനാണ്.''

തുടർന്ന് അവിടുന്ന് ആശൂറാ ദിനം നോമ്പനുഷ്ഠിക്കുകയും അനുയായികളോട് നോമ്പനുഷ്ഠിക്കാൻ കൽപിക്കുകയും ചെയ്തു.

ആശൂറാഅ് നോമ്പിന്റെ പ്രാധാന്യത്തെക്കുറിച്ച് ചോദിച്ചപ്പോൾ തിരുനബി(സ്വ) പറഞ്ഞു: ''അത് കഴിഞ്ഞുപോയ ഒരു കൊല്ലം ചെയ്ത (ചെറിയ) പാപങ്ങളെയെല്ലാം പൊറുപ്പിക്കുന്നതാണ്.''

മുഹർറം പത്തിനു നോമ്പനുഷ്ഠിക്കാൻ കൽപിച്ചപ്പോൾ തിരുനബി(സ്വ) ഇത്രയും കൂടി പറഞ്ഞു: ''അടുത്ത വർഷം ഞാൻ ജീവിച്ചിരിക്കുകയാണെങ്കിൽ മുഹറം ഒൻപതിനും നോമ്പനുഷ്ഠിക്കും'' (ജൂതന്മാരോടുള്ള അനുകരണമാവാതിരിക്കാനാണിത്).

എന്തുകൊണ്ടു മുഹർറം പ്രാധാന്യമർഹിക്കുന്നു?

മുഹർറം വിമോചനത്തിന്റെ സന്ദേശമാണു നൽകുന്നത്. അതിൽ പ്രധാനമാണ് മൂസാനബിയുടെ ജീവിതവുമായി ബന്ധപ്പെട്ട സംഭവം. ഈജിപ്ത് അടക്കിവാണിരുന്ന ഫറോവ ഇസ്‌റാഈൽ വംശജരെ അതിരൂക്ഷമായി പീഡിപ്പിച്ചു. അവരിലെ കുഞ്ഞുങ്ങളെ കൊന്നൊടുക്കുകയും വനിതകളെ അപമാനിക്കുകയും പുരുഷന്മാരെ അതികഠിനമായ മർദനമുറകൾക്കു വിധേയരാക്കുകയും ചെയ്തു. നിരന്തര തേട്ടത്തിന്റെ ഫലമായി അല്ലാഹു അവർക്കു മോചനത്തിന്റെ വഴി തുറന്നുകൊടുത്തു. ഇസ്‌റാഈൽ സന്തതികളെയും കൂട്ടി ചെങ്കടൽ തീരത്തേക്കു പുറപ്പെടാൻ മൂസാനബിയോടല്ലാഹു നിർദേശിച്ചു. അതിരഹസ്യമായി മൂസാനബിയും അനുയായികളും ചെങ്കടൽ തീരത്തേക്കു പുറപ്പെട്ടു. എന്നാൽ വിവരം മണത്തറിഞ്ഞ ഫറോവയും പട്ടാളവും അവരെ പിന്തുടരുന്നുണ്ടായിരുന്നു.

ചെങ്കടൽ തീരത്തെത്തി പി

ന്നോട്ടു തിരിഞ്ഞുനോക്കിയപ്പോൾ അവർ കണ്ടത് തങ്ങളെ മുച്ചൂടം നശിപ്പിക്കാൻ ആയുധങ്ങളേന്തി കുതിച്ചുവരുന്ന ഫറോവയെയും പട്ടാളക്കാരെയുമാണ്. മുമ്പിൽ ഇരമ്പി മറിയുന്ന കടൽ; പിന്നിലോ, വിഴുങ്ങാൻ വരുന്ന സൈന്യം. വിഹ്വലരായിപ്പോയ ആ സന്ദർഭത്തിൽ മൂസാനബിക്ക് അല്ലാഹു നിർദേശം നൽകി: ''താങ്കളുടെ കൈയിലുള്ള വടികൊണ്ട് സമുദ്രത്തിൽ അടിക്കുക.'' നിർദേശാനുസരണം വെള്ളത്തിലടിക്കേണ്ട താമസം അലറിമറിയുന്ന സമുദ്രം രണ്ടു പിളർപ്പായി മാറിനിന്നു. അതിന്നിടയിലൂടെ സഞ്ചാരയോഗ്യമായ ഒരു വഴി മുന്നിൽ തെളിഞ്ഞു. അല്ലാഹുവിന്റെ നിർദേശാനുസരണം മൂസാനബിയും അനുയായികളും ആ വഴിയിലിറങ്ങി മുന്നോട്ടു നടന്നു.

പിന്നാലെ കുതിച്ചുവന്ന ഫറോവക്കും സൈന്യത്തിനും കൂടുതലൊന്നുമാലോചിക്കാൻ കെൽപുണ്ടായിരുന്നില്ല. ഇരകൾ രക്ഷപ്പെട്ടുകളയുന്നതോർത്ത് അവർ ഒന്നായി സമുദ്രത്തിൽ തെളിഞ്ഞ വഴിയിലേക്കിറങ്ങി. അപ്പോഴേക്കും മൂസാനബിയും അനുയായികളും മറുകര പറ്റിക്കഴിഞ്ഞിരുന്നു. ഫറോവയും സൈന്യവും സമുദ്രമധ്യത്തിലെത്തിയപ്പോൾ ജലത്തിന്നിടയിലെ പാത മറഞ്ഞു. വഴിമാറി നിന്ന വെള്ളം ഒന്നായി. അക്രമികളൊന്നടങ്കം നൈൽ നദിയുടെ അഗാധതയിലൊടുങ്ങി.

ഒരു വിഭാഗത്തെ സംബന്ധിച്ചേടത്തോളം ഭയാനകവും മറ്റെ വിഭാഗത്തെ സംബന്ധിച്ചേടത്തോളം ആശ്വാസകരവുമായ ഈ സംഭവം കേവലമൊരു സങ്കൽപ കഥയല്ല. ഇന്നും വ്യക്തമായ തെളിവുകൾ അവശേഷിക്കുന്ന യാഥാർത്ഥ്യമാണ്. വിശുദ്ധ ഖുർആനിൽ വ്യക്തമാക്കിയ പ്രകാരം ഫറോവയുടെ ജഡം ഇന്നും ഈജിപ്തിലെ മ്യൂസിയത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

അല്ലാഹു ചെയ്ത മഹത്തായ അനുഗ്രഹത്തെക്കുറിച്ച് അറിഞ്ഞുകൊണ്ട് നന്ദി പ്രകടിപ്പിക്കാനാണി ക്കഥ വിവരിച്ചത്. തിരുനബി(സ്വ) പറഞ്ഞ പ്രകാരം മൂസാനബിയുമായി ഏറെ ബന്ധപ്പെട്ടവർ നമ്മളാണല്ലോ. മൂസാനബിക്ക് അവതരിപ്പിക്കപ്പെട്ട വേദം സ്വേഛപ്രകാരം ഭേദഗതി വരുത്തുകയും അദ്ദേഹം നൽകിയ സന്ദേശം മറന്ന് പുതിയ മതം സൃഷ്ടിക്കുകയും ചെയ്ത ജൂതന്മാർക്ക് ആ നബിയുടെ പാരമ്പര്യം അവകാശപ്പെടാൻ അർഹതയില്ലെന്നു സാന്ദർഭികമായോർക്കുക.

ഹിജ്റ വർഷത്തിലെ ഒന്നാമത്തെ മാസമാണു മുഹർറം. തിരുനബി(സ്വ)യുടെ ഹിജ്റയുടെ സ്മരണകൾ കൂടി അതുൾക്കൊള്ളുന്നുണ്ട്. അതും ഒരു വിമോചനമായിരുന്നല്ലോ. മക്കാ ഖുറൈശികളുടെ കൊടുംപീഡനം സഹിക്കവയ്യാതെ, സ്വസ്ഥമായ ജീവിതവും മതസ്വാതന്ത്ര്യവും മോഹിച്ച് തിരുനബി(സ്വ)യും അനുയായികളും അല്ലാഹു ഫറോവയിൽ നിന്നു രക്ഷപ്പെടുത്തിയതു പോലെ ഒരു രക്ഷപ്പെടുത്തൽ തന്നെ!

യസ്രിബ് നബി(സ്വ)യെയും അനുയായികളെയും കാത്തിരിക്കയായിരുന്നു. അന്നമൊരുക്കി, തണലും തണ്ണിയുമൊരുക്കി യസ്രിബ് മുഹാജിറുകളെ ആവാഹിച്ചെടുത്തു. ചരിത്രംകണ്ട ഏറ്റവും ഉത്തമരായ അൻസ്വാറുകളായി (സഹായികൾ) യസ്രിബുകാർ. അങ്ങനെ യസ്രിബ് മദീനതുർറസൂലായി. മദീന ഇസ്ലാമിന്റെ പോറ്റില്ലമായി. അവിടെനിന്നു ശക്തി സംഭരിച്ചാണ് പിന്നെ ഇസ്ലാം മുന്നേറിയത്. തങ്ങളെ ആട്ടിയോടിച്ചവരെയൊന്നടങ്കം കാൽക്കീഴിലൊതുക്കിയ തിരുനബി(സ്വ)യും സ്വഹാബികളും ഏതാനും വർഷങ്ങൾക്കുള്ളിൽ അതിവിശാലമായൊരു ഇസ്ലാമിക രാഷ്ട്രത്തിന്റെ നായകരായി.

ലോകാവസാനം വരെ ഒരു ശക്തിക്കും തോൽപിക്കാനാവാത്ത വിധം ഇസ്ലാമിനെ കരുത്തുറ്റതാക്കുന്നതിന് അല്ലാഹു തിരഞ്ഞെടുത്ത ഒരു ഘടകമായിരുന്നു ഹിജ്റ. പിൽക്കാലത്ത് ഒരു ഇസ്ലാമിക കലണ്ടറിനെക്കുറിച്ചുള്ള ആലോചന വന്നപ്പോൾ ഉമർ(റ) അടക്കമുള്ള മഹാത്മാക്കൾക്ക് ഹിജ്റ വർഷം അതിന്റെ തുടക്കമായി തിരഞ്ഞെടുക്കാൻ പ്രചോദനമായത് ഈ വിപ്ലവ സ്മരണകളായിരുന്നു.

നമുക്കോർക്കാം, നിർണായകമായ ഇത്തരം സംഭവങ്ങളെ. ഒപ്പം ദാരുണമായ ചില ഓർമകളും നമ്മെ ഓർമിപ്പിക്കുന്നുണ്ട്. മുഹർറം എന്ന കാര്യം അവഗണിക്കാൻ പറ്റില്ല. തിരുനബി(സ്വ)യുടെ പേരമകൻ ഹസൻ(റ)വും കുടുംബവും അതിക്രൂരമായ വഞ്ചനക്കും ദാരുണാന്ത്യത്തിനും വിധേയരായതും ഒരു മുഹർറം പത്തിനായിരുന്നുവല്ലോ. ഇതുപോലെ എത്രയെത്ര സംഭവങ്ങൾ!

കേവലമൊരു ഓർമയിലൊതുക്കായി അല്ലാഹുവിനു നന്ദി പ്രകാശിപ്പിച്ചും അവന്റെ സ്മരണകൾ നിലനിർത്തിയും രക്ഷയ്ക്കും മോചനത്തിനുമായി പ്രാർത്ഥിച്ചും നമുക്കീ ദിനം ധന്യമാക്കാം. മുഹർറം ഒൻപതിനും പത്തിനും നോമ്പനുഷ്ഠിച്ച് പുണ്യം നേടാം. അല്ലാഹു സഹായിക്കട്ടെ. ■


വെള്ളപ്പാണ്ട്
മാറാനും ഇന്നുതന്നെ അറിയാതിരിക്കാനും
ഇന്ത്യയിലെ പ്രമുഖ ഡോക്ടർമാർ അംഗീകരിച്ചതും പ്രധാന പത്രങ്ങളിൽ റിപ്പോർട്ട് ചെയ്തതുമായ
സുവർണ്ണകരണി®
എം.എം. കൃഷ്ണൻ വൈദ്യർ
സുവർണ്ണകരണി വൈദ്യശാല, കളരിക്കണ്ടി, പി.ഒ. പിലാശ്ശേരി, കുന്ദമംഗലം, കോഴിക്കോട്
മെഡിക്കൽ കോളേജിന് സമീപം, വേണാട് ടൂറിസ്റ്റ് ഹോമിലും
ഗുരുവായൂർ അർച്ചനാ ലോഡ്ജിലും വെച്ച് രോഗികളെ പരിശോധിക്കുന്നു.
മദ്യപാനം, പുകവലി– ഫലം കണ്ടാൽ മാത്രം പ്രതിഫലം
Ph : 9847453857
www.vitiligosuvarnakarani
Facebook : vitiligommkrishnan
താരൻ, ചൊറി, രോമം കൊഴിച്ചിൽ, തലവേദന എന്നിവക്ക് ബന്ധപ്പെടുക.

## ഇതാ മർകസ് കോംപ്ലക്സിലും

**കേരളത്തിലാദ്യമായി കോഴിക്കോട് മർകസ് കോംപ്ലക്സിൽ മർകസ് അൽ മർവ (സിൽവർ സിറ്റി) യിൽ അന്താരാഷ്ട്ര നിലവാരമുള്ള വെള്ളി മോതിരങ്ങളുടെയും മോതിരക്കല്ലുകളുടെയും രാജകീയ സദസ്സ് , മാത്രമല്ല വെള്ളി മോതിരങ്ങൾ ഇഷ്ടമുള്ള കല്ലുകൾ തിരഞ്ഞെടുത്ത് അസ്സൽ വെള്ളിയിൽ ഉടനെ നിർമ്മിച്ച് നൽകുന്നു. പഴയ വെള്ളി വിലക്കും മാറ്റത്തിനും എടുക്കുന്നതാണ്.**

**ഹഖീഖ് , ഫന്ന ഹഖീഖ്, യമനി ഹഖീഖ്, ഫൈറൂസ്, ഗോമേതകം, യാക്കൂത്ത്, മർജാൻ, ടോപാസ് , ബ്ലൂസഫയർ, അമസ്തിസ്റ്റ് , കേറ്റ്സ് ഐ, ചന്ദ്രകാന്തം, സിത്താര തുടങ്ങി ഒട്ടനേകം കല്ലുകളുടെ വൻ ശേഖരം.**

**വിദേശ നിർമ്മിതമായ ഊദും ഊദിന്റെ അത്തറുകളും മാത്രമല്ല പരമ്പരാഗതമായ ഇന്ത്യൻ ഊദും അത്തറും മറ്റ് സുഗന്ധ ദ്രവ്യങ്ങളും മൊത്തമായും ചില്ലറയായും മിതമായവിലയിൽ ലഭിക്കുന്ന കേരളത്തിലെ പ്രമുഖ സ്ഥാപനം.**

**ഞങ്ങളുടെ സഹോദര സ്ഥാപനങ്ങൾ**

**അൽമാസ് പെർഫ്യംസ്, കോഴിക്കോട്**
**ഊദ് അൽമാസ്, മർകസ് കോംപ്ലക്സ്**
**അൽ ഫാരിസ്, തിരൂർ ഗൾഫ് മാർക്കറ്റ്**
**അലിഫ്, രാമനാട്ടുകര**

**ഗൾഫിലെയും നാട്ടിലെയും വ്യാപാരികൾ ബന്ധപ്പെടുക**

മോതിരങ്ങൾക്കും മോതിര കല്ലുകൾക്കും: +91 9847596569
ഊദിനും ഊദിന്റെ അത്തറുകൾക്കും മറ്റ് സുഗന്ധ ദ്രവ്യങ്ങൾക്കും : +91 9744089377

'പതിനായിരങ്ങളെ മോതിരമണിയിച്ച പാരമ്പര്യം, വെള്ളിലോഹത്തിന്റെ മനസ്സറിഞ്ഞവർ'

**നിങ്ങൾ വാങ്ങുന്ന മോതിരങ്ങളും മോതിര കല്ലുകളും മർകസ് അൽ മർവ്വ (സിൽവർ സിറ്റി) യിൽ നിന്നാണെന്ന് ഉറപ്പ് വരുത്തുക**

**ഈ കൂപ്പണുമായി വരുന്നവർക്ക് സ്പെഷ്യൽ ഡിസ്കൗണ്ട്**

സെയിൽസ് എക്സിക്യൂട്ടീവിനെ ആവശ്യമുണ്ട് ഉടൻ ബന്ധപ്പെടുക

**മർകസ് അൽ മർവ്വ (സിൽവർ സിറ്റി)**

അപ്പോളോ ഗോൾഡിന് പിൻവശം, മർകസ് കോംപ്ലക്സ്, മാവൂർ റോഡ്, കോഴിക്കോട് 04

**+91 9847596569, +91 9744089377**

യാക്കൂത്തുൻ ഹജറുൻ ലാക്കൽ ഹജരി


# അടുക്കള നുറുങ്ങുകൾ

നമ്മുടെ ആരോഗ്യത്തിന് ഏറെ നല്ലതാണ് പച്ചക്കറികൾ. അത് ഭക്ഷണത്തിൽ ഒഴിവാക്കാനാകാത്തതുമാണ്. ശരീരത്തിന് ആവശ്യമായ ജീവകങ്ങളും മറ്റും പച്ചക്കറികളിൽ അടങ്ങിയിട്ടുണ്ട്.

സാധാരണ ഉപയോഗിക്കുന്ന പല പച്ചക്കറികളും പോഷക സമ്പുഷ്ടവും ആരോഗ്യ സംരക്ഷണത്തിന് ഉപകാരപ്പെടുന്നതാണ്. എന്നാൽ ഇത് നമ്മളാരും തന്നെ പാചകം ചെയ്യുമ്പോഴും, ഭക്ഷണത്തിൽ ഉൾപ്പെടുത്തുമ്പോഴും ഗുണത്തോടെ ചെയ്യുന്നില്ല.

പച്ചക്കറി പാചകം ചെയ്യുംമുമ്പ്

- പച്ചക്കറി അരിയുന്നതിന് മുമ്പെതന്നെ നന്നായി കഴുകുക. അരിഞ്ഞ ശേഷം കഴുകുമ്പോൾ അതിലെ പോഷകങ്ങൾ നഷ്ടപ്പെടുന്നു.

- പച്ചക്കറി കൂടുതൽ സമയം അരിഞ്ഞുവെക്കരുത്.

- കൂടുതൽ സമയം പച്ചക്കറി വേവിക്കരുത്. അതുപോലെത്തന്നെ പാചകം ചെയ്യുമ്പോൾ അടച്ചുവെക്കുക. ചെറിയ രീതിയിൽ വേണം പച്ചക്കറി പാചകം ചെയ്യാൻ. കൂടുതൽ തീയിൽ പാചകം ചെയ്യരുത്.

- കുറേ ദിവസങ്ങൾ കഴിഞ്ഞാൽ പച്ചക്കറികൾ വാടിയത് കാണാം. അത് നമ്മളിൽ പലരും ഉപയോഗിക്കാതെ കളയുന്നു. എന്നാൽ അര മണിക്കൂർ ഉപ്പുവെള്ളത്തിൽ ഇട്ടുവെച്ചാൽ പച്ചക്കറിയുടെ പുതുമ നഷ്ടപ്പെടുന്നില്ല.

- കടല, പരിപ്പ്, പയർ എന്നിവ വാങ്ങുമ്പോൾ ഒരുപാട് വാങ്ങാതെ നമ്മുടെ ആവശ്യത്തിന് കണക്കാക്കി മാത്രം വാങ്ങിക്കുക. വാങ്ങിവെച്ച സാധനങ്ങൾ രണ്ട് മാസത്തിൽ കൂടുതൽ കഴിഞ്ഞാൽ ഉപയോഗിക്കരുത്.

ഇവ പൊളിച്ച് ടിന്നിൽ ഇട്ടുകഴിഞ്ഞാൽ കവറിലെ എക്സ്പരി ഡേറ്റ് മുറിച്ച് എടുത്ത് ആ ടിന്നിൽ സൂക്ഷിക്കാം. എക്സ്പരി ഡേറ്റ് കഴിഞ്ഞ സാധനങ്ങൾ ഉപയോഗിക്കാതിരിക്കുന്നതാണ് ഉത്തമം.

നല്ല ഭക്ഷണ ശീലം പാലിച്ചാൽ തന്നെ പകുതി രോഗങ്ങളും മാറും. എല്ലാ രോഗങ്ങൾക്കുമുള്ള പ്രതിവിധി നമ്മുടെ കൈയ്യിൽ തന്നെ ഉണ്ട്. എന്നാൽ പലപ്പോഴും ആരുംതന്നെ ഓർക്കുന്നില്ല.

സസ്യാഹാരത്തേക്കാൾ കൂടുതൽ മാംസാഹാരം നമ്മളിൽ പലരും ഇഷ്ടപ്പെടുന്നു. എന്നാൽ മാംസാഹാരത്തേക്കാൾ കൂടുതൽ പോഷകമുള്ളതും എളുപ്പത്തിൽ ദഹിക്കുന്നതും ഔഷധഗുണവുമുള്ളതുമാണ് സസ്യാഹാരം. ഇതറിഞ്ഞ് തന്നെ ഇനി മുതൽ വൃത്തിയോടെയും ചിട്ടയോടെയും അതിനേക്കാൾ കൂടുതൽ ശ്രദ്ധയോടെ പച്ചക്കറികളിലെ ഗുണം തിരിച്ചറിഞ്ഞ് പാചകം ചെയ്യുക.

**റസീന ഇൽയാസ്, ചൊറുക്കള**



"രാജകീയ വിഭവങ്ങളുടെ
രുചി ആസ്വദിക്കാൻ
രാജാവാകണമെന്നില്ല"
Cool coffee juices
Snacks Sweets
Cakes Ice Creams
രുചിവൈവിദ്ധ്യങ്ങളുടെ വിസ്മയ
വിരുന്നൊരുക്കാൻ
രുചിയുടെ രാജാക്കൻമാരുടെ
പുതിയ കാൽവെപ്പ്
വിശ്വാസവും രുചിയും
പിന്നെ വിലക്കുറവും
Cm tasty
BAKE & CAFE
Airport Road
IRUPPANTHODI
ഹോൾസെയിൽ & റീട്ടെയിൽ
പാർട്ടി ഓർഡറുകൾ സ്വീകരിക്കുന്നു
9746124683, 9656961112




മുഅല്ലിം - മുതഅല്ലിം വസ്ത്രങ്ങൾ
ഹജ്ജ് - ഉംറ വസ്ത്രങ്ങൾ
ഇസ്‌ലാമിക് ബുക്സ്
മുന്തിയ ഇനം അത്തറുകൾ
നിസ്കാരക്കുപ്പായം, മോതിരം
തൊപ്പികൾ, കഫ് ബട്ടൺസ്
പാദരക്ഷകൾ, ഗൾഫ് ഐറ്റംസ്
ഇസ്‌ലാമിക് ഫ്രെയ്മുകൾ
ജുബ്ബ ടൈലറിംഗ്
സ്കൂൾ, ഓഫീസ് & സ്റ്റേഷനറി
4 in Bazar
മസ്ജിദുന്നജാത്തിന് സമീപം
എടവണ്ണപ്പാറ
96 56 96 11 12
980 980 45 85

കുറിപ്പ് / കെ.പി. ചെറിയകോയ, ചെത്തലത്ത് ദ്വീപ്

# പ്രകൃതിയെന്ന പാഠം



അല്ലാഹുവിന്റെ അനുഗ്രഹമാണ് ജീവിതം. അത് നമ്മുടെ മാത്രം സ്വന്തമല്ല. നമ്മുടെ ജീവിതം അപരനും കൂടിയുള്ളതാണ്. മതവും പഠിപ്പിക്കുന്നത് അതുതന്നെ. സ്വകാത്ത് ജീവിതത്തിലെ നിർബന്ധമാവുന്നതും അതുകൊണ്ടാണ്. പ്രകൃതിയോട് എത്രത്തോളം ചേർന്നുനിൽക്കണമെന്ന് പ്രളയം നമ്മെ പഠിപ്പിച്ചു. മനുഷ്യനും അവന്റെ സംവിധാനങ്ങളും എത്രത്തോളം നിഷ്ഫലമെന്ന് തിരിച്ചറിഞ്ഞ നാളുകൾ. മനുഷ്യൻ സമന്മാരാണെന്ന അനുഭവ പാഠം നാം പഠിച്ചിട്ടുണ്ടാവണം. ഉള്ളവനും ഇല്ലാത്തവനും സമന്മാരാണെന്ന വസ്തുത പുസ്തകങ്ങളിൽ നിന്നും യാഥാർത്ഥ്യത്തിലേക്ക് ഇറങ്ങിവന്ന കാഴ്ച. അതിനി ജീവിതത്തിൽ മറന്നുകൂടാ.

പരസ്പരം പോരടിച്ച് കഴിഞ്ഞിരുന്നവരെ ഒരേ പന്തലിൽ ഒരുമിച്ച് കൂട്ടിയതിൽ നമുക്ക് പഠിക്കാൻ ധാരാളമുണ്ട്. മനുഷ്യനിലെ അഹങ്കാരമാണ് അവനെ എന്നും വഴിനടത്തിയിട്ടുള്ളത്. അഹങ്കാരത്തിന്റെ നിഷ്ഫലത നാം തിരിച്ചറിയണം. അയൽവാസിയെക്കുറിച്ച് ഒന്നും അറിയാതെയും ലോകത്തുള്ളതിനെക്കുറിച്ചെല്ലാമറിയുകയും ചെയ്യുന്ന അറിവിന്റെ അഹങ്കാരം. അകലെയുള്ള ബന്ധുവിനേക്കാൾ അടുത്തുള്ള അയൽവാസിയാണ് നമുക്ക് തുണയേകുക എന്ന തിരിച്ചറിവുണ്ടാവണം.

പ്രകൃതി. അതെന്നും നമുക്ക് പാഠമാവട്ടെ. എല്ലാം നമുക്ക് അധീനപ്പെടുത്തിത്തന്ന റബ്ബിന് അതെല്ലാം നമ്മിൽ നിന്നും എടുത്തുമാറ്റാനും നിമിഷങ്ങൾ മതിയെന്ന തിരിച്ചറിവാണ് വലുത്. മതത്തിനും ജാതിക്കുമപ്പുറം മനുഷ്യനെന്ന യാഥാർത്ഥ്യം നാം തിരിച്ചറിഞ്ഞേ പറ്റൂ. ഒരു സമൂഹത്തിലെ വ്യക്തിത്വങ്ങൾ എത്രത്തോളം പരസ്പരം ആശ്രിതരാണെന്ന അറിവ് നമ്മെ നയിക്കേണ്ടത് നന്മയിലേക്കാണ്. നമ്മുടെ ഭൂമിയുടെ അതിർവരമ്പുകൾ നമ്മുടേതാണെന്ന അഹങ്കാരം മനുഷ്യൻ മാറ്റിയേ മതിയാവൂ. അയൽവാസിയുടെ പറമ്പും പുരയും സംരക്ഷിക്കുകയെന്നത് നമ്മുടെയും കൂടി ബാധ്യതയാണെന്നറിയണം.

മറ്റുള്ളവർക്ക് അത്യാഹിതം സംഭവിക്കുമ്പോൾ അത് നമുക്കല്ലല്ലോ എന്ന് നിസാരവൽക്കരിക്കുന്നവരിൽ നാം പെട്ടുപോകരുത്. ഈ സമൂഹത്തിലെ മറ്റൊരു വിഭാഗത്തിന് വന്ന അത്യാഹിതം നമ്മുടെകൂടി സങ്കടമാവണം. അവരെ മനസുകൊണ്ടുള്ള പ്രാർത്ഥനയിലെങ്കിലും നാം ഉൾക്കൊള്ളിക്കുക. മനുഷ്യൻ എത്രയോ നിസാരനാണെന്ന അവസ്ഥ നാം നേരിൽ കണ്ടു. പ്രകൃതി നമ്മെയത് പഠിപ്പിച്ചു. ഇനിയും മനസ് ഇളകാത്തവരെക്കുറിച്ച് നമുക്ക് ഒന്നും പറയാനില്ല. അവർക്കുപോലും ഇത്തരമൊരു ദുരവസ്ഥ വരുത്തല്ലേ എന്നേ പ്രാർത്ഥിക്കാനുള്ളൂ.

വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും മുന്നിട്ടുനിൽക്കുന്ന കേരളത്തിൽ തന്നെയാണ് ദുരിതമനുഭവിക്കുന്നവരെ എത്രത്തോളം ചൂഷണം ചെയ്യാൻ സാധിക്കുമെന്ന് കണക്കുകൂട്ടുന്ന ഒരുകൂട്ടരും ഒറ്റപ്പെട്ടുപോയ വീടുകളിൽ കവർച്ച നടത്തുന്ന മറ്റൊരു കൂട്ടരെയും നാം കണ്ടത്. ഇതും സാംസ്കാരികമായി മുന്നിട്ടു നിൽക്കുന്ന കേരളത്തിലോ? മനുഷ്യൻ മൃഗമാവുന്നതും മാലാഖയാവുന്നതും നേരിട്ട് കാണുകയോ? ദുരിതാശ്വാസ കേന്ദ്രങ്ങളിൽ കഴിയുന്ന പിഞ്ചുകുഞ്ഞുങ്ങളുടെ മുഖത്തേക്ക് നിങ്ങൾ നോക്കുന്നില്ലേ? നിങ്ങളുടെ കുഞ്ഞാണതെങ്കിൽ നിങ്ങളുടെ മാനസികാവസ്ഥ എന്താവും എന്നാലോചിച്ചുവോ? ദുരിതമനുഭവിക്കുന്ന അമ്മമാർ, പ്രായമായവർ എല്ലാം നമ്മുടെ സ്വന്തക്കാരെന്ന ആലോചന നാം ഒരു നിമിഷം മറന്ന് പോയോ? എല്ലാ സംവിധാനങ്ങളുണ്ടായിട്ടുപോലും അനാഥത്വത്തിലേക്കും ദാരിദ്ര്യത്തിലേക്കും പോയവരെ നമുക്കെങ്ങിനെ കാണാതിരിക്കാനാവും?

ഇനിയുള്ള ദിനങ്ങളാണ് നാം ഒറ്റക്കെട്ടായ് നേരിടേണ്ടത്. എല്ലാം നഷ്ടപ്പെട്ടവർക്ക് തുണയാവേണ്ടത് നമ്മളാണ്. ദുരിതാശ്വാസങ്ങൾക്കായ് സർക്കാർ സംവിധാനങ്ങളെ ആശ്രയിക്കുക. കബളിപ്പിക്കലിൽപ്പെടാതെ, അർഹരായവരിലേക്ക് സമാശ്വാസം എത്തിക്കുന്നതിന് സർക്കാർ നിർദേശങ്ങൾ പാലിക്കുക, സർക്കാർ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുക; അതാണ് വിശ്വാസ്യതയും. ■



പ്രതികരണം / അലി മാകൂൽപീടിക

# ഐക്യം: കാലത്തിന്റെ ആവശ്യം

> **എത്ര മഹല്ലുകളിലാണ് ഇന്നും വൈരത്തിന്റെയും കനലിന്റെയും പക ഉയരുന്നത്. ഒരു ചലനവുമില്ലാതെ എത്ര മഹല്ലുകളാണ് നിശ്ശബ്ദമായത്.**

ഐക്യത്തെക്കുറിച്ച് പൂങ്കാവനം ഒരുക്കിയ ചർച്ച ആശാവഹം തന്നെ. ചർച്ചയിൽ പങ്കെടുക്കുന്നവരുടെ പ്രതികരണങ്ങൾ പ്രതീക്ഷ നൽകുന്നുണ്ട്.

സുന്നി ഐക്യം അനിവാര്യമാണ്. ഐക്യത്തിന് ഒന്നുംതന്നെ തടസ്സമാകരുത്. കാലം ആവശ്യപ്പെടുന്നതും അതാണ്. ഇനിയും മടിച്ചുനിൽക്കുന്നത് ഭൂഷണമല്ല.

തുടക്കം തന്നെ പ്രതീക്ഷ നൽകിയിട്ടുണ്ട്. എട്ടു മാസമായി പൂട്ടിക്കിടന്ന മുടിക്കോട് പള്ളി തുറന്നത് നല്ല തുടക്കമാണ്. പ്രസ്തുത വിഷയം വളരെ സന്തോഷത്തോടെയാണ് സുന്നി കേരളം എതിരേറ്റത്. രണ്ടു വിഭാഗത്തെയും ഒന്നിച്ചിരുത്തുന്നതിന് യത്നിച്ച കെ.ടി. ജലീലിനെയും മറന്നുകൂടാ.

അങ്ങനെ പൂട്ടിക്കിടക്കുന്ന പള്ളികൾ മുഴുവനും തുറക്കട്ടെ. പരസ്പരം ഹൃദയം തുറന്നു സംസാരിക്കട്ടെ. വേദികൾ പങ്കിടട്ടെ.

ഒന്നു തിരിഞ്ഞുനോക്കണം. മഹല്ലുകളിൽ രൂപംകൊണ്ട പ്രശ്നങ്ങളും വിഷമതകളും സുന്നി കേരളം അനുഭവിച്ചതാണ്. കാരണം, കേരളത്തിലെ പ്രബല വിഭാഗമായ സുന്നികൾ രണ്ടു ചേരികളിലായി നിലയുറപ്പിക്കുമ്പോൾ പ്രശ്നങ്ങൾ തീർച്ചയായും ഉണ്ടാകും. അതിന്റെ അനന്തര ഫലമാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്.

ഈ അനൈക്യം സൃഷ്ടിച്ച മുറിവുകൾ ചെറുതല്ല. മഹല്ലുകളും മദ്റസകളും വിഭജിക്കപ്പെട്ടു. കമ്മിറ്റികളിൽ പരസ്പരം പോരടിച്ചു. എത്ര യുവാക്കൾ കൊല്ലപ്പെട്ടു. ഇപ്പോഴും പ്രശ്നങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ധാരാളം മഹല്ലുകളിൽ വികസനം മുരടിച്ചുനിൽക്കുന്നു.

എത്ര മഹല്ലുകളിലാണ് ഇന്നും വൈരത്തിന്റെയും കനലിന്റെയും പക ഉയരുന്നത്. ഒരു ചലനവുമില്ലാതെ എത്ര മഹല്ലുകളാണ് നിശ്ശബ്ദമായത്.

ഭിന്നിപ്പിന്റെ പശ്ചാത്തലത്തെക്കുറിച്ച് ഇനി ചിന്തിക്കുന്നത് പ്രസക്തമല്ല. ചർച്ച നടക്കട്ടെ. സംഘടനകളിലും സ്ഥാപനങ്ങളിലും തട്ടി ചർച്ച നിന്നുപോകരുത്.

പക്ഷെ, ചർച്ചയുടെ തുടക്കത്തിൽ കണ്ട പുരോഗതി ഇപ്പോൾ കാണുന്നില്ല. ചർച്ച മന്ദഗതിയിലേക്കു പോകുന്നതിൽ പ്രയാസമുണ്ട്.

ഒരു വിഷയത്തിന്റെ ചർച്ച നടക്കുമ്പോൾ അതു നിരുത്സാഹപ്പെടുത്തുന്ന പ്രവണത ശരിയല്ല. അതിനു നാം തന്നെ കാരണമാകരുത്.

ഐക്യ ചർച്ചയുടെ ശബ്ദം ഉയരുമ്പോൾ തന്നെ നാം ജോലി തുടങ്ങിക്കഴിഞ്ഞു. ഐക്യത്തെക്കുറിച്ചുള്ള പാട്ടുകൾ, പ്രസംഗങ്ങൾ, അഭിപ്രായ പ്രകടനങ്ങൾ, കഥാപ്രസംഗങ്ങൾ, ചർച്ചകൾ, എന്തിനു വേണ്ടിയാണ് ഈ കോപ്രായങ്ങൾ. ഇതൊക്കെ ഐക്യമായിട്ടു മതി. നാം തന്നെയാണ് കത്തിവക്കുന്നത്.

ഐക്യം നടക്കട്ടെ, സുന്നി ഐക്യം പുലരുമ്പോൾ ക്രെഡിറ്റ് ആഗ്രഹമുള്ളവർ എടുത്തുകൊള്ളട്ടെ. അടുത്ത് നടന്ന പള്ളിക്കര സംഘർഷം ഐക്യത്തിനു വിഘാതമായി വരരുത്. ഐക്യം പൂർത്തിയാകട്ടെ. നല്ല നാളെ പുലരട്ടെ. എന്നിട്ടു നമുക്ക് പാട്ടുപാടാം. പ്രസംഗിക്കാം.

ഐക്യത്തിനു വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ■




സമകാലികം / അബ്ദുള്ള പേരാമ്പ്ര

# പൗരത്വത്തിന്റെ രാഷ്ട്രീയം

ആസ്സാമിൽ നിന്നും നാൽപത് ലക്ഷത്തിലേറെ മനുഷ്യരെ രാജ്യത്തിനു പുറത്തേക്ക് തള്ളിവിടാൻ മോദി സർക്കാർ പ്രഖ്യാപിക്കുമ്പോൾ അദ്ദേഹത്തിന് രാഷ്ട്രീയ ലക്ഷ്യങ്ങൾ ധാരാളമുണ്ടാവും. അതേ രാഷ്ട്രീയം വെച്ചുകൊണ്ടാണ് മോദി നോട്ട് നിരോധനം കൊണ്ടുവന്ന് കോടിക്കണക്കിന് ജനങ്ങളെ കണ്ണീരു കുടിപ്പിച്ചതും നൂറിലേറെ പേരെ കൊലയ്ക്ക് കൊടുത്തതും. വർഷങ്ങളായി ആസ്സാമിന്റെ മണ്ണിൽ ജീവിച്ചവരും പൈതൃകപരമായി ആ മണ്ണിൽ അവകാശമുള്ളവരുമാണ് രാജ്യത്തിന് പുറത്തുപോകാൻ നിർബന്ധിക്കപ്പെട്ടിട്ടുള്ളത്. ഈ അവസരത്തിൽ ആസ്സാമിലെ രണ്ട് പ്രതിഭകളെ ഓർക്കാതെ വയ്യ. അതിലൊന്ന് മഹാനായ ഭുവൻ ഹസാരിക്ക ആയിരുന്നു. അദ്ദേഹത്തിന്റെ പ്രസിദ്ധമായ ഒരു ഗാനമുണ്ട്. 'ഹേ, ജനങ്ങളെ നിങ്ങളുടെ നിലവിളി എന്റെ കാതിൽ പ്രതിധ്വനിക്കുന്നു. നാട് വിട്ടുപോകാൻ വിധിക്കപ്പെട്ട സുഹൃത്തുക്കളെ...' എന്ന പാട്ട് അതിന്റെ പൂർണാർത്ഥത്തിൽ ഇപ്പോഴാണ് കേൾക്കേണ്ടത്. മറ്റൊരു ഗാനം ഇങ്ങനെയാണ്: 'എനിക്കൊരു കറുത്ത മനുഷ്യനെ തരൂ, കറുത്ത രക്തമുള്ള, എനിക്കൊരു വെളുത്ത മനുഷ്യരെ തരൂ, വെളുത്ത രക്തമുള്ള" എന്നിങ്ങനെയാണ് ആ ഗാനം. ഭുവൻ ഹസാരിക്ക ഇന്ന് ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ ഈ അനീതിക്കെതിരെ ആദ്യം ശബ്ദം ഉയർത്തുക അദ്ദേഹമായിരിക്കും. മനുഷ്യ നന്മയ്ക്കു വേണ്ടിയും സമത്വത്തിനു വേണ്ടിയും അത്രയേറെ അദ്ദേഹം പാടിയിട്ടും എഴുതിയിട്ടുമുണ്ട്. മാത്രമല്ല, ഭുവൻ ഹസാരിക്ക ഒരു ആസ്സാംകാരനായിരിക്കെതന്നെ ബംഗാളിയുമായിരുന്നല്ലോ. ആസ്സാം ഭാഷയ്ക്കുതന്നെ ബംഗാൾ ഭാഷയുമായി നല്ല സാമ്യവുമുണ്ട്. നമ്മുടെ മലയാള ഭാഷ എങ്ങനെയാണോ തമിഴ് ഭാഷയുമായി ചേർന്നു നിൽക്കുന്നത്, അതേപോലെ. സൻജിബ് ബറുവയുടെ പ്രസിദ്ധമായ 'ഇന്ത്യ എഗേൻസ്റ്റ് ഇറ്റ്സൾഫ്: ആസ്സാം ആന്റ് ദി പൊളിറ്റിക്സ് ഓഫ് നാഷനാലിറ്റി' എന്ന പുസ്തകവും ഈ കാലത്ത് ചർച്ചയ്ക്കെടുക്കേണ്ടതാണ്.

ആദാന പ്രദാനങ്ങളുടെ ഒരു സംസ്കാരം പണ്ടേ ആസ്സാമിന്റെ പ്രത്യേകതയാണ്. ആസ്സാമിലേക്ക്



മിക്കുന്നത്. നാട്ടുരാജ്യങ്ങളുടെ നാടായ ആസ്സാം നൂറുക്കണക്കിന് ഭാഷകൾകൊണ്ടും സംസ്കാരങ്ങൾ കൊണ്ടും സമ്പന്നമായതാണ്. ചുരുക്കത്തിൽ ഇന്ന് ആസ്സാമിൽ ജീവിക്കുന്നവരെല്ലാം തന്നെ ഒരു അർത്ഥത്തിൽ അല്ലെങ്കിൽ മറ്റൊരർത്ഥത്തിൽ ആ മണ്ണിന് അവകാശപ്പെട്ടവരാണ്.

ആസ്സാമിന്റെ ചരിത്രത്തിൽ നിർണായകമായ അസം മൂവ്മെന്റ് നടക്കുന്നത് 1979-85 കാലഘട്ടത്തിലാണ്. അതിന്റെ ചരിത്രത്തിലേക്ക് ഒന്നു തിരിഞ്ഞുനോക്കേണ്ടതുണ്ട്. ലോവർ ആസ്സാമിലെ ദറാജ് ജില്ലയിലെ മംഗളോദ്യ ലോകസഭയിലേക്ക് നടന്ന 1978-ലെ ഉപതെരഞ്ഞെടുപ്പിൽ വോട്ടർപട്ടികയിൽ കണ്ട നുഴഞ്ഞുകയറ്റം ആസു എന്ന വിദ്യാർത്ഥി സംഘടനയെ പ്രകോപിപ്പിക്കുകയും അവർ ബംഗ്ലാദേശ് കുടിയേറ്റക്കാർക്കെതിരെ തിരിയുകയും ചെയ്തു. അന്ന് ആസ്സാം ഭരിക്കുന്നത് പ്രഫുല്ലകുമാർ മൊഹന്തയാണ്. ഇതിന്റെ തുടർച്ചയായിരുന്നു 1983-ലെ നെല്ലി കൂട്ടക്കൊല. ഇന്ത്യ മാത്രമല്ല, ലോകമൊന്നടങ്കം ഞെട്ടിപ്പോയ ആ നിഷ്കരുണ കൊലയിൽ ഒടുങ്ങിയത് പാവപ്പെട്ട നൂറുക്കണക്കിന് മുസ്‌ലിംകളാണ്. നിരായുധരായിരുന്നു അവർ. ആ സംഭവം വലിയ ഒച്ചപ്പാട് ഉണ്ടാക്കിയതോടെയാണ് കേന്ദ്രസർക്കാർ 1985-ൽ സമരക്കാരുമായി ഒത്തുതീർപ്പിന് വഴങ്ങിയത്. അന്ന് കേന്ദ്രം ഭരിക്കുന്നത് കോൺഗ്രസാണ്. പ്രധാനമന്ത്രി പദത്തിൽ രാജീവ് ഗാന്ധിയും. 1971 മാർച്ച് 24 അർധരാത്രിക്കു ശേഷം ആസ്സാമിലേക്ക് കുടിയേറിയ മുഴുവൻ ബംഗ്ലാദേശികളെയും നാടുകടത്താനായിരുന്നു ആ കരാറിലെ വ്യവസ്ഥ. ഒരർത്ഥത്തിൽ ഇരുകൂട്ടർക്കും സ്വീകാര്യമാവേണ്ടതായിരുന്നു ഈ കരാർ. 1971-ന് മുമ്പ് ആസ്സാമിലേക്ക് കുടിയേറിയവർക്ക് ഈ നിയമം പരിരക്ഷ നൽകി. പക്ഷേ, സംസ്ഥാനത്തും കേന്ദ്രത്തിലും അധികാരം കയ്യാളിയവർ വേണ്ടത്ര ഗൗനിക്കാതെ പോയതിനാൽ പാളിപ്പോയ ഒരു കരാറായി അത് മാറി. 2015-ൽ സുപ്രീം കോടതിക്ക് ഈ വിഷയത്തിൽ ഇടപെടേണ്ടിവരികയും ചെയ്തു.

ആസ്സാമിലെ കുടിയേറ്റക്കാരെ കണ്ടെത്തുന്നതിനു വേണ്ടി പല ശ്രമങ്ങളും പല കാലങ്ങളിലും ഉണ്ടായിട്ടുണ്ട്. ഇത് ആസ്സാമിന്റെ മാത്രം കഥയല്ല, കുടിയേറ്റം ലോകത്ത് എല്ലായിടത്തും സംഭവിക്കുന്ന ഒന്നാണ്. 1947-ലെ ഇന്ത്യാ-പാക് വിഭജന കാലത്ത് ആസ്സാമിലേക്ക് ബംഗ്ലാദേശിൽ നിന്ന് കുടിയേറ്റമുണ്ടായിട്ടുണ്ട്. 1951-ലെ എൻ.ആർ.സി. (നാഷണൽ രജിസ്റ്റർ ഓഫ് സിറ്റി സൺസ്) ആസ്സാമിൽ തങ്ങളുടെ ദൗത്യം ആദ്യമായി നിർവഹിക്കുന്നത്. യഥാർത്ഥ ഇന്ത്യക്കാരെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള എൻ.ആർ.സി.യുടെ പരിശ്രമങ്ങളിൽ ഭൂമി നഷ്ടപ്പെട്ടവരും കുടുംബങ്ങൾ നഷ്ടപ്പെട്ടവരും അനേകമാണ്. വിദ്വേഷത്തിന്റെ രാഷ്ട്രീയമാണ് അന്ന് ആസ്സാമിന്റെ മണ്ണിൽ കുടിയേറിയവരും, ആസ്സാമിൽ നിന്ന് അന്യദേശങ്ങളിലേക്ക് പോയവരും ധാരാളമുണ്ട്. കൊടുത്തും വാങ്ങിയും ജീവിച്ചവരാണ് ആസ്സാംകാർ. നമ്മുടെ കേരളത്തിൽ നിന്നും ഒരു കാലത്ത് ആ നാട്ടിലേക്ക് അന്നം തേടി പോയവർ കുറവായിരുന്നില്ല. വൈലോപ്പിള്ളിയുടെ 'ആസ്സാം പണിക്കാർ' എന്ന പ്രസിദ്ധ കവിത തന്നെ ആ ഒരു ചരിത്രത്തിൽ നിന്നാണ് ഉണ്ടാവുന്നത്. ആസ്സാമിന്റെ പേരു പോലും വിദേശികളുടെ സംഭാവനയാണല്ലോ. ഒഹോം എന്നാണ് ആസ്സാമിന്റെ യഥാർത്ഥ പേര്. പതിമൂന്നാം നൂറ്റാണ്ടിൽ ആസ്സാമിലേക്ക് വന്ന താഫ് വംശജരാണ് ഓഹോം എന്ന പേര് ആ നാട്ടിന് നൽകിയത്. പിന്നീടാണ് ആസ്സാമായി പരിണ

**ആസ്സാമിലെ പൗരത്വ സംബന്ധിയായ പ്രതിസന്ധിയുടെ ഏറ്റവും വലിയ ഇരകൾ ബംഗാളി മുസ്‌ലിംകളാണെന്ന കാര്യത്തിൽ ആർക്കും സംശയം ഉണ്ടാവില്ല. ബി.ജെ.പിയുടെ ജാതി രാഷ്ട്രീയം അതിന്റെ മുഴുവൻ ജാഗ്രതയും ഇവിടെ എടുത്ത് പ്രയോഗിക്കും. അതിന് കൂട്ടുകൂട്ടേണ്ടവരെയെല്ലാം അവർ ചങ്ങാത്തത്തിലാക്കുമെന്ന കാര്യത്തിലും സംശയമില്ല.**

പാകിയത്. എസ്.ആർ.സിയുടെ പരിഷ്കരിച്ച നിയമപ്രകാരം 1951-ൽ ഈ പട്ടികയിൽ ഉൾപ്പെട്ടവരും അവരുടെ പിൻമുറക്കാരുമാണ് യഥാർത്ഥ ആസ്സാംകാരായി വരുന്നത്. അല്ലെങ്കിൽ 1971 മാർച്ച് മാസം അർദ്ധരാത്രിക്ക് മുമ്പ് ആസ്സാമിൽ എത്തിപ്പെട്ടവർ. പന്ത്രണ്ടിൽപരം രേഖകളിൽ എന്തെങ്കിലും ഒന്ന് കൈവശമുള്ളവരാണ് ആസ്സാംകാരെന്ന് ഈ നിയമം പറയുന്നുണ്ട്. പക്ഷേ, കണക്കെടുത്തപ്പോൾ അതിൽ ഉൾപ്പെടാത്ത അനേകായിരങ്ങൾ ഉണ്ടായി എന്നതാണ് വസ്തുത.

പഴയ നിയമങ്ങളുടെ കരടുരേഖ പരിഷ്കരിച്ചാണ് 2018 ജുലൈ 31-ന് പുതിയ പട്ടിക കേന്ദ്രസർക്കാർ പുറത്തുവിടുന്നത്. ഇതിൽ അപാകതകൾ ധാരാളം കണ്ടെത്തുകയുണ്ടായി. എൻ.ആർ.സി. ലിസ്റ്റിൽ അച്ഛനുണ്ടെങ്കിൽ മകനില്ലാത്ത അവസ്ഥ. ഇനി മകനും അച്ഛനുമുണ്ടെങ്കിൽ അമ്മ പുറത്തുനിൽക്കേണ്ട ഗതികേട്. പൗരത്വ പട്ടികയുടെ അന്തിമ കരടിൽ നിന്നും മുൻ മുഖ്യമന്ത്രി പുറത്തായ കഥ ഇതിന്റെ അശാസ്ത്രീയതയെ കൂടുതൽ ബലപ്പെടുത്തുന്നുണ്ട്. ഇന്ത്യയിലെ മുസ്‌ലിം വിഭാഗത്തിൽ നിന്നുള്ള ആദ്യ വനിതാ മുഖ്യമന്ത്രിയായ സൈദ അൻവാറ തൈമൂർ ആണ് പൗരത്വ പട്ടികയിൽ നിന്ന് പുറത്തായ വനിത. 1980 ഡിസംബർ മുതൽ 1981 ജൂൺ വരെ ആസ്സാമിലെ മുഖ്യമന്ത്രിയായിരുന്നു അവ. ഇപ്പോൾ മകന്റെ കൂടെ ഓസ്ട്രേലിയയിൽ കഴിയുകയാണ് സൈദ. ആസ്സാമിലെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നേതാവായിരുന്നു ഇവരെന്ന് കൂടി നാം മനസ്സിലാക്കുക. ഇത് ഒരു ഉദാഹരണം മാത്രമാണ്. മുൻ രാഷ്ട്രപതി ഫക്രുദ്ദീൻ അലി അഹമ്മദിന്റെ ബന്ധുക്കൾ പൗരത്വ പട്ടികയിൽ നിന്ന് പുറത്തായ വിവരം സോഷ്യൽ മീഡിയ ആഘോഷിച്ചതാണ്. 1949-ൽ ആസ്സാമിൽ ജനിച്ച ബാർപേട്ട ജില്ലക്കാരൻ അഖാസോ 1963-ൽ ആസ്സാമിൽ ജനിച്ച മുനീഉൽ റഹ്മാനോ പൗരത്വ പട്ടികയിൽ നിന്ന് പുറത്ത് നിൽക്കേണ്ടിവന്നെങ്കിൽ മറ്റുള്ളവരുടെ കാര്യം എന്ത് പറയാനാണ്.

ബ്രിട്ടീഷ് ഭരണകാലത്ത് ബംഗാളി ഭാഷയെ ഔദ്യോഗിക ഭാഷയായി 1836-ലും 1871-ലും പ്രഖ്യാപിച്ചത് ആസ്സാംകാരും ബംഗാളികളും തമ്മിലുള്ള ഭാഷായുദ്ധത്തിനും വംശീയ കലഹത്തിനും ഇടയാക്കിയത് ചരിത്രമാണ്. ഭിന്നിപ്പിച്ചു ഭരിക്കുക എന്ന ബ്രിട്ടീഷ് തന്ത്രമായിരുന്നു ഇതിന്റെ പിറകിൽ. ബംഗാളികൾ തിങ്ങിത്താമസിക്കുന്ന മൂന്ന് ജില്ലകളിലാണ് ബ്രിട്ടീഷുകാർ കോളനി കാലത്ത് ഇങ്ങനെ ചെയ്തത്. ഇത് ബംഗാളികളെ വേർതിരിച്ചു കാണാൻ ആസ്സാംകാരെ അന്നേ പ്രേരിപ്പിച്ചിട്ടുണ്ട്. അനധികൃത കുടിയേറ്റത്തേയും ഭാഷാ പ്രശ്നത്തേയും മുൻനിർത്തി രാഷ്ട്രീയ ലക്ഷ്യം കാണാൻ അസംഗണ പരിഷത്തും ആസുവും (അഅടഡ) എക്കാലവും ആസ്സാമിൽ ശ്രമിച്ചിട്ടുണ്ട്. പലപ്പോഴും അവർക്ക് പിന്തുണ നൽകാൻ മുഖ്യധാരാ രാഷ്ട്രീയ കക്ഷികളും മൽസരിച്ചിട്ടുണ്ടെന്ന കാര്യത്തിൽ തർക്കം വേണ്ട. അധികാരത്തിനപ്പുറം മനുഷ്യനെ കാണാൻ കഴിയാത്തവരായി ഇവർ തരംതാണ ചരിത്രം ആസ്സാമിന്റെ ഏടുകളിൽ എമ്പാടുമുണ്ട്.

ആസ്സാമിലെ പൗരത്വ സംബന്ധിയായ പ്രതിസന്ധിയുടെ ഏറ്റവും വലിയ ഇരകൾ ബംഗാളി മുസ്‌ലിംകളാണെന്ന കാര്യത്തിൽ ആർക്കും സംശയം ഉണ്ടാവില്ല. ബി.ജെ.പിയുടെ ജാതി രാഷ്ട്രീയം അതിന്റെ മുഴുവൻ ജാഗ്രതയും ഇവിടെ എടുത്ത് പ്രയോഗിക്കും. അതിന് കൂട്ടുകൂട്ടേണ്ടവരെയെല്ലാം അവർ ചങ്ങാത്തത്തിലാക്കുമെന്ന കാര്യത്തിലും സംശയമില്ല. ബോഡോകൾ അതിന് ഒരു ഉദാഹരണം മാത്രം. പ്രത്യേക രാജ്യത്തിനു വേണ്ടി സായുധ രംഗത്തുള്ളവരാണ് ബോഡോ തീവ്രവാദികളെങ്കിലും ഇന്നവർ ഹിന്ദുത്വ രാഷ്ട്രീയത്വത്തിന്റെ ഉറ്റ സുഹൃത്തുക്കളാണ്. കാരണം, പണ്ടേ മുസ്‌ലിം വിരുദ്ധരാണ് ബോർഡോകൾ. അവർ കൊന്നു തള്ളിയ മുസ്‌ലിംകൾക്ക് കയ്യും കണക്കുമില്ല. അർത്ഥം കൊടുത്തും ആയുധം കൊടുത്തും അവരെ തീറ്റിപ്പോറ്റാൻ ഇന്ന് ആസ്സാമിൽ ധാരാളം പേരുണ്ട്. കോക്രജാറിൽ വെച്ച് കൊലചെയ്യപ്പെട്ട ന്യൂനപക്ഷ വിദ്യാർത്ഥി നേതാവ് ലാഫിയ്യുൽ ഇസ്‌ലാമിന്റെ കഥ ഇവിടെ ഓർക്കുക. ന്യൂനപക്ഷ വേട്ടയുടെ ഒരു ഭാഗം മാത്രമായിരുന്നു ഈ കൊല. നെല്ലി കൂട്ടക്കൊലയെ അടിസ്ഥാനപ്പെടുത്തി സുബശ്രീ കൃഷ്ണ 2015-ൽ തയ്യാറാക്കിയ "ണവമ വേേല ഉശലഹറ ്യെലാലായ ല്യ" എന്ന ഡോക്യുമെന്ററി മുസ്‌ലിം വേട്ടയുടെ ഒരു യഥാർത്ഥ ചിത്രം നമുക്ക് മുന്നിൽ തുറന്നിടും.

മോദി സർക്കാറിന്റെ ഒത്താശയോടെ നടന്ന ഇപ്പോഴത്തെ പൗരത്വ പട്ടികയ്ക്കു പിന്നിലെ രാഷ്ട്രീയവും മറ്റൊന്നല്ല. മുസ്‌ലിം വേട്ടയുടെ അദൃശ്യ കണ്ണികൾ അതിനു പിറകിലുണ്ട്. വരാനിരിക്കുന്ന പൊതു തെരഞ്ഞെടുപ്പിൽ ആസ്സാമിൽ നിന്ന് 40 ലക്ഷം പേർക്ക് വോട്ടില്ലാതായാൽ അതിന്റെ ഗുണഭോക്താക്കൾ ബി.ജെ.പിയാണ്. മാത്രവുമല്ല, ഇതിനെ എതിർക്കുന്നപക്ഷം ഭൂരിപക്ഷ ഹിന്ദുക്കളുടെ വോട്ട് ബി.ജെ.പിയുടെ പെട്ടിയിൽ വീഴുമെന്ന് അവർക്ക് നന്നായി അറിയാം. ബംഗാളി സംസാരിക്കുന്ന മുസ്‌ലിംകൾ 'വിദേശികളായി' മാറുന്നതോടെ ചിത്രം കൂടുതൽ വ്യക്തമാകുന്നു. ഇത് മനുഷ്യത്വ പ്രശ്നങ്ങളുടെയോ, മനുഷ്യാവകാശത്തിന്റെയോ വിഷയമല്ല. മറിച്ച് മനുഷ്യ ജീവിതങ്ങൾ തന്നെ ഇല്ലാതാവുന്നതിന്റെ പ്രശ്നമാണ്. രാജ്യമില്ലാതെ അലയാൻ വിധിക്കപ്പെട്ട രോഹിൻഗ്യൻ അഭയാർത്ഥികളെപ്പോലെ നാളെ ഇവരും നാടുകടത്തപ്പെട്ടേക്കാം. കടലിന്റെ വിശാലതയിലേക്ക് അവരെ എടുത്തെറിയുംമുമ്പ് നാം ഉണർന്നേ തീരൂ. യഥാർത്ഥ ജനാധിപത്യത്തിന്റെ സസ്ഥാപനത്തിന് അത്യന്താപേക്ഷികമാണത്. ■

ശാന്തിതീരം



**നിങ്ങളുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾക്ക്**
**ഡോ: താജുദ്ദീൻ(BHMS, MD) മറുപടി പറയുന്നു**

# ആണി രോഗവും ബാല ടീ.ബിയും

**ആണിരോഗത്തിന് ഹോമിയോപതിയിൽ ചികിത്സയുണ്ടോ? ഉണ്ടെങ്കിൽ എത്രകാലംകൊണ്ട് സുഖപ്പെടും?**

പാദങ്ങളിലുണ്ടാകുന്ന ദൃഢമായിട്ടുള്ള തടിപ്പിനെയാണ് CORN അല്ലെങ്കിൽ ആണിരോഗം എന്നു പറയുന്നത്. ആണിരോഗത്തിന് നല്ല ചികിത്സ ഹോമിയോപ്പതിയിൽ ലഭ്യമാണ്. ചില ആളുകളിൽ ആണിരോഗം ഭയങ്കര വേദനാജനകവും അണുബാധയും ഉണ്ടാവാൻ സാധ്യതയുണ്ട്. അഞ്ചാറ് മാസത്തെ ഹോമിയോപ്പതിക് ചികിത്സകൊണ്ട് പൂർണമായും ഭേദപ്പെടുത്താവുന്നതാണ്.

**വിട്ടുമാറാത്ത ചുമ, ജലദോഷം, കഫക്കെട്ട് എന്നിവ അലർജി രോഗത്തിന്റെ ലക്ഷണമാണോ? ഇവയ്ക്ക് ഫലപ്രദമായ ചികിത്സയുണ്ടോ?**

ശ്വാസകോശത്തിന്റെ ഉപരിതലത്തിലുള്ള അണുബാധ കൊണ്ടാണ് (UPPER RESPIRATORY TRACT INFECTION) ഇടവിട്ട് വരുന്ന ചുമയും ജലദോഷവും വരാനുള്ള പ്രധാനപ്പെട്ട കാരണം. അധിക സന്ദർഭങ്ങളിലും വൈറൽ അണുബാധ കൊണ്ടാണ് ഇതുണ്ടാകുന്നത്. ഇതിന് പ്രധാനപ്പെട്ട കാരണം

1. പ്രതിരോധ ശേഷി കുറവ്
2. പോഷകാഹാരക്കുറവ്
3. വായു മലിനീകരണം
4. ആസ്ത്മ
5. ബാല ടീ.ബി (PRIMARY COMPLEX)

കാരണം അടിസ്ഥാനപ്പെടുത്തി ചികിത്സിച്ചാൽ പൂർണമായും ഭേദമാക്കാവുന്നതാണ്.

**കഴുത്തിന്റെ പിറകുവശത്ത് കാണുന്ന കറുത്ത കല ത്വക്ക് രോഗത്തിൽ പെട്ടതാണെങ്കിൽ അതിനുള്ള ചികിത്സയെന്താണ്?**

കറുത്ത കലയും തൊലിപുറമെയുള്ള തടിപ്പും ചൊറിച്ചിലും (Acanthosis Nigricans) എന്ന ത്വക്ക് രോഗം കൊണ്ടോ പ്രമേഹം, അമിതവണ്ണം, ഹോർമോൺ വ്യതിയാനം എന്നിവ കൊണ്ടോ ഉണ്ടാവാൻ സാധ്യതയുണ്ട്. ചില പ്പോഴൊക്കെ വേദനസംഹാരികളുടെ അമിത ഉപയോഗം കൊണ്ടും അലർജി ഗുളിക (Antithistamines) കൊണ്ടും കറുത്ത പാട് ഉണ്ടാകാനുള്ള സാധ്യതയുണ്ട്.

**കുട്ടികളിൽ കണ്ടുവരുന്ന പിടിവാശി, പഠനത്തിൽ ശ്രദ്ധയില്ലായ്മ എന്നിവയ്ക്ക് ഹോമിയോപതിയിൽ എന്ത് ചികിത്സയാണുള്ളത്?**

കുട്ടികളിൽ കണ്ടുവരുന്ന പിടിവാശി, പഠനത്തിൽ ശ്രദ്ധയില്ലായ്മ എന്നിവ (Temper Trantrance) കൊണ്ടോ A.D.H.D Attention Deficit Hyperactivity Diosrder കൊണ്ടോ ആവാം. കാരണം കണ്ടെത്തി അതിനായിട്ടുള്ള ഹോമിയോ മരുന്നുകളും മനശാസ്ത്ര ചികിത്സ അവബോധ പെരുമാറ്റ ചികിത്സ (Cognative Behavioural Theropy) കൊണ്ടും പൂർണമായും ചികിത്സിച്ച് ഭേദമാക്കാവുന്നതാണ്.

ഫോൺ: 9895 110 880

■

കഥ / കെ.എ. റഹീം കുളത്തൂർ

# ഒരു നിറകൺ ചിരി

"പ്ലീസ് സൈലൻസ്"

മാഷ് തന്റെ ചൂരൽ മേശയിൽ അടിച്ചതിന് ശേഷം അടുത്ത പേര് വിളിച്ചു.

"അബു. പി."

പിൻബെഞ്ചിന്റെ അറ്റത്ത് നിന്നും അബു ചാടിയെണീറ്റു മാസ്റ്ററുടെ മുന്നിലെത്തി. ഗോപാലൻ മാസ്റ്റർ കണ്ണടയുടെ ഉള്ളിലൂടെ ചെരിഞ്ഞ് നോക്കി. അവന്റെ കുടുക്കുകൾ പൊട്ടിയ കഷ്ണംവെച്ച് തുന്നിയ ഷർട്ട് മുഷിഞ്ഞിരുന്നു. ബട്ടണില്ലാത്ത ട്രൗസറിന്റെ അറ്റങ്ങൾ കൂട്ടിക്കെട്ടിയതായിരുന്നു. അവനെ കണ്ടപ്പോൾ മാസ്റ്റർക്ക് അവജ്ഞ തോന്നിയെങ്കിലും സ്നേഹം നടിച്ച് ചിരിക്കാൻ ശ്രമിച്ചു. പുതിയ പുസ്തകങ്ങൾ അവന്റെ കയ്യിലേൽപിക്കുമ്പോൾ മാഷ് അരികെ വിളിച്ചു പറഞ്ഞു:

"നല്ലവണ്ണം പഠിക്കണംട്ടോ. പുസ്തകങ്ങൾ പൊതിഞ്ഞ് അഴുക്കാക്കാതെ സൂക്ഷിക്കണം."

അവൻ തല കുലുക്കി. പുതിയ പുസ്തകങ്ങൾ അവനെ ഏൽപിക്കുമ്പോൾ പുസ്തകത്തിന്റെ സുരക്ഷിതത്തെപ്പറ്റി മാസ്റ്റർക്ക് ആശങ്കയുള്ളതു പോലെ തോന്നി.

അവൻ സന്തോഷത്തോടെ പുസ്തകങ്ങൾ വാങ്ങി. നന്നായി മണത്തുനോക്കി. പുത്തൻ പുസ്തകത്തിന്റെ പൂമണം. പിൻബെഞ്ചിൽ പോയി ഇരുന്നു.

രണ്ടാം ക്ലാസിൽ പിൻബെഞ്ച് അവൻ സ്വയം തെരഞ്ഞെടുത്തതാണ്. ഒന്നാം ക്ലാസിൽ അവന്റെ ഉമ്മ ചേർത്തപ്പോൾ അവന്റെ അടുത്ത് മറ്റു കുട്ടികൾ ഇരുന്നില്ല. "ഹേ വൃത്തിയില്ലാത്ത ചെക്കൻ. ഇവനെ മണക്കുന്നു." കുട്ടികൾ അവനെ നോക്കി പറഞ്ഞു.

എന്ത് വൃത്തികേടാണ് തനിക്കുള്ളതെന്ന് അവൻ ചിന്തിച്ചു. താൻ നന്നായി കുളിച്ചിട്ടുണ്ട്. ഉമ്മ നന്നായി അലക്കി ഉണക്കിയ ഷർട്ടും ട്രൗസറുമാണ് താൻ ഉടുത്തത്. പക്ഷെ അവ പഴകിയതും കീറിത്തുന്നിയതുമായിരുന്നു.

ടീച്ചർ അവനെ പിൻബെഞ്ചിലാക്കി. അവന്റെ അയൽവാസി ബാബുവല്ലാതെ ആരും അവന്റെ അടുത്തിരുന്നില്ല. രണ്ടാം ക്ലാസിൽ അവൻ മറ്റാരും പറയാതെ തന്നെ പിൻബെഞ്ചിൽ ഇടംപിടിക്കുകയാണുണ്ടായത്.

കുട്ടികൾ വീണ്ടും ബഹളം വെച്ചു. മാസ്റ്റർ വീണ്ടും തന്റെ ചൂരൽ മേശയിൽ ചുഴറ്റി.

"സൈലൻസ് പ്ലീസ്"

അടുത്ത പേര് മാഷ് വിളിച്ചു. "സുരേഷ്"

അന്ന് പുതിയ തുടക്കമായിരുന്നു. പുതിയ അധ്യയന വർഷത്തിന്റെ തുടക്കം.

രണ്ടാം ക്ലാസിലെ സുകുമാരൻ മാസ്റ്റർ ഇല്ലാത്തതിനാൽ ഹെഡ്മാസ്റ്റർ ഗോപാലൻ മാസ്റ്ററാണ് പുതിയ പുസ്തകങ്ങൾ ക്ലാസിൽ വിതരണം ചെയ്യുന്നത്.

അദ്ദേഹം ഗൗരവത്തിൽ പറഞ്ഞു: "എല്ലാവരും ശ്രദ്ധിക്കണം. ഇന്നുതന്നെ പുസ്തകങ്ങൾ പൊതിഞ്ഞ് നാളെ വൃത്തിയായി കൊണ്ടുവരണം. അല്ലാത്തവർക്ക് നല്ല ശിക്ഷ കിട്ടും."

അന്ന് സ്കൂൾ വിട്ട് എല്ലാവരും വീട്ടിലേക്ക് മടങ്ങിയത് വലിയ സന്തോഷത്തിലായിരുന്നു. അബു തനിക്ക് കിട്ടിയ പുസ്തകങ്ങൾ മാറോട് ചേർത്ത് വീട്ടിലേക്ക് ഓടി. കൂട്ടുകാരെയെല്ലാം പുറകിലാക്കി അവൻ ഓടി. അവന്റെ അടുത്ത കൂട്ടുകാരൻ ബാബു അവനെ വിളിച്ചു. എന്നിട്ടും അവൻ തിരിഞ്ഞു നോക്കാതെ ഓടി. പാടവും പറമ്പും ഇടവഴിയും കടന്ന് ഒരു കുന്നിൻചെരിവിലായിരുന്നു അവന്റെ വീട്.

കുന്നിൻചെരിവിൽ ഓലകൊണ്ട് മേഞ്ഞ ഒരു കൊച്ചു കൂര. വീട്ടിലെത്തിയപ്പോൾ അവിടെ ഉമ്മയില്ല. ഉമ്മ ആടുകളുമായി കുന്നിൻമുകളിലെവിടെയോ ആയിരിക്കും. അതവന് അറിയാമായിരുന്നു.

പുസ്തകങ്ങൾ വീടിന്റെ ഒരു മൂലയിൽ അടുക്കിവെച്ചു. അവ ഉമ്മയെ കാണിക്കാൻ അവന് തിടുക്കമായി. ഉമ്മ തന്ന പൈസ കൊണ്ടാണ് അവൻ പുസ്തകങ്ങൾ വാങ്ങിയിരുന്നത്. വീടിന്റെ ഉമ്മറത്ത് കുന്നിൻചെരിവിലേക്ക് കണ്ണുംനട്ട് അവൻ കാത്തിരുന്നു. ഉമ്മ ഇപ്പോൾ വരുമായിരിക്കും. നേരം ഇരുട്ടിയിരുന്നു. കാർമേഘങ്ങൾ ആകാശത്ത് ഉരുണ്ടുകൂടാൻ തുടങ്ങിയിരുന്നു.

"വേഗം നടക്ക് ആടെ."

ശബ്ദം കേട്ട് അവൻ തിരിഞ്ഞുനോക്കി. ഉമ്മ ആടുകളുമായി കുന്നിൻചെരിവിൽ നിന്നല്ല, താഴെ പാടത്ത് നിന്നാണ് വരുന്നത്.

ഉമ്മയെ കണ്ട ഉടൻ അവൻ അകത്തേക്ക് ഓടി. അവന് സ്കൂളിൽ നിന്ന് കിട്ടിയ പുതിയ പുസ്തകങ്ങൾ ഉമ്മാക്ക് കാണിച്ചുകൊടുത്തു.

ഉമ്മ സന്തോഷത്തോടെ അവനെ വാരിയെടുത്തു ഉമ്മ കൊടുത്തു. "ന്റെ മോൻ പഠിച്ച് വലുതാവണം. ഉമ്മാനെ നോക്കണം."

ഉമ്മ ആടുകളെ കൂട്ടിൽ കെട്ടി. വേഗം വന്നു. അവന് കഞ്ഞി കൊടുത്തു. നേരം ഇരുട്ടിയിരുന്നു. മഴയുടെ തുടക്കമെന്നോണം തണുത്ത കാറ്റ് അവരെ തഴുകി കടന്നുപോയി. ഉമ്മ നിസ്കാരപ്പായയിൽ പ്രാർത്ഥനയിൽ മുഴുകി. കാറ്റിൽ കെടാൻ പോകുന്ന മണ്ണെണ്ണ വിളക്കിന്റെ

വെളിച്ചത്തിൽ അവൻ മദ്റസയിലെയും സ്കൂളിലെയും പാഠങ്ങൾ വായിച്ചു. പുതിയ പുസ്തകങ്ങൾ ഒരു മൂലയിൽ ഒതുക്കിവെച്ചു.

കാറ്റിന് ശക്തി കൂടി. ഇടിമിന്നൽ ഓലപ്പഴുതിലൂടെ വീടിന്നുള്ളിൽ ഒളിമിന്നി.

"അള്ളാ, മഴ പെയ്യുമോ..." ഉമ്മ ആശങ്കയോടെ പറഞ്ഞു.

ആ കൊല്ലത്തെ പുതുമഴയുടെ തുടക്കമായിരുന്നു അത്. നാല് വർഷമായി അവന്റെ വീട് മേഞ്ഞിട്ട്. ഉപ്പ ഉള്ള നാളുകളിൽ എല്ലാ കൊല്ലവും പുര നന്നാക്കാറുണ്ടായിരുന്നു. ഉപ്പ മരിച്ചതിന് ശേഷം ഉമ്മക്ക് അതിന് കഴിഞ്ഞിട്ടില്ല. പുതിയ ഓലയും മേയാൻ പറ്റിയ പുല്ലും ഉമ്മാക്ക് എവിടെനിന്നും കിട്ടിയില്ല. കഴിഞ്ഞ വർഷം തന്നെ വീട് ചോർന്നിരുന്നു. ഇപ്രാവശ്യം അതിലും ചോരും.

ഉമ്മ അവനെ ചേർത്ത് പിടിച്ച് നിലത്ത് വിരിച്ച പായയിലേക്ക് ചെരിഞ്ഞു. എന്നും കിടന്നുറങ്ങുമ്പോൾ ഉമ്മ കഥകൾ പറഞ്ഞുകൊടുക്കാറുള്ളതാണ്. നബിമാരുടെയും മഹാന്മാരുടെയും കഥകൾ. ഇന്ന് കഥകൾ പറഞ്ഞില്ല. പ്രാർത്ഥനകൾ ഉരുവിട്ടുകൊണ്ടേയിരുന്നു. അപ്പോൾ പുരപ്പുറത്ത് മഴ നൃത്തമാടാൻ തുടങ്ങിയിരുന്നു.

മഴ തിമിർത്തു പെയ്യാൻ തുടങ്ങി. പുരക്കുള്ളിലും വെള്ളം ഉറ്റി ഉറ്റി വീണു. ചുമരിലൂടെ വെള്ളം കനിഞ്ഞിറങ്ങി. അവന്റെയും ഉമ്മാന്റെയും ശരീരത്തിലൂടെ മഴത്തുള്ളികൾ ചാലിട്ടൊഴുകി.

നേരം പുലർന്നു. പുരക്കുള്ളിൽ വെള്ളം തളംകെട്ടി നിൽക്കുന്നു. അവന്റെ പുതിയ പുസ്തകങ്ങൾ വെള്ളത്തിൽ മുങ്ങി നനഞ്ഞു കുതിർന്നിരിക്കുന്നു. അവൻ പൊട്ടിക്കരഞ്ഞു. ഉമ്മ അതെടുത്തു. ഓരോ പുസ്തകവും വേർപ്പെടുത്താൻ നോക്കി. ചിലതിന്റെ പേജുകളും ചട്ടകളും വേർപ്പെട്ടു. പുസ്തകങ്ങൾ അടുപ്പിന്റെ തറയിൽ ഉമ്മ ഉണങ്ങാനിട്ടു.

അന്നവൻ കരഞ്ഞ് കലങ്ങിയ മുഖവുമായാണ് സ്കൂളിലേക്ക് പോയത്. എല്ലാ കുട്ടികളും പുതിയ പുസ്തകങ്ങൾ വർണക്കടലാസു കൊണ്ട് പൊതിഞ്ഞിരിക്കുന്നു.



ഹെഡ്മാസ്റ്റർ ചൂരലുമായി ക്ലാസിലേക്ക് വന്നു. പുതിയ പുസ്തകങ്ങൾ പൊതിഞ്ഞ് അയാൾക്ക് കാണണം. പുസ്തകങ്ങൾ പൊതിയാത്തവർക്ക് അയാൾ കൈവെള്ളയിൽ അടി വെച്ചുകൊടുത്തു. അവസാനം അയാൾ ബേക്ക്ബെഞ്ചിൽ അബുവിന്റെ അടുത്തെത്തി.

അവൻ മാസ്റ്ററുടെ മുഖത്തേക്ക് നോക്കി കരഞ്ഞു. അയാളുടെ കൊമ്പൻ മീശ വിറച്ചു. കണ്ണുകൾ തീപന്തം പോലെ കത്തി. "എവിടെയാടാ നിന്റെ പുസ്തകം..?'' അയാൾ അവനെ ആഞ്ഞടിച്ചു. അവൻ വേദനകൊണ്ട് പുളഞ്ഞു.

അവൻ വാവിട്ട് കരഞ്ഞു. അവനെ ക്ലാസിൽ നിന്ന് പുറത്താക്കി.

ക്ലാസ് ടീച്ചർ സുകുമാരൻ മാഷ് അവനെ വിളിച്ചു. അവനോട് അദ്ദേഹം സ്നേഹത്തോടെ ചോദിച്ചു:

"പുസ്തകം എവിടെ?"

അവന് ഒന്നും സംസാരിക്കാൻ കഴിഞ്ഞില്ല. കരഞ്ഞുകൊണ്ടേയിരുന്നു.

''ഇവന്റെ വീടിന്റെ അടുത്ത വീട്ടിൽ നിന്നും വരുന്ന ആരുമില്ലേ ഈ ക്ലാസിൽ..?''

എല്ലാ കുട്ടികളും ബാബുവിനെ നോക്കി. ബാബു എണീറ്റു. "അവന്റെ വീട് പുല്ല് മേഞ്ഞതാണ് സാറെ, ഇന്നലെ രാത്രി പെയ്ത മഴക്ക് വീട് ചോർന്ന് അവന്റെ പുസ്തകങ്ങൾ നനഞ്ഞ് കേടുവന്നുപോയി."

മാഷിന് അവനോട് ദയ തോന്നി. അവനെ ആശ്വസിപ്പിച്ചു. തലയിൽ സ്നേഹത്തോടെ തലോടി. മാഷ് അവനെ ഓഫീസിലേക്ക് കൊണ്ടുപോയി. കാര്യം അറിഞ്ഞ ഹെഡ്മാസ്റ്റർക്ക് അവനെ അടിച്ചതിൽ വലിയ വേദന തോന്നി. ഉടനെ അദ്ദേഹം ഒരു തീരുമാനമെടുത്തു. അവന്റെ വീട് നന്നാക്കാനുള്ള പണം അധ്യാപകരിൽ നിന്നും പിരിച്ചെടുക്കുക.

രണ്ട് ദിവസങ്ങൾക്ക് ശേഷം അവൻ ഉമ്മയെയും കൂട്ടി സ്കൂളിലെത്തി. ഹെഡ്മാസ്റ്റർ അവനുവേണ്ടി പിരിച്ചെടുത്ത വലിയ തുക അവനെ ഏൽപിക്കുമ്പോൾ ഫോട്ടോഗ്രാഫർ അവനോട് ചിരിക്കാൻ പറഞ്ഞു. അപ്പോൾ അവന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. എങ്കിലും അവൻ ചിരിക്കാൻ ശ്രമിച്ചു. ഒരു നിറകൺ ചിരി.

■



നിങ്ങളും സംശയങ്ങളും

ചെറുശ്ശോല ജലീൽ സഖാഫി

# ദീർഘയാത്രയിലെ നിസ്കാരം

**സംശയം: ദീർഘയാത്രയിൽ ളുഹ്റും അസ്വറും മുന്തിച്ച ജംആക്കി നിസ്കരിച്ച ഒരാൾ ആ ളുഹ്റിന്റെ സമയത്ത് തന്നെ നാട്ടിലെത്തിയാൽ വീണ്ടും അസ്വ്ര് നിസ്കരിക്കൽ നിർബന്ധമുണ്ടോ? ഇങ്ങനെ ളുഹ്റിന്റെ സമയത്ത് തന്നെ നാട്ടിലെത്തുമെന്ന് അറിയാമെങ്കിൽ മുന്തിച്ച ജംആക്കൽ അനുവദനീയമാണോ?**

നിവാരണം: മുന്തിച്ചു ജംഅ് ചെയ്യുന്നതിനുള്ള നിബന്ധനകൾ പാലിച്ചുകൊണ്ട് ളുഹ്റും അസ്വ്റും മുന്തിച്ചു ജംആക്കിയതാണെങ്കിൽ പ്രസ്തുത ളുഹ്റും അസ്വ്റും സ്വഹീഹായിരിക്കുന്നു. അതിനാൽ ളുഹ്റിന്റെ സമയത്തുതന്നെ നാട്ടിലെത്തിയാലും അസ്വ്ര് നിസ്കാരം രണ്ടാമത് നിർവഹിക്കേണ്ടതില്ല. ഇമാം ഇബ്നു ഹജർ(റ) എഴുതി: മുന്തിച്ചു ജംആക്കുകയും പിന്നീട് ളുഹ്റിന്റെ സമയത്ത് തന്നെ ലക്ഷ്യസ്ഥലത്ത് പ്രവേശിക്കുകയും ചെയ്താൽ അസ്വ്ര് രണ്ടാമത് നിസ്കരിക്കൽ നിർബന്ധമില്ല (തുഹ്ഫ: 1/438).

രണ്ടാം നിസ്കാരം തുടങ്ങുന്നത് വരെ യാത്ര നിലനിൽക്കണമെന്നതാണ് മുന്തിച്ചു ജംഅ ചെയ്യുന്നതിനുള്ള നിബന്ധന. രണ്ടാം നിസ്കാരത്തിന്റെയോ ഒന്നാം നിസ്കാരത്തിന്റെയോ സമയം അവസാനിക്കുന്നതുവരെ യാത്ര തുടരണമെന്ന നിർബന്ധമില്ല. അതിനാൽ ളുഹ്റിന്റെ വഖ്തിൽ തന്നെ നാട്ടിലെത്തുമെന്നത് മുന്തിച്ചു ജംഅ് ചെയ്യുന്നതിന് തടസ്സമല്ല.

**സംശയം: ഭാര്യക്ക് നികാഹിന് മുമ്പ് അവിഹിത ബന്ധത്തിൽ ജനിച്ച മകൾ ഭർത്താവിന് മഹ്റമാകുമോ? അപ്രകാരം തന്നെ ഭർത്താവിന് വ്യഭിചാരത്തിൽ ജനിച്ച മകൻ ഭാര്യക്ക് മഹ്റമാണോ?**

നിവാരണം: ഭാര്യയുമായി ലൈംഗിക ബന്ധത്തിലേർപ്പെടുന്നതോടെ ഭാര്യയുടെ മകൾ ഭർത്താവിന് മഹ്റമായിത്തീരുമെന്നാണ് ഇസ്ലാമിക നിയമം. ലൈംഗിക ബന്ധത്തിന് മുമ്പ് ഭാര്യയുടെ മകൾ മഹ്റമല്ല. അവിഹിത ബന്ധത്തിലൂടെ ഗർഭം ധരിച്ച് പ്രസവിച്ചാലും പ്രസവിച്ചവളെ മാതാവായി പരിഗണിക്കപ്പെടുമെന്ന് കർമശാസ്ത്ര ഇമാമുകൾ വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ ഭാര്യയുടെ മകൾ എന്നതിൽ അവൾക്ക് വ്യഭിചാരത്തിൽ ജനിച്ച മകളും ഉൾപ്പെടുന്നതാണ്. ഭാര്യയുമായി ലൈംഗിക ബന്ധമുണ്ടായിട്ടുണ്ടെങ്കിൽ അവൾക്ക് അവിഹിത ബന്ധത്തിൽ ജനിച്ച മകളും ഭർത്താവിന് മഹ്റമാകുന്നു.

അതേസമയം വ്യഭിചാരത്തിൽ ജനിച്ച വ്യക്തിക്ക് പിതാവ് ഇല്ല. അവന്റെ ജനനത്തിന് കാരണക്കാരനായ പുരുഷനെ അവന്റെ പിതാവായി അംഗീകരിക്കപ്പെടുകയില്ലെന്ന് ഇസ്ലാമിക പ്രമാണങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ ഭർത്താവിന്റെ വ്യഭിചാരത്തിൽ ജനിച്ചവൻ ഭർത്താവിന്റെ മകൻ അല്ലാത്തതിനാൽ ഭാര്യക്ക് മഹ്റമാകുന്നതല്ല.

**സംശയം: ഞാൻ നിസ്കരിക്കുമ്പോൾ മൂന്നാം റക്അത്താണോ നാലാം റക്അത്താണോ എന്ന് സംശയിച്ചതിനാൽ ഒരു റക്അത്തും കൂടി നിസ്കരിക്കാനായി നിന്നു. അപ്പോൾ നാല് റക്അത്തുകളായിട്ടുണ്ട് എന്ന് എന്റെ മകൾ വിളിച്ചു പറഞ്ഞാൽ എന്തു ചെയ്യണം? ഒരു റക്അത്തും കൂടി**

**നിസ്കരിക്കുകയാണോ വേണ്ടത്? അത്തഹിയ്യാത്തിന് വേണ്ടി ഇരിക്കുകയാണോ വേണ്ടത്?**

നിവാരണം: നാലു റക്അത്തുള്ള നിസ്കാരങ്ങളിൽ നിസ്കരിച്ചത് മൂന്നാണോ നാലാണോ എന്ന് സംശയമാണെങ്കിൽ നാല് റക്അത്തുകൾ നിസ്കരിച്ചു എന്ന ഉറപ്പിനായി ഒരു റക്അത്തും കൂടി നിസ്കരിക്കൽ നിർബന്ധമാണ്. നാലായിട്ടുണ്ടെന്ന് മറ്റൊരാൾ പറയുന്നത് സ്വീകരിക്കാൻ പറ്റില്ല (ഫത്ഹുൽ മുഈൻ, പേജ്: 87).

**സംശയം: ഇഅ്തികാഫിന്റെ ഏറ്റവും ചുരുങ്ങിയ സമയപരിധി എത്രയാണ്? പള്ളിയുടെ ഒരു വാതിലിലൂടെ കടന്നു മറ്റെ വാതിലിലൂടെ പുറത്തിറങ്ങിയാൽ ഇഅ്തികാഫ് ലഭിക്കുമോ?**

നിവാരണം: നിസ്കാരത്തിലെ തുമഅ്നീനത്തിന്റെ (അടക്കം) മിനിമം സമയത്തേക്കാൾ അൽപമെങ്കിലും കൂടുതൽ സമയം താമസിക്കണമെന്നതാണ് ഇഅ്തികാഫിന്റെ നിബന്ധന. ഇപ്രകാരം താമസിക്കാതെ ഒരു വാതിലിലൂടെ കടന്നു മറ്റേ വാതിലിലൂടെ പുറത്തിറങ്ങിയതുകൊണ്ട് ഇഅ്തികാഫ് ലഭിക്കുന്നതല്ല

(തുഹ്ഫ: 3/467).


# Maliyakkal

**DTP | Photostat | Seal**

Online Service
Designing, Offset Printing
Screen printing
Visiting Card, Letter Head
ID Card & Tag, Mug & Glass Print
Balloon Print,
Flex & Cloth Print, etc....

IInd Floor, Room No.6
New Bus Stand Building - Kozhikode 673 004
Maliyakkaldtp@gmail.com
Ph : 9745 48 73 72, 0495 4854319



# മുട്ടുവേദന, നടുവേദന മാറാൻ ചികിത്സ

**പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഉയർന്ന മാർക്ക് വാങ്ങാം. കുട്ടികളില്ലാത്തവർക്ക് വിദഗ്ധമായ ചികിത്സ.**

**തലവേദന(മൈഗ്രേൻ), ഊരവേദന മാറ്റാം**

അംഗലേയ വൈദ്യം കഴിഞ്ഞാൽ ലോകത്ത് കൂടുതൽ ആളുകൾ സ്വീകരിക്കുന്നതും വലിയ പണച്ചിലവോ മരുന്നോ പാർശ്വഫലങ്ങളോ ഇല്ലാതെ അതിവേഗം സുഖം പ്രാപിക്കുന്നതും കൂടുതൽ രാജ്യങ്ങൾ അംഗീകരിച്ചിട്ടുള്ളതുമായ ചികിത്സാരീതിയാണ് അക്യുപങ്ചർ. ഭാരതീയ വേദങ്ങൾ പ്രതിപാദിച്ചിട്ടുണ്ടെങ്കിലും വളർന്നതും വികാസം പ്രാപിച്ചതും ചൈനയിൽ ആയതിനാൽ പരമ്പരാഗത ചൈനീസ് ചികിത്സാ രീതിയായി അറിയപ്പെടുന്നു. പാർശ്വഫലങ്ങൾ ഒന്നും തന്നെയില്ലാതെ ശരീരത്തിലെ ചില മർമ്മസ്ഥാനങ്ങളിൽ കൈവിരൽ കൊണ്ട് തൊടുന്നതിനാൽ രോഗശമനം ഉണ്ടാവുന്നു. ഈ ചികിത്സ എല്ലാ രോഗങ്ങൾക്കും ഫലപ്രദമാണ്. പുറം, കഴുത്ത്, തോൾ, നടു, കാൽമുട്ട്, ഊരവേദനകളും, ചോരക്കുരു, ചൊറി, വെരിക്കോസ് വെയിൻ, കൈകാൽ തരിപ്പ്, തളർച്ച, അമിത ക്ഷീണം, ആർത്രൈറ്റിസ്, റുമാറ്റിസം, ന്യൂറോപ്പതി, കിഡ്നി സ്റ്റോൺ, ഉറക്കക്കുറവ്, ഉറക്കം തൂങ്ങൽ, പൈൽസ്, ഗ്യാസ്ട്രബിൾ, മലബന്ധം, മൈഗ്രേൻ, മെലിച്ചിൽ, അമിത വണ്ണം, അലർജി, ശ്വാസം മുട്ടൽ, യൂറിക്കാസിഡ്, വൃണങ്ങൾ, സ്ത്രീജന്യ രോഗങ്ങൾ, ലൈംഗിക രോഗങ്ങൾ, രക്തസമ്മർദ്ദം, ഹൃദയ രോഗങ്ങൾ, എല്ല് തേയ്മാനം, ചർമ്മരോഗങ്ങൾ, പ്രമേഹം, ടോൺസിലൈറ്റിസ്, കൂർക്കം വലി...

വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക
**കുറ്റ്യാടി** (ശനി): 9745 616 063, 0496 2596732
**കാസർക്കോട്** (ബുധൻ): 9895 014 111
**കണ്ണൂർ** (ബുധൻ): 9895265185, 9895168658
**പയ്യന്നൂർ** (വെള്ളി) - 9961566111
വടകര (വ്യാഴം) : 9446 245 751
**തളിപ്പറമ്പ് യതീംഖാന** (ശനി) : 0460 2202441
**തലശ്ശേരി (ബുധൻ) : 9847534867**
**ബാലുശ്ശേരി** (വെള്ളി) : 8086725581
**ഫറോക്ക്** (തിങ്കൾ) : 8891208533
**മംഗലാപുരം** (ചൊവ്വ) : 09341105842

## യൂണിവേഴ്സിറ്റി കോഴ്സുകൾ

1. സർട്ടിഫിക്കറ്റ് ഇൻ അക്യുപംങ്ചർ സയൻസ് - യോഗ്യത SSLC
2. ഡിപ്ലോമ ഇൻ അക്യുപംങ്ചർ സയൻസ് - യോഗ്യത +2,
3. ഡിഗ്രി B.Sc (Acu) 3 year Course - യോഗ്യത +2,
4. MD (Acu) PG ഡിപ്ലോമ ഇൻ ഹെൽത്ത് സയൻസ് 1 വർഷം - യോഗ്യത : MBBS,DHMS, BUMS, BDS, DDT, GNM, BOT

**അഡ്മിഷന് ബന്ധപ്പെടുക**
**കോഴിക്കോട്: 9961566111, 8289903006**
**കണ്ണൂർ: 8078197005, കാസർഗോഡ്: 8078195916**

എ.കെ. അബ്ദുൽ മജീദ്






# ഹൈദരാബാദ്

'ഹൈദർ' എന്നാൽ സിംഹം എന്നർത്ഥം. 'ബാദ്' നഗരവും. അപ്പോൾ 'ഹൈദരാബാദ്' സിംഹ നഗരമാവുന്നു. ദൈവത്തിന്റെ സിംഹം (അസദുല്ലാഹ്) എന്നു വിശേഷിപ്പിക്കപ്പെട്ട ഹസ്രത് അലി (റ)യാണ് ഈ നഗര നാമത്തിലെ സിംഹം. ഇന്ത്യയിലും പാക്കിസ്താനിലും ഇതേ പേരിൽ ഓരോ നഗരങ്ങളുണ്ട്. പാക്കിസ്താനിലേത് സിന്ധിലാണ്. ഇന്ത്യയിലെ ഹൈദരാബാദ് ആന്ധ്രാപ്രദേശ് സംസ്ഥാനത്തിന്റെ തലസ്ഥാനമായിരുന്നു. ഇപ്പോൾ പുതുതായി രൂപീകരിക്കപ്പെട്ട തെലുങ്കാന സംസ്ഥാനത്തിന്റെ തലസ്ഥാനമാണ്. 650 ചതുരശ്ര കിലോമീറ്റർ വിസ്തീർണമുള്ള ഈ നഗരം മുസി നദിയുടെ തീരത്താണു സ്ഥിതിചെയ്യുന്നത്. ഏകദേശം ഏഴു ദശലക്ഷമാണ് ജനസംഖ്യ. പ്രസിദ്ധമായ ഹുസൈൻ സാഗർ ഉൾപ്പടെ നിരവധി തടാകങ്ങൾ ഈ നഗരത്തിലുണ്ട്.

ഗോൽക്കൊണ്ട ഭരിച്ച ഖുതുബ്ശാഹ് രാജവംശത്തിലെ അഞ്ചാമത്തെ ഭരണാധികാരി മുഹമ്മദ് ഖുലി ഖുതുബ്ശാഹ് (1565-1612) ആണ് 1591-ൽ ഹൈദരാബാദ് നഗരം സ്ഥാപിച്ചത്. ഹൈദരാബാദിന്റെ പ്രതീകമായി മാറിയ ചാർമിനാർ പണികഴിപ്പിച്ചതും ഇദ്ദേഹമാണ്. മുഗളന്മാർ പിടിച്ചടക്കുന്നതുവരെ ഒരു നൂറ്റാണ്ടുകാലം ഖുതുബ്ശാഹ് സുൽത്താന്മാരാൽ ഹൈദരാബാദ് ഭരിച്ചു. 1724-ൽ മുഗൾ സ്ഥാനപതി ആസിഫ്ജാ ഒന്നാമൻ ഹൈദരാബാദിനെ സ്വതന്ത്ര പരമാധികാര രാജ്യമായി പ്രഖ്യാപിക്കുകയും 'നൈസാം' എന്നറിയപ്പെട്ട രാജവംശത്തിനു തുടക്കമിടുകയും ചെയ്തു.

ഹൈദരാബാദിന്റെ വളർച്ചയുടെ ചരിത്രം നൈസാം ഭരണവംശവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ബ്രിട്ടീഷ് രാജിനു കീഴിൽ 150 വർഷക്കാലം ഹൈദരാബാദ് പുത്രികാ രാജ്യമായി നിലകൊണ്ടു. ബ്രിട്ടീഷുകാരുടെ കോയ്മ അംഗീകരിക്കുകയായിരുന്നു നൈസാം. 1947-ലെ വിഭജന വേളയിൽ സ്വതന്ത്ര രാജ്യമായി നിലകൊള്ളാൻ തീരുമാനിച്ച ഹൈദരാബാദിനെ 1948-ൽ പട്ടാള നടപടിയിലൂടെ ഇന്ത്യൻ യൂനിയന്റെ ഭാഗമാക്കി. 1956 മുതൽ ഇന്ത്യൻ പ്രസിഡണ്ടിന്റെ ശൈത്യകാല കാര്യാലയമായ 'രാഷ്ട്രപതി നിലയം' ഹൈദരാബാദിൽ പ്രവർത്തിച്ചുവരുന്നു. ആന്ധ്രാപ്രദേശ് 2014-ൽ രണ്ടു സംസ്ഥാനങ്ങളായി വിഭജിച്ചപ്പോൾ ഹൈദരാബാദ് രണ്ടു സംസ്ഥാനങ്ങളുടെയും തലസ്ഥാനമായി മാറി. തെലുങ്കാനയുടെ ഭാഗമായ

ഹൈദരാബാദായിരിക്കും കരാറനുസരിച്ച് 2025 വരെ ആന്ധ്രാപ്രദേശിന്റെയും തലസ്ഥാനം.

ഹൈദരാബാദ് നഗര നിർമിതിയിൽ സുപ്രധാന പങ്കു വഹിച്ചവരാണ് ഖുതുബ് ശാഹ്, മുഗൾ, നൈസാം ഭരണാധികാരികൾ. മുഹമ്മദ് ഖുലി ഖുതുബ്ശാഹ് നഗരം പണിയുന്നതിനു മുമ്പ് ഗോൽകൊണ്ടയുടെ ഭാഗമായിരുന്നു ഈ പ്രദേശം. നേരത്തെയിത് ചാലുക്യ വംശത്തിന്റെ കീഴിലായിരുന്നു. പതിനൊന്നാം നൂറ്റാണ്ടിൽ ചാലൂക്യർ നാലായി പിരിഞ്ഞതോടെ ഗോൽകൊണ്ട 1158-ൽ കാകതീയ വംശത്തിന്റെ കീഴിലായി. ഇന്നത്തെ ഹൈദരാബാദിന്റെ 148 കിലോമീറ്റർ വടക്കു കിഴക്കായിരുന്നു ഇവരുടെ തലസ്ഥാനമായ വാറംഗൽ. പിന്നീട് ഈ പ്രദേശം ഡൽഹി ഭരിച്ച അലാവുദ്ദീൻ ഖിൽജിയുടെ നിയന്ത്രണത്തിലായി. 1325 മുതൽ 1347 വരെ തുഗ്ലക്ക് വംശത്തിന്റെ കീഴിലായിരുന്നു വാറംഗൽ. ബീമിനി സുൽത്താന്മാരാണ് തുടർന്നിവിടം ഭരിച്ചത്. അവരിൽ നിന്നാണ് മുഹമ്മദ് കല്ലി ഖുതുബ്ശാഹ് ഗോൽക്കൊണ്ടയുടെ നിയന്ത്രണം പിടിച്ചുപറ്റുന്നതും ഹൈദരാബാദ് നഗരം പണിയുന്നതും. 'ഭാഗ്നഗർ' (ഉദ്യാന നഗരം) എന്നായിരുന്നുവത്രെ ഖുതുബ്ശാഹ് നഗരത്തിനു നൽകിയ പേര്. താൻ പ്രണയത്തിയായ 'ബാഗ്മതി' എന്നു പേരുള്ള നർത്തകിയെ ഓർമിക്കാനാണ് സുൽത്താൻ തന്റെ തലസ്ഥാനത്തിന് പ്രസ്തുത പേരു നൽകിയത്. ഭാഗ്മതി പിന്നീട് മുസ്‌ലിമായി ഹൈദർ മഹൽ എന്ന പേരു സ്വീകരിച്ചുവെന്നും നഗര നാമം അതോടെ 'ഹൈദരാബാദ്' എന്നായി എന്നും പറയപ്പെടുന്നു. പഴയ യാത്രാ വിവരണങ്ങളിൽ 'ഭാഗ് നഗർ' എന്ന പേരിൽ ഈ നഗരം പരാമർശിക്കപ്പെട്ടിട്ടുണ്ട്.

ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ മസ്ജിദുകളിലൊന്നായ മക്കാ മസ്ജിദ് പഴയ ഹൈദരാബാദിന്റെ പ്രൗഢി വിളിച്ചോതുന്നു. മക്കാ മസ്ജിദും ചാർമിനാറും ഖുതുബ്ശാഹ് ആണ് പണികഴിപ്പിച്ചത്. മക്കയിൽ നിന്നും കൊണ്ടുവന്ന ഇഷ്ടികകൾ ഉപയോഗിച്ചു മധ്യ കമാനം നിർമിച്ചതിനാലാണ് മസ്ജിദിനു ആ പേരു ലഭിച്ചത്. ഇരുപതിനായിരം പേരെ ഉൾക്കൊള്ളാനുള്ള വിസ്തൃതിയുണ്ട് മക്കാ മസ്ജിദിന്. മസ്ജിദിന്റെ പ്രധാന ഹാളിന് 220 അടി വിസ്താരവും 75 അടി ഉയരവുമുണ്ട്. അതിമനോഹരമായ മേൽക്കൂരയെ 15 കമാനങ്ങൾ താങ്ങിനിർത്തുന്നു. ഹിജ്റ ആയിരാം വർഷത്തിന്റെ ഓർമകൾക്കായി ഖുതുബ്ശാഹ് പണിതതാണ് ഇന്ത്യയുടെ വാസ്തുശിൽപ വിസ്മയങ്ങളിലൊന്നായ ചാർമിനാർ. ചാർമിനാറിനു ചുറ്റുമായാണ് പഴയ ഹൈദരാബാദ് നഗരം വികസിച്ചത്. നൂറ്റി അറുപത് അടിയാണ് മിനാരങ്ങളുടെ ഉയരം. ഗ്രാനൈറ്റ്, ചുണ്ണാമ്പുകല്ല്, മാർബ്ൾ എന്നിവയാണ് പ്രധാന നിർമാണ വസ്തുക്കൾ. ആദ്യം നിർമിച്ചത് ചാർമിനാറാണ്. പിന്നീടാണ് മക്കാ മസ്ജിദ് പണിയുന്നത്. ചാർമിനാറിന്റെ മുകൾ നില മസ്ജിദായാണ് രൂപകൽപന ചെയ്തത്.

തെക്കേ ഇന്ത്യയിലെ ഏറ്റവും വലിയ വ്യാപാര വാണിജ്യ കേന്ദ്രങ്ങളിലൊന്നായി അറിയപ്പെടുന്ന ഹൈദരാബാദ് ഇന്ന് ഇന്ത്യയുടെ ഐ.ടി. തലസ്ഥാനമായി മാറ്റിയിരിക്കുന്നു. ഐ.ടി. (ഇൻഫർമേഷൻ ടെക്നോളജി) യാണ് നഗരത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകളിലൊന്ന്. ടൂറിസവും വൻതോതിൽ വികസിച്ചിരിക്കുന്നു.

ഹൈദരാബാദിലെ ദാറുശ്ശിഫയിൽ സ്ഥിതിചെയ്യുന്ന സാലാർജംഗ് മ്യൂസിയം അറിവുകളുടെയും അത്ഭുതങ്ങളുടെയും ഒരു വിസ്മയ ലോകമാണ്. വാസ്തുശിൽപങ്ങൾ, ചിത്രങ്ങൾ, പാത്രങ്ങൾ, ആയുധങ്ങൾ, പരവതാനികൾ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മര ഉരുപ്പടികൾ, ക്ലോക്കുകൾ, നാണയങ്ങൾ, കരകൗശല വസ്തുക്കൾ, ചരിത്രശേഷിപ്പുകൾ തുടങ്ങി ദശലക്ഷം വരുന്ന പ്രദർശന വസ്തുക്കളുള്ള സാലാർജംഗ് മ്യൂസിയം ലോകത്തിലെ തന്നെ ഏറ്റവും വലിയ മ്യൂസിയങ്ങളിൽ ഒന്നാകുന്നു. ഒരു വ്യക്തിയുടെ ലോകത്തിലെ ഏറ്റവും വലിയ പുരാവസ്തു ശേഖരം ഈ മ്യൂസിയമാണ്. ഹൈദരാബാദിലെ ഏഴാമത്തെ നൈസാമിന്റെ പ്രധാനമന്ത്രിയായിരുന്ന നവാബ് മീർ അലി ഖാൻ സാലാർ ജംഗ് മൂന്നാമൻ (1889-1949) മുപ്പത്തിയഞ്ച് വർഷം തന്റെ വരുമാനത്തിന്റെ സിംഹഭാഗവും ചെലവഴിച്ച് ഈ മ്യൂസിയം ഒരുക്കിയത്.

മുഗൾ വംശത്തിന്റെ പതന ശേഷം ഇന്ത്യയിലെ പ്രധാന സാംസ്കാരിക നഗരമായി ശേഷിച്ചത് ഹൈദരാബാദ് ആണ്. കലാകാരന്മാരും നിർമാണ വിദഗ്ധരും പണ്ഡിതന്മാരും ഹൈദരാബാദിലേക്ക് ചേക്കേറി. നിരവധി ഇസ്‌ലാമിക കലാലയങ്ങൾ ഹൈദരാബാദിലുണ്ട്. ■

TIPS

## തലവേദന

മല്ലിയില, പുതിനയില, മൈലാഞ്ചിയില ഇവയിൽ ഏതെങ്കിലുമൊന്ന് അരച്ച് നെറ്റിയിൽ പുരട്ടുക



# നിസ്കാരം കഴിഞ്ഞാൽ

നിസ്കാരം കഴിഞ്ഞയുടനെ സുന്നത്തായ ചില കാര്യങ്ങളുണ്ട്. ദിക്റും ദുആഉം ഉപേക്ഷിക്കരുത്. ധൃതിയിൽ പോവേണ്ടതുണ്ടെങ്കിൽ തന്നെ യാത്രയിൽ ദിക്റ് ദുആ നിർവഹിക്കാവുന്നതാണ്. ഇമാമിനെ തുടർന്ന് നിസ്കരിക്കുന്നവർ അതേ സ്ഥലത്തു ഇരുന്നുകൊണ്ട് തന്നെ ഇവ നിർവഹിക്കലാണ് ഉത്തമം. ഇമാമിന്റെ വലതുഭാഗം മഅ്മൂമുകളിലേക്കും ഇടതുഭാഗം ഖിബ്‌ലയിലേക്കുമായി തിരിഞ്ഞിരിക്കുന്ന നമ്മുടെ നാട്ടിലെ രീതിയും ശ്രേഷ്ഠതയുള്ളതാണ്.

സലാം വീട്ടിയ ഉടനെ മൂന്നു പ്രാവശ്യം 'അസ്തഅ്ഫിറുല്ലാഹൽ അളീം' ചൊല്ലുന്നത്, നിസ്കാരത്തിൽ വന്ന അപാകതകൾ അല്ലാഹുവേ നീ പൊറുത്തു തരണേ എന്ന ഉദ്ദേശ്യത്തിലും കൂടിയാണ്.



അൽഖദീം, അൽകരീം, അർറഹീം അല്ലദീ ലാ ഇലാഹ ഇല്ലാഹുവൽ ഹയ്യുൽ ഖയ്യൂം എന്നിങ്ങനെ അല്ലാഹുവിനെ പുകഴ്ത്തിക്കൊണ്ടാണ് ദിക്റ് തുടരുന്നത്. 'അല്ലാഹുമ്മ ലാ മാനിഅ ലിമാ അഅ്തയ്ത, വലാ മുഅ്ത്വിയ ലിമാ മനഅ്ത, വലാ റാദ്ദ ലിമാ ഖളയ്ത, വലാ മുബദ്ദില ലിമാ ഹകമ്ത, വലാ യൻഫഉദൽ ജദ്ദി മിൻകൽ ജദ്ദി' എന്നിങ്ങനെയുള്ള ദിക്റിനു ശേഷം ആയതുൽ കുർസി ഓതുന്നു. ഫർളു നിസ്കാരങ്ങൾക്കു ശേഷം ആയതുൽ കുർസി ഓതുന്നതിന്റെ മഹത്വം തിരുനബി(സ്വ) എടുത്തു പറഞ്ഞിട്ടുണ്ട്. 'സ്വർഗ പ്രവേശത്തിനുള്ള തടസ്സം മരണം മാത്രമാണെന്ന' തിരുവചനം ശ്രദ്ധേയമാണ്.

സ്വുബ്ഹി, മഗ്‌രിബ് നിസ്കാരങ്ങളിൽ നിന്ന് സലാം വീട്ടിയ ഉടനെ അതേ ഇരുത്തത്തിൽ ഇരുന്ന് ചൊല്ലേണ്ട ദിക്റുകളാണ് 'ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീകലഹു ലഹുൽ മുൽകു വലഹുൽ ഹംദു യുഹ്‌യീ വയുമീതു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ' എന്നതും 'അല്ലാഹുമ്മ അജിർനീ മിനന്നാർ' എന്നതും. ആദ്യത്തേത് പത്തും രണ്ടാമത്തേത് ഏഴു പ്രാവശ്യവുമാണ് ചൊല്ലേണ്ടത്. ഇതിനു ശേഷമാണ് 'അസ്തഅ്ഫിറുല്ലാഹൽ അളീം' എന്ന പതിവു ദിക്റിലേക്കു പ്രവേശിക്കേണ്ടത്. സ്വുബ്ഹിയുടെ ശേഷം 'അല്ലാഹുമ്മ അജിർനീ മിനന്നാർ' എന്ന് ഏഴു പ്രാവശ്യം ചൊല്ലുന്നവർ ആ പകലിൽ മരണപ്പെട്ടാൽ നരകവിമുക്തരായിരിക്കും, മഗ്‌രിബിനു ശേഷം ചൊല്ലിയവർ മരണപ്പെട്ടാൽ ആ രാത്രിയിലും ഇപ്രകാരം തന്നെ എന്ന് നബി(സ്വ) പറഞ്ഞിട്ടുണ്ട്.

അടുക്കളയിൽ ധൃതിയിൽ പ്രവേശിക്കേണ്ടവർ ഓർക്കുക; നിസ്കാര ശേഷമുള്ള ദിക്ർ, ദുആകൾ ഉപേ

ക്ഷിക്കരുത്. ജോലിയിൽ തുടരുമ്പോഴും ഇതു ചെയ്യാവുന്നതാണ്. (കഴിയുന്നതും നിസ്കാര സ്ഥലത്തിരുന്നു തന്നെ ചെയ്യേണ്ടതാണ്). ഇസ്തിരിയിടുമ്പോഴും സൂറത്തു യാസീൻ ഓതുന്ന ഒരു സുഹൃത്തിനെക്കണ്ടത് ഖത്തറിൽ നിന്നാണ്. പുതുപൊന്നാനിക്കാരൻ യൂസുഫിന് സ്വുബ്ഹിക്കു ശേഷമുള്ള യാസീൻ പാരായണം ചെറുപ്പത്തിലേയുള്ള ശീലമാണ്. ജോലിസ്ഥലത്ത് പെട്ടെന്ന് എത്തേണ്ടതുകൊണ്ട്, ഇസ്തിരിയിടലും ഓത്തും ഒപ്പമാണ് നടക്കുന്നത്. ഇസ്തിരിയിലെ ശ്രദ്ധ തെറ്റാതെ ഓതാൻ സാധിക്കുന്നത് ഒരു കഴിവുതന്നെയാണ്. എത്ര തിരക്കുണ്ടെങ്കിലും ദിക്ര് ദുആകൾ മുടക്കരുത് എന്ന് സൂചിപ്പിക്കാനാണ് ഇതു പറഞ്ഞത്. നിസ്കാരം നിർവഹിക്കുന്നതോടെ ഫർള് എന്ന കടമ വീടുമെങ്കിലും, സുന്നത്തുകൾ നിർവഹിക്കുമ്പോൾ കൂടിയാണ് യഥാർത്ഥ പൂർണത ലഭിക്കുന്നത്. ആയതുൽ കുർസിക്കു ശേഷമാണ് സുബ്ഹാനല്ലാഹ്, അൽഹംദുലില്ലാഹ്, അല്ലാഹു അക്ബർ തുടങ്ങിയവ ചൊല്ലുന്നത്. 33 വീതം ഉരുവിടുമ്പോൾ അക്ഷരങ്ങൾ തെറ്റിക്കരുത്. വെറും 'സൂ, സൂ' എന്നു പറയുന്ന തസ്ബീഹ് കൊണ്ട് യഥാർത്ഥ ഫലം ലഭിക്കില്ലെന്നോർക്കുക. തെറ്റി ഉച്ചരിക്കുന്ന അക്ഷരങ്ങൾ വിപരീത ഫലമാണുണ്ടാക്കുക.

ദിക്റുകൾക്കു ശേഷം ദുആയിൽ പ്രവേശിക്കുന്നു. ഇത് ഒരു മര്യാദയാണ്. പ്രാർത്ഥനക്ക് ഉത്തരം കിട്ടാൻ കാരണവുമാണ്. 'എന്നോടു ചോദിക്കൂ, ഞാൻ ഉത്തരം നൽകാം' എന്ന് അല്ലാഹു പറഞ്ഞിട്ടുണ്ട്. ഉത്തരം നൽകാൻ കഴിവുള്ളവനുമാണ് അല്ലാഹു. എങ്കിലും മര്യാദകൾ പാലിക്കേണ്ടത് ഓരോരുത്തരുടെയും കടമയാണല്ലോ! നിസ്കാരശേഷം പ്രാർത്ഥനക്ക് ഉത്തരം കിട്ടാൻ കൂടുതൽ സാധ്യതയുള്ള സമയമാണ്. ആ പ്രാർത്ഥന നിയമം തെറ്റിച്ചാവുമ്പോൾ നഷ്ടത്തിലേ കലാശിക്കൂ...

അബൂഉമാമ(റ) പറഞ്ഞതായി ഇമാം തിർമുദി റിപ്പോർട്ടു ചെയ്യുന്നു: "ഏത് ദുആയാണ് ഉത്തരം ലഭിക്കാൻ കൂടുതൽ എളുപ്പമെന്ന് നബി(സ്വ) യോട് ചോദിച്ചു. നബി(സ്വ) പറഞ്ഞു: "അർധരാത്രിയും ഫർള് നിസ്കാരങ്ങളുടെ ഉടനെയും ചെയ്യുന്ന ദുആകൾ."

നിസ്കാരശേഷം ദിക്റ് ചൊല്ലുന്നതിനെക്കുറിച്ച് ഇമാം ശാഫിഈ(റ) 'അൽഉമ്മ്' എന്ന ഗ്രന്ഥത്തിൽ പറയുന്നത് ഇങ്ങനെ: "നിസ്കാരത്തിൽ നിന്ന് സലാം വീട്ടിയാൽ ഇമാമും മഅ്മൂമും പതുക്കെ ദിക്റ് ചൊല്ലണമെന്നാണ് എന്റെ അഭിപ്രായം. എന്നാൽ മറ്റുള്ളവരെ പഠിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഇമാം അവർ പഠിച്ചിരിക്കുന്നുവെന്ന് ബോധ്യപ്പെടുന്നതുവരെ ഉറക്കെയും പിന്നെ പതുക്കെയും ചൊല്ലാം. 'നിന്റെ പ്രാർത്ഥന അത്യുച്ചത്തിലോ വളരെ പതുക്കെയോ ആക്കരുത്' എന്ന് അല്ലാഹു പറഞ്ഞിട്ടുണ്ട്."

പ്രാർത്ഥനയുടെ തുടക്കം ഹംദ്, സ്വലാത്ത് എന്നിവകൊണ്ടാവൽ സുന്നത്താണ്. അവസാനിപ്പിക്കലും തഥൈവ. ഇമാമിന്റെ ദുആ കേൾക്കുന്ന മഅ്മൂം അതവന് ഹൃദിസ്ഥമാണെങ്കിൽ പോലും ആമീൻ പറയൽ സുന്നത്താണ്.

പ്രാർത്ഥിക്കുമ്പോൾ പലരും പല രീതിയിലാണ് കൈ പിടിക്കുന്നത്. പ്രാർത്ഥനയുടെ മർമം അറിയാത്തതു പോലെ കൈ അലക്ഷ്യമായി വെക്കുന്നവരുമുണ്ട്. ചിലരുടെ കൈകൾ ദേഹത്തും തലമുടിയിലും ഈ സമയം അലസഗമനം നടത്തുന്നു. പ്രാർത്ഥനയുടെ ഗൗരവം അറിയാത്തതുകൊണ്ടാണ് ഇങ്ങനെ ചെയ്യുന്നത്. ഇരുകൈകളും ചുമലിന്റെ നേരെ ഉയർത്തൽ സുന്നത്താണെന്ന് മറക്കരുത്. പ്രാർത്ഥന കഴിഞ്ഞ് കൈകൾ കൊണ്ട് മുഖം തടവുന്നതും സുന്നത്തുണ്ട്. ഖിബ്ലക്ക് അഭിമുഖമായി ഇരിക്കലും ഇപ്രകാരം തന്നെ.

കൂട്ടുപ്രാർത്ഥനയുടെ ഒരു ഗുണം, ഇമാം പ്രാർത്ഥിക്കുന്ന എല്ലാ കാര്യങ്ങൾക്കുമുള്ള പ്രതിഫലം ആമീൻ പറയൽ കൊണ്ട് മഅ്മൂമിനും ലഭിക്കും എന്നതാണ്. 'പ്രാർത്ഥിക്കുന്നവനും ആമീൻ പറയുന്നവനും തുല്യ പ്രതിഫലമാണെന്ന' നബിവചനം ശ്രദ്ധേയമാണ്. ബഹുവചനമായി വന്ന ഖുർആനിലെ ദുആകൾ അങ്ങനെത്തന്നെ പ്രയോഗിക്കേണ്ടതാണ്. 'റബ്ബനാ ആതിനാ ഫിദ്ദുൻയാ...' എന്നിത്യാധിയുള്ള പ്രാർത്ഥനകളിൽ ഇരുലോകത്തെയും കാര്യങ്ങൾ അടങ്ങിയിട്ടുണ്ടല്ലോ. 'മഅ്മൂമുകളെ ഉൾപ്പെടുത്താതെ ഇമാം ഒറ്റക്കു ദുആ ചെയ്യുന്നത് അവരെ വഞ്ചിക്കലാണെന്ന' വചനവും ഇതോടൊപ്പം ചേർത്തു വായിക്കേണ്ടതാണ്.

ഒറ്റക്കു നിസ്കരിക്കുന്നവരും ദുആ ഒഴിവാക്കരുത്. അതൊരു ശീലമാക്കുക തന്നെ വേണം. തന്റെയും കുടുംബത്തിന്റെയും സർവ കാര്യങ്ങളും പ്രപഞ്ചനാഥനോട് തുറന്നു പറയുവാനുള്ള സുവർണാവസരം, അത് സ്വീകരിക്കാൻ ഏറ്റവും സാധ്യതയുള്ള സമയം... നഷ്ടപ്പെടുത്തുന്നത് തീരാ നഷ്ടമല്ലാതെ മറ്റെന്ത്?

മനസ്സിന്റെ വ്യാകുലതകൾ തീരാൻ പ്രാർത്ഥനയേക്കാൾ നല്ല മരുന്നില്ല. ആരാധനതന്നെ പ്രാർത്ഥനയാണ്. ഏത് ആരാധനയിലും പ്രാർത്ഥനയുണ്ട്. പ്രശ്നങ്ങളെല്ലാം അല്ലാഹുവിന്റെ മുന്നിൽ സമർപ്പിക്കുമ്പോൾ മനസ്സിനു ലഭിക്കുന്ന ഉന്മേഷം ചെറുതല്ല. ഒരു പ്രാർത്ഥനയും വെറുതെയാവില്ല. ചിലതിന് വൈകിക്കിട്ടുന്ന ഉത്തരമായിരിക്കും ഗുണകരം. മറ്റു ചിലതിന് ഫലപ്രാപ്തി കിട്ടാത്തതായിരിക്കും നല്ലത്. എല്ലാം അറിയുന്നവൻ അല്ലാഹു. എല്ലാ പ്രാർത്ഥനക്കും പരലോകത്ത് പ്രതിഫലമുണ്ടെന്നത് അവിതർക്കിതം. അതിനാൽ പ്രാർത്ഥന എന്ന പരിചകൊണ്ട് സർവ നാശങ്ങളെയും നാം പ്രതിരോധിക്കുക. അല്ലാഹു തുണക്കട്ടെ, ആമീൻ. ■

നോവൽ-5

ഫവാസ് പുതുപ്പറമ്പ്

# മമ്മദിന്റെ കല്യാണം

മമ്മദിന്റെ കല്യാണം കഴിഞ്ഞു. അബ്ദുവും ഹസീനയും തമ്മിലുള്ള ബന്ധം ഹാജി അറിഞ്ഞതിന് ശേഷം പിന്നീട് അവന്റെ കല്യാണസംബന്ധമായോ മറ്റോ ആരും ഒന്നും ആ വീട്ടിൽ സംസാരിച്ചില്ല. ആയിശുമ്മ ഒന്ന് രണ്ട് തവണ അതോർമ്മിപ്പിച്ചുവെങ്കിലും അലവി ഹാജി മൂർച്ചയുള്ള നോട്ടം നോക്കി അതടക്കി. ദുബായിലേക്ക് മടങ്ങിപ്പോവേണ്ട സമയമടുത്തതിനാൽ മമ്മദിന്റെ കല്യാണത്തിന് തിയ്യതി നിശ്ചയിക്കുകയും നാട്ടുകാർ മുഴുവൻ അതിൽ സംബന്ധിക്കുകയും ചെയ്തു. ഒരാൾ മാത്രം വന്നില്ല. ഹസീന...!

എന്ത്യേ കല്യാണത്തിന് വരാതിരുന്നത്...?

ഒന്നൂല്യ..., ഇനിയും കല്യാണം ണ്ടാവുമല്ലോ, അപ്പോ വരാം...!

ഉമ്മ കല്യാണത്തിന് വിളിച്ചില്ലേ...?

ഒും, വിളിച്ചു...

എന്നിട്ട്...?

ഊ ഉം...

ഉമ്മാക്കെങ്ങനെയുണ്ട് ?

അ് ആ, സുഖംണ്ട്...

ഒരു തണുത്ത കാറ്റ് വീശി. അലക്കു കല്ലിനടുത്തുള്ള വാഴയുടെ ഇല ഹസീനയെ തലോടി. അവൾ തലയിലെ തട്ടത്തിന്റെ അഗ്രം കൊണ്ട് മുഖം പാതി മറച്ചുനിന്നു.

ഞാൻ തിരിച്ചു പോവ്വാണ് - അബ്ദുവിന്റെ ശബ്ദമിടറി.

മൗനം...!

അടുത്ത വരവ് വരെ ഹസീന കാത്തിരിക്കൂ, ഞാൻ ഹസീനയെ മാത്രേ കല്യാണം കഴിക്കൂ...

പ്രതികരണമില്ല. എന്ത് പ്രതികരിക്കാൻ. ഏതാനും നിമിഷം അങ്ങനെ നിന്നതിന് ശേഷം അബ്ദു തിരിഞ്ഞു നടന്നു.

അബ്ദുക്കാ... - അതൊരു തേങ്ങലായിരുന്നു.

അബ്ദു നിന്നു. തിരിഞ്ഞു നോക്കി. അവളുടെ കണ്ണുകൾ സജലങ്ങളായിരുന്നു. നിറഞ്ഞൊഴുകിയ കണ്ണുകൾ തട്ടത്തിന്റെ തലപ്പ് കൊണ്ട് അവൾ തുവർത്തി.

നിറഞ്ഞ കണ്ണുകൾ പരസ്പരം യാത്ര പറഞ്ഞു. അബ്ദു വേഗത്തിൽ വീട്ടിലേക്ക് നടന്നു. ഹസീന കലങ്ങിയ കണ്ണിലൂടെ ആ പോക്ക് നോക്കി നിന്നു.


***

കല്യാണം കഴിഞ്ഞ് മൂന്നാഴ്ച്ചക്കുള്ളിൽ തന്നെ തിരിച്ചുപോകുന്നതിൽ മമ്മദിന് അതിയായ സങ്കടമുണ്ടായിരുന്നു. പുതുപെണ്ണ് ഖദീജക്ക് കരച്ചിലടക്കാനായില്ല.

ഹസീനയെ കല്യാണം കഴിക്കാതെ പോകേണ്ടി വന്നതിൽ അബ്ദുവിന്റെ ഹൃദയത്തിലും നീറ്റലുണ്ട്. പക്ഷെ, അത് പുറത്ത് പ്രകടപ്പിക്കാതെ അബ്ദു യാത്ര പറച്ചിലുകളും മറ്റും ഭംഗിയായി നിർവ്വഹിച്ചു.

എല്ലാവരും എത്തിയിരുന്നു. സുബൈദയും കുൽസുവും ആസ്യയും അവരുടെ ഭർത്താക്കന്മാരും കുട്ടികളും പിന്നെ, മമ്മദിന്റെ ഭാര്യാവീട്ടിൽ നിന്ന് ഉപ്പയും ഉമ്മയും ഒരു സഹോദരനും.

ളുഹ്ര് നിസ്ക്കാരം കഴിഞ്ഞ് മൊയ്തീൻ മൊല്ലയുടെ നേതൃത്വത്തിൽ മൗലിദ് ചൊല്ലി, ഭക്ഷണം



പുറപ്പെട്ടത്. അബ്ദു യാത്ര പറയുമ്പോൾ അലവിഹാജിയുടെ കണ്ണ് നിറഞ്ഞു. വാതിലിന് പിറകിൽ നിൽക്കുന്ന ആയിശുമ്മയുടെയും.

ഞങ്ങൾ പോയി വരാം...!

എയർപോർട്ടിലേക്ക് ഇബ്രാഹിം കുട്ടിയും സുബൈറും അവരുടെ കൂടെ പോയി. ചൂടിക്കയർ കൊണ്ട് വരിഞ്ഞു കെട്ടിയ പെട്ടിയും ചുമന്ന് ഇളകിയിളകി പോകുന്ന ജീപ്പും നോക്കി നാല് മനസ്സുകൾ നെടുവീർപ്പിട്ടു. രണ്ടെണ്ണം ചാക്കീരിപ്പറമ്പ് തറവാട്ടിലെ മാളികമുകളിലെ മമ്മദിന്റെ മണിയറയിൽ നിന്ന്. രണ്ടെണ്ണം മുള്ളുവേലിക്കിപ്പുറത്തെ വാഴ മരച്ചോട്ടിൽ നിന്നും. പ്രധാന നിരത്തിലേക്ക് കയറുന്നത് വരെ നാല്കണ്ണുകൾ ആ വാഹനത്തെ പിന്തുടർന്നു.

***



ഒരു വെള്ള കാർ പാണ്ടിത്തറയിൽ വന്നു നിന്നു. പാർട്ടി പ്രവർത്തകനാണെന്ന് പറഞ്ഞു നടക്കുന്ന പരീതുട്ടി മുൻസീറ്റിൽ നിന്നിറങ്ങി പിൻവാതിൽ തുറന്നു പിടിച്ചു. സ്യൂട്ടും കോട്ടുമിട്ട ഒരാൾ പുറത്തിറങ്ങി. തലയിൽ കറുത്ത രോമത്തൊപ്പിയും ചുണ്ടിൽ എരിയുന്ന സിഗരറ്റും. അയാൾ പുറത്തിറങ്ങിയതോടെ ആ ചെറിയ അങ്ങാടിയിലാകെ ദുബായ് സ്പ്രേയുടെ മണം പരന്നു. സുലൈമാനും അപ്പുണ്ണ്യേട്ടനും അങ്ങാടിയിലെ മറ്റുള്ളവരും അയാളെ അത്ഭുതത്തോടെ നോക്കി. സാധനങ്ങൾ വാങ്ങാൻ വന്നവരും മറ്റും അതാരാണെന്ന് പരസ്പരം ചെറിയ ശബ്ദത്തിൽ ചോദിച്ചു. ആർക്കും ഉത്തരം പറയാൻ കഴിഞ്ഞില്ല.

പരീതുട്ടി അയാളുടെ കാതിൽ എന്തോ മന്ത്രിച്ചു. ഒരു കള്ളച്ചിരിയോടെ അയാൾ അപ്പുണ്ണ്യേട്ടന്റെ പലചരക്കു കടയിലേക്ക് ചെന്നു.

അ് ആ... അപ്പുണ്ണ്യേട്ടാ.... അയാൾ അപ്പുണ്ണ്യേട്ടന്റെ കൈ പിടിച്ചു കുലുക്കി. ആരാണെന്ന് മനസ്സിലാവാതെ അപ്പുണ്ണ്യേട്ടൻ പകച്ചു. ഉടനെ ആയാൾ സുലൈമാനിക്കാ എന്ന് വിളിച്ച് സുലൈമാന്റെ കൈയ്യും പിടിച്ച് കുലുക്കി. രണ്ട് പേരും അയാളുടെ മുന്നിൽ ഭവ്യതയോടെ നിൽക്കെ പരീതുട്ടി ചോദിച്ചു.

"ഇതാരാണെന്ന് മനസ്സിലായോ?"

"ഇല്ല."

"അപ്പുണ്ണ്യേട്ടനും സുലൈമാനിക്കയും ഞമ്മളെയൊക്കെ മറന്നു പോയല്ലേ...?" - അയാൾ പരിഭവപ്പെട്ട് ഒരു കവിൾ പുക പുറത്തേക്ക് വിട്ട്, അകലെയിവിടെയോ ദൃഷ്ടിയൂന്നി നിന്നു.

"ഇത് നമ്മളെ ഹംസാപ്പുവാണ്, ഇപ്പം വെറും ഹംസാപ്പുവല്ല ഹംസാമൊതലാള്യാ... ഹംസമൊതലാളി..." പരീതുട്ടി വന്നുനിൽക്കുന്ന ദേഹത്തെ പരിചയപ്പെടുത്തി.

ങേ...! അപ്പുണ്ണ്യേട്ടൻ അമ്പരന്നു. സുലൈമാൻ മൂക്കത്ത് വിരൽ വെച്ചു. മറ്റുള്ളവർ ആശ്ചര്യത്തോടെ അയാളെ നോക്കി. ഒരു ചെറു ചിരിയോടെ സിഗരറ്റ് വലിച്ചൂതി അകലേക്ക് നോക്കി നിൽക്കുകയാണ് ഹംസമൊതലാളി.

കുട്ടികൾ ഹംസമൊതലാളി വന്ന കാറിന് ചുറ്റും കൂടി. കാറിന് മുകളിലെയും ഡിക്കിയിലെയും തകരപ്പെട്ടികൾ തൊട്ടുഴിഞ്ഞു നിന്നു.

കറുത്ത് മെലിഞ്ഞ ഒരു ചെറുപ്പക്കാരനായിരുന്നു ഹംസാപ്പു. നാട്ടിലെ പരോപകാരി. ഏത് വീട്ടിലെന്ത് ആവശ്യമുണ്ടെങ്കിലും ഹംസാപ്പുവിനോട് പറഞ്ഞാൽ അത് ഉടനെ നിറവേറ്റപ്പെടുമായിരുന്നു. പാണ്ടി മലയിൽ നിന്ന് വിറക് കൊണ്ടുവരിക, മരങ്ങളുടെ തോൽവെട്ടുക, പശുക്കൾക്ക് പുല്ലരിയുക പോലെയുള്ള ജോലികളാണ് മിക്കവാറും ഹംസാപ്പുവിനുണ്ടാകുക. പ്രതിഫലമൊന്നും ആവശ്യപ്പെടാത്തതിനാൽ നാട്ടിലെ പലരും ചെറിയകൂലിയായിരുന്നു ഹംസാപ്പുവിന് നൽകിയിരുന്നത്. കിട്ടിയത് കൊണ്ട് തൃപ്തിപ്പെടുന്ന ശീലമായതിനാൽ ആരോടും അധികപ്രതിഫലം ഹംസാപ്പു ചോദിച്ചിരുന്നുമില്ല.

ഇരുപത് വർഷങ്ങൾക്ക് മുമ്പ്, ഖാദർ ഹാജിയുടെ വീട്ടിൽ തെങ്ങിന് തടം കീറിയ ആ ദിവസം രാത്രിയാണ് ഹംസാപ്പു താമസിച്ചിരുന്ന ഒറ്റമുറിയിലേക്ക് നാലഞ്ച് മല്ലന്മാർ വന്ന് ഹംസാപ്പുവിനെ ഉപദ്രവിച്ചത്. ഹാജ്യാരുടെ വീട്ടിൽ നിന്നെടുത്ത സ്വർണമാലയെ വിടെ എന്ന് ചോദിച്ചായിരുന്നു ആക്രമണം. ഹംസാപ്പു മാലയെക്കുറിച്ചോ മറ്റോ ഒന്നും അറിഞ്ഞിരുന്നില്ല.

അടുത്ത ദിവസം മുതൽ ഹംസാപ്പുവിന്റെ പേരിന് മുന്നിൽ കള്ളൻ എന്ന പദവും ചേർക്കപ്പെട്ടു. മുതിർന്നവർ രഹസ്യമായും കുട്ടികൾ പരസ്യമായും കള്ളൻഹംസാപ്പു എന്ന് വിളിച്ചു. ഖാദർഹാജിയുടെ വീട്ടിലെ സ്വർണാഭരണം മോഷ്ടിച്ചത് ഹംസാപ്പുവാണെന്ന് വരുത്തിത്തീർക്കുന്നതിൽ ഖാദർ ഹാജിയുടെ അടുപ്പക്കാർ വിജയിക്കുകയും ചെയ്തു. കള്ളനായ ഒരാളെ ജോലിക്കുവിളിക്കാൻ പാണ്ടിത്തറയിൽ ആരും തയ്യാറായതുമില്ല.

ഒരു ദിവസം ഹംസാപ്പു പാണ്ടിത്തറ ഉപേക്ഷിച്ച് നാടുവിട്ടു. ഹംസാപ്പു പോയ്ക്കഴിഞ്ഞ് രണ്ടു ദിവസത്തിന് ശേഷം ഖാദർ ഹാജിയുടെ വീട്ടിൽ നിന്ന് തന്നെ ആ സ്വർണമാല ലഭിക്കുകയും ചെയ്തു. ഹംസാപ്പുവിനെ തെറ്റിദ്ധരിച്ചതിൽ വിഷമം തോന്നിയ ഖാർദർ ഹാജി ഹംസാപ്പുവിനെ കുറിച്ച് ചെറിയ അന്വേഷണങ്ങളൊക്കെ നടത്തിയെങ്കിലും കണ്ടെത്താനായിരുന്നില്ല. ക്രമേണ പാണ്ടിത്തറ ഹംസാപ്പുവിനെ മറന്നു.

ഹംസമൊതലാളി ഇനിയിവിടെയൊക്കെ ത്തന്നെയുണ്ടാവും - പരീതുട്ടി ചുറ്റും കൂടിനിൽക്കുന്നവരോടായി പറഞ്ഞു. കൈയ്യുയർത്തി സലാം നൽകിയിട്ട് ഹംസമുതലാളി കാറിൽ കയറി. കാർ സ്റ്റാർട്ടായി.

ഞമ്മളെ ശശിധരൻ ഡോക്ടറെ പൊര ഇമ്പായാജിന്റടുത്ത്ന്ന് മൂപ്പര് വാങ്ങീക്ക്ണ് - കാറിലേക്ക് ഓടുമ്പോൾ ഒരു രഹസ്യമെന്നോണം അപ്പുണ്ണ്യേട്ടനോടും സുലൈമാനിനോടും പരീതുട്ടി പറഞ്ഞു.

പള്ളിയോട് ചേർന്നുള്ള മൊയ്തീൻ മൊല്ലയുടെ ഓത്തുപള്ളിയും കഴിഞ്ഞാണ് ശശിധരൻ ഡോക്ടർ ക്ലിനിക്ക് നടത്തിയിരുന്ന, ഇമ്പായിഹാജിയുടെ വാടക വീട്. വടക്കെവിടെയോ ആണ് ഡോകടറുടെ തറവാട്ടുകുടംബം. ഡോകടർ വിവാഹിതനാണോ അവിവാഹിതനാണോ എന്ന ചർച്ച സുലൈമാനിക്കയുടെ ചായക്കടയിൽ പലവുരു നടന്നിട്ടുണ്ടെങ്കിലും വ്യക്തമായ ഒരുത്തരം ഇതുവരെ ലഭിച്ചിട്ടില്ല. ഡോകടറോട് അതേകുറിച്ച് ആരും ചോദിച്ചിട്ടുമില്ല. കാലങ്ങളായി പാണ്ടിത്തറയിൽ താമസമാക്കിയ ഡോക്ടർ അധികമാരോടും സംസാരക്കത്ത പ്രകൃതക്കാരനായിരുന്നു.

രാവിലെ നടക്കാനിറങ്ങുന്നതും വൈകുന്നേരം വീടിന് മുന്നിലെ മാവിന്റെ ചുവട്ടിൽ കസേരയിലിരുന്ന് എന്തെങ്കിലും വായിക്കുന്നതും കാണാം. രാത്രിയായാൽ പിന്നെ അകത്ത് നിന്ന് ഒരു ശബ്ദവും കേൾക്കില്ല.

ഡോക്ടർ രാത്രിയായാൽ മദ്യപിച്ച് ബോധമില്ലാതെ കിടക്കലാണെന്ന് ഒരു ധാരണ പാണ്ടിത്തറയിലാകെ വ്യാപിച്ചിരുന്നു. അതുകൊണ്ട് തന്നെ രാത്രി അത്യാവശ്യം വന്നാൽ പോലും ആരും ശശിധരൻ ഡോക്ടറുടെ അടുത്തേക്ക് പോയിരുന്നില്ല.

മൂന്ന് മാസം മുമ്പ് ഡോക്ടർ തന്റെ ക്ലിനിക്കിനുള്ളിൽ തൂങ്ങിമരിച്ചു. പോലീസുകാർ വന്ന് മൃതദേഹം കൊണ്ടുപോയി. ചില അന്വേഷണങ്ങളൊക്കെ നടന്നിരുന്നുവെങ്കിലും പാണ്ടിത്തറക്കാൻ അതൊന്നും അറിഞ്ഞില്ല.

ഡോക്ടർ ശശിധരൻ എന്നെഴുതിയ മരപ്പലകയുടെ അടുത്ത് കാർ നിന്നു. പരീതുട്ടിയും ഹംസമുതലാളിയും കാറിൽ നിന്നിറങ്ങി. ഡ്രൈവർ വലിയ തകരപ്പെട്ടികൾ ചുമന്ന് ആ വീട്ടിലെത്തിച്ചു. ഒരു നോട്ടെടുത്ത് ഡ്രൈവർക്ക് നൽകി. ബാക്കി തിരിച്ചുനൽകാനായി ഡ്രൈവർ പോക്കറ്റ് പരതിയപ്പോൾ മൊതലാളി തടഞ്ഞു.

ബേണ്ട, ബാക്കി നീ ബെച്ചോ...



ഹംസാപ്പു തിരിച്ചു വന്നുവെന്ന വാർത്ത ക്ഷണനേരം കൊണ്ട് പാണ്ടിത്തറയാകെ പരന്നു. വലിയ മുതലാളിയായാണ് തിരിച്ചു വന്നതെന്നും വലിയ രണ്ട് പെട്ടി നിറയെ പണം കൊണ്ടുവന്നിട്ടുണ്ടെന്നുമായിരുന്നു കേൾവി. പാണ്ടിത്തറക്കാരെല്ലാം ഹംസമൊതലാളിയെ കാണാൻ തിക്കും തിരക്കുമായി.

തന്നെ കാണാൻ വന്നവരോടെല്ലാം മുതലാളി സൗഹൃദം പുതുക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. ചിലർക്ക് പുത്തൻനോട്ട്, ചിലർക്ക് ഗൾഫ് സിഗരറ്റ്, ചിലർക്ക് പേന, ചിലർക്ക് അത്തർ ഇങ്ങനെ... ചുറ്റും കൂടിയ കുട്ടികൾക്ക് വിവിധതരം മിഠായികൾ ലഭിച്ചു. കാണാൻ വന്നവരെല്ലാം ഹംസമുതലാളിയുടെ അടുപ്പക്കാരായാണ് തിരിച്ചു പോയത്.



ദിവസങ്ങൾക്കുള്ളിൽ ഹംസമുതലാളി എല്ലാവരാലും ബഹുമാനിക്കപ്പെടുന്ന വ്യക്തിയായി മാറി. വിലക്കുവാങ്ങാനുള്ള പറമ്പുകൾ നോക്കാനും തനിക്ക് കല്യാണം കഴിക്കാൻ ഒരു പെണ്ണിനെ കണ്ടെത്താനുമായി പരീതുട്ടിയെ മൊതലാളി ഏൽപിച്ചു. അങ്ങിങ്ങായി ചില നിലങ്ങളും പറമ്പുകളും ഹംസമുതലാളി വാങ്ങി. ഇതിനിടെ ഒരു പഴയ കാറും സംഘടിപ്പിച്ചു. പരീതുട്ടിയും മുതലാളിയും എല്ലാ ദിവസവും ആ കാറിൽ കയറി വാങ്ങിയ പറമ്പുകൾ സന്ദർശിക്കുമായിരുന്നു. ഇടയിൽ ചില ആലോചനകളും നടന്നു. പക്ഷെ, ഹംസമൊതലാളിക്കതൊന്നും അത്ര പിടിച്ചില്ല.

അങ്ങനെയിരിക്കെ അപ്പുണ്ണ്യേട്ടനാണ് ഹസീനയുടെ കാര്യം മൊതലാളിയുടെ ശ്രദ്ധയിൽപെടുത്തിയത്. പരീതുട്ടി അതിനെ പിന്താങ്ങുകയും ചെയ്തു. ആമിനുമ്മയെ സന്ദർശിക്കാനെന്ന വ്യാജേന പരീതുട്ടിയും മുതലാളിയും ഹസീനയുടെ വീട്ടിലെത്തുകയും ഹസീനയെ മുതലാളി കണ്ട് ബോധ്യപ്പെടുകയും ചെയ്തു. തിരിച്ചുപോകുമ്പോൾ ആമിനുമ്മയുടെ കൈയ്യിൽ വലിയ ഒരു തുക കൊടുക്കാൻ മുതലാളി മറന്നതുമില്ല.

മരുന്നിനോ മറ്റോ എന്താവശ്യമുണ്ടെങ്കിലും ഞമ്മളോട് ചോദിക്കാം, ഞമ്മളിവിടെയൊക്കെത്തന്നെയുണ്ടാവും - ഇറങ്ങുമ്പോൾ മുതലാളി പറഞ്ഞു. അത്കേട്ട് പരീതുട്ടി ഹസീനയെ നോക്കി വെളുക്കെ ചിരിച്ചു. അവളൊന്നും മിണ്ടിയില്ല. മുതലാളിയുടെ ഇരിപ്പും നടപ്പും ചുണ്ടിലെ പുകയും ഒന്നും ഹസീനക്ക് പിടിച്ചില്ല. ഒരു കോമാളിയെപ്പോലെ മാത്രമേ തോന്നിയുള്ളൂ.

തിരിച്ചുപോകുമ്പോൾ അവർ സുലൈഖയുടെ വീട്ടിൽ കയറി. പാണ്ടിമലയിൽ റബ്ബർവെട്ട് തൊഴിലാളിയായിരുന്ന ചെറീതുവിന്റെ ഭാര്യയാണ് സുലൈഖ. ഒരിക്കൽ റബ്ബർ വെട്ടാൻ അതിരാവിലെ മലകയറിയ ചെറീതുവിന്റെ മൃതദേഹമാണ് മറ്റു തൊഴിലാളികൾ ജോലിക്കെത്തുമ്പോൾ കണ്ടത്. മക്കളില്ലാത്തതിനാൽ സുലൈഖ ഒറ്റയ്ക്കാണിപ്പോൾ താമസം. ഹസീനയോട് കല്യാണക്കാര്യം സൂചിപ്പിക്കാൻ സുലൈഖയെ ഏല്പിക്കാമെന്ന പരീതുട്ടിയുടെ കൗശലമാണ് സുലൈഖയുടെ വീട് സന്ദർശനത്തിനു പിന്നിൽ. സുലൈഖ ഹംസമൊതലാളിയെ സ്വീകരിച്ചു. വരാന്തയിലെ ബെഞ്ചിൽ പുൽപ്പായ വിരിച്ച് അതിലിരിക്കാൻ ക്ഷണിച്ചു. പരീതുട്ടിയും മുതലാളിയും അതിലിരുന്നു.

"ദാ, ഞാൻ ചായയെടുക്കാം" - സുലൈഖ അകത്തേക്ക് പോയി. ചായകൊണ്ടുവരുമ്പോൾ സുലൈഖ പറഞ്ഞു.

ചായ നന്നായിട്ടുണ്ടാവോന്നറീല്ല

"നല്ല കൈകൊണ്ടുണ്ടാക്കുന്നതെല്ലാം നല്ലതാ" - ഹംസമുതലാളി സുലൈഖയെ നോക്കി മന്ദഹസിച്ചു. സുലൈഖ നമ്രമുഖിയായി. തന്റെ ജുബ്ബയുടെ പോക്കറ്റിലെ സിഗരറ്റ് പെട്ടിയെടുത്ത് തുറന്ന് ഒന്ന് വായിൽ വെച്ച് തിരികൊളുത്തി. ഒരു പുകയൂതി ചായ മൊത്തിക്കുടിച്ചുകൊണ്ട് മുതലാളി പറഞ്ഞു.

ചായ നന്നായിട്ടുണ്ട്

സുലൈഖ ചിരിച്ചു.

ഇങ്ങനെ ചായവെച്ച് തരാനൊക്കെ ഒരാൾ വേണം - മുതലാളി പരീതുട്ടിയുടെ തുടയിലടിച്ചുകൊണ്ട് പറഞ്ഞു. പരീതുട്ടി ചിരിച്ചു.

ങ്ങക്ക് എത്ര ആളെ വേണേങ്കിലും കിട്ടൂല്ലോ? പൈസ ള്ളോൽക്കാണോ പെണ്ണിനെ കിട്ടാൻ ബെസമം?

മനസ്സിന് പറ്റിയവരെ കിട്ടണ്ടെ?

അന്വേഷിച്ചാൽ കിട്ടും

ഞങ്ങളങ്ങനെയൊരു അന്വേഷണത്തിലാ - അവരുടെ സംഭാഷണത്തിൽ പരീതുട്ടി ഇടപെട്ടു. ഹസീനയുടെ കാര്യം പറഞ്ഞപ്പോൾ സുലൈഖക്കും സന്തോഷം.

അബ്ദു ഓളെ കെട്ടണംന്ന് പറഞ്ഞ് നടന്നീര്ന്നു, പക്ഷെ, അലവ്യാജിണ്ടോ അത് സമ്മയ്ക്ക്ണ്?

ഹസീനയെ കാര്യം പറഞ്ഞു മനസ്സിലാക്കാൻ സുലൈഖയെ ഏൽപിച്ച് പരീതുട്ടിയും മുതലാളിയും പടിയിറങ്ങി.

ഇന്നാ, ഇതവ്ടെ വെച്ചോ - തന്റെ ജുബ്ബയുടെ പോക്കറ്റിൽ നിന്ന് ഒരു നോട്ടെടുത്ത് സുലൈഖക്ക് നേരെ നീട്ടി. അതൊന്നും വേണ്ടെന്ന് പറഞ്ഞെങ്കിലും കൈനീട്ടി അവളത് സ്വീകരിച്ചു.

(തുടരും)



ശാസ്ത്രം/ഉബൈദ്
കെ.ടി, വെണ്ണക്കോട്

# തുമ്പികൾ:
## പറക്കുന്ന എഞ്ചിനുകൾ

കുറ്റമറ്റ രീതിയിൽ പറക്കാൻ കഴിവുള്ള ഒരു ജീവിയാണ് ഡ്രാഗൺ ഫ്ളൈസ്. പറന്നുകൊണ്ടിരിക്കുന്ന ഈ ജീവിക്ക് വളരെ പെട്ടെന്ന് നിറുത്താനും ഉദ്ദേശ്യദിശയിലേക്ക് അല്ലെങ്കിൽ വന്ന വഴിക്കുതന്നെ തിരിച്ച് പറക്കാനും സാധിക്കുന്നു. ശത്രുശല്യ സമയത്ത് പ്രതിരോധിക്കാനനുയോജ്യമായ സ്ഥലങ്ങളിൽ കാറ്റിൽ തൂങ്ങിനിൽക്കാനും ഇതിന് കഴിയും. ആധുനിക ടെക്നോളജിയിലെ ഹെലികോപ്റ്റർ പ്രൊഡക്ഷൻ പിന്നിലെ പ്രചോദനം തീർച്ചയായും ഡ്രാഗൺ ഫ്ളൈസ് ആണ്. ഈ ജീവിയുടെ അപരിമേയമായ കഴിവിനെ കുറിച്ചുള്ള ചെറിയ വിവരണം മാത്രമാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്.

ഡ്രാഗൺ ഫ്ളൈസിന്റെ ശരീര ഘടന പാളികൾകൊണ്ട് ആവരണം ചെയ്യപ്പെട്ട ഹെലിക്കൺ ഘടനയിലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. വ്യത്യസ്ത നിറങ്ങളിൽ ഈ ജീവികളെ കാണാം. ഇതിന്റെ പുറംഭാഗത്ത് രണ്ട് ജോഡി ചിറകുകളുണ്ട്. ഒരു ജോഡി മുൻഭാഗത്തും മറ്റൊന്ന് പൃഷ്ഠ ഭാഗത്തും. എന്നാൽ പറക്കുമ്പോൾ ചിറകുകൾ ഏകീകരണ സംവിധാനത്തിൽ കാണപ്പെടുന്നു. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ ഒരു ജോഡി ഉയരുമ്പോൾ മറ്റെ ജോഡി താഴുന്നു. വ്യത്യസ്ത ഗ്രൂപ്പിലുള്ള മാംസ പേശികളുടെ ചലനം വഴിയാണ് ചിറകുകൾ ചലിക്കുന്നത്. മാംസ പേശിയുടെ ഒരു ഭാഗം മറ്റെതിനോട് എതിരാവുന്ന സമയം ഒരു ജോഡി ചിറക് ഉയരുകയും മാംസ പേശിയുടെ രണ്ടാമത്തെ ഭാഗം നിശ്ചലമാകുന്ന സമയം രണ്ടാമത്തെ ചിറകിന്റെ ജോഡി താഴാനും കാരണമാകുന്നു. യഥാർത്ഥത്തിൽ ഡ്രാഗൺ ഫ്ളൈസിനെ മാതൃകയായി ഉപയോഗപ്പെടുത്തിക്കൊണ്ട് നിർമിക്കപ്പെട്ട ഹെലികോപ്റ്ററുകൾ, ഇതേ തത്വമുപയോഗിച്ചുകൊണ്ട് ഒരേ സമയം ഉയരുകയും താഴുകയും ചെയ്യുന്നു. ഡ്രാഗൺ ഫ്ളൈസിന് പൂർണമായ ദ്രുതഗതി ഭവിക്കുന്നത്, ശരീരത്തിന്റെ ഭാരം ചുമക്കുന്ന സ്വാതന്ത്ര്യവും വിശാലവുമായ നാല് ചിറകിലൂടെയാണ്. ഇത് ചെറു പ്രാണികൾക്ക് പെട്ടെന്ന് മെന്യുവേർസ് ഉണ്ടാക്കാൻ സഹായിക്കുന്നു. ഈ സവിശേഷത മൂലം വേഗത വർധിപ്പിക്കാനും ഒരു സെക്കന്റിൽ 10 മീറ്റർ വേഗതയിൽ വരെ പറക്കാനും സാധിക്കും.

വളരെ വേഗതയിൽ മെന്യുവേർസ് ഉണ്ടാക്കാൻ കഴിയുന്ന ഡ്രാഗൺ ഫ്ളൈസിന്റെ കാഴ്ചശക്തിയും ശക്തമാണ്. ശാസ്ത്രീയ വീക്ഷണത്തിൽ, ലോകത്തെ ഏറ്റവും സസൂക്ഷ്മ നിരീക്ഷണമുള്ള കണ്ണാണ് ഈ ജീവിയുടേത്. ഓരോ കണ്ണിലും മുപ്പതിനായിരം ലെൻസുകൾ ഉൾക്കൊണ്ടിരിക്കുന്നു. ഈ പ്രാണിയുടെ തലഭാഗം മറക്കുന്ന രണ്ട് അർധഗോളം പോലെയാണിതിന്റെ കണ്ണുകൾ. സ്വന്തം പിൻഭാഗത്ത് എന്തു സംഭവിക്കുന്നു എന്നതിനെ കുറിച്ച് ഏറെക്കുറെ ഇതിന് കാണാൻ കഴിയും. പൂർണാവിഷ്കൃത ഘടനയുള്ള സിസ്റ്റമാണ് ഡ്രാഗൺ ഫ്ളൈസിന്റേത്. ഈ സംവിധാനത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്തുള്ള നേരിയ അപര്യാപ്തത മറ്റു സിസ്റ്റങ്ങളുടെ പ്രവർത്തന ക്ഷമതക്കും ബാധകമാകുന്നു.

മുകളിൽ കാണിച്ചപോലെ, ഈ ഡ്രാഗൺ ഫ്ളൈസിന് പരിപൂർണമായ ഒരു വ്യക്തിഗത ഘടനയുണ്ട്. ഈ ഘടനയിലെ നേരിയ ന്യൂനത പോലും മറ്റു ഭാഗങ്ങളുടെ ഉപയോഗശൂന്യതക്ക് ഹേതുവായിത്തീരും. എന്തുതന്നെയായാലും, പരിപൂർണമായി സൃഷ്ടിക്കപ്പെടുകയും സ്രഷ്ടാവ് അവയെ അതിജയിക്കുകയും ചെയ്യുന്നു. ആകയാൽ, ഡ്രാഗൺഫ്ളൈസിലുള്ള അമൂല്യമായ ഡിസൈൻ അല്ലാഹുവുമായി ബന്ധപ്പെട്ടു കിടക്കുന്നു. എല്ലാത്തിന്റെയും ജ്ഞാനം അവനാണ്. ■



“സയ്യിദ് ഇബ്റാഹീമുൽ ഖലീൽ അൽ ബുഖാരി തങ്ങൾ എഴുതിയ ഓർമക്കൂട്ട് എന്ന ഈ ഗ്രന്ഥം വീടുകളിൽ അനിവാര്യമായി സൂക്ഷിക്കേണ്ട ഒന്നാണ്. ജീവിതം എങ്ങനെ സന്തോഷകരവും ഭക്തിനിർഭരവുമാക്കാം എന്നാണ് ഇതിലെ ഓരോ കുറിപ്പുകളും പറയുന്നത്.

ഒരു സയ്യിദ് എന്ന നിലയിലും, നേതാവ് എന്ന നിലയിലും സമൂഹത്തിനു പൂർണമായി പകർത്താൻ പറ്റുന്ന സ്വഭാവമാണ് തങ്ങളുടേത്. ആ നന്മയുടെ വ്യത്യസ്ത ഭാവങ്ങളാണ് ഈ പുസ്തകത്തിന്റെ ഓരോ താളിലും നിറഞ്ഞു നിൽക്കുന്നത്.”


**കാന്തപുരം**
**എ.പി അബൂബക്കർ മുസ്‌ലിയാർ**

“ജീവിതത്തിന്റെ അത്യഗാധമായ അനുഭവങ്ങളിൽ നിന്നും ആത്മീയമായ ലോക വീക്ഷണത്തിൽ നിന്നും തപ്പിയെടുത്ത മുത്ത് മണികളുടെ സമാഹാരമാണ് ഓർമക്കൂട്ട്. മഅ്ദിൻ അക്കാദമിയുടെ സ്ഥാപകനും ചെയർമാനുമായ സയ്യിദ് ഇബ്റാഹീമുൽ ഖലീൽ അൽ ബുഖാരിയുടെ ഓർമകളും ഉപദേശങ്ങളും ആത്മീയ ദർശനവും പ്രതിഫലിപ്പിക്കുന്ന ഒന്നാണിത്.
നിങ്ങൾ ഏതു മതാനുയായി ആണെങ്കിലും നിങ്ങളുടെ വിശ്വാസ പ്രമാണങ്ങൾ എന്തായിരുന്നാലും, സൂഫിസമാനമായ ജീവിത വീക്ഷണത്തിലൂടെ സാമൂഹ്യ നന്മയുടെ വഴിയിൽ സ്വയം സമർപ്പിതനായ സയ്യിദ് ബുഖാരിയുടെ ആശയങ്ങളോട് എതിർപ്പുള്ളവരാകില്ല. ഈ തലമുറയിൽ രചിക്കപ്പെട്ട ജീവിതത്തിന്റെ ഒരു മാനിഫസ്റ്റോ കൂടിയാണ് ഈ ഗ്രന്ഥമെന്ന് പറയാം.”

അവതാരികയിൽ
**ഡോ. കെ.കെ.എൻ കുറുപ്പ്**

# അഞ്ചാം പതിപ്പിലേക്ക്...

**കുടുംബജീവിതത്തിലെ നീറുന്ന പ്രശ്നങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് പരിഹാരം നിർദ്ദേശിക്കുന്ന ഉത്തമ കൃതി**




# ഓർമക്കൂട്ട്

## സയ്യിദ് ഇബ്റാഹീമുൽ ഖലീൽ അൽ ബുഖാരി

URAVA PUBLICATIONS
uravapublications
urava@madin.edu.in
9539139135

# കൂഫയിലെ സൂഫിനികൾ -2

**കൂഫയിൽ ജീവിതം നയിച്ച നിരവധി ആധ്യാത്മിക വനിതകൾ ഇനിയുമുണ്ട് ചരിത്രത്തിൽ. ബുദ്ധിയുള്ള ഭ്രാന്തിമാർ (ഉഖലാഉൽ മജാനാത്) എന്ന് ചിരിത്ര പണ്ഡിതന്മാർ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തി വെച്ച കൂഫയിലെ രണ്ട് സൂഫിനികളാണ് കറുമ്പിയായ മൈമൂനയും(റ) ബീവി ബുഖ്ഖഃയും(റ). പുറമെ ഭ്രാന്തിമാരെന്ന് തോന്നുമെങ്കിലും അല്ലാഹുവിനോടുള്ള പ്രണയത്തിൽ ലയിച്ച് ബുദ്ധിയുടെ വെളിവു തെറ്റിയവരാണ് ഇത്തരത്തിലുള്ള ഔലിയാക്കൾ.**

കർമ്മ ശാസ്ത്രത്തിലെ വിധി വിലക്കുകളുടെ കാര്യത്തിൽ ഇവർക്കും സാധാരണ ഭ്രാന്തന്മാരുടെ പരിഗണന തന്നെയാണുള്ളത്. ഉഖലാഉൽ മജാനീങ്ങളായ(ബുദ്ധിയുള്ള ഭ്രാന്തന്മാർ) ഔലിയാക്കൾ ശരീഅത്തിന് വിരുദ്ധമായി എന്തെങ്കിലും ചെയ്തുവെന്ന് കരുതി അവർക്കെതിരെ നടപടിയെടുക്കൽ അനുവദനീയമല്ല. കാരണം കർമ്മ ശാസ്ത്രത്തിന്റെ വിധിവിലക്കുകളൊന്നും അവർക്ക് ബാധകമല്ലെന്നതു തന്നെ. ഫലത്തിൽ അവരും ഭ്രാന്തന്മാരാണ്. പക്ഷെ സാധാരണ ഭ്രാന്തന്മാർ ഭൗതിക കാര്യങ്ങളിൽ ഭ്രമിച്ച് വെളിവു തെറ്റിയവരാണെങ്കിൽ ഇവർ അല്ലാഹുവിനെയോർത്ത് സമനില തെറ്റിയവരാണെന്നു മാത്രം.

മൈമൂനതു സ്സൗദാഅ്(റ)

മഹാനായ ഫുളൈലുബ്നു ഇയാള്(റ) ഒരു സംഭവം ഉദ്ധരിക്കുന്നു; സൂഫീ പ്രമുഖനായ അബ്ദുൽ വാഹിദ് ഇബ്നു സൈദ്(റ) മൂന്ന് രാത്രികൾ പടച്ചവനോട് പ്രാർത്ഥിച്ചു; 'നാഥാ, സ്വർഗ്ഗ ലോകത്ത് എന്റെ കൂട്ടുകാരാകുന്നവരെ ഈ ഭൂമിയിൽ വെച്ച് തന്നെ എനിക്ക് കാണിച്ചു തരണേ'യെന്ന്. മൂന്നാം ദിവസം അദ്ദേഹം ഒരു സ്വപ്നം കണ്ടു. ആരോ ഒരാൾ വിളിച്ചു പറയുന്നു;

'ഓ അബ്ദുൽ വാഹിദ്.. സ്വർഗ്ഗത്തിൽ നിന്റെ കൂട്ടുകാരി കറുമ്പിയായ മൈമൂനയാണ്.'

'അവളിപ്പോൾ എവിടെയാണുള്ളത്?'

കൂഫയിലെ ഒരു ഗോത്രത്തിന്റെ പേരായിരുന്നു അതിനു കിട്ടിയ മറുപടി. ആ ഗോത്രത്തിലാണ് മൈമൂനയുള്ളത്. അബ്ദുൽ വാഹിദ്(റ) കിട്ടിയ വിവരമനുസരിച്ച് അവരുടെ വീടന്വേഷിച്ചു നടന്നു.

'ഇവിടെ മൈമൂന എന്നൊരു പെണ്ണിനെ അറിയുമോ?'

കൂഫയിലെ ഒരാളോട് അദ്ദേഹം ചോദിച്ചു.

'ഇവിടെ ഒരു മൈമൂന മാത്രമേയുള്ളൂ.. പക്ഷെ, അവൾക്ക് ഭ്രാന്താണ്. ആ കാണുന്ന മലയിലാണ് അവളുണ്ടാവുക. ഞങ്ങളുടെ ആടുകളെയൊക്കെ മേയ്ക്കുന്നത് അവളാണ്'

അയാൾ മറുപടി പറഞ്ഞു.

അദ്ദേഹം മൈമൂനയെയും തേടി കുന്നു കയറി. മുകളിൽ അവൾ നിസ്കരിക്കുകയാണ്. അടുത്ത് തന്നെ ഒരു ഊന്നുവടി ചാരി വെച്ചിട്ടുണ്ട്. അതിലൊരു കമ്പിളിക്കുപ്പായം കൊളുത്തി വെച്ചിരിക്കുന്നു. അതിലെഴുതി വെച്ചിട്ടുണ്ട്; 'ഇത് വിൽക്കാനോ വാങ്ങാനോ ഉള്ളതല്ലെ'ന്ന്. സമീപത്തൊക്കെ ആട്ടിൻ പറ്റങ്ങളുണ്ട്. കൂടെ ചെന്നായ്ക്കളും. പക്ഷെ അവയൊന്നും ആടുകളെ ഉപദ്രവിക്കുന്നില്ല. അവറ്റകൾക്കാണെങ്കിൽ ചെന്നായ്ക്കളെ പേടിയുമില്ല. ശത്രുതയുള്ള രണ്ടു ജീവികളായിരുന്നിട്ടു പോലും പരസ്പരം തൊട്ടും ഉരുമ്മിയും അവ അങ്ങുമിങ്ങും നടക്കുന്നു. വല്ലാത്ത അത്ഭുതകരമായ കാഴ്ച തന്നെ. ഇബ്നു സൈദിനെ കണ്ടതും അവർ നിസ്കാരം ചുരുക്കി. സലാം വീട്ടി അദ്ദേഹത്തിലേക്ക് തിരിഞ്ഞു.

'ഇബ്നു സൈദ്, സ്വപ്നത്തിൽ കണ്ട കാര്യം ദുനിയാവിലല്ല. അങ്ങ് സ്വർഗ്ഗത്തിലാണ്.'

'അതിന് ഞാൻ ഇബ്നു സൈദാണെന്ന് നീയെങ്ങനെ അറിഞ്ഞു?'

അത്ഭുതം അടക്കാനാവാതെ അദ്ദേഹം ചോദിച്ചു.

'ഇബ്നു സൈദ്.. നിങ്ങൾക്കറിയുമോ? ആത്മാക്കൾ മുഴുവനും ഒരുക്കി നിർത്തപ്പെട്ട ഒരു സൈന്യം പോലെയാണ്. അതിൽ പരസ്പരം അറിയുന്നവർ തമ്മിൽ ഇണങ്ങും. വെറുക്കുന്നവർ കലഹിക്കും'

ഭ്രാന്തിയായ മൈമൂന മറുപടി പറഞ്ഞു.

'എങ്കിൽ നീ എനിക്ക് എന്തെങ്കിലും ഉപദേശം ചെയ്തു താ..'

ഇബ്നു സൈദ്(റ) ആവശ്യപ്പെട്ടു. മൈമൂന(റ) പറഞ്ഞു;

'ങ്ഹാ, ഞാൻ നിങ്ങൾക്ക് ഉപദേശം ചെയ്തു തരികയോ? നിങ്ങളല്ലേ ജനങ്ങളോട് വഅള് പറയാറുള്ളത്? വഅള് കേൾക്കുന്ന പ്രഭാഷകനോ?! അത്ഭുതം തന്നെ..'

മഹതി പറഞ്ഞു. ശേഷം മഹതി ഒരു പദ്യം പാടി;

യാ വാഇളൻ ഖാമ ല ഇഹ്തി സാബി/

യസ്ജുറു ഖൗമൻ അനിദ്ദുനൂബി..

തൻഹാ വ അൻത സ്സഖീമു ഹഖ്ഖൻ/

ഹാദാ മിനൽ മുൻകരിൽ അജീബി..

ലൗ കുൻത അസ്വലഹ്ത ഖബ്ല ഹാദാ/

അയ്ബക ഔ തുബ്ത മിൻ ഖരീബി..

കാന ലിമാ ഖുൽത യാ ഹബീബി/

മൗഖിഉ സിദ്ഖിൻ മിനൽ ഖുലൂബി..

തൻഹാ അനിൽ ഗയ്യി വത്തവാദീ/

വ അൻത ഫിന്നഹ്‌യി കൽ മുരീബി..

(ഓ, പ്രഭാഷകാ.. പ്രതിഫലം പ്രതീക്ഷിച്ചു കൊണ്ട് നിങ്ങൾ എഴുന്നേറ്റ് നിൽക്കുന്നു. ജനങ്ങളെ തെറ്റുകളിൽ നിന്ന് വിരോധിക്കുന്നു. പക്ഷെ, തെറ്റുകളാകുന്ന അസുഖങ്ങൾ പിടിപെട്ട നീയാണ് യഥാർത്ഥ രോഗി. ഇത് മോശമാണ്. വളരെ അത്ഭുതകരവും. വഅള് പറയുന്നതിന് മുമ്പ് നിങ്ങൾ പശ്ചാതപിച്ച് നന്നായിരുന്നെങ്കിൽ നീ പറയുന്ന ഉപദേശങ്ങൾക്ക് ഹൃദയങ്ങളിൽ ഒരു സ്വീകാര്യതയുണ്ടാകുമായിരുന്നു. ചെയ്യരുതെന്ന് ഉപദേശിക്കുന്ന കാര്യങ്ങൾ നിങ്ങൾ തന്നെ ചെയ്യുമ്പോൾ പറയുന്ന കാര്യത്തിൽ നിങ്ങൾക്കു തന്നെ വിശ്വാസമില്ലെന്നാണ് അത് അറിയിക്കുന്നത്)

സ്വർഗ്ഗലോകത്ത് തന്റെ ഭാര്യയാകാൻ പോകുന്ന മൈമൂനയെന്ന ഭ്രാന്തിയുടെ ഹൃദയസ്പർഷിയായ ഉപദേശങ്ങൾ കേട്ട് ഇബ്നു സൈദ് നിർവൃതിയടഞ്ഞു.

ഭ്രാന്തിയായ ബുഖ്ഖഃ

കൂഫയിലെ യഹയബ്നു ഇസ്മാഈൽ എന്ന മഹാൻ പറയുന്നു; 'എനിക്ക് ഒരു സഹോദരിയുണ്ടായിരുന്നു. ബുഖ്ഖഃ എന്നാണ് അവളുടെ പേര്. എന്നെക്കാൾ ഒരുപാട് വയസ്സിന് മൂത്തവളായിരുന്നു. കാലങ്ങൾക്ക് ശേഷം അവളുടെ ബുദ്ധിയ്ക്ക് തകരാറു സംഭവിച്ചു. മുമ്പൊക്കെ ഞങ്ങളോട് ഇടകലർന്ന് ചിരിച്ചും രസിച്ചും ജീവിച്ചിരുന്ന അവൾ ഇതോടെ ഏകാന്തയായി ജീവിക്കാൻ തുടങ്ങി. ഞങ്ങളിൽ നിന്നകന്ന് വീടിന്റെ മുകളിലെ നിലയിൽ ഒറ്റയ്ക്കിരുന്നു. പത്ത് വർഷത്തിലധികം ഈ അവസ്ഥ തുടർന്നു. സ്വബോധം നഷ്ടപ്പെട്ടതിൽ പിന്നെ അവൾക്ക് മുമ്പുണ്ടായിരുന്നതിനെക്കാൾ കൂടുതൽ വൃത്തിയും വെടിപ്പും വർദ്ധിച്ചു. സ്വബോധമില്ലാത്തതു കൊണ്ട് പലപ്പോഴും നിസ്കാരങ്ങളൊക്കെ നഷ്ടപ്പെടും. എപ്പോഴെങ്കിലുമൊക്കെ ബോധാവസ്ഥയിലേക്ക് വന്നാൽ നഷ്ടപ്പെട്ട നിസ്കാരങ്ങളൊക്കെ ഖളാഅ് വീട്ടും. യഹ്‌യ ഇബ്നു ഇസ്മാഈൽ(റ) തന്നെ പറയുന്നു; ഒരു രാത്രി എന്റെ മുറിയിൽ നല്ല ഉറക്കിലാണ് ഞാൻ. അർദ്ധരാത്രി വാതിലിലാരോ മുട്ടുന്നു. ആരാണ് പുറത്തെന്ന് ഞാൻ ചോദിച്ചു.

'ബുഖ്ഖയാണ്'

മറുപടി.

'ആര്? എന്റെ പെങ്ങളോ?'

'അതെ'

'എങ്കിൽ സ്വാഗതം.. അകത്തേക്ക് പോന്നോളൂ'

ഞാൻ എഴുന്നേറ്റ് വാതിൽ തുറന്നു കൊടുത്തു. പത്തു വർഷമായി വീടുമായോ വീട്ടുകാരുമായോ യാതൊരു വിധ ബന്ധവുമില്ലാത്ത അവൾ പെട്ടെന്നൊരിക്കൽ എന്റെ മുറിയിലേക്ക് കയറി വന്നതിൽ ഞാൻ വല്ലാതെ സന്തോഷിച്ചു.

'പെങ്ങളേ.. നിനക്ക് സുഖമാണോ?'

ഞാൻ ചോദിച്ചു.

'സുഖം.. ഒരു ദിവസം രാത്രി ഞാനുറങ്ങുമ്പോൾ ഉറക്കത്തിൽ ഒരാൾ വന്നു. എന്നോട് സലാം പറഞ്ഞു. ഞാൻ മടക്കി. അയാൾ ഇപ്രകാരം പറഞ്ഞു; 'നീ ആഗ്രഹിക്കുന്നുവെങ്കിൽ ഞാൻ നിനക്കു വേണ്ടി പ്രാർത്ഥിക്കും. നിന്റെ അസുഖങ്ങളൊക്കെ ഭേതമാകും. അല്ലെങ്കിൽ ക്ഷമിക്കുക. നിനക്ക് സ്വർഗ്ഗമുണ്ടാകും. മഹാന്മാരായ അബൂബക്കറും(റ) ഉമറും(റ) അല്ലാഹുവിനു മുന്നിൽ നിനക്ക് ശുപാർശ ചോദിച്ചിട്ടുണ്ട്. കാരണം നിന്റെ ഉമ്മയും ഉപ്പയും അവരെ രണ്ടാളെയും വല്ലാതെ സ്നേഹിച്ചിരുന്നു'

അപ്പോൾ ഞാൻ മറുപടി പറഞ്ഞു; 'എങ്കിൽ ഞാൻ ക്ഷമിച്ചു. പടച്ചവൻ എനിക്ക് സ്വർഗ്ഗം തന്നേക്കും. അല്ലാഹു വളരെ വിശാലത ചെയ്യുന്നവനാണല്ലോ. അവനുദ്ദേശിച്ചാൽ അബൂബക്കറിന്റെയും(റ) ഉമറിന്റെയും(റ) കൂടെ എന്നെയും ഒരുമിച്ചു കൂട്ടുമായിരിക്കും'

'നിന്റെ പിതാവിന്റെയും വല്ല്യുപ്പയുടേയും സ്നേഹം കാരണം ആ മഹാന്മാരോടൊപ്പം നിന്നെയും ഒരുമിച്ചു കൂട്ടിയിരിക്കുന്നു. അതുകൊണ്ട് എഴുന്നേൽക്ക്. നിന്റെ ഭ്രാന്തൊക്കെ സുഖമായിരിക്കുന്നു' വന്നയാൾ എന്നോടു പറഞ്ഞു. അങ്ങനെയാണ് എന്റെ അസുഖങ്ങളൊക്കെ ഭേതമായത്.

ഹൂദ് സൂറത്ത് ഓതേണ്ട വിധം

ഒരിക്കൽ ഒരാൾ അബ്ദുൽ മലിക് ഇബ്നു ശബീബ് എന്നയാളോടു പറഞ്ഞു; 'എനിക്ക് കൂഫയിലെ ഒരു മഹതിയുടെ വീട്ടിലേക്ക് ഒരാവശ്യത്തിന് പോകേണ്ടി വന്നു. അങ്ങോട്ട് ചെന്നപ്പോൾ ഞാൻ പതിവായി ഓതാറുള്ള സൂറത്തുൽ ഹൂദ് പാരായണം ചെയ്തു. എന്റെ പാരായണം മഹതി കേട്ടു.

'മോനേ, ഇങ്ങനെയാണോ സൂറത്തുൽ ഹൂദ് ഓതുന്നത്? ഒരു സങ്കടവും പരിഭവവും നിന്റെ മുഖത്ത് കാണുന്നില്ലല്ലോ. ആറു മാസമായി ഞാനും ആ സൂറത്ത് തന്നെയാണ് പാരായണം ചെയ്യുന്നത്. പക്ഷെ, അതിലെ അർത്ഥഗർഭമായ സൂക്തങ്ങൾ ഓതി മുഴുവനാക്കാൻ എനിക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല'

അവർ പ്രതികരിച്ചു. ഹൂദിലെ ആശയത്തിൽ ചിന്തിയിലാണ്ട് ഖുർആൻ പാരായണം ചെയ്യുന്ന സൂഫിനിയായിരുന്നു ആ സ്ത്രീ. 'ഹൂദ് സൂറത്ത് എന്നെ നരപ്പിച്ചു' എന്നാണല്ലോ മുത്ത് റസൂൽ പറഞ്ഞത്. മരണത്തെക്കുറിച്ചും അന്ത്യനാളിനെക്കുറിച്ചുമൊക്കെ പ്രതിപാദിക്കുന്ന വചനങ്ങൾ ചിന്താവിഷ്ടനായിട്ടാണല്ലോ, തിരുഹബീബിന്റെ മുടിയിഴകൾ നരച്ചു വെളുത്തത്. അർത്ഥം ചിന്തിച്ച് ഖുർആൻ പാരായണം ചെയ്യുന്ന ഇത്തരം വനിതകളുടെ ആത്മീയ ജീവിതം പകർത്താൻ നാം ജാഗ്രത പുലർത്തണം. ■

# സൂറത്തുൽ കഹ്ഫ്

**സൂറത്തുൽ കഹ്ഫിന്റെ ആദ്യ പത്ത് വചനങ്ങൾ ഹൃദ്യസ്ഥമാക്കുന്നവർക്ക് ദജ്ജാലിൽ നിന്ന് രക്ഷപ്പെടാനാവുമെന്ന് ആശയമുള്ള തിരുവചനം അബു ദാവൂദ്, നസാഈ, തുർമുദി എന്നിവർ ഉദ്ധരിച്ചിട്ടുണ്ട്. തീക്ഷ്ണവും കഠിനവുമായ പരീക്ഷണമാണ് ദജ്ജാലിന്റേത്. ഭൂതലത്തിൽ എല്ലാവരെയും ബാധിക്കുന്ന നാശങ്ങൾ വിതക്കുന്ന ദജ്ജാലിൽ നിന്ന് അഭയം തേടാൻ നിസ്കാരത്തിൽ പോലും കൽപ്പിക്കപ്പെട്ടിട്ടുണ്ട്.**

മക്കയിലാണ് അവതരണം. നൂറ്റി പത്ത് വചനങ്ങൾ. 1583 വാക്യങ്ങൾ. ഖുർആനിലെ 18-ാം അധ്യായം. ഒമ്പത് മുതൽ ഇരുപത്തിയാറ് വരെയുള്ള വചനങ്ങളിൽ വിശ്വാസ സംരക്ഷണത്തിനായി ഗുഹയിൽ അഭയം തേടിയ യുവാക്കളുടെ ചരിത്രം പ്രതിപാദിക്കുന്നുണ്ട്. ഇത് കാരണമാണ് "ഗുഹ" എന്നർത്ഥമുള്ള പേര് ഈ അധ്യായത്തിന് ലഭിക്കുന്നത്. ഇത് കൂടാതെ നിരവധി തത്വങ്ങൾ ഉൾക്കൊള്ളുന്ന ചരിത്രങ്ങൾ ഈ അധ്യായത്തിലുണ്ട്. മൂസാനബിയുടെയും ഖിള്ർ(അ) ന്റേയും ചരിത്ര സംഭവം, ദുൽ ഖർനൈൻ എന്നിവ അവയിൽ ഏറ്റവും പ്രാധാന്യമുള്ളതാണ്. സൂറത്തുൽ കഹ്ഫ് പാരായണം ചെയ്യാനും ഹൃദ്യസ്ഥമാക്കാനും തിരുനബി(സ) പ്രത്യേകം പ്രേരിപ്പിച്ചിരുന്നത് ഹദീസിൽ കാണാം. അബൂ സഈദിൽ ഖുദ്രിയ്യ്(റ) വിൽ നിന്ന്. നബി(സ) പറഞ്ഞു: വെള്ളിയാഴ്ച സൂറത്തുൽ കഹ്ഫ് ഓതുന്നവന്ന് അവന്റേയും രണ്ട് ജുമുഅയുടെയും ഇടയിലുള്ള കാലം പ്രത്യേകം പ്രകാശം കൊണ്ട് പ്രശോഭിതമാകുന്നതാണ്(ഹാക്കിം, ബൈഹഖി). വെള്ളിയാഴ്ച ഏറ്റവും മഹത്വമുള്ള ദിവസമാണ്. പ്രസ്തുത ദിനമാണ് സൂറത്തുൽ കഹ്ഫിന്റെ പാരായണത്തിന് നിർദ്ദേശിക്കപ്പെട്ടത് എന്നത് തന്നെ ഈ അധ്യായത്തിന്റെ മഹത്വം ബോധ്യപ്പെടുത്തുന്നു. വ്യാഴം സൂര്യൻ അസ്തമിച്ചത് മുതൽ വെള്ളി സൂര്യൻ അസ്തമിക്കുന്നത് വരെ നീണ്ട് നിൽക്കുന്ന ഏത് സമയവും ഈ മഹത്വം ഉപയോഗപ്പെടുത്താമെന്ന് മേൽ ഹദീസ് വ്യാഖ്യാനിച്ച പലരും നിരീക്ഷിച്ചിട്ടുണ്ട്. പുരുഷന്മാർക്ക് പുറമെ ജുമുഅ നിർബന്ധമില്ലാത്ത സ്ത്രീകൾ, കുട്ടികൾ, യാത്രക്കാർ എന്നിവർക്കും അൽ കഹ്ഫ് പാരായണം ചെയ്യൽ സുന്നത്തുണ്ട്. രോഗികൾ അടക്കമുള്ളവർ അൽ കഹ്ഫ് വെള്ളിയാഴ്ചകളിൽ ശ്രദ്ധ പതിപ്പിച്ചാൽ രോഗശമനത്തിനും മനഃസമാധാനത്തിനുമെല്ലാം സഹായകമാണ്. പ്രകാശപ്രഭ കൊണ്ട് രണ്ട് ജുമുഅകൾക്കിടയിൽ അനുഗ്രഹിക്കപ്പെടുന്ന പ്രതിഫലം അല്ലാഹുവിന്റെ പ്രത്യേക സംരക്ഷണമാണ്. ഒരു സ്വസ്ഥതയുമില്ലാതെ ജീവിതത്തിന്റെ ദുർഘട വഴിയിലൂടെ സഞ്ചരിക്കുന്നവർക്ക് സ്വസ്ഥവും ആനന്ദകരവുമായ ജീവിതത്തിന്ന് സാധ്യമാകുന്നതടക്കമുള്ളതാണ് പ്രസ്തുത സംരക്ഷണം.

സൂറത്തുൽ കഹ്ഫിന്റെ ആദ്യ പത്ത് വചനങ്ങൾ ഹൃദ്യസ്ഥമാക്കുന്നവർക്ക് ദജ്ജാലിൽ നിന്ന് രക്ഷപ്പെടാനാവുമെന്ന് ആശയമുള്ള തിരുവചനം അബൂ ദാവൂദ്, നസാഈ, തുർമുദി എന്നിവർ ഉദ്ധരിച്ചിട്ടുണ്ട്. തീഷ്ണവും കഠിനവുമായ പരീക്ഷണമാണ് ദജ്ജാലിന്റേത്. ഭൂതലത്തിൽ എല്ലാവരെയും ബാധിക്കുന്ന നാശങ്ങൾ വിതക്കുന്ന ദജ്ജാലിൽ നിന്ന് അഭയം തേടാൻ നിസ്കാരത്തിൽ പോലും കൽപ്പിക്കപ്പെട്ടിട്ടുണ്ട്. അത്രയും കഠിനമായ വേറൊരു പരീക്ഷണം ഇല്ലെന്ന് പറയാം. അതികഠിന പരീക്ഷണമായ ദജ്ജാലിനെ പോലും തളക്കാൻ അൽ കഹ്ഫിന്റെ ആദ്യ പത്ത് വചനങ്ങൾ ഹൃദ്യസ്ഥമാക്കുന്നതിലൂടെ സാധിക്കും. കാലവും സാഹചര്യവും അന്തരീക്ഷവുമെല്ലാം നശിച്ച ഇക്കാലത്ത് തിരുനബിയുടെ ഈ നിർദ്ദേശത്തെ പ്രത്യേകം നെഞ്ചിലേറ്റണം. ബറാഉബ്നു ആസിബിൽ നിന്ന്. "ഒരു സ്വഹാബി പ്രമുഖൻ സൂറത്തുൽ കഹ്ഫ് പാരായണം ചെയ്ത് കൊണ്ടിരിക്കുകയായിരുന്നു. തന്റെ കുതിരയെ ഒരു കയറിൽ ബന്ധിപ്പിച്ചിട്ടുണ്ട്. ആകാശത്ത് നിന്ന് മേഘം അടുത്തടുത്ത് വരുന്നു. ഇത് കണ്ട കുതിര ചാടാനും കയർ പൊട്ടിച്ച് രക്ഷപ്പെടാനുമൊക്കെയുള്ള ശ്രമങ്ങൾ തുടങ്ങി. ഈ സംഭവം സ്വഹാബി തിരുനബിയോട് പറഞ്ഞപ്പോൾ തിരുനബി പറഞ്ഞു: "അത് അല്ലാഹുവിന്റെ പ്രത്യേക സംരക്ഷണമാണ്. ഖുർആൻ പാരായണത്തിന്റെ ഫലമായാണ് അതുണ്ടായത്"(ബുഖാരി). മഹാനായ ഇസ്മാഈലുബ്നു റാഫിഅ്(റ) വിൽ നിന്ന്. തിരുനബി(സ) പറഞ്ഞു: ആകാശ-ഭൂമിക്കിടയിൽ മഹത്വം നിറഞ്ഞ് നിൽക്കുന്ന ഒരു സൂറത്ത് ഞാൻ നിങ്ങൾക്ക് അറിയിച്ച് തരട്ടെ! ഏഴായിരം മലക്കുകളാണ്

**വിശ്വാസ സംരക്ഷണത്തിന് എന്ത് ത്യാഗത്തിനും തയ്യാറാവണമെന്നും അതിനെതിരെയുള്ള മുഴുവൻ പരീക്ഷണങ്ങളേയും ക്ഷമയോടെ നേരിടണമെന്നുമുള്ള അർത്ഥപാഠമാണ് അൽ കഹ്ഫിന്റെ പ്രധാന പ്രമേയങ്ങളിലൊന്ന്. ഒരു കൂട്ടം സത്യവിശ്വാസികളുടെ സംഭവ ബഹുലമായ അത്ഭുത ചരിത്രത്തിന്റെ നിരവധി പാഠങ്ങൾ തെളിയുന്നുണ്ട്. മരണാനന്തര ജീവിതത്തിനും ഉത്തമ ദൃഷ്ടാന്തമാണ് പ്രസ്തുത ചരിത്രം.**

പ്രസ്തുത സൂറത്തിന്റെ അവതരണ ഘട്ടത്തിൽ ഉണ്ടായിരുന്നത്. സൂറത്തുൽ കഹ്ഫാണത്. അബുദർദാഅ്(റ) വിൽ നിന്ന്. സൂറത്തുൽ കഹ്ഫിന്റെ അവസാന ഭാഗം ഹൃദ്യസ്ഥമാക്കുന്നവന്ന് അന്ത്യനാളിൽ തല മുതൽ കാല് വരെ പ്രത്യേക പ്രകാശമുണ്ടായിരിക്കും. അൽ കഹ്ഫിന്റെ അവസാന ഭാഗം ഉറങ്ങാൻ നേരത്ത് പാരായണം ചെയ്യുന്നവർക്ക് പ്രത്യേക സംരക്ഷണം ലഭിക്കുമെന്നും ഉദ്ദേശിച്ച സമയത്ത് ഉണരാൻ സാധിക്കുമെന്നും മഹാന്മാരിൽ പലരും പറഞ്ഞിട്ടുണ്ട്. ഇരുപത്തി അഞ്ചാം വചനം ഓതി ഭക്ഷണത്തിൽ മന്ത്രിക്കുന്നത് ഭക്ഷണം കേട് വരാതിരിക്കാൻ നല്ലതാണ്. ഈ വചനം ഒരു പാത്രത്തിൽ എഴുതി വെക്കുന്നത് ദാരിദ്ര്യം, ജന്തു ഉപദ്രവങ്ങൾ തുടങ്ങിയവയിൽ നിന്ന് രക്ഷനേടാനും വിത്തുകൾ, അരി, ഗോതമ്പ് തുടങ്ങിയ ധാന്യങ്ങൾ പുഴു ഏൽക്കാതെയും കേട് വരാതെയും സൂക്ഷിക്കാനും സഹായകമാണ്.

അൽ കഹ്ഫിലെ രണ്ടാം വചനവും, സൂറത്തൽ ഹദീദിലെ മൂന്ന്, ഗാഫിറിലെ പതിനെട്ട്, തക്വീറിലെ പതിനാല്, പതിനഞ്ച്, പതിനാറ്, സ്വാദിലെ ഒന്ന്, രണ്ട് എന്നീ വചനങ്ങൾ എഴുതി തലപ്പാവിലോ, തൊപ്പിയിലോ, നെഞ്ചോട് ചേർത്തോ വെക്കുന്നത് ജനസ്വാധീനത്തിനും സ്വീകാര്യതക്കും ഉപകാരപ്പെട്ടതാണ്. പിശാച് ശല്യങ്ങളക്കമുള്ള പ്രയാസങ്ങളിൽ നിന്ന് രക്ഷ നേടാനും ജീവിത സന്തോഷത്തിനും കഴിയും. നിരവധി പേർക്ക് വലിയ അത്ഭുതങ്ങളും അനുഭവങ്ങളും ഇത് മുഖേനെ നേടാനായിട്ടുണ്ട്. അൽ കഹ്ഫിലെ പതിനെട്ട്, പതിനൊന്ന് വചനങ്ങൾ ഓതി മന്ത്രിക്കുന്നത് ഉറങ്ങാൻ പ്രയാസപ്പെടുന്ന കുട്ടികൾക്ക് ഫലപ്രദമാണ്. പതിനെട്ടാം വചനം മറന്ന കാര്യങ്ങൾ ഓർത്തെടുക്കാനും സൂക്ഷിച്ച് വെച്ച സാധനങ്ങൾ ഏത് സ്ഥലത്താണ് വെച്ചതെന്നറിയാതെ പ്രയാസപ്പെടുന്നവർക്ക് അത് കണ്ടെത്താനും ഉപകാരപ്പെടുന്നതാണ്. നൂറ്റി ഏഴ് മുതൽ നൂറ്റി പത്ത് വരെയുള്ള വചനങ്ങൾ ഉറങ്ങാൻ നേരത്ത് പാരായണം ചെയ്താൽ ഉദ്ദേശിച്ച സമയത്ത് ഉണരാൻ കഴിയും. 107, 108 വചനങ്ങൾ വിരൽ കൊണ്ട് വലത് തുടയുടെ മേൽ എഴുതിയാൽ സ്വപ്ന സ്ഖലനത്തിൽ നിന്ന് രക്ഷ നേടാം. മുളയിൽ എഴുതി പന്നിശല്യമുള്ള സ്ഥലത്ത് വെച്ചാൽ ഫലപ്രാപ്തിയുണ്ടാകും. ഉദ്ദേശിച്ച സമയത്ത് ഉണരാൻ കഴിയും. നിരവധി മുഹദ്ദിസുകൾ ഉദ്ധരിക്കുകയും നിരവധി പേർക്ക് അനുഭവമാണെന്ന് സ്ഥിരീകരിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്(ഖസ്വാഇസ്വുൽ കുബ്റ: ഇമാം സുയൂത്വി). മഹാനായ അബ്ദുൽ അസീസ് ദബ്ബാഅ് ഈ ആയത്തുകൾ ഓതുന്നവർക്ക് ഉദ്ദേശിച്ച സമയത്ത് ഉണരാൻ കഴിയുമെന്ന് പറഞ്ഞിട്ടുണ്ട്.

വിശ്വാസ സംരക്ഷണത്തിന് എന്ത് ത്യാഗത്തിനും തയ്യാറാവണമെന്നും അതിനെതിരെയുള്ള മുഴുവൻ പരീക്ഷണങ്ങളേയും ക്ഷമയോടെ നേരിടണമെന്നുമുള്ള അർത്ഥപാഠമാണ് അൽ കഹ്ഫിന്റെ പ്രധാന പ്രമേയങ്ങളിലൊന്ന്. ഒരു കൂട്ടം സത്യവിശ്വാസികളുടെ സംഭവ ബഹുലമായ അത്ഭുത ചരിത്രത്തിന്റെ നിരവധി പാഠങ്ങൾ തെളിയുന്നുണ്ട്. മരണാനന്തര ജീവിതത്തനും ഉത്തമ ദൃഷ്ടാന്തമാണ് പ്രസ്തുത ചരിത്രം. വിഗ്രഹാരാധനക്ക് നിർബന്ധിക്കുകയും വഴങ്ങാത്തവരെ തിരഞ്ഞുപിടിച്ച് ശിക്ഷിക്കുകയും ചെയ്യുന്ന രാജാവിന്റെ അക്രമണത്തിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി കുറച്ച് ചെറുപ്പക്കാർ നാടുവിട്ട് പോയതാണ് സംഭവത്തിന്റെ തുടക്കം. അടുത്തുള്ള ഒരു ഗുഹയിൽ അവർ അഭയം പ്രാപിച്ചു. ഏഴ് പേരുള്ള പ്രസ്തുത സംഘത്തിൽ സഹയാത്രികനായി ഒരു നായയും അവരുടെ കൂട്ടത്തിലുണ്ടായിരുന്നു. അല്ലാഹു അവർക്ക് ഒരു ഉറക്കം നൽകി. 309- വർഷം നീണ്ട് നിൽക്കുന്ന ഒരു ഉറക്കം. യുവാക്കളെ തിരഞ്ഞ് പിടിക്കാനായി നിശ്ചയിക്കപ്പെട്ടവർ ഗുഹകളിൽ ഉറങ്ങുന്ന ചെറുപ്പക്കാരെയാണ് കണ്ടത്. രാജാവിന്റെ സമ്മതപ്രകാരം ഗുഹാമുഖം അവർ അടച്ചുകളഞ്ഞു. ദഖ്യാനൂസ് എന്നായിരുന്നു രാജാവിന്റെ പേര്. സത്യവിശ്വാസം മറച്ച് വെച്ച് ജീവിച്ചരുന്ന രാജാവിന്റെ പരിവാരങ്ങളിൽപ്പെട്ട രണ്ടുപേർ ഈ യുവാക്കളുടെ പേരും ചരിത്രവും സംഭവവുമെല്ലാം എഴുതി ഒരു ചെമ്പ് പെട്ടിയിലാക്കി അവിടെ കുഴിച്ചുമൂടി. ദഖ്യാനൂസിന് ശേഷം ബൈദകസ്




## തലകറക്കം

- ഏലക്ക ചതച്ചതും കരുപ്പട്ടി ചക്കരയും വെള്ളത്തിൽ ഇട്ട് തിളപ്പിച്ച് കുടിക്കുക
- ഉഴുന്ന് അടങ്ങിയ ഭക്ഷണങ്ങൾ കഴിക്കുക

രാജാധികാരം ഏറ്റെടുത്തു. ബൈദറൂസിന്റെ പോരാളികളിൽ വിശ്വാസികളും അവിശ്വാസികളുമുണ്ടായിരുന്നു. അവിശ്വാസികൾക്ക് ഒരു പാഠമാകാൻ ഒരു ദൃഷ്ടാന്തത്തിന് വേണ്ടി പ്രാർത്ഥിച്ച് കൊണ്ടിരിക്കുകയായിരുന്നു ബൈദറൂസ്. ആയിടക്കാണ് ചെറുപ്പക്കാരുടെ ഗുഹ തുറക്കപ്പെടുന്നത്. ഉറങ്ങിക്കിടന്നിരുന്ന യുവാക്കൾ എഴുന്നേറ്റു. എത്ര സമയമാണ് നാം ഉറങ്ങിയതെന്ന് അവർ തമ്മിൽ തർക്കത്തിലായി. ഒരു ദിവസമെന്നും അര ദിവസമെന്നുമെല്ലാം അവർക്കിടയിൽ അഭിപ്രായമുണ്ടായി. പുറത്ത് ഭക്ഷണത്തിന് പോയ 'തംലീഖാ' എന്ന യുവാവിന്റെ നാണയം പരിശോധിച്ചവർ അദ്ദേഹത്തെ രാജാവിന്റെ അടുത്തെത്തിച്ചു. കാര്യങ്ങളെല്ലാം രാജാവ് മനസ്സിലാക്കി. അദ്ദേഹം സുജൂദിൽ വീണു. പ്രസിദ്ധമായ ഈ ചരിത്ര സംഭവം എടുത്ത് കാണിച്ച് മരണാനന്തര ജീവിതത്തിന്റെ യാഥാർത്ഥ്യത്തിലേക്ക് ബുദ്ധിപരമായി ക്ഷണിക്കുകയാണ് ഖുർആൻ ചെയ്യുന്നത്. സജ്ജനങ്ങളുടെ സഹായിയായി അവരെ അനുഗമിച്ച നായക്കും ചരിത്രത്തിൽ വലിയൊരു സ്ഥാനമുണ്ട്. ഖുർആനിന്റെ മൊത്തം അക്ഷരങ്ങളുടെ നേർപകുതി അൽ കഹ്ഫിലെ പത്തൊമ്പതാം വചനത്തിലെ വല് -യതലത്വഫ് ആണെന്നത് ഈ അധ്യായത്തിന്റെ മറ്റൊരു പ്രത്യേകതയാണ്. 32-46 വചനങ്ങളിൽ ഭൗതികതയുടെ നശ്വര ചിത്രമാണ് വരച്ചുകാണിക്കുന്നത്. തനിക്ക് ലഭിച്ച ഭൗതിക സമ്പത്തിന്റെ ആനന്ദത്തിൽ അഭിരമിച്ചവന്ന് എല്ലാം തകർന്ന് തരിപ്പണമായി പന്തലുകളിൽ തൂങ്ങി നിൽക്കുന്ന തോട്ടങ്ങളെയാണ് കാണാൻ കഴിഞ്ഞത് എന്ന സന്ദേശം ഭൗതികർക്ക് വലിയ പാഠമാണ് നൽകുന്നത്. സമ്പത്തിന്റെയും മറ്റ് സ്വാധീനങ്ങളുടെയും മധുരത്തിൽ സുഖിച്ച് സൃഷ്ടാവിനെയും സൃഷ്ടികളെയും മറന്ന് മുന്നോട്ട് പോവുന്നവർക്ക് ശക്തവും യുക്തവുമായ താക്കീതുകളാണ് പ്രസ്തുത വചനങ്ങൾ നൽകുന്നത്.

അൽ കഹ്ഫിലെ ഇരുപത്തി രണ്ടാം വചനത്തിൽ കുറഞ്ഞ പേർ മാത്രമേ ഗുഹാനിവാസികളുടെ എണ്ണവും വണ്ണവും അറിയുന്നവരുള്ളൂ എന്ന് പറയുന്നുണ്ട്. നിരവധി അഭിപ്രായങ്ങളിൽ ഏഴ് പേരാണ് ഗുഹാനിവാസികളെന്നും എട്ടാമത്തേത് അവരുടെ സഹചാരിയായ നായയാണെന്നുമാണ് പലരും പ്രബലപ്പെടുത്തിയിട്ടുള്ളത്(ഗറാഇബുൽ ഖുർആൻ: നൈസാബൂരി 412/4). ഗുഹാനിവാസികളുടെ പേരുകൾ പ്രത്യേക രൂപത്തിൽ എഴുതി വെക്കുന്നതിന്റെ ഫലങ്ങൾ മഹാന്മാരായ പലരും പ്രത്യേകം കുറിച്ചിട്ടുണ്ട്. നിങ്ങളുടെ മക്കൾക്ക് ഗുഹാനിവാസികളുടെ പേരുകൾ പഠിപ്പിക്കുക. പ്രസ്തുത പേരുകൾ വീടിന്റെ വാതിലിൽ എഴുതി വെച്ചാൽ തീ ബാധിക്കില്ല. കച്ചവടച്ചരക്കുകൾ നഷ്ടപ്പെടുകയില്ല. വാഹനങ്ങൾക്ക് അപകടം സംഭവിക്കില്ല. ഇബ്നു അബ്ബാസ്(റ) പറഞ്ഞു: ഗുഹാനിവാസികളുടെ പേരുകൾ ഒമ്പത് കാര്യങ്ങൾക്ക് ഉപകരിക്കും. നഷ്ടപ്പെട്ടത് കണ്ടെത്താൻ, ഒളിച്ചോടിയവരെ പിടികൂടാൻ, കുട്ടികളുടെ കരച്ചിലിന്ന്, വിട്ട്മാറാത്ത പനിക്ക്, തലവേദനക്ക്, സമ്പത്ത് സംരക്ഷണത്തിന്ന്, ബുദ്ധി വളർച്ചക്ക്, ശത്രു സംരക്ഷണത്തിന്ന്, യാത്രാ സുരക്ഷിതത്തിന്ന്(സ്വാവി 14/4). ഈ അധ്യായം ഉൾക്കൊള്ളുന്ന ആശയസാരങ്ങൾ ഖുർആൻ വ്യാഖ്യാതാക്കൾ വിശദമായി പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ പ്രത്യേക ദൃഷ്ടാന്തം, മരണാനന്തര ജീവിതത്തിന്റെ ലക്ഷ്യം, അതിക്രമങ്ങളിൽ ഒന്നാമത്തേത് അല്ലാഹുവിലുള്ള ശിർക്ക്, മനുഷ്യന് സ്വന്തമായ കഴിവുകളുണ്ടെന്ന വിശ്വാസത്തിന്റെ നിരർത്ഥകത, യുവത്വമാണ് സത്യത്തിന്റെ വെളിച്ചം പ്രകാശിപ്പിക്കാൻ ഏറ്റവും അനുയോജ്യ പ്രായം, വിശ്വാസ സംരക്ഷണത്തിനായുള്ള സമർപ്പണം, വിജ്ഞാന മഹത്വം, പണ്ഡിതന്റെ മികവ്, സന്മാർഗ്ഗം അല്ലാഹുവിന്റെ ഔദാര്യം, സജ്ജന സമ്പർക്കത്തിന്റെ ഗുണഫലം, ഭാവിയെ കുറിച്ച് ഉറപ്പിക്കാൻ അല്ലാഹുവിൽ സമർപ്പിക്കണമെന്ന നിർദ്ദേശം തുടങ്ങിയവ അവയിൽ പ്രധാനപ്പെട്ടവയാണ്. മൂസാനബിയും ഖളിർ(അ) മും തമ്മിലുള്ള സംഭാഷണവും സംഭവവുമാണ് ഈ അധ്യായത്തിലെ പ്രധാനപ്പെട്ട ഒരു ഭാഗം. 'ആരാണ് ഇന്ന് ഭൂമിയിൽ ഏറ്റവും കൂടുതൽ വിവരമുള്ളവൻ' എന്ന ചോദ്യത്തിന് 'ഞാൻ' എന്ന് മൂസാനബി(അ)മിന്റെ മറുപടിയാണ് ഇങ്ങനെ ഒരു ഒത്തുകൂടലിന്റെ സാഹചര്യമെന്നാണ് ഖുർആൻ വ്യാഖ്യാതാക്കളിൽ മിക്ക പേരും വിശദീകരിക്കുന്നത്. ബാഹ്യ ജ്ഞാനത്തിനപ്പുറം മറ്റൊരു ജ്ഞാനമുണ്ടെന്ന വലിയൊരു പാഠമാണ് പ്രസ്തുത സംഭവത്തിലെ കാതൽ. സഞ്ചരിക്കുന്ന കപ്പലിന് ദ്വാരമുണ്ടാക്കിയതും ഭക്ഷണം പോലും നൽകാതെ അപമാനിച്ച നാട്ടുകാർക്ക് സഹായം നൽകിയതും ഒരു പിഞ്ചുബാലനെ കഴുത്ത് ഞെരിച്ച് കൊലപ്പെടുത്തിയതുമാണ് മേൽ സംഭവത്തിലുണ്ടായത്. അവ മൂന്നും ബാഹ്യജ്ഞാന പ്രകാരം തെറ്റും കുറ്റവുമാണ്. ആന്തരികമായി അവയുടെ ഉള്ളുകൾ മറ്റൊന്നാണെന്ന് അറിയുന്ന ജ്ഞാനിയുടെ മുന്നിൽ ഇത് കുറ്റമോ തെറ്റോ ആകുന്നില്ല. ധാർമ്മികതയുടെ രണ്ട് വഴിത്താരകളുടെ പ്രകൃതമാണിത്. വിശദമായ പ്രതിപാദ്യത്തിന് ഇവിടെ മുതിരുന്നില്ല. ബാഹ്യ പ്രപഞ്ചത്തിൽ ദൃശ്യമാകുന്നതും അനുഭവിക്കുന്നതുമെല്ലാം തിരിച്ചറിയുന്ന യഥാർത്ഥ മാപിനി ആന്തരിക ജ്ഞാനമാണെന്നത് ഭൗതികതയുടെ അതിപ്രസരത്തിൽ പലരും മറന്ന് പോകുന്ന ഒന്നാണ്. ദുൽ ഖർനൈനിയെ കുറിച്ച് അൽ കഹ്ഫിന്റെ അവസാന ഭാഗത്ത് പരാമർശമുണ്ട്.റോമക്കാരനായ അലക്സാണ്ടർ രാജാവാണ് ഇയാളെന്നാണ് കൂടുതൽ പേർ അഭിപ്രായപ്പെടുന്നത്. രണ്ട് രാജ്യം ഭരിച്ചിരുന്ന ആളായത് കൊണ്ട് "രണ്ട് കൊമ്പുള്ളവൻ" എന്ന് പേര് വന്നതാണ്. ഇരുമ്പ് കട്ടികളും തീയും ഉപയോഗിച്ച് വൻമതിൽ തീർത്ത് ഭീമാകാരന്മാരായ യഅ്ജൂജ്- മഅ്ജൂജിനെ തടഞ്ഞ് വെച്ച രാജാവ് എന്നതാണ് ദുൽ ഖർനൈനിയുടെ ഒരു പ്രത്യേകത. എൺപത്തി മൂന്ന് മുതൽ പത്തിലേറെ വചനങ്ങളിൽ ഈ സംഭവങ്ങളാണ് വിശദമായി പ്രതിപാദിക്കുന്നത്. ■

തമ്പാൻ തായിനേരി

# സ്നേഹം



അമ്മാ... എന്തെങ്കിലും തരണേ...

അയാളും ഭാര്യയും മുറിയിൽ നിന്നും പുറത്തേക്കു വന്നു.

മുറ്റത്ത് വൃദ്ധയായ ഒരു യാചകി.

പഴയ ഉടുപ്പുകൾ തന്നാൽ മതി അമ്മ.

അവൾ കോപത്തോടെ പറഞ്ഞു:

ഇവിടെ ഒന്നുമില്ല. പോയ്ക്കോളൂ.

അപ്പോൾ അയാൾ പറഞ്ഞു:

മനുഷ്യരായാൽ അൽപമെങ്കിലും സ്നേഹം വേണ്ടെ. അതും വൃദ്ധയായ സ്ത്രീയോട് ഇത്രയും അവഗണന കാട്ടരുത്. എന്റെ അമ്മയെ വൃദ്ധസദനത്തിലേയ്ക്കു കൊണ്ടുപോകുമ്പോൾ നീയല്ലേ അമ്മയുടെ പഴയ ഉടുപ്പുകൾ പിടിച്ചുവാങ്ങി പെട്ടിയിൽ വെച്ചത്. അതു എടുത്തുകൊടുത്തോളൂ.

ഓ... ഞാൻ അതു മറന്നു.

വൃദ്ധ സന്തോഷത്തോടെ യാത്രയായി.

TIPS

## നടുവേദന



നടുവേദന ഇല്ലാത്തവർ ചുരുക്കം. പ്രായമൊന്നും നടുവേദനയ്ക്ക് ബാധകമല്ല. കുട്ടികൾക്കടക്കം നടുവേദനയുണ്ട്. ചില പൊടിക്കൈകൾ ഇതാ:

- അമൃത്, ചുക്ക് എന്നിവ കഷായം വെച്ച് തിപ്പലിപ്പൊടിയും ആവണക്കെണ്ണയും ചേർത്ത് കഴിക്കാം.

- ഉലുവ വറുത്തു പൊടിച്ച് കാപ്പിയിൽ ചേർത്ത് പതിവായി കുടിക്കുന്നത് നന്ന്.

- കൊട്ടംചുക്കാദി കുഴമ്പു പുരട്ടി കിഴി പിടിക്കുക.

ഡോ: പി. വേണുഗോപാൽ
പ്രഫസർ ആൻഡ് ഹെഡ് പൾമനറി മെഡിസിൻ,
ഗവ: ടി.സി. മെഡിക്കൽ കോളേജ്, ആലപ്പുഴ)



# ഇസിനൊഫീലിയ

### എന്താണ് ഇസിനോഫിലുകൾ?

- സാധാരണയായി രക്തത്തിൽ ശ്വേതരക്താണുക്കളും (വെളുത്ത രക്താണുക്കൾ) ചുവന്ന രക്താണുക്കളും ഉണ്ട്. ശ്വേതരക്താണുക്കളിൽ ന്യൂട്രോഫിൽ, ലിംഫോസൈറ്റുകൾ, ഇസിനോഫിലുകൾ എന്നിങ്ങനെ പല ഗണത്തിൽ പെട്ട രക്തകോശങ്ങൾ കാണപ്പെടുന്നു. മറ്റ് രക്തകോശങ്ങളെപ്പോലെ അസ്ഥി മജ്ജയിലാണ് ഇവിടെയും ഉത്ഭവം. തുടർന്ന് ഇസിനൊഫിലുകൾ രക്തത്തിലൂടെ സഞ്ചരിച്ച് ശ്വാസകോശം, അന്നനാളം, കുടൽ, മൂത്രനാളം എന്നിങ്ങനെ പല അവയവങ്ങളിലുമെത്തുന്നു. പരാദങ്ങളുടെ ആക്രമണത്തിനെതിരെ പ്രതിരോധിക്കുക എന്നതാണ് ഇസിനൊഫിലുകളുടെ പ്രധാന ധർമം.

### ഇസിനൊഫിലിയ എന്ന രോഗാവസ്ഥയെക്കുറിച്ച്..?

- ശ്വേത രക്താണുക്കളിൽ അഞ്ചു ശതമാനത്തിൽ താഴെ മാത്രമേ ഇസിനൊഫിലുകൾ സാധാരണ ഗതിയിൽ കാണാറുള്ള അവയുടെ എണ്ണം പത്തു ശതമാനത്തിൽ കവിയുമ്പോഴാണ് ഇസിനൊഫീലിയ എന്ന സ്ഥിതിവിശേഷം ഉടലെടുക്കുന്നത്. ശ്വാസകോശങ്ങളാണ് മിക്കപ്പോഴും ഇസിനൊഫീലുകളുടെ ആധിക്യം മൂലമുള്ള രോഗങ്ങൾക്കടിമപ്പെടുന്നത്. രോഗാവസ്ഥയിൽ ഇസിനൊഫീലുകൾ ഉത്തേജിക്കപ്പെടുകയും മേജർ ബേസിക് പ്രോട്ടീൻ എന്ന രാസവസ്തു അവയുടെ കോശങ്ങളിൽ നിന്നും ബഹിർഗമിക്കുകയും ചെയ്യും. ഈ രാസവസ്തു മനുഷ്യശരീരത്തിലെ പല കോശങ്ങളെയും ഹാനികരമായി ബാധിക്കുന്നു.

### ഇസിനൊഫിലിയയുടെ ലക്ഷണങ്ങൾ?

- അലർജി, തുമ്മൽ, മൂക്കടപ്പ്, ത്വക്കിലെ ചൊറിച്ചിൽ എന്നിവയാണ് ഇസിനൊഫീലിയയുടെ സാധാരണ ലക്ഷണങ്ങൾ. കൈകാലുകളിൽ നീര്, പേശികളിൽ വേദന എന്നിവയും കാണപ്പെടാറുണ്ട്. വിട്ടുമാറാത്ത ചുമയുള്ളവരിൽ ഇസിനൊഫീലിയ സംശയിക്കുകയും രക്തപരിശോധന നടത്തുകയും വേണം.

### ഏതൊക്കെ അവയവങ്ങളെയാണ് ഈ രോഗം ബാധിക്കുക?

- ശ്വാസകോശത്തിനെയാണ് ഇസിനൊഫീലിയ ഏറ്റവുമധികം ബാധിക്കുക. ഹൃദയം, അസ്ഥിമജ്ജ, ത്വക്ക്, വൃക്ക, പേശികൾ, സന്ധികൾ, ദഹനവ്യവസ്ഥ എന്നിവയെയും ഈ രോഗം ബാധിക്കാം.

### മുതിർന്നവരിലും കുട്ടികളിലും ഇസിനൊഫിലിയയുടെ വ്യത്യാസങ്ങൾ ?

കുട്ടികളിലും മുതിർന്നവരിലും ഇസിനൊഫിലിയ കാണപ്പെടുമെങ്കിലും കുട്ടികളിലാണ് കൂടുതലും കണ്ടുവരുന്നത്. താരതമ്യേന ഗുരുതരമല്ലാത്ത അലർജി, പരാദങ്ങൾ മൂലമുള്ള ഇസിനൊഫിലിയ, ലോഫ്ളേർസ് സിൻഡ്രോം മുതലായവയാണ് കുട്ടികളിൽ കൂടുതലും കാണുന്നത്.

ഇസിനൊഫിലിക് മയാൾജിയാ സിൻഡ്രോം, ഇസിനൊഫിലിക് ഗ്രാനുലോമറ്റോഡിസ് - പോളി ആൻജൈറ്റീസ് (ചർഗ് സ്റ്റ്രോസ് സിൻഡ്രോം), ഇഡിയോപതിക് ഹൈപ്പർ ഇസിനോഫിലിക് സിൻഡ്രോം എന്നീ രോഗങ്ങൾ സാധാരണ മുതിർന്നവരിലാണ് ഉണ്ടാകുന്നത്.

### ഇസിനൊഫിലിയയിലേക്കു നയിക്കുന്ന കാരണങ്ങൾ?

- പരാദങ്ങൾ മൂലമുള്ള അണുബാധ, വിരശല്യം, ഫംഗസ് (പൂപ്പൽ) മൂലമുള്ള അണുബാധ, ആസ്തമയും അലർജിയും, ലോഫ്ളേർസ് സിൻഡ്രോം, ട്രോപ്പിക്കൽ പൾമണറി ഇസിനൊഫീലിയ, മരുന്നുകൾ, ആട്ടോ ഇമ്മ്യൂൺ രോഗങ്ങൾ എന്നീ കാരണങ്ങളോടൊപ്പം ഒരു കാരണവും കണ്ടെത്താനാവാത്തവയും ഉണ്ട്.

### പരാദങ്ങൾ മൂലമുള്ള അണുബാധ എങ്ങനെയാണ്?

- ഇസിനൊഫിലിയയുടെ കാരണങ്ങളിൽ ഏറ്റവും സാധാരണം പരാദങ്ങൾ മൂലമുള്ള അണുബാധയാണ്. വിവിധതരം പരാദങ്ങൾ ശരീരത്ത് വസിക്കുമ്പോൾ രക്തത്തിൽ ഇസിനൊഫീലുകളുടെ എണ്ണം വർധിക്കുന്നു. അസ്കാരിസ് ലുംബ്രിക്കോയ്ഡിസ് (ഉരുണ്ട വിര), മന്ത് (ഫൈലേറിയാസിഡ്), ഷിസ്റ്റോസോമിയാസിസ്, ട്രിച്ചിനോസിസ്, സ്ട്രോം ഗൈലോയ്സിയാസിസ്, ആൻസൈലോ സ്റ്റോമാ എന്നിവയെല്ലാം ഈ ഗണത്തിൽ പെടുന്നു.

## ലോ ഫ്ളേർസ് സിൻഡ്രോം എന്താണ്?

- മനുഷ്യരുടെ ചെറുകുടലിനുള്ളിൽ വസിക്കുന്ന അസ്കാരിസ് ലുംബ്രിക്കോയിഡ്സ് (ഉരുണ്ട വിര) എന്ന വിരയുടെ മുട്ട വിരിഞ്ഞുണ്ടാവുന്ന ലാർവകൾ രക്തത്തിലൂടെ സഞ്ചരിച്ച് ശ്വാസകോശത്തിലെത്തുകയും അതിനെ തുടർന്ന് ശ്വാസകോശത്തിൽ നീർക്കെട്ടുണ്ടാക്കുകയും ചെയ്യുന്നതാണ് ഈ രോഗത്തിന്റെ കാരണം.

പനി, ചുമ, ശ്വാസതടസ്സം എന്നിവയാണ് രോഗലക്ഷണങ്ങൾ. കഫത്തിൽ ഇസിനൊഫീലുകളും അപൂർവമായി വിരയുടെ ലാർവകളും കണ്ടേക്കാം. ന്യൂമോണിയ, ക്ഷയരോഗം മുതലായവയോട് സാമ്യമുള്ള പാടുകൾ നെഞ്ചിന്റെ എക്സ്റേയിൽ കാണുന്നതുമൂലം രോഗനിർണയം വഴിതെറ്റാനിടയുണ്ട്. രോഗം സ്വയം ശമിക്കുമെങ്കിലും വിരയ്ക്കു മരുന്നു നൽകണം.

## അലർജിക് ബ്രോങ്കോ പൾമണറി ആസ്പർജില്ലോസിസ് എന്താണ്?

- ആസ്പർ ജില്ലസ് എന്നത് ഒരിനം ഫംഗസ് (പൂപ്പൽ) ആണ്. അന്തരീക്ഷത്തിൽ ധാരാളമായി കാണുന്ന ഇവ സാധാരണഗതിയിൽ ആരോഗ്യമുള്ളവരിൽ രോഗമുണ്ടാക്കുന്നില്ല. എന്നാൽ ആസ്ത്മ രോഗികളുടെ ശ്വാസനാളങ്ങളിൽ കടന്നുകൂടി പെരുകി കടുത്ത നീർക്കെട്ടിനു കാരണമാകുന്നു. ഇതുമൂലം ആസ്ത്മ വർധിക്കുകയും ശ്വാസകോശത്തിൽ ബ്രോങ്കിയെക്റ്റാസിസ് എന്ന സ്ഥായിയായ കേടിനു കാരണമാവുകയും ചെയ്യുന്നു. ഈ രോഗാവസ്ഥയിൽ രക്തത്തിൽ ഇസിനൊഫീലിയ വർധിച്ചതായി കാണപ്പെടും. രോഗനിർണയത്തിനു ശ്വാസകോശത്തിന്റെ സി.ടി. സ്കാൻ വേണ്ടിവരാം. കൂടാതെ കഫ പരിശോധനയിൽ ഫംഗസിനെ കണ്ടെത്താനും കഴിയും.

## ഇസിനൊഫിലിക് ന്യൂമോണിയയെ കുറിച്ച്..?

- കടുത്ത പനി, ശരീരവേദന എന്നീ ന്യൂമോണിയയുടെ രോഗലക്ഷണങ്ങളോടെയാണ് രോഗം പ്രത്യക്ഷപ്പെടുക. എക്സ്റേയിലും ന്യൂമോണിയയുടെ പോലെയുള്ള പാടുകൾ കാണപ്പെടും. എന്നാൽ എല്ലായ്പ്പോഴും ഇസിനൊഫീലിയ കൂടുതലാകണമെന്നില്ല. ആന്റിബയോട്ടിക്കുകൾ മൂലം രോഗം കുറയാതെ വരാം. രക്തത്തിലെ ഓക്സിജന്റെ അളവ് ക്രമാതീതമായി കുറഞ്ഞാൽ രക്ഷപ്പെടുത്താൻ കൃത്രിമ ശ്വോസോച്ഛ്വാസ സഹായി വേണ്ടിവരും. കൂടാതെ കൂടിയ അളവിൽ സ്റ്റിറോയ്ഡുകളും.

## ഇസിനൊഫിലിയ മയാൽജിയ സിൻഡ്രോം എന്നാൽ എന്താണ്?

- പേശികളിൽ നീർക്കെട്ട് ഉണ്ടാക്കുന്ന രോഗമാണ് ഇസിനൊഫീലിയ മയാൽജിയ സിൻഡ്രോം. ഈ രോഗം മൂലം പുറം (മുതുക്) വേദന, നടുവേദന എന്നിവയുണ്ടാക്കുന്നു. കടുത്ത പേശീവേദനയാണ് പ്രധാന ലക്ഷണം. ഒപ്പം രക്തത്തിൽ ഇസിനൊഫീലികളുടെ എണ്ണം കൂടും.

## എന്താണ് ഇഡിയോപതിക് ഹൈപ്പർ ഇസിനൊഫിലിയ സിൻഡ്രോം?

- പ്രത്യേകിച്ച് ഒരു കാരണവും കണ്ടെത്താനാകാത്ത രോഗങ്ങളെ വിശേഷിപ്പിക്കാനുപയോഗിക്കുന്ന വാക്കാണ് ഇഡിയോപതിക്. വളരെ അപൂർവമായി കാണപ്പെടുന്ന ഒരു രോഗമാണ് ഇഡിയോപതിക് ഹൈപ്പർ ഇസിനൊഫീലിക് സിൻഡ്രോം. ആറുമാസത്തിലേറെ നീണ്ടുനിൽക്കുന്ന രക്തത്തിലെ ഇസിനൊഫീലിയ, അലർജിയുടെയും ഇസിനൊഫീലിയയുടെ മറ്റു കാരണങ്ങളുടെ അഭാവം എന്നിവയാണ് ഇതിന്റെ പ്രത്യേകതകൾ. ശ്വാസകോശത്തിനു പുറമെ ഹൃദയം, അസ്ഥിമജ്ജ, വൃക്ക, പേശികൾ, സന്ധികൾ, ത്വക്ക്, ദഹനവ്യവസ്ഥ എന്നിവയെയും ഈ രോഗം ബാധിക്കുന്നതിനാൽ രോഗം കാഠിന്യമേറും. രക്തത്തിലെ ഇസിനൊഫിലുകളുടെ അളവു വളരെ കൂടുതലായിരിക്കും. മൊത്തം ശ്വേതരക്താണുക്കളുടെ 70 ശതമാനം വരെ ഇസിനൊഫീലുകൾ കാണപ്പെടാം.

## ആസ്ത്മയും ഇസിനൊഫിലിയയും ഒന്നാണോ?

- ആസ്ത്മയും ഇസിനൊഫീലിയയും ഒന്നല്ല. എന്നാൽ മിക്ക അലർജി രോഗികളിലും ഇസിനൊഫീലുകളുടെ എണ്ണം കൂടുതലായിരിക്കും. ആസ്ത്മയുടെ രോഗോൽപത്തിയിൽ ഈ വെളുത്ത രക്തകോശങ്ങൾ ഒരു സുപ്രധാന പങ്കുവഹിക്കുന്നുണ്ട്. കഫത്തിലും ശ്വാസകോശങ്ങളിലും കാണപ്പെടുന്ന ഇസിനൊഫിലുകളുടെ എണ്ണം രോഗകാഠിന്യത്തെ സൂചിപ്പിക്കുന്നു. അവയുടെ എണ്ണം തിട്ടപ്പെടുത്തിയാണ് രോഗനിർണയം വിലയിരുത്തുന്നത്.

## ? രോഗനിർണയം എങ്ങനെയാണ്?

- രക്തപരിശോധനയിലൂടെ ഇസിനൊഫീലിയ എളുപ്പത്തിൽ കണ്ടെത്താം. എന്നാൽ ഇസിനൊഫീലിയ മൂലമുള്ള എല്ലാ രോഗങ്ങളിലും രക്തത്തിൽ ഇസിനൊഫീലുകളുടെ എണ്ണം കൂടണമെന്നില്ല.

ബയോപ്സി, മലം പരിശോധന, നെഞ്ചിന്റെ എക്സ്റേ, സി.ടി. സ്കാൻ, അസ്ഥി മജ്ജ പരിശോധന തുടങ്ങിയവ രോഗനിർണയ മാർഗങ്ങളാണ്.

## ഇസിനൊഫിലിയയുടെ ചികിത്സ?

- പലപ്പോഴും രക്തം പരിശോധിക്കുമ്പോൾ ആകസ്മികമായും ഇസിനൊഫീലിയ കണ്ടെത്തുക. പ്രത്യേകിച്ചും രോഗലക്ഷണങ്ങൾ ഇല്ലെങ്കിൽ ചികിത്സ ആവശ്യമില്ല. രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ ഇസിനൊഫീലിയയുടെ കാരണം കണ്ടെത്തി ചികിത്സിക്കണം.

**തയ്യാ: പ്രിയ ഇ. കുന്നത്ത്**

ഓർമ്മ **പി. കുഞ്ഞിപ്പ, നെല്ലിക്കുത്ത്**

# മാരന്റെ വീടതാ കാണുന്നു..

പുലർച്ചെ ആറ് മണി. പുതുക്ക പ്പെണ്ണിന്റെ കൂടെ വന്ന തോഴിമാരും കൂട്ടരും നേരം പുലർന്നത് പോലും അറിയാത്തവിധം വാശിയോടെ പാടിത്തിമർക്കുകയാണ്. അമ്മായുമ്മ നാത്തൂന്മാരെ ഭേദം കാട്ടരുതെ നിങ്ങൾ ഭേദം കാട്ടരുതെ, ആറ്റ് നോറ്റ് പോറ്റിവളർത്തിയ മോളാണെ ഞങ്ങളെ പൊന്നുമോളാണെ, തൊട്ട അയൽപക്കത്ത് തലേ ദിവസം തുടങ്ങിയ കല്യാണത്തിന് പുതുക്കപ്പെണ്ണിനോടൊപ്പം വന്ന് അമ്മായിയമ്മയോടൊപ്പം നാത്തൂന്മാരോടും ഒരു താക്കീതും അപേക്ഷയും എന്ന നിലക്ക് കുട്ടിക്കാലത്ത് മുഴക്കിയ കല്യാണപ്പാട്ടിന്റെ ഈരടികളാണ് മുകളിലുദ്ധരിച്ചത്.

പകൽ പതിനൊന്ന് മണിക്കും മൂന്ന് മണിക്കുമിടയിൽ ആഢംബരാലംകൃതമായ പന്തലിലോ കല്യാണ മണ്ഡപങ്ങളിലോ വെച്ച് നടക്കുന്ന കല്യാണ സൽക്കാരങ്ങൾക്ക് സ്വന്തം വാഹനങ്ങളിൽ പോയി വിഭവസമൃദ്ധമായ സദ്യകളിൽ നിന്നും തനിക്ക് ഇഷ്ടപ്പെട്ടത് മാത്രം ഭക്ഷിച്ച് തന്റെ സാന്നിദ്ധ്യം ബന്ധപ്പെട്ടവരെ ബോധ്യപ്പെടുത്തി സ്ഥലം വിടുന്ന ആധുനിക വിവാഹ സൽക്കാരങ്ങളിൽ നിന്ന് ഏറെ വിഭിന്നവും വ്യത്യസ്തവും എന്നാൽ ഹൃദ്യവുമായിരുന്നു പഴയകാല പട്ടിണിക്കാല കല്യാണങ്ങൾ.

അന്ന് കല്യാണങ്ങളൊക്കെയും രാത്രികളിലായിരുന്നല്ലോ. കൂട്ടുകുടുംബങ്ങളൊക്കെ രണ്ടും മൂന്നും ദിവസങ്ങൾക്ക് മുമ്പെ തന്നെ എത്തിത്തുടങ്ങും. അയൽവാസികളും മറ്റും എന്ത് സഹായത്തിനും സന്നദ്ധരായി സദാ കല്യാണ വീടിനെ ചുറ്റിപ്പറ്റി ദിവസങ്ങൾക്ക് മുമ്പേ ഹാജറുണ്ടാകും. പന്തൽ പണി ഒരു പൈസയുടെ പോലും ചിലവില്ലാത്തവിധം മുള,കമുങ്ങ്, ഓലതടുക്ക് തുടങ്ങിയവ അയൽവീടുകളിൽ നിന്നു കൊണ്ടുവന്ന് എല്ലാം ശ്രമദാനമായാണ് ചെയ്തിരുന്നത്. കല്യാണ സദ്യ എന്നു പറഞ്ഞാൽ നാടൻ ചോറും ഇറച്ചി വരട്ടിയതും കാച്ചിയ മോരും മാത്രമായിരുന്നു. പാചകം ചെയ്യാനുള്ള ചെമ്പ് പാത്രങ്ങളും മറ്റും നാട്ടിലെ അപൂർവം ധനിക കുടുംബങ്ങളിൽ നിന്ന് വാടകയൊന്നുമില്ലാതെയായിരുന്നു കൊണ്ടുവന്നിരുന്നത്.

പാചകക്കാരും ഒത്താശക്കാരും അയൽവാസികളോ നാട്ടുകാരോ ചിലപ്പോൾ ബന്ധുക്കളോ ഒക്കെ തന്നെയായിരിക്കും. പാത്രങ്ങൾ കഴുകാനും വെള്ളം കോരാനും മറ്റെന്തിനും സ്വയം സന്നദ്ധസേവകരുടെ ഒരു വ്യൂഹം തന്നെയുണ്ടാകും ഏത് കല്യാണത്തിനും. ചെമ്പുകൾ നിറയുമ്പോൾ ചോറ് വെച്ചൂറ്റിയ അപൂർവം വറ്റുകൾ അവശേഷിച്ച കഞ്ഞിവെള്ളം പട്ടിണിപ്പാവങ്ങൾ കുടിച്ച് തീർത്തും ക്യൂ നിന്ന് പാത്രങ്ങളിൽ വാങ്ങി വീടുകളിൽ കൊണ്ടുപോയി സൂക്ഷിച്ചുവെക്കുകയും ചെയ്തിരുന്നതുകൊണ്ട് ചെമ്പുകൾ മിനിറ്റുകൾക്കകം കാലിയാകുമായിരുന്നു. വെച്ചുകൂട്ടിയ ചോറ് ഒന്നിലധികം പനമ്പുകളിൽ ഒന്നിച്ച് കൂട്ടി പനമ്പ് കൊണ്ടോ പായകൊണ്ടോ മൂടിവെക്കും. കാച്ചിയ മോര് കൊച്ചുതോണി പോലെയുള്ള കയറ്റിയിലും വരട്ടിയ ഇറച്ചി ചെമ്പിലും ഇതര പാത്രങ്ങളുമായി വിളമ്പുന്നത് വരെ സൂക്ഷിച്ചുവെക്കും. നേരം ഇരുട്ടുന്നതോടെ കല്യാണത്തിന്റെ വ്യാപ്തി അനുസരിച്ച് പുരുഷ പന്തലിൽ പുരുഷപ്പാട്ടും സ്ത്രീ പന്തലിൽ പെൺപാട്ടും പുറമെ പെട്ടിപ്പാട്ടെന്ന ഗ്രാമഫോണും പ്രത്യേകം പ്രത്യേകം പൊടിപൊടിച്ച് പാടിത്തുടങ്ങും. പന്തലിലും തൊടിയിലും മുറ്റത്തുമൊക്കെ പെട്രോൾമാക്സിന്റെ പ്രഭ പ്രകാശിക്കും. രാത്രിയാകുന്നതോടെ സ്ത്രീകളും പുരുഷന്മാരും കുട്ടികളുമൊക്കെ കൂട്ടംകൂട്ടമായി കല്യാണത്തിന് എത്തും. അന്ന് വരുന്നവർക്ക് ഭക്ഷണം വിളമ്പി വിട്ടയക്കുന്ന പതിവ് ഉണ്ടായിരുന്നില്ല. കല്യാണത്തോടൊപ്പം കുറിക്കല്യാണം (പണപ്പയറ്റ്) കൂടിയുണ്ടെങ്കിൽ അതിൽ പങ്കെടുക്കുന്നവർക്ക് മാത്രം ഭക്ഷണം നൽകൽ പതിവുണ്ടായിരുന്നു.

ക്ഷണിക്കപ്പെട്ടവരും അല്ലാത്തവരും (അന്ന് അങ്ങനെയുള്ളവരുമുണ്ടായിരുന്നു) എത്തിയതിന് ശേഷം മാത്രമേ ഭക്ഷണം വിളമ്പിയിരുന്നുള്ളൂ. തൊടിക മുഴുക്കെ വാഴകളുണ്ടായിരുന്ന അക്കാലത്ത് ഒട്ടേറെ തൊടികളിൽ നിന്നു മുറിച്ച് കഷ്ണങ്ങളാക്കിയ വാഴയിലകളിലായിരുന്നു ഭക്ഷണം വിളമ്പിയിരുന്നത്. എട്ടും പത്തും ആളുകൾ വട്ടത്തിൽ പൊന്തിച്ചിരുന്ന് നടുവിൽ രണ്ടോ മൂന്നോ വാഴയിലയിട്ട് അതിൽ എല്ലാവർക്കുമായി ചോറ് വിളമ്പുകയും അതിന്റെ മുകളിൽ മോര് ഒഴിക്കുകയും നടുക്ക് ഏതാനും കഷ്ണം ഇറച്ചിയുമാണ് സദ്യയായി വിളമ്പിയിരുന്നത്. ആർത്തിയോടെ ഓരോരുത്തരും ഒന്നോ രണ്ടോ കഷ്ണം ഇറച്ചി എടുക്കുമ്പോഴേക്ക് തന്നെ അത് തീർന്നിട്ടുണ്ടാകും.

അപൂർവമായി ഒരിക്കൽകൂടി അതുവഴി വിളമ്പലുകാർ വീണ്ടും വന്നാൽ സ്വൽപം കൂടി ചിലപ്പോൾ വിളമ്പിയെന്ന് വരും. ഒരാൾ തനിച്ച് ഭക്ഷണത്തിനിരിക്കൽ അന്ന് വലിയ കുറച്ചിലായാണ് ഗണിച്ചിരുന്നത്. ഒറ്റയിലക്കാരൻ എന്ന ഒരു പരിഹാസപ്പേര് കൂടി ഇതുവഴി അത്തരക്കാർക്ക് വന്നുവീഴുകയും ചെയ്തിരുന്നു. കെട്ടിക്കൊണ്ടു വരുന്ന കല്യാണമാണെങ്കിൽ ഒമ്പതോ പത്തോ ഒക്കെ മണിയാകും പുതിയാപ്പിള പുറപ്പെടാൻ. കിട്ടിയ കഞ്ഞിയും ചോറും കഴിച്ച് കൊച്ചു കുട്ടികളൊക്കെ ഉറങ്ങിട്ടുണ്ടാകും അപ്പോഴേക്കും. മുതിർന്ന കുട്ടികളൊക്കെ കല്യാണത്തിന്റെ ബഹളവും കുതൂഹലവും കൗതുകത്തോടെ ആസ്വദിച്ച് ആൺപാട്ടിന്റെയും പെൺപാട്ടിന്റെയും പെട്ടിപ്പാട്ടിന്റെയും പരിസരങ്ങളിൽ മാറിമാറി വിഹരിക്കുന്നുണ്ടാകും. ഗ്രാമഫോൺ റിക്കാർഡിലേക്ക് ചേർത്തുവെക്കുന്ന മൊട്ടുസൂചി തിരിഞ്ഞ് തിരിഞ്ഞ് തേഞ്ഞ് താഴെയിടുമ്പോൾ കൈക്കലാക്കാൻ തക്കംപാർത്തിരുന്നവരും കിട്ടിയാൽ ഒരു രാജ്യം പിടിച്ചടക്കിയ ജേതാവിന്റെ ഗമയോടെ ഊറ്റംകൊണ്ടിരുന്ന കുട്ടിക്കൂട്ടങ്ങളുമുണ്ടായിരുന്നു.

വെള്ള ഷർട്ടും വെള്ള തുണിയും കല്യാണം പ്രമാണിച്ച് പ്രത്യേകമായി വരണ്ടിയ മൊട്ടത്തല അടക്കിയുള്ള തലേക്കെട്ടും ചെരുപ്പുമായിരുന്നു മണവാളന്റെ വേഷം. അപൂർവം ചിലർക്ക് മാലയുമുണ്ടാകും. മറ്റൊരുത്തന്റെ മൊട്ടത്തലയിലേറ്റിയ പെട്രോൾമാക്സിന്റെ പ്രഭാപൂരത്തിലായിരിക്കും മണവാളന്റെ പുറപ്പാടും യാത്രയും.

മംഗല പുതുമാരനെയും കൊണ്ടിതാ പോകുന്നേ ഞങ്ങൾ കൊണ്ടുപോകുന്നേ എന്ന ഈണമുയർത്തി നാണത്താൽ തല താഴ്ത്തിയ മണവാളനെ തേട്ടക്കാരും കൂട്ടക്കാരും ഇറക്കിക്കൊണ്ട് പോകുന്ന രംഗം ഏറെ പ്രധാനപ്പെട്ടതുതന്നെയായിരുന്നു. പത്ത് കിലോമീറ്ററിൽ താഴെയുള്ള സ്ഥലങ്ങളിലേക്കൊക്കെ കാൽനടയായിത്തന്നെയായിരുന്നു പുതിയാപ്പിളയുടെ പോക്കും പുതുപ്പെണ്ണിന്റെ വരവും. ഊടും ഇടവഴിയും പാടവും തോടും കുന്നും കുഴിയും നിറഞ്ഞ ഗ്രാമീണ ചവിട്ടടിപാതയിലൂടെ നിശയുടെ നിശബ്ദതയിൽ ഇതാ വരുന്നേ ഞങ്ങൾ ഇതാവരുന്നേ, മംഗല പുതുമാരനെയും കൊണ്ടിതാ വരുന്നേ, എന്ന് ഉറക്കെ പാടി വഴിനീളെ വീടുകളിൽ ഉറങ്ങുന്നവരെപ്പോലും ഉണർത്തുമാറുള്ള ആ പോക്കിന്റെ ഊക്കും ഊർജ്ജവും ഉദാഹരിക്കാനാകാത്ത വിധം ഉന്മേഷവും ഊഷ്മളതയും നിറഞ്ഞതായിരുന്നു.

പുതുക്കപ്പെണ്ണിന്റെ വീട്ടിലെയോ മണവാളന്റെ വീട്ടിലെയോ പെട്രോൾമാക്സിന്റെ പ്രകാശരശ്മികൾ കട്ടപിടിച്ച കൂരിരുട്ടിൽ പാലത്തിന്റെയോ പാടത്തിന്റെയോ കമുങ്ങ് തെങ്ങുകളുടെയോ വിടവിലൂടെ ദൂരെ ദൂരെ നിന്ന് കണ്ണിൽ പതിക്കുമ്പോൾ ലഭ്യമാകുന്ന ആവേശഹർഷത്തിൽ ഇങ്ങനെയുള്ള വരികൾ പതിവായിരുന്നു. നാരിന്റെ (അല്ലെങ്കിൽ മാരന്റെ) വീടതാ കാണുന്നു പാലത്തിന്റക്കരമേ, (അല്ലെങ്കിൽ സന്ദർഭം പോലെ) പാടത്തിന്റക്കരമേ, എന്നോ തോട്ടിന്റക്കരമേ, എന്നു തുടങ്ങിയുള്ള ഈരടിക്കുതാളാത്മകമായ ഒരു വല്ലാത്ത ചന്തവും ചാരുതയുമുണ്ടായിരുന്നു. മണവാട്ടി പെണ്ണിന്റെ വീടിന്റെ നൂറ് മീറ്റർ അടുത്തെത്തിയാൽ വരനും പാർട്ടിയും അവിടെ നിൽക്കണമെന്നാണ് ചട്ടം. പെണ്ണിന്റെ വീട്ടിലെ പാട്ട് സംഘത്തിന്റെ അകമ്പടിയോടെ മണവാളനെയും കൂട്ടരെയും സ്വീകരിച്ചാനയിക്കാനുള്ള നാട്ട് നടപ്പിന് വേണ്ടിയാണ് ആ നിൽപ്പ്. അവിടെവെച്ച് ഇരുഭാഗത്തെയും പാട്ട് സംഘങ്ങൾ മൽസരിച്ചു പാടി ആരുമാരും തോൽക്കാതെ സമയം നീണ്ടുപോകുമ്പോൾ കാരണവന്മാർ ഇടപെട്ടാണ് വരനെയും കൂട്ടരെയും പന്തലിലേക്ക് സ്വീകരിച്ചുകൊണ്ട് പോയിരുന്നത്. പന്തലിലെത്തിയാലും പിന്നെയും വാശി വിടാതെ മൽസരിച്ച് പാടി എടാ-പോടാ പ്രയോഗങ്ങൾ വരെ പാട്ടിൽ ഉൾപ്പെടുത്തി പാടിയിരുന്ന അനുഭവങ്ങൾ ഏറെയായിരുന്നു അന്ന്.

പുതുമാരൻ പന്തലിൽ പ്രവേശിക്കുന്നതിന് മുമ്പായി കാൽകഴുകിപ്പിക്കുന്ന ഒരു പതിവുണ്ടായിരുന്നു. വധുവിന്റെ സഹോദരന്മാരോ മറ്റ് ബന്ധപ്പെട്ടവരോ കിണ്ടിയും വെള്ളവുമായി കാൽകഴുകിപ്പിക്കാനായി കാത്തുനിൽപ്പുണ്ടാവും. കഴുകിപ്പിക്കുന്ന ആൾക്ക് കൈമടക്ക് കൊടുക്കണമെന്നാണ് ചട്ടം. വധൂവരന്റെ വീട്ടിലെത്തുമ്പോഴും ഇതുപോലെ കാൽ കഴുകിപ്പിക്കലും വരൻ കൈമടക്കിയ അത്രയും സംഖ്യ വധു ഇവിടെ തിരിച്ചുകൊടുക്കണമെന്നതും നാട്ടുനിയമമാണ്. മണവാളന്റെ കൂടെയുള്ള തൊണ്ണൂറ് ശതമാനത്തിനും ചെരിപ്പില്ലാത്തതുകൊണ്ട് അവർക്കും പന്തലിലെ പായയിലേക്കും വിരിപ്പിലേക്കും കാൽകഴുകി പോകാനായി ഓലയോ വയ്ക്കോലോ വിരിച്ചിടുക പതിവായിരുന്നു. മണവാളനടക്കം എല്ലാവരും പന്തലിൽ വിരിച്ച പായയിലും വിരിപ്പിലുമാണ് ഇരുന്നിരുന്നത്. സദ്യ കഴിച്ചിരുന്നത് സുപ്രയിട്ട് ഇലയിൽ വിളമ്പി വട്ടത്തിലിരുന്നായിരുന്നു.

വന്ന ഉടനെ എല്ലാവർക്കും സിഗരറ്റ് വിതരണം ചെയ്യാനായി ഒരാളെ ഏർപ്പാട് ചെയ്യുമായിരുന്നു. കാരണവന്മാർക്ക് വെറ്റില മുറുക്ക് നിർബന്ധമായിരുന്നു. ഭക്ഷണവും നികാഹും കഴിഞ്ഞ് മണവാളനും കൂട്ടരും മടങ്ങിയതിന് ശേഷമേ പുത്തനുടയാടകളണിയിച്ച് മണവാട്ടിയെ ഇറക്കുമായിരുന്നുള്ളൂ. അപ്പോഴേക്കും രാവേറെ പിന്നിട്ടിരിക്കും. നേരത്തെ പറഞ്ഞ വഴികളത്രയും താണ്ടി മണവാട്ടിയും സംഘവും മണവാളന്റെ വീട്ടിലെത്തുമ്പോൾ കോഴി കൂവുകയോ, കൂവാറാവുകയോ ചെയ്തിരുന്നുവെന്നത് ഒരു വസ്തുതയായിരുന്നു. ഇവിടെയും ഇരുഭാഗത്തെയും പെൺപാട്ട് സംഘങ്ങൾ ആൺപാട്ടുകാരേക്കാൾ ആവേശത്തോടെയും വാശിയോടെയും മൽസരിച്ചു പാടിപ്പാടി, വാഗ്വാദങ്ങൾ പാട്ടിലൂടെത്തന്നെ പ്രകടിപ്പിച്ചിരുന്നു. അങ്ങനെ നേരം പുലർന്നിട്ടും തീരാത്ത വാശിയുടെ ബാക്കി പത്രമായിരുന്നു അമ്മായുമ്മ നാത്തൂന്മാരെ എന്ന ഈരടി. ■

# കൊട്ടാരമുറ്റത്ത്...

സുലൈമാൻ നബി(അ)യുടെ കൊട്ടാരം.

പക്ഷി-മൃഗാദികൾ ഒരുമിച്ചുകൂടിയ ഒരു ദിവസം.

പ്രവാചകന്റെ ഉപദേശം കഴിഞ്ഞു. നബി എഴുന്നേൽക്കും മുമ്പേ കഴുകൻ മുന്നിലെത്തി, താഴ്മയോടെ പറഞ്ഞു:

"എനിക്ക് ഒരു കാര്യം പറയാനുണ്ടായിരുന്നു...'

"പറഞ്ഞോളൂ..." - നബിയുടെ മറുപടി.

"ഇവിടെക്കൂടിയ എല്ലാവരും കേൾക്കേ പറയേണ്ടതാണ്..."

"ആയിക്കോട്ടെ... ആവാമല്ലോ..."

സദസ്സിൽനിന്ന് ആരും എഴുന്നേൽക്കരുതെന്ന് നബി കൽപിച്ചു. മാത്രമല്ല, കൊട്ടാരത്തിലെ സർവ മനുഷ്യരോടും ജിന്നുകളോടും ഉടൻ ഹാജരാവാനും നബിയുടെ നിർദേശമുണ്ടായി.

ഇപ്പോൾ കൊട്ടാരമുറ്റം നേരത്തെയുള്ളതിനേക്കാൾ പതിന്മടങ്ങ് ആളുകളെക്കൊണ്ട് നിറഞ്ഞു. എന്താണ് വിവരമെന്നറിയാൻ അവർ ഉത്സുകരായി.

"പറയൂ... എല്ലാവരും കേൾക്കട്ടെ..."

കഴുകനോട് സുലൈമാൻ നബി(അ)യുടെ ആജ്ഞ...

"അങ്ങ് വർഷങ്ങൾക്കു മുമ്പ് നടത്തിയ ഒരു പ്രവചനം ഓർക്കുന്നുണ്ടോ?"

"തീർച്ചയായും... ഞാനൊരിക്കലും പൊളിവാക്ക് പറയാറില്ല..."

"എങ്കിൽ അങ്ങയു



ടെ പ്രവചനം തെറ്റിയിരിക്കുന്നു..."

"ഒരിക്കലുമില്ല... കാര്യം വിശദമായിപ്പറയൂ..."

"മശ്‌രിഖിൽ ജനിക്കുന്ന ഒരു രാജകുമാരി, മറ്റൊരു രാജ്യത്തുള്ള രാജകുമാരനിൽ നിന്ന് ഗർഭിണിയാകുമെന്നാണ് അങ്ങ് പ്രവചിച്ചിരുന്നത്..."

"എന്നിട്ട്..."

"പ്രസവ ദിവസം തന്നെ ഞാൻ രാജകുമാരിയെ റാഞ്ചിയെടുത്തിരുന്നു..."

"ആയിക്കോട്ടെ, അതിനെന്താ..."

"അതിനെന്താണെന്നോ, കരയിൽ നിന്ന് മൈലുകൾ അപ്പുറമുള്ള എന്റെ ദ്വീപിൽ രാജകുമാരിയെ ഞാൻ വളർത്തി വലുതാക്കി. അവൾക്ക് പതിനഞ്ച് വയസ്സു പൂർത്തിയായി. അവളിന്നുവരെ ഒരു മനുഷ്യനെ കണ്ടിട്ടില്ല. ആ ദ്വീപിൽ മനുഷ്യരാരും വന്നിട്ടില്ല... അങ്ങയുടെ വാക്കു തെറ്റിയിരിക്കുന്നു..."



ആയിരക്കണക്കിനാളുകൾ കേട്ടുനിൽക്കുന്നതുകൊണ്ട് കഴുകൻ ഉറക്കെത്തന്നെയാണ് സംസാരിച്ചത്.

"തിന്മ സംഭവിക്കുന്നതിൽ അല്ലാഹുവിന്റെ ഉദ്ദേശ്യമുണ്ടെന്ന അങ്ങയുടെ വാദം പൊളിഞ്ഞിരിക്കുന്നു... എന്റെ വാദം ജയിച്ചിരിക്കുന്നു..."

"ആരു പറഞ്ഞു, ജയിച്ചെന്ന്..."

"നിങ്ങൾ രാജകുമാരിയെ ഹാജറാക്കൂ... എന്നിട്ട് നിങ്ങളുടെ വാദം തെളിയിക്കൂ..."

സുലൈമാൻ നബിയുടെ വാക്കുകൾ ദൃഢമായിരുന്നു.

"തെളിയിച്ചാൽ എനിക്കെന്തു നൽകും?"

"എന്തും, നിങ്ങളാവശ്യപ്പെടുന്നതെന്തും ഞാൻ നൽകാം..."

"എങ്കിൽ നാളെത്തന്നെ ഞാൻ രാജകുമാരിയെ ഹാജറാക്കാം..."

സദസ്സിനോട് നാളെ ഹാജറാവാൻ സുലൈമാൻ നബി (അ) കൽപിച്ചു. അന്ന് സദസ്സ് പിരിഞ്ഞപ്പോൾ, കഴുകന്റെ മനസ്സ് സന്തോഷംകൊണ്ട് തുടിക്കുകയായിരുന്നു.

(തുടരും)

താലോലം

ഉല്ലല ബാബു

# വേട്ടക്കാരനും ചുണ്ടെലിയും

ഒരു വേട്ടക്കാരൻ, നായാട്ടിനു പോകുകയായിരുന്നു. കൂട്ടിനായി തന്റെ വേട്ടനായ്ക്കളും ഉണ്ടായിരുന്നു. വേട്ടയാടി പിടിച്ച മുയൽ ഇറച്ചി അയാൾ കൈയ്യിൽ തൂക്കി പിടിച്ചിരുന്നു.

പുഴകടന്ന് അക്കരെ എത്തിയാൽ കൂടുതൽ മൃഗങ്ങളെ വേട്ടയാടി പിടിക്കാൻ കഴിയും. നല്ല കാലവർഷം. പുഴയിൽ ധാരാളം വെള്ളം. അങ്ങനെ ഓരോന്ന് ആലോചിച്ച് അയാൾ നടന്നു. ഇടയ്ക്കുവച്ച് ഒരു ചുണ്ടെലിയെ അയാൾ കണ്ടു. ചുണ്ടെലി അയാളോട് ചോദിച്ചു:

ആ പുഴ കടക്കാൻ എന്നെ ഒന്ന് സഹായിക്കാമോ?

അയാൾ കേട്ട ഭാവം നടിക്കാതെ തിടുക്കത്തിൽ നടന്നു.

ചുണ്ടെലി ഉണ്ടോ വിടുന്നു. ചുണ്ടെലി ഓടി അയാൾക്ക് മുമ്പിൽ എത്തി തിരിഞ്ഞു ഇരുന്നു. അയാളുടെ മുഖത്തേക്ക് നോക്കി ചുണ്ടെലി പറഞ്ഞു:

"അങ്ങ് എന്നെ സഹായിച്ചാൽ എപ്പോഴെങ്കിലും ഞാൻ തിരിച്ചും സഹായിക്കാം."

വേട്ടക്കാരൻ മറുത്തൊന്നും പറഞ്ഞില്ല. ചുണ്ടെലിയെ കൈയ്യിൽ എടുത്തു പുഴ കടത്തി. പിന്നെ പുഴയുടെ തീരത്തേയ്ക്ക് ഇട്ടു. വേട്ടമൃഗങ്ങളെ തേടി അയാൾ നടന്നു. ചുണ്ടെലി അയാളെ പിന്തുടർന്നു. അയാൾ അത് അറിഞ്ഞില്ല.

പെട്ടെന്ന് ആകാശം ഇരുണ്ടു. കനത്ത മഴ പെയ്തിറങ്ങി. വേട്ടക്കാരൻ ഒരു കാവൽപ്പുരയിൽ കയറി ഇരുന്നു. ചുണ്ടെലിയാകട്ടെ, കാവൽപ്പുരയുടെ ഓലയ്ക്കുള്ളിൽ ഒളിച്ചിരുന്നു.

നേരം ഏറെ കടന്നുപോയി. വേട്ടക്കാരൻ മഴയെ ശപിച്ചു. തന്റെ പദ്ധതികൾ ഒന്നും നടന്നില്ലല്ലോ എന്നോർത്ത് അയാൾ ദുഃഖിച്ചു. ഓരോന്ന് ഓർത്ത് അയാൾ മയങ്ങിപ്പോയി. പുറത്ത് ഒരു മുരൾച്ച കേട്ട് അയാൾ കണ്ണു തുറന്നു. സിംഹം! തന്റെ മുമ്പിൽ നിൽക്കുന്ന സിംഹത്തെ അയാൾ ഇമവെട്ടാതെ നോക്കിനിന്നു.

"നീ നിന്റെ കൈയ്യിലുള്ള മുയലിറച്ചി വേട്ടനായ്ക്കൾക്ക് കൊടുക്കുക. എന്നിട്ടും നീ നായ്ക്കളെ തിന്നുക. ഞാൻ നിന്നെ തിന്നാം." സിംഹം മുരണ്ടു.

വേട്ടക്കാരൻ ഭയന്നു വിറച്ചു. എന്തു ചെയ്യും. സിംഹത്തിന്റെ വായിൽ അകപ്പെട്ടതു തന്നെ. സിംഹം അലറി ശബ്ദം ഉണ്ടാക്കി.

ഉടനെ, കാവൽപ്പുരയിൽ നിന്ന് ഒരു ശബ്ദം പുറത്തുവന്നു. ആ ശബ്ദം കാഠിന്യം ഏറിയതായിരുന്നു.

"അങ്ങനെതന്നെ, നിന്റെ കൈയ്യിലുള്ള ഇറച്ചി വേട്ടനായ്ക്കൾക്ക് കൊടുക്കുക. നീ നായ്ക്കളെ തിന്നുക. നിന്നെ സിംഹം തിന്നും. സിംഹത്തെ ഞാൻ തിന്നും."

ശബ്ദം കേട്ടപ്പോൾ സിംഹവും ഒന്നു ഞെട്ടി. ഇതിന് മുമ്പ് ഇങ്ങനെ ഉണ്ടായിട്ടില്ല. എന്തോ അപകടം ഉള്ളതുപോലെ. പിന്നെ സിംഹം അവിടെ നിന്നില്ല. ഒറ്റച്ചാട്ടം. വേട്ടക്കാരന് ആശ്വാസമായി. ആ ശബ്ദത്തിന്റെ ഉടമ ചുണ്ടെലി ആണെന്ന് വളരെ വൈകി വേട്ടക്കാരൻ അറിഞ്ഞു.

■





കുട്ടിക്കവിത

**ചന്തിരൂർ താഹ**

# അമ്മ

മാതൃത്വത്തിൻ ഭൂപടമെന്നത്
സ്നേഹം നൽകും അമ്മ;
അമ്മിഞ്ഞപ്പാൽ ഏറെ നുകർന്നാൽ
അമ്മയ്ക്കും അത് അമൃതാണ്.

മേലെ താരകം കൺ ചിമ്മുന്നു
അമ്മ മഹത്വം കണ്ടിട്ട്.
അറിവിൻ നിറകുടമല്ലേ അമ്മ
അമ്മച്ചിരി ഒരു വരമാണ്.

മുത്തിനെപ്പോറ്റി വളർത്തും ചീപ്പി
ഗോപുരമാണീ അമ്മ
നന്മയ്ക്കനവധി മാതൃകയായി
സഹനം എന്നും ഈ അമ്മ.



# കൂടിക്കാഴ്ച

koodikkazhcha@gmail.com




## യുവ പണ്ഡിതന്മാർക്ക് മാതൃക

പ്രമുഖ പണ്ഡിതനും അഡ്വക്കേറ്റുമായ ഡോ: ഹുസൈൻ സഖാഫി യുമായുള്ള അഭിമുഖം അവസരോചിതമായി. കേരളത്തിലെ ആധുനിക പണ്ഡിതന്മാർക്ക് എല്ലാം മാതൃകയാണ് ബഹു:സഖാഫി.

'തൊട്ടിൽ മുതൽ കട്ടിൽ വരെ 'എന്ന വിജ്ഞാന സമ്പാധനത്തിന്റെ സമയത്തെ അന്വർത്ഥമാക്കുകയാണ് ഈ പണ്ഡിതൻ. അല്ലാഹു അദ്ദേഹത്തെ ദീനീ സേവനത്തിനായി ഇനിയും ഉയർത്തട്ടെ; ഒപ്പം പൂങ്കാവനത്തേയും.

ആശംസകളോടെ ,

**സാജിർ ഖാൻ**
**മന്നാനി, വർക്കല**
**തിരുവനന്തപുരം**

*****

## അഭിമുഖം ഇഷ്ടമായി.

ഡോ :ഹുസൈൻ സഖാഫി ചുള്ളിക്കോടുമായുള്ള അഭിമുഖം ഇഷ്ടമായി. അഞ്ചാം ക്ലാസ്സ് വരെ പഠിച്ച ഉസ്താദിനെ ബിരുദം വരെ എത്തിച്ചത്, ഉസ്താദിന്റെ ഇച്ഛാശക്തിയും, ആത്മധൈര്യവും ആണ്. ഉസ്താദിന്റെ അനുഭവം പങ്ക് വെച്ച പൂങ്കാവനത്തിനു നന്ദി അറിയിക്കുന്നതോടൊപ്പം ഇനിയും ഇത് പോലെ ഉള്ള അഭിമുഖങ്ങൾ പ്രസിദ്ധീകരിക്കുമല്ലോ.

**ഷെരീഫ് മോഡേൺ,**

*****

## കസവു തൂവാല മനോഹരമാകുന്നു.

പ്രിയഎഴുത്തുകാരൻ ഫവാസ് പുതുപ്പറമ്പിന്റെ നോവൽ 'കസവു തൂവാല' ഓരോ ലക്കവും മനോഹരമാകുന്നു. ഗ്രാമത്തിന്റെ നിഷ്ക്കളങ്കതയും പരിശുദ്ധിയുമുള്ള കഥാപാത്രങ്ങൾ ഓർമ്മകളെ ഗതകാലത്തിന്റെ ഇടവഴികളിലേക്ക് കൈപിടിച്ചുനടത്തുന്നു. ശാഹിമയുടെ ' കഴുകൻ റാഞ്ചിയ പെൺകുട്ടി' ഏറെ ഉദ്വേഗം തുടിക്കുന്ന തുടർക്കഥയാണ്. പൂങ്കാവനത്തിനും എഴുത്തുകാർക്കും ആശംസാപ്പൂക്കൾ.

**ജാബിർ മലയിൽ**
**തിരൂരങ്ങാടി**

*****

## പൂങ്കാവനം നന്നാവുന്നു

പൂങ്കാവനം കുടുംബ മാസികയിലെ ഓരോ പംക്തിയും വളരെ ഉപകാരപ്രദമാണ്.

കഴിഞ്ഞ ലക്കങ്ങളിൽ സുന്നി ഐക്യചർച്ചയുമായി പണ്ഡിതൻമാർ പ്രകടിപ്പിച്ച അഭിപ്രായങ്ങൾ കാലോചിതമാണ്. ജനങ്ങൾക്കിടയിലുള്ള അനൈക്യത്തെ ഇല്ലാതാക്കാൻ ഈ അഭിമുഖങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട് എന്നറിയിക്കുന്നതിൽ സന്തോഷമുണ്ട്. പൂങ്കാവനത്തിനും അണിയറ ശിൽപികൾക്കും അഭിനന്ദനങ്ങൾ

**ജുമാന ഹസീൻ വി**
**പൂങ്കുടി**

*****

## ശക്തി പോര

ഞാൻ പൂങ്കാവനം മാസികയുടെ ഒരു സ്ഥിരം വായനക്കാരിയാണ്. മാസിക കയ്യിൽ കിട്ടിയാൽ ആദ്യം വായിക്കുന്നത് ഫൈസലിന്റെ കുഞ്ഞാപ്പു എന്ന പംക്തിയാണ്. എന്നാൽ ഒരു കാര്യം തുറന്ന് പറയട്ടെ, പഴയ ലക്കങ്ങളിൽ വായിച്ചു രസിച്ച കുഞ്ഞാപ്പുവിന്റെ ശക്തി ക്ഷയിച്ചു പോയോ എന്നൊരു സംശയം. പലതും വേണ്ടത്ര ഫലിക്കുന്നില്ല, വാളും പരിചയും കസറുന്നുണ്ട്. കുറിക്ക് കൊള്ളുന്ന ഉത്തരങ്ങളാണ് സർദാർജിയുടേത്. പൂങ്കാവനത്തിനും അണിയറ ശിൽപികൾക്കും അഭിനന്ദനങ്ങൾ

**ഫൗസിയ**
**അബൂബക്കർ**
**പന്താവൂർ**

## മാറ്റം ശ്രദ്ധേയം

കഴിഞ്ഞ കുറച്ചു ലക്കങ്ങളിലായി പൂങ്കാവനത്തിന് വന്ന മാറ്റങ്ങൾ അഭിനന്ദനാർഹമാണ്. വിചാരം, പാദമുദ്രകൾ, വാക്കുകൾ, ഖലീൽ തങ്ങളുടെ ഓർമ്മച്ചെപ്പ് എന്നിവ പ്രത്യേകം സൂചിപ്പിക്കേണ്ടവയാണ്. മുഖചിത്രങ്ങളും നന്നാവുന്നുണ്ട്.

**നസീറ മുഹമ്മദ്**
**കൊടുവള്ളി**

*****

## അറിയിപ്പുകൾ

കൂടിക്കാഴ്ചയിലേക്ക് കത്തെഴുതുന്നവർ കടലാസിന്റെ ഒരു പുറത്തിൽ വൃത്തിയായി എഴുതേണ്ടതാണ്. കത്തിൽ പൂർണമായ വിലാസം ഉണ്ടായിരിക്കാൻ ശ്രദ്ധിക്കുമെല്ലോ. നിങ്ങളുടെ അഭിപ്രായങ്ങൾ ഇ-മെയിൽ വഴിയും അറിയിക്കാം.

പൂങ്കാവനം കുടുംബ മാസികയിലേക്ക് രചനകൾ അയക്കുന്നവർ കോപ്പികൾ സൂക്ഷിക്കേണ്ടതാണ്. അയക്കുന്ന മാറ്ററുകൾക്കൊപ്പം പൂർണമായ മേൽവിലാസവും ഫോൺനമ്പറും ചേർക്കാൻ മറക്കരുത്. പ്രസിദ്ധീകരണ സംബന്ധമായ വിവരങ്ങൾ ഫോണിലൂടെ ലഭിക്കുന്നതല്ല.

**- എഡിറ്റർ**

**നിങ്ങളുടെ അഭിപ്രായങ്ങൾ ഇ-മെയിൽ വഴിയും അറിയിക്കാം koodikkazhcha@gmail.com**


# കുസൃതിപ്പൂക്കൾ


മുഹമ്മദ് ഹനാൻ
വഴിക്കടവ്


ബിഷിർ & ഹാമിദ
പള്ളിയത്ത്


ഫാത്തിമ ഹാദിയ
കരോത്ത്


ഫാത്തിമ നിസ്‌ല
ചെരക്കാപറമ്പ്


ഫായിഖ് എം.പി
തിരൂർ


മുഫ്‌ലിഹ് ബിൻ മുനീർ
തെറ്റുമ്മൽ


ലിദ ഫാത്തിമ


മുഹമ്മദ് മുഈനുദ്ദീൻ
പടപെങ്ങാട്



മുന്ന മോൾ
കണ്ണഞ്ചീരി


ഫൈസാൻ മുഹമ്മദ്
പുറത്തൂർ


സഹ്റ ഫാത്തിമ
പന്തിരിക്കര


ഹംദാൻ
പുറത്തൂർ


റഫ സെയിൻ
പുറത്തൂർ


ഫാത്തിമ അസ്ബ
പുറത്തൂർ


മുഫീദ് ബിനു മുഹമ്മദ്

ശബ്ന നൗഷാദ്



# റവ ഫിഷ് ഫ്രൈ

## ആവശ്യമുള്ള സാധനങ്ങൾ

ദശക്കട്ടിയുള്ള മത്സ്യം - കാൽ കിലോ
മുളകുപൊടി - രണ്ട് ടീസ്പൂൺ
മഞ്ഞൾപ്പൊടി - അര ടീസ്പൂൺ
ജീരകപ്പൊടി - അര ടീസ്പൂൺ
വെളുത്തുള്ളി, ഇഞ്ചി - അര ടീസ്പൂൺ
ഗരംമസാല - അര ടീസ്പൂൺ
നാരങ്ങാനീര് - ഒരു ടീസ്പൂൺ
ഉപ്പ് - പാകത്തിന്
റവ - മുക്കിപ്പൊരിക്കാനാവശ്യത്തിന്

## തയ്യാറാക്കുന്നവിധം:

വൃത്തിയാക്കിയ മത്സ്യം ചേരുവകളും പാകത്തിന് ഉപ്പും നാരങ്ങാനീരും ചേർത്ത് പേസ്റ്റ് രൂപത്തിലാക്കുക. ആവശ്യമെങ്കിൽ അൽപം വെള്ളം ചേർക്കാം. ഇത് മത്സ്യത്തിൽ പുരട്ടി അര മണിക്കൂർ വെക്കുക. എണ്ണ ചൂടാക്കി ഇത് റവയിൽ മുക്കി വറുത്തെടുക്കുക.

# കൈ വീശൽ

## ആവശ്യമുള്ള സാധനങ്ങൾ

മൈദ - കാൽ കിലോ

പഞ്ചസാര - 1 കപ്പ്

മുട്ട - ആറെണ്ണം

ഏലയ്ക്ക പൊടിച്ചത് - അൽപം

ഉപ്പ് - പാകത്തിന്

പാചക എണ്ണ - അര ലിറ്റർ

## തയ്യാറാക്കുന്നവിധം:

ചേരുവകളെല്ലാം യോജിപ്പിച്ച് അൽപം വെള്ളവും ചേർത്ത് കട്ടിയായി കലക്കുക. ചിരട്ടയുടെ കണ്ണുള്ള ഭാഗം അടർത്തി ദ്വാരമുണ്ടാക്കുക. ചിരട്ട വൃത്തിയാക്കി, തയ്യാറാക്കിവെച്ച കൂട്ട് ഒഴിച്ച് ജിലേബി പോലെ ചുറ്റിച്ച് എണ്ണയിൽ വറുത്തെടുക്കുക.



**വിഭവങ്ങൾ കഴിയുന്നതും വീട്ടിൽ തന്നെ പാചകം ചെയ്യാൻ ശ്രമിക്കണം. കടയിൽ നിന്നും ബേക്കറികളിൽ നിന്നും വാങ്ങുന്ന പലഹാരങ്ങളിൽ പലതും പഴകിയ, കൃത്രിമമായ എണ്ണയിൽ നിർമിക്കുന്നവയാണ്. പലഹാരങ്ങളും അച്ചാറുകളും കേടാകാതിരിക്കുവാൻ ചേർക്കുന്ന പലതും ശരീരത്തിന് ഹാനികരമാണ്.**



വിശ്വസ്തം സുതാര്യം സുനിശ്ചിതം !!
പണം വെറുതെ
സൂക്ഷിച്ചതുകൊണ്ട്
നിങ്ങൾക്കെന്ത് ലാഭം ?
അവസരങ്ങൾ ഉപയോഗപ്പെടുത്തു....
മൂന്ന് പതിറ്റാണ്ടായി മലയാളി കുടുംബങ്ങളുടെ
വിശ്വാസം ഏറ്റുവാങ്ങിയ
പൂങ്കാവനം ബിസിനസ് സംരംഭങ്ങളിലേക്ക്
പണം നിക്ഷേപിക്കാം...
മുൻകൂട്ടി അറിയിച്ച്, നിശ്ചിത സമയത്ത് പണം
തിരിച്ചുവാങ്ങുകയും ചെയ്യാം.
അമ്പതിനായിരം രൂപയിൽ കുറയാത്ത സംഖ്യ
നിക്ഷേപിക്കാൻ തയ്യാറുള്ളവർ മാത്രം വിളിക്കുക
7594 99 99 71
POOMKAVANAM BOOKS
പൂങ്കാവനം
PUBLICATIONS
www.poomkavanam.in
Poomkavanamcalicut@gmail.com
Markaz Complex - Mavoor Road, Kozhikode - 673004

സർദാർ

# വാളും പരിചയും

**എ.എം. കുട്ടി, കൂമണ്ണ**

സർദാർ, മരിക്കുന്നവർക്ക് പത്രങ്ങളിൽ ചരമ കോളമുണ്ട്. എന്നാൽ ജനിക്കുന്നവർക്ക് പിറവിക്കോളം ഇല്ലാത്തത് എന്തുകൊണ്ടാണ്?

**മരിച്ചുപോയവർ ചെയ്ത ക്രൂരതകളെ ഓർമപ്പെടുത്തൽ.**

*****

**നഫീസാ കുഞ്ഞിപ്പ, പന്താവൂർ**

ഓണവും പെരുന്നാളും ഒത്തുവന്നപ്പോൾ സർദാർജിക്ക് എന്ത് തോന്നി?

**സർക്കാർ സർവീസിലുള്ളവർക്കാണ് പലതും തോന്നിയിരിക്കുക.**

*****

**ഉമറലി കോട്ടക്കൽ**

താങ്കളുടെ വിദ്യാഭ്യാസം തുറന്നുപറയാമോ?

**കേട്ടാൽ ഞെട്ടും. അതുകൊണ്ട് പറയുന്നില്ല.**

*****

**സുഹൈൽ വല്ലപ്പുഴ**

പ്രിയ സർദാർ, എന്തുകൊണ്ടാണ് എല്ലാവരും താങ്കളെ പരിഹസിക്കുന്ന രൂപത്തിൽ ചോദ്യങ്ങളയക്കുന്നത്?

**സ്വയം പരിഹാസ്യരാവുന്ന കാര്യമുണ്ടോ അവരറിയുന്നു.**

*****

**സുഹൈൽ, ചെമ്മൻകുഴി**

പ്രിയ സർദാർജീ, ഞങ്ങൾ പുതുതായി ആരംഭിക്കാനിരിക്കുന്ന എഞ്ചിനീയറിംഗ് കോളേജിലേക്ക് പ്രിൻസിപ്പാളായി താങ്കളെ തിരഞ്ഞെടുക്കുവാനാഗ്രഹിക്കുന്നു. അവിടത്തെ അഭിപ്രായം?

**കോളേജിന്റെ പേര് മാറ്റേണ്ടിവരും, അങ്ങനെയെങ്കിൽ ഒരു കൈ നോക്കാം.**

*****

**സിനാൻ. വി.ടി, വല്ലപ്പുഴ**

സർദാർജീ, താങ്കളുടെ മകൾ ചാടിപ്പോയെന്ന് കേട്ടു. ഇനിയെങ്കിലും തൊള്ളപ്പുട്ടൊക്കെ നിർത്തിവച്ച് കുടുംബം നോക്കിക്കൂടെ?

**ചില 'വല്ലപ്പുഴ'ക്കാരെ കണ്ടപ്പോൾ തന്നെ ഞാൻ സംശയിച്ചതാണ്.**

*****

**സി. നൗഷാദ് താനൂർ**

സർദാർജീ, ലിംഗസമത്വം ഉറപ്പിക്കാനുള്ള സമരരംഗത്ത് താങ്കളും ഉണ്ടെന്ന് കേട്ടു, ശരിയാണോ?

**മുൻനിരയിൽ തന്നെ കണ്ടല്ലോ നൗഷാദ്.**

*****

**ഹസൻ ചിയ്യൂർ**

ഭ്രാന്തും പിരാന്തും തമ്മിലുള്ള വ്യത്യാസം പറയാമോ?

**പിരാന്ത് മൂത്താൻ ഭ്രാന്താവും. ഭ്രാന്ത് മൂത്താൽ പിരാന്തും.**

*****

**ശരീഫ് കൂരിയാട്**

കുന്തം പോയാൽ കുടത്തിൽ തപ്പാം. എന്നാൽ സർദാർജി മുങ്ങിയാൽ എവിടെ തപ്പും?

**പൂങ്കാവനത്തിൽ കണ്ടില്ലെങ്കിൽ കൂരിയാട്ട് തപ്പാം.**

## കുഞ്ഞാപ്പു

**ഫൈസൽ**




Printed, Published and Owned by Abdul Khadir Kundachalil. Printed at Geethanjali offset Prints, Kundayithode, Kozhikode 5 - and Published from Poomkavanam Publications, Intercity Arcade Calicut 4, Kerala. Editor: Abdul Khadir Kundachalil

## سورة الكهف
## و أوراد يوم الجمعة

ഇന്ന് പള്ളികളിൽ കണ്ടുവരുന്ന അൽകഹ്ഫും സ്വലാത്തും അടങ്ങിയ കിതാബുകളിൽ നിന്ന് വ്യത്യസ്തമായ ഉള്ളടക്കം. മറ്റു പല മഹത്വമേറിയ വിർദുകളും ഉൾപ്പെടുത്തിയത്. വെള്ളിയാഴ്ച അല്ലാത്ത ദിവസങ്ങളിലും ഉപകാരപ്പെടുത്താവുന്ന കിതാബ്.

പള്ളികളിൽ ഇത് വഖ്ഫ് ചെയ്യുന്നതും മറ്റുള്ളവർക്ക് സൗജന്യമായി വിതരണം ചെയ്യുന്നതും അത് നൽകുന്നവരുടെ ജീവിത കാലത്തും മരണാനന്തരവും പ്രതിഫലം ലഭിച്ചുകൊണ്ടിരിക്കുന്നതിന് കാരണമാകുന്നു. അങ്ങനെ ഒരു പ്രതിഫലം നിങ്ങളും ആഗ്രഹിക്കുന്നുവെങ്കിൽ ഈ കിതാബ് സാധിക്കുന്ന കോപ്പി വാങ്ങി പള്ളികളിലേക്കോ പാവപ്പെട്ടവർക്കോ നൽകാം.

80 രൂപ (144 പേജ് - ക്രൗൺ 1/8)
മുഖവിലയുള്ള കിതാബ്
20 കോപ്പിയിൽ കൂടുതൽ
എടുക്കുമ്പോൾ ഒരു കോപ്പി 50
രൂപ പ്രകാരം എത്തിച്ചുതരുന്നു.

ഇതിലെ ഉള്ളടക്കം: വെള്ളിയാഴ്ചയുടെ മഹത്വങ്ങൾ, അന്നത്തെ സുന്നത്തുകൾ, സൂറതുൽ കഹ്ഫ്, വെള്ളിയാഴ്ച സ്വലാത്ത്, അസ്മാഉന്നബിയ്യ്, അഅ്ളമുസ്വലാത്ത് ഉൾപ്പെടെ പത്തിലധികം പ്രധാന സ്വലാത്തുകൾ. വെള്ളിയാഴ്ച ചില പ്രത്യേക ദിക്റുകൾ.
ഇസ്മുൽ അഅ്ളം ദുആകൾ, കൻസുൽ അർശ്, നൂറുൽ ഈമാൻ, അസ്മാഉൽ ബദ്ർ, ദുആഉൽ കർബ്, സലാമതുൽ ഈമാൻ, സയ്യിദുൽ ഇസ്തിഗ്ഫാർ... എന്നിവ ഉൾപ്പെട്ട കൃതി.

## التذكرة في أحوال
## الموتي و أمور الآخرة
## إمام قرطبي (ر)

## അത്തദ്കിറ ...
## (മലയാള സംഗ്രഹം)

സകറാതുൽ മൗത് മുതൽ ഒരു നാൾ ഓരോരുത്തരും അഭിമുഖീകരിക്കാനുള്ള യാഥാർത്ഥ്യം, സുന്നത്ത് ജമാഅത്തിന്റെ പണ്ഡിതന്മാർ അംഗീകരിച്ച ലോകപ്രശസ്ത ഗ്രന്ഥമായ ഇമാം ഖുർത്വുബി(റ)വിന്റെ കിതാബുത്തദ്കിറ. ആയത്തുകളും ഹദീസുകളും ആപ്തവാക്യങ്ങളുമടങ്ങിയത്. അർത്ഥവത്തായ നൂറിലധികം അറബി ബൈത്തുകൾ അർത്ഥസഹിതം ഉൾപ്പെട്ടത്. തദ്കിറഃ മൂന്ന് ഭാഗങ്ങളായി സകറാതുൽ മൗത് മുതൽ സ്വർഗ നരകങ്ങൾ വരെ വിശദമായി പ്രതിപാദിക്കുന്നു. ഈ വിഷയത്തിൽ മലയാളത്തിൽ തുല്യതയില്ലാത്ത ഗഹനമായ വിവരണം.ഒന്നാം ഭാഗം
(സകറാതുൽ മൗത്, ഖബ്ർ) പുറത്തിറങ്ങി.

**മുഖവില: 140 രൂപ**

## دلائل الخيرات

ഇമാം ജസൂലി(റ)വിന്റെ പ്രശസ്തമായ
## ദലാഇലുൽ ഖൈറാത്
എന്ന ഏഴ് ദിവസത്തെ സ്വലാത്ത് കിതാബ്
ഏറ്റവും പുതിയ പതിപ്പ്.
ക്രൗൺ 1/8 സൈസ്, വലിയ എഴുത്ത്.

**മുഖവില: 100 രൂപ**

320 രൂപ മുഖവിലയുള്ള ഈ മൂന്ന് പുസ്തകങ്ങൾ ഒരുമിച്ച് വാങ്ങുന്നവർക്ക് ഇപ്പോൾ 300 രൂപക്ക് തപാൽ വഴി അയച്ചുതരുന്നു. കോപ്പികൾ ലഭിക്കാൻ ബന്ധപ്പെടുക:

അബൂഫാഇസ തിരുവമ്പാടി (ഇ.കെ. ഉമർ മുസ്‌ലിയാർ) ഫോൺ: 9946176000, 9387963056

RNI No. KERMAL/2008/25817
Registered. No. KL/CT/73/2018-20
KL/PMG/NR/WPP/37/KKD/2018-20
Licensed to post without pre-payment
Date of publication: 21. 09. 2018

POOMKAVANAM MONTHLY
Calicut-673 004
October 2018
Price Rs: 20/-

